ISSN 2454-4795

No. 251 AUGUST- SEPTEMBER 2015

# KERALA PRIVATE COLLEGE TEACHER

a monthly journal of the all kerala private college teachers' association

e-mail:collegeteacheredt@gmail.com www.akpcta.org



9 Ending Alienation to Promote Democracy and Secularism
Dr.Arun Kumar

17 FTII Students Strike the studies
Dr.N.H. Zeinul Hukuman

35 പെന്റാ ക്വാർക്ക്! നവാതിഥേ, സ്വാഗതം
ഡോ: എം.എസ്.വസന്തകുമാർ

23 കാലം കെടുത്താത്ത കനലുകൾ
ഡോ. അജി.സി.പണിക്കർ

57 Revenue Resources and Fiscal Problems in Kerala
Dr. Kumar S P

AKPCTA

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 251 August-September 2015

EDITORIAL BOARD

*Chief Editor*
**Prof. Pramod Vellachal**
*Managing Editor*
**Prof. Tomichan Joseph**
*Assistant Editors*
**Dr. M.S.Vasanthakumar**
**Dr. N.M. Sunny**
*Members*
Prof. A.G. Oleena
Dr. K. L. Vivekanandan
Dr. D.K. Babu
Dr. P.K.Kusalakumari
Dr.K. Vijayakumari
Dr. I.G. Shibi
Dr. C. Unnikrishnan
Dr. Ajith G. Krishna
Prof. Padmanabhan Kavumbai
Dr. Rakhi Raghavan
Dr. N. Renuka
Dr. K.Biju kumar
Prof. Soni John
Dr. Lakshmi Priya
Prof. N.K. Sunilkumar
Dr. Biji Abraham

# 251

inside

5 സിമ്പോസിയം

14 കാലത്തിന് മുമ്പേ പറന്ന കലാം
**ഡോ. എൻ.എം.സണ്ണി**

17 ആരോഗ്യ സർവ്വകലാശാലയുടെ
ചിറ്റമ്മ നയം
**ഡോ.ജെ.ഹരികൃഷ്ണപിള്ള**

20 അവർ നമ്മളെത്തേടി വരുന്നു!
**ഡോ.സി.ഉണ്ണികൃഷ്ണൻ**

30 സഹജീവനത്തിന്റെ വഴികൾ
**മൈന ഉമൈബാൻ**

38 ഡി.എൻ.എ ബാർകോഡിങ്ങ്
(DNA Barcoding)
**ഡോ: ഇ. ഹരികൃഷ്ണൻ**

40 Ungendering The Campus:
Interventions of Feminist and
LGBT Pedagogy in Higher Education
**Dr. Lakshmi Priya N.**

47 തേനറകൾ നിറഞ്ഞ കാട്
**എൻ. രേണുക**

50 Differently Abled.....
Not Disabled.
**NK.Sunil kumar**

52 **മോഹിനിയാട്ടത്തിന്റെ സുവർണകാലം**
**ഡോ:സുമിതാനായർ.എൻ.**

55 സ്വപ്നം എല്ലായ്പ്പോഴും
ഒരു സമസ്യ കൂടിയാണ്
**ഡോ. സുമേഷ് അരീക്കുഴിയിൽ**

61 **സാമൂഹ്യമാറ്റത്തിന്റെ ചാലകശക്തികൾ**
**ഡോ.ശ്രീവൃന്ദാനായർ.എൻ**

64 **ലോകം കറുപ്പിന്റെ നിറവിൽ**
**സോണി ജോൺ**

67 **അജിത്തിന്റെ അച്ഛൻ**
**പത്മനാഭൻ കാവുമ്പായി**

69 പ്രസവാവധിയുമായി
ബന്ധപ്പെട്ട നിബന്ധനകൾ
**ഡോ.കെ.പി.വിനോദ്**

AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:collegeteacheredt@gmail.com
www.akpcta.org

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org.
Printing & Typeset: New Genial Printers, Tvpm-01, Ph: 3012141 Chief Editor:Prof. Pramod Vellachal

CHIEF EDITOR'S DESK



# മാ നിഷാദാ...!

ജനാധിപത്യത്തിൽ നിന്ന് മതേതരത്വത്തെ പടിയടച്ച് പുറത്താക്കുമ്പോൾ ആസുരതയുടെ മതഭ്രാന്ത് കലിതുള്ളുകയും അസഹിഷ്ണുതയുടെ വാൾത്തലപ്പുകളും തോക്കിൻകുഴലുകളും പുരോഗമന മതേതരചിന്തകളുടെ ചോരത്തുള്ളികൾക്കുവേണ്ടി നാവു നീട്ടി നടക്കുകയും ചെയ്യുന്നു. ഇത് മതഭീകരതയുടെ കാലമാണ്. മതചിന്തയുടെ ഭയാനകത തീവ്രമാകുന്ന ഈ കാലത്ത് മസ്തിഷ്കങ്ങൾ ചിന്തിക്കരുതെന്നും നാവുകൾ ഒച്ചവയ്ക്കരുതെന്നുമുള്ള ശാഠ്യം അധികാരം അടിച്ചേൽപ്പിക്കുകയാണ്. ഈ കാലം പ്രതിരോധിക്കാതെ പോകുവാൻ അസാധ്യമാണ്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശബ്ദിച്ചുപോയാൽ മരണശിക്ഷ വിധിക്കുന്ന കപടമതവേഷധാരികൾ ജനാധിപത്യത്തെയും അഭിപ്രായ സ്വാതന്ത്ര്യത്തേയും ഭരണഘടനാപരമായ മൗലികാവകാശങ്ങളെയുമാണ് കശാപ്പുചെയ്യുന്നത്. ഇതിന്റെ അവസാനത്തെ ഇരയാണ് ഹംപി സർവകലാശാല മുൻ വൈസ് ചാൻസലറായ കൽബുർഗി. ധിഷണാശാലികളുടെ മസ്തിഷ്കം ഒരു കാലത്തും പ്രവർത്തിക്കരുതെന്ന് വിധിയെഴുതി ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന അന്റോണിയോ ഗ്രാംഷിയെ രണ്ടു പതിറ്റാണ്ടുകളോളും തുറുങ്കിലടച്ച മുസ്സോളിനിയുടെ ഫാസിസം ഇന്ത്യയിൽ പ്രയോഗവൽക്കരിക്കുന്നത് *Shoot or stab at the sight* എന്നു പറയുന്ന കാട്ടുനീതിയുടെ നരഭോജിത്തരമാണ്. സമൂഹത്തിന്റെ ആത്മഹത്യപരമായ മൗനത്തിന്റെ പുറ്റുകളിലാണ് ഫാസിസം ഫണമൊളിപ്പിച്ച് വളരുന്നത്. വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം ചിന്തയുടേയും അറിവിന്റെയും സ്വതന്ത്രവികാസമാണെങ്കിൽ ആവുന്നത്ര ഉച്ചത്തിൽ ഈ പെരുകുന്ന നരഹത്യകളെ അപലപിക്കുക. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അവാർഡുകൾ പുച്ഛത്തോടെ തിരിച്ചേൽപ്പിക്കാൻ കന്നട എഴുത്തുകാർ തീരുമാനിച്ചത് പ്രതിഷേധത്തിന്റെ മറ്റൊരു മുഖമാണ്. ഭയത്തിന്റെ മൂടുപടത്തിൽ ജീവിക്കുന്ന ജനത ജർമ്മനിയിൽ ഫാസിസത്തിന്റെ കാലത്ത് ജീവിക്കേണ്ടിവന്ന ഗുന്തർ ഗ്രാസ്സിന്റെ *The Tin Drum* എന്ന വിഖ്യാത നോവലിലെ വളർച്ചയില്ലാത്ത കേന്ദ്ര കഥാപാത്രത്തെപ്പോലെ ചരിത്രത്തിന്റെ കൂനുംപേറി ജീവിക്കേണ്ടിവരും. അറിവും വിജ്ഞാനവും ആത്മാഭിമാനവും അടിയറവയ്ക്കാത്ത സമൂഹമായി ജീവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ചങ്ങലകൾ കൊണ്ട് ബന്ധിതമല്ലാത്ത നാവുകൾ കൊണ്ട് അണ്ഡകടാഹങ്ങൾ വിറപ്പിക്കുന്ന ശബ്ദത്തിൽ വിളിച്ചു പറയുക, മാ നിഷാദാ.... മാ നിഷാദാ.... മാ നിഷാദാ....


**പ്രമോദ് വെള്ളച്ചാൽ**
ചീഫ് എഡിറ്റർ

General Secretary's Page



ഡോ. കെ.എൻ.വിവേകാനന്ദൻ
*ജനറൽ സെക്രട്ടറി*

# പോരാട്ടങ്ങൾ തുടരുക തന്നെ വേണം



തൊഴിലെടുക്കുന്നവർക്ക് ഒറ്റ രാഷ്ട്രീയമേ ഉള്ളൂ. അതാണ് വർഗ്ഗരാഷ്ട്രീയം. കക്ഷി രാഷ്ട്രീയ ഭേദമന്യേ ഇന്ത്യയാകെയുള്ള തൊഴിലാളികൾ കൈകോർത്തുകൊണ്ട് നടത്തിയ സെപ്റ്റംബർ 2ന്റെ പണിമുടക്ക് അക്ഷരാർത്ഥത്തിൽ നമ്മുടെ രാജ്യത്തെ സ്തംഭിപ്പിച്ചു. മുതലാളിത്ത നയങ്ങൾ, ആഗോളീകരണം- ഉദാരീകരണം - സ്വകാര്യവൽക്കരണം എന്നിവ ഒരു നാട്ടിലെ ജനതയുടെ സ്വൈര്യ ജീവിതത്തെ എത്രമാത്രം ഇല്ലാതാക്കി എന്നതിന്റെ ഉത്തരമാണ് ഈ സമരം. വ്യത്യസ്ത തൊഴിൽ വിഭാഗക്കാർക്കിടയിൽ ഇക്കാലയളവിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ വ്യത്യസ്തമാണെങ്കിലും അവയ്ക്ക് ഇടയായിട്ടുള്ള നയങ്ങളും ഭരണകൂട നിലപാടുകളും ഒന്നുതന്നെ എന്ന് കാണാനാകും.

1990 കളിൽ നമ്മുടെ രാജ്യത്ത് പിച്ചവെച്ച് തുടങ്ങി ഇപ്പോൾ കരാള നൃത്തം ചവിട്ടുന്ന നിലയ്ക്ക് ഒരു രൂപം വളർന്നുവെങ്കിൽ, അത് ജനതയുടെ ജീവിത സ്വപ്നങ്ങളെ ഇല്ലായ്മ ചെയ്തുവെങ്കിൽ അതിനെതിരേ ആയിരുന്നു ഈ അഖിലേന്ത്യാ പണിമുടക്ക് എതിർത്തത്. എല്ലാ തൊഴിൽ നിയമങ്ങളും ഭരണവർഗ്ഗം കാറ്റിൽ പറത്തുകയാണ്. തൊഴിലുടമകൾക്ക് യാതൊരു മുന്നറിയിപ്പുമില്ലാതെ തന്നെ തൊഴിലാളികളെ ജോലിയിൽ നിന്ന് പിരിച്ചുവിടുന്നതിനും ഒപ്പം എല്ലാ ട്രേഡ് യൂണിയൻ അവകാശങ്ങളേയും ഇല്ലാതാക്കുന്നതിനും ഉതകുന്ന നിലയിൽ സർവ്വ തൊഴിൽ നിയമങ്ങളിലും മാറ്റം വരുത്തുന്നതിന് കേന്ദ്രസർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. നാൽപത് തൊഴിലാളികൾ വരെ പണിയെടുക്കുന്ന സ്ഥാപനങ്ങൾക്ക് 14 തൊഴിൽ നിയമങ്ങൾ ബാധകമല്ലാതാകുന്ന ഒരു ബിൽ കേന്ദ്ര സർക്കാറിന്റെ മുഖ്യപരിഗണനയിൽ ഉണ്ട്. ഈ ബിൽ നിലവിൽ വരുന്ന പക്ഷം ഇന്ത്യയിലാകെയുള്ള ഫാക്ടറികളിലും തൊഴിൽ ശാലകളിലും പണിയെടുക്കുന്ന 90 ശതമാനത്തോളം വരുന്ന വലിയ വിഭാഗം തൊഴിലാളികളെയും സർവ്വ നിയമപരിരക്ഷകളിൽ നിന്നും തന്ത്രപരമായി ഒഴിവാക്കി യെടുക്കാൻ സ്ഥാപനമുടമകൾക്ക് സാധിച്ചേക്കും. ഇത് തൊഴിൽ മേഖലയിൽ അസ്വാരസ്യങ്ങളും അരാജകത്വവും വർദ്ധിപ്പിക്കും. അതോടൊപ്പം തൊഴിലാളികളെ ചൂഷണം ചെയ്യാൻ മുതലാളിക്ക് എല്ലാ അവകാശവും പ്രദാനം ചെയ്യും.

ഇ.പി.എഫ്, ഇ.എസ്.ഐ ആക്ടുകളിലെ ഭേദഗതികളിലൂടെ സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ അട്ടിമറിക്കപ്പെടും. ഒരു ജനത നീണ്ട പോരാട്ടങ്ങളിലൂടെ നേടിയെടുത്ത പെൻഷനും ശമ്പളപരിഷ്കര

ണങ്ങളുടെ തുടർച്ചയും വാർഷിക വർദ്ധനവും എല്ലാം കവർന്നിരിക്കുന്നു. ഞങ്ങൾ തരുന്നത് വേണമെങ്കിൽ നിങ്ങൾക്ക് വാങ്ങിക്കാം എന്ന തരം ഉള്ള സമീപനമാണ് ഇന്ത്യയെങ്ങും.

പ്രതിരോധം. ഇൻഷുറൻസ്. റെയിൽവേ മേഖലകളിൽ സ്വകാര്യ-വിദേശ നിക്ഷേപം അനുവദിക്കാനുള്ള നീക്കമാണ് സർക്കാരിന്റേത്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചുപൂട്ടലിന്റെ വക്കിലാണ്. രൂക്ഷമായ വിലക്കയറ്റം ഒരു ഭാഗത്ത് ആത്മഹത്യ വർദ്ധിപ്പിക്കുന്നു. കാർഷികോത്പന്നങ്ങൾക്കാകട്ടെ ന്യായവിലപോലും കിട്ടാത്ത സ്ഥിതിയും ഉണ്ട്. കോർപ്പറേറ്റ് ഭീമൻമാർ കമ്പോളത്തിലെ സർവ്വവിധ ഉൽപന്നങ്ങളേയും ഊഹക്കച്ചവടത്തിലൂടെ പിടിച്ചടക്കിയിരിക്കുന്നു. വില നിശ്ചയിക്കാൻ പോലും സർക്കാരിനല്ല അധികാരം. കമ്പോളത്തിൽ വിൽക്കേണ്ടതും ജനങ്ങളുടെ അടുക്കളയിൽ എത്തേണ്ടതും എല്ലാം സംഭരിച്ച് വെച്ച് കൃത്രിമ ഭക്ഷ്യക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാക്കിയെടുക്കുന്ന കോർപ്പറേറ്റ് മോഹങ്ങൾക്ക് സ്തുതി പാടുന്നവരാണ് ഭരണകൂടങ്ങൾ. ധനികനെ കൂടുതൽ ധനികനാക്കുകയും ദരിദ്രനെ ആത്മഹത്യ ചെയ്യിക്കുകയും ചെയ്യാനാണ് ഒരു സർക്കാർ ഇവിടെ ഭരിക്കുന്നത്. 99% സാധാരണക്കാർക്ക് വേണ്ടിയല്ല 1% ധനികർക്ക് വേണ്ടിയാണ് ഭരണകൂടം നിലകൊള്ളുന്നത്.

എല്ലാ മേഖലകളിലും സ്ഥിര ജീവനക്കാരെ ഇല്ലാതാക്കി താൽക്കാലിക കരാർ ജീവനക്കാരെ നിയമിക്കുകയും അവരെ പീഢിപ്പിക്കുകയുമാണ്. തുച്ഛമായ വേതനം മാത്രമാണ് കോൺട്രാക്ട് ജീവനക്കാർക്ക്. മിനിമം കൂലി എന്നത് ഇന്നും ജനാധിപത്യ ഇന്ത്യയിൽ സ്വപ്നം മാത്രം. ഒട്ടേറെ സങ്കീർണ്ണമായ പ്രശ്നങ്ങളാണ് എല്ലാ മേഖലകളിലും ഇന്നുള്ളത്. എല്ലാം തുല്യമല്ലെങ്കിലും ഏറിയും കുറഞ്ഞും ചില സമാനതകൾ എവിടെയും പ്രകടമാണ്.


ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസസമേഖല വിശേഷണങ്ങൾക്കുപരിയായ പ്രതിസന്ധികളിൽ കൂടിയാണ് മുമ്പോട്ട് പോകുന്നത്. രണ്ടാം യു.പി.എ സർക്കാർ ഉന്നതവിദ്യാഭ്യാസ രംഗത്തെ കച്ചവടച്ചരക്കാക്കുകയായിരുന്നു. ഇപ്പോഴത്തെ സർക്കാർ പ്രസ്തുത കർമ്മപരിപാടികൾക്ക് വേഗത കൂട്ടിയതോടൊപ്പം വർഗ്ഗീയ വൽക്കരണപരിപാടികളും ശക്തിപ്പെടുത്തിയിട്ടാണുള്ളത്. ഇതിന്റെ ഭാഗമായാണ് ഐ.സി.എച്ച്.ആർ, ഐ.സി.എസ്. എസ്.ആർ, പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ ബുക്ക് ട്രസ്റ്റ് തുടങ്ങിയ ഒട്ടേറെ സ്ഥാപനങ്ങളിൽ ആർ.എസ്.എസ് പ്രചാരകരെ തലപ്പത്ത് പ്രതിഷ്ഠിച്ചത്. വർഗ്ഗീയ വാദവും അതിന്റെ കൂടപ്പിറപ്പായ കപട പാരമ്പര്യവാദവും കൊണ്ട് ശാസ്ത്രീയ യുക്തി ഭദ്രതയെ തകർത്ത്, മതേതരത്വം വിഭാവനം ചെയ്യുന്ന ഭരണഘടനയെ വെല്ലുവിളിച്ച് 'മതകേന്ദ്രീകത വിദ്യാഭ്യാസ'മാണ് കേന്ദ്രസർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

നളന്ദ സർവകലാശാലയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ലോകപ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ അമർത്യസെൻ പറഞ്ഞത് ഇത്തരുണത്തിൽ പ്രസക്തമാണ്. ഇതിന് മുമ്പൊരിക്കലും ഇത്രമേൽ ആസൂത്രിതമായി കേന്ദ്രസർക്കാർ ഉന്നതവിദ്യാഭ്യാസമേഖലയിൽ നേരിട്ട് ഇടപെട്ടിട്ടില്ലന്നാണ് അദ്ദേഹം സൂചിപ്പിച്ചത്.

പുതിയ ദേശീയ വിദ്യാഭ്യാസനയം രൂപീകരിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം ഏറെ ആശങ്കകളാണ് ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ളത്. ഏകപക്ഷീയമായി ഇരുപത് വിഷയങ്ങൾ തീരുമാനിക്കുകയും ഗ്രാമ-നഗരപ്രദേശങ്ങളിൽ ജനകീയ ഇടപെടലുകളോടെ നയം രൂപീകരിക്കുമെന്നും ആണ് പ്രഖ്യാപനം. എന്നാൽ തയ്യാറാക്കി കഴിഞ്ഞ ഒരു റിപ്പോർട്ടിന് ജനാധിപത്യ ചർച്ചയുടെ പുറം കവർ നൽകുക മാത്രമാണ് ഇവരുടെ ഉദ്ദേശം. ഇതിലൂടെ സംഘപരിവാർ അജണ്ട ഉന്നതവിദ്യാഭ്യാസ മേഖലയിൽ വെളിച്ചം കാണും. ഇതോടൊപ്പം ഏകീകൃത സിലബസ് ഉണ്ടാക്കി ബോധപൂർവ്വം അത്തരം അജണ്ടകൾ എല്ലാ സർവ്വകലാശാലാ പാഠ്യപദ്ധതിക്ക് ഉള്ളിലേക്കും കൊണ്ടുവരാനും യു.ജി.സി എന്ന ഉന്നതസംവിധാനത്തെ ഉപയോഗിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയിലും അത്യന്തം ജനാധിപത്യവിരുദ്ധമായ, ഏകാധിപത്യ മാർഗ്ഗങ്ങളിലൂടെ തൊഴിൽ സംരക്ഷണം അട്ടിമറിക്കപ്പെടുകയാണ്. തൊഴിൽ നിയമങ്ങൾ അനുദിനം ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. 2016 ജനുവരി ഒന്ന് മുതൽ യാഥാർത്ഥ്യമാകേണ്ട ഏഴാം യു.ജി.സി ശമ്പള പരിഷ്കരണത്തിനായി ഒരു കമ്മീഷനെ പോലും നിയമിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. നിരവധി പോരാട്ടങ്ങൾ നടത്തിയിട്ടും ഇത് സംബന്ധിച്ച ചർച്ചയ്ക്കുപോലും കേന്ദ്രമാനവവിഭവശേഷി വകുപ്പ് മന്ത്രാലയം തയ്യാറല്ല. കഴിഞ്ഞ ശമ്പള പരിഷ്കരണത്തിന്റെ അപാകതകൾ പരിഹരിക്കുവാനുള്ള നടപടിക്രമങ്ങൾ ഒച്ചിഴയുന്നതിലും മെല്ലെയാണ് നീങ്ങുന്നത്. ഇന്ത്യയിലെ മിക്ക സർവ്വകലാശാലകളിലും അധ്യാപകരുടെ പ്രമോഷനുകളെല്ലാം ഭരണകൂടത്തിന്റെ പിടിപ്പുകേടുകൊണ്ട് തടസ്സപ്പെട്ടിട്ടുള്ള വിഷയത്തിൽ കേന്ദ്രസർക്കാരാകട്ടെ ഇടപെടുന്നുമില്ല.

നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ദേശീയതലത്തിൽ ജനാധിപത്യ മാർഗ്ഗങ്ങളിലൂടെയൊന്നുമല്ലാതെ എഡ്യൂക്കേഷൻ മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. ബി. എഡ് ഒരു വർഷത്തിൽ നിന്നും രണ്ടുവർഷമാക്കി വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കുമ്പോൾ ഈ മേഖലയിലെ ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ചുള്ള പഠനങ്ങളൊന്നും നടത്തിയിരുന്നില്ല.



നിലവിലുള്ള ഭൗതികസാഹചര്യങ്ങളേയും അധ്യാപകരേയും ഉപയോഗപ്പെടുത്തി മാറ്റങ്ങൾ പ്രയോഗതലത്തിൽ കൊണ്ടുവരുന്നത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിലും ഈ പ്രശ്നം സങ്കീർണ്ണമായിരിക്കുകയാണ്.

കേരളത്തിൽ അധികാരത്തിലുള്ള യു.ഡി.എഫ് സർക്കാരാകട്ടെ ഉന്നതവിദ്യാഭ്യാസത്തിന് നൽകുന്ന പരിഗണന ഏറ്റവും ഒടുവിലത്തേതായി മാത്രമാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ അത്രവരെ നില നിന്നിരുന്ന ജനാധിപത്യസമിതികളെ പിരിച്ചുവിടൽ, യോഗ്യതയില്ലാത്തവരെ വൈസ് ചാൻസലർമാരാക്കൽ, ഭൂമിദാനം, മാർക്ക്ദാനം, ആർഭാടം, ധൂർത്ത് എന്നിവയെല്ലാമായി യു.ഡി.എഫിന്റെ അജണ്ട. പൊതുമേഖലകളിൽ ഉള്ള കോളേജുകളെ സ്വയംഭരണ കോളേജുകളാക്കുകയായിരുന്നു അടുത്ത ഘട്ടം. ഇപ്പോഴാകട്ടെ സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കാനുള്ള തിടുക്കത്തിലാണവർ. ഭാഷാടിസ്ഥാനത്തിൽ സർവ്വകലാശാലകൾ കൊണ്ടുവന്നതും സങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതും എല്ലാം ഉന്നതവിദ്യാഭ്യാസ മേഖലയോടുള്ള എന്തെങ്കിലും തരത്തിലുള്ള ആഭിമുഖ്യവും താൽപര്യവും കൊണ്ടല്ല; മറിച്ച് വെയ്റ്റിങ് ലിസ്റ്റിലുള്ള സ്വന്തക്കാരെ താക്കോൽ സ്ഥാനങ്ങളിൽ തിരുകി കയറ്റാനാണെന്ന് നിശ്ചയം.

അധ്യാപകരോടുള്ള മനോഭാവവും അതീവ വിചിത്രമാണ്. ഈ മേഖലയിലെ സർവസംരക്ഷണങ്ങളും തൊഴിൽ നിയമങ്ങളും ഇല്ലാതാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് പണിപ്പുരയിലാണ്. ആഴ്ചയിൽ 16 മണിക്കൂർ ജോലിഭാരം ഉണ്ടെങ്കിലേ ഒരു സ്ഥിര തസ്തിക ഉണ്ടാകൂ എന്നാണത്രേ അടുത്തിടെ ഇറങ്ങുവാനിരിക്കുന്ന ഒരു ഗവ. ഉത്തരവിലെ പ്രധാനപ്പെട്ട കാര്യം. 8 മണിക്കൂറിലധികം ജോലിഭാരം ഉണ്ടെങ്കിൽ ഒരു തസ്തിക അനുവദിക്കുമായിരുന്നത് ഒറ്റയടിക്ക് ഇല്ലാതാക്കാനാണ് സർക്കാരിന്റെ നീക്കം. 6 മണിക്കൂർ ഉണ്ടെങ്കിൽ ഒരാൾ മാത്രമുള്ള പഠനവകുപ്പിൽ ഒരു സ്ഥിരനിയമനം നടത്താമായിരുന്നതും ഇല്ലാതാകുകയാണ്. സ്ഥിരം തസ്തികകളേ വേണ്ടതില്ലായെന്നും ദിവസക്കൂലി ഇനത്തിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ അധ്യാപകർ മതിയെന്നുമാണ് പുതിയ തിട്ടൂരം. എന്നാൽ യാതൊരുവിധ ആലോചനയും കൂടാതെ പ്രവൃത്തിസമയം വർധിപ്പിച്ചുകൊണ്ടുള്ള പുതിയ ഉത്തരവും ഇറക്കിയിരിക്കുന്നു. അതേ സമയം പ്രമോഷനുൾപ്പെടെ നിഷേധിക്കപ്പെട്ട അവസ്ഥ തുടരുന്നു. കഴിഞ്ഞ വർഷങ്ങളിൽ അനുവദിക്കപ്പെട്ട പുതിയ കോഴ്സുകളിൽ അധ്യാപകനിയമനം നടത്തിയിട്ടില്ല. തസ്തിക നിർണയിക്കുന്നതിനായി കൊണ്ടുവന്ന അദാലത്തും പൊടുന്നനെ മരവിപ്പിച്ചതിലൂടെ ഭരണകൂടം അധ്യാപകദ്രോഹ നിലപാട് കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു. സർവ്വകലാശാലകളുടെ എല്ലാ സ്വയംഭരണാവകാശവും കവർന്നെടുത്തുകൊണ്ടാണ് സർക്കാരിന്റെ ഈ നടപടി.

അധ്യാപകരുടെ ജോലിഭാരവും തസ്തികയും നിർണ്ണയിക്കുന്നത് സംബന്ധിച്ച് സർവകലാശാല ഓർഡിനൻസിലും മറ്റ് നിയമാവലികളിലും വ്യക്തമായി പറഞ്ഞിട്ടുള്ള എല്ലാ അധികാരങ്ങളും സർവകലാശാലകളിൽ നിന്നും കവർന്നെടുക്കുന്നതിനുള്ള ഒരു ഗവർമെന്റ് ഓർഡിനൻസ് 2013 ൽ തന്നെ ഇറങ്ങിയിരുന്നു. ഇത് ബിൽ ആയില്ലെങ്കിലും എല്ലാവിധ അധികാരങ്ങളും സർവ്വകലാശകളിൽ നിന്നും എടുത്തുമാറ്റാൻ ഗവൺമെന്റ് പരിശ്രമം തുടരുകയാണ്.

ബിരുദാനന്തര ബിരുദതലത്തിൽ ഒരു മണിക്കൂർ ജോലി എന്നത് ഒന്നരമണിക്കൂറായി പരിഗണിച്ചിരുന്നതും ഇല്ലാതാക്കുവാനാണ് സർക്കാർ നീക്കം. ഇങ്ങനെ സംഭവിച്ചാൽ ഒട്ടേറെ തസ്തികകൾ വെട്ടിക്കുറക്കപ്പെടും.

അതി സങ്കീർണ്ണമായ തൊഴിൽ പ്രശ്നം ഉടലെടുക്കാനെ ഇത് കാരണമാകൂ. ബിരുദതലത്തിലെ വിവിധ ബാച്ചുകളെ ഏകോപിപ്പിച്ച് ആകെയുള്ള ജോലിഭാരം കുറക്കാനും തസ്തികകൾ വെട്ടിക്കുറക്കാനും ആകും അടുത്ത ശ്രമം. പ്രാക്ടിക്കൽ വിഷയങ്ങൾക്ക് 18:1 എന്ന വിദ്യാർത്ഥി-അധ്യാപക അനുപാതം 25:1 എന്നാക്കി മാറ്റുവാനാണ് മറ്റൊരു നീക്കം. അധിക യോഗ്യത കൈവരിക്കുന്നവർക്ക് മുൻ കാലങ്ങളിൽ നൽകുമായിരുന്ന മറ്റ് സേവന ആനുകൂല്യങ്ങളും നൽകാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്.

വർഗ്ഗ രാഷ്ട്രീയം ശക്തിപ്പെടുത്തേണ്ടത് കോളജദ്ധ്യാപകരുടെ കടമകൂടിയാണെന്ന് വിളിച്ചറിയിക്കുന്ന അതി സങ്കീർണ്ണമായ പ്രശ്നങ്ങളാണ് ഉന്നതവിദ്യാഭ്യാസമേഖലയിൽ ഇന്നുള്ളത്. നമ്മുടെ മേഖലയിൽ ശക്തമായ പോരാട്ടം നടത്തി മാത്രമേ ഇന്നലെകളിൽ നേടിയെടുത്ത അവകാശങ്ങൾ നിലനിർത്താൻ നമുക്ക് സാധിക്കുകയുള്ളു.

## എ.കെ.പി.സി.ടി.എ
## ഉന്നതവിദ്യാഭ്യാസകമ്മിഷൻ 2014–15
# സിമ്പോസിയം

### സെപ്റ്റംബർ 5, കോഴിക്കോട്
### മലബാർ ക്രിസ്ത്യൻ കോളജ്

- ഉന്നതവിദ്യാഭ്യാസരംഗത്തെ ജനാധിപത്യവും മതേതരത്വവും
- ക്ലസ്റ്റർ കോളേജുകളും, വിഭവവിതരണ മാതൃകകളും

**വാ**ണിജ്യവത്കരണവും സ്വകാര്യവത്കരണവും പരിമിതവും വിഭജിതവുമായ കാഴ്ചപ്പാടും മൂലം ഉന്നതവിദ്യാഭ്യാസരംഗംഅന്യവത്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ. അരുൺകുമാർ അഭിപ്രായപ്പെട്ടു. പുതിയ വിദ്യാഭ്യാസ പരിഷ്കാരങ്ങളും ഉദ്യോഗസ്ഥ ഭരണവും ഇതിന് ആക്കം കൂട്ടി. ഗവേഷണവും അധ്യാപനവും തമ്മിൽ കൂടുതൽ ബന്ധപ്പെടുത്തി കൊണ്ടും അധ്യാപകരെ








അദ്ധ്യക്ഷത വഹിച്ചു. ഡോ. പി.ജെ. വിൻസെന്റ്, എ.എം. ഷിനാസ് (ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഡോ. കെ.പി. മോഹനൻ, ഡോ. കെ.എൻ. ഗണേഷ്, ഡോ. കെ. ഗോപാലൻ കുട്ടി എന്നിവർ സംസാരിച്ചു. ഡോ. ടി.സി. സൈമൺ നന്ദിപറഞ്ഞു. രണ്ടാമത്തെ സെഷനിൽ ഡോ. ജോർജ്ജ് ജോസഫ് വിഷയാവതരണം നടത്തി. എ.കെ.ജി.സി.ടി. സംസ്ഥാന പ്രസിഡണ്ട് ഡോ. കെ. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. കെ.പി. വിനോദ്കുമാർ പ്രബന്ധം അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചയിൽ ഡോ. എ.പി. കുട്ടികൃഷ്ണൻ, ഡോ. ഫാത്തിമത്ത് സുഹറ, പ്രൊഫ. വി. രാജഗോപാലൻ, പ്രൊഫ. കെ. ശ്രീധരൻ എന്നിവർ സംസാരിച്ചു. ഡോ. കെ. മുഹമ്മദ് സലീം റിപ്പോർട്ട് അവതരിപ്പിച്ചു. സംഘാടകസമിതി കൺവീനർ ഡോ.ജോബി. കെ ജോസ് നന്ദി പറഞ്ഞു.

വിവിധമേഖലകളിൽ നിന്നായി 150 ഓളം പ്രതിനിധികൾ പങ്കെടുത്തു. ശ്രീ. പി. വിശ്വൻ (എക്സ് . എം.എൽ.എ.) ചെയർമാനും, ഡോ. ഹേമന്ത് കുമാർ ജനറൽ കൺവീനറും, ഡോ. ജോബി. കെ. ജോസ് കൺവീനറുമായ സമിതിയാണ് സിമ്പോസിയത്തിന്റെ സംഘാടനത്തിന് നേതൃത്വം നൽകിയത്. വിവിധ സബ് കമ്മറ്റി ഭാരവാഹികളായി പ്രൊഫ. ഇമ്പിച്ചികോയ A.K.G.C.T. ചെയർമാൻ, ഡോ. ടി.സി. സൈമൺ കൺവീനർ - പ്രോഗ്രാം, ആർ.വി. അബ്ദുള്ള K.S.T.A., (ചെയർമാൻ), ഡോ. എൻ.എം. സണ്ണി (കൺവീനർ) - പബ്ലിസിറ്റി. കെ. വിജയൻ K.S.S.P, (ചെയർമാൻ) ഡോ. ഗോഡ്വിൻ സാംരാജ് (കൺവീനർ- ഫുഡ് & അക്കമഡേഷൻ), ഡോ. മിനി ബാലകൃഷ്ണൻ (ചെയർമാൻ), ഡോ. പി.ടി. മാലിനി (കൺവീനർ - രജിസ്ട്രേഷൻ) എന്നിവർ പ്രവർത്തിച്ചു.





# WORKING COMMITTEE NOMINATIONS



Prof.C.Padmanabhan
Convenor, Academic Committee
PRNSS College Mattannur



Prof. Pramod Vellachal
Journal, Chief Editor
M.G. College Iritty



Dr. K.P. Vinod
Convenor, Service Cell
MES College Mampad



Dr.Vijayakumari
Convenor,Vanitha Committee
SN Womens College, Kollam




Dr.Joji Alex
St.Thomas College, Palai



Dr. C.L.Joshi
St Thomas College, Thrissur



Dr. J. Harikrishna Pillai
Padiyar Homeo College



Prof. R.Mohanakrishnan
M.G. College, Thiruvananthapuram



Challenges Facing Higher Education:

# Ending Alienation to Promote Democracy and Secularism



Dr.Arun Kumar

*Retired Professor of Economics, JNU.*

Higher education in India confronts a variety of challenges that need to be addressed in order to identify the complexities involved and to evolve a democratic model. The role of education in society is wider than just providing the 3 Rs. For education to play such a wider role, there has to be democratic functioning in its institutions. It must be such as to create among people a preference for democracy over other forms of social formations. Education needs to overcome narrowness and divisive tendencies. For this education needs to guide the ever present politics in life in an enlightened and positive direction.

Education is for life, life in its entirety and then there has to be education through life. This is not happening at all today.The social system in India today has traits that are so negative that it has led to a narrowing of horizons for citizens in higher education as well as politics. The absence of a democratic content of education and the short-termist approach has resulted in the alienation of

individuals. Mahatma Gandhi's definition of education would comprise everything that can be conceived under education. Education for life, education through life, and education throughout life. That the concept of life has been taken away from education is precisely the reason for its becoming dehumanizing and alienating.

Gandhiji's views of education, as alienating individuals from the mainstream of society, has its roots in the colonial period. Colonisation over two centuries resulted in disruption in society and narrowing of its social vision. Now this is further accentuated by marketization and growing illegality in society.

All these negative features together undermine generation of new socially relevant knowledge and leads to growing alienation both in society and in the field of education. Consequently, presently, educationists lack the commitment to do what is needed by society. They are mostly careerists who are qualified, but lacking in a wider vision of education.

Another long term feature of Indian society is its loss of value of ideas. In fact this predates the colonial period and that is why India lost its dynamism and got colonized. The result is that on the one hand, society does not place the onus on academics to produce socially relevant knowledge and instead borrows it from abroad and mostly the West. On the other hand, the educationists do not on their own take up the challenge of generating new socially relevant knowledge.

**Academics today mechanically follow an alien path of social development based on copying western modernity. The hegemony of the West has been overwhelming in the world in the last couple of centuries because they have been generating knowledge on a large scale. Consequently, ideas are dictated/copied from the West and Indian intellectuals have been reduced to being 'derived' intellectuals.**



Society's perspective is intertwined with its vision of education. Society's lack of dynamism is reflected in persisting backwardness and inability to solve problems linked which in turn is linked to difficulties in generating socially relevant knowledge. Society's narrow vision of Higher Education explains the challenges faced by it - its views regarding Access, Equity and Accountability.

In a capitalist system equality and equity are immaterial. Not so in a democratic one. Indian education is largely segmented and feudal in outlook. This reflects in the uneven quality of school education for the different classes. Higher education is getting more segmented with growing privatization its democratizing influence is waning rapidly. There is a historical continuity with Macaulay's policy –education meant to produce clerks. Macualay's education policies (1835) played a crucial role in this state of affairs by separating research from teaching. The result has been that Indian teaching-learning is characterised by rote learning with little understanding by the students. So, teaching, learning and research are largely mechanically done with little creativity.

Another matter of concern is that higher education in India is dominated by bureaucratized academics; typically sycophants of those in power. They weaken educational institutions because are expected to do the bidding of those in power. Failure and non-implementation of educational policies occur

because the decision makers are mostly those who have no real sense of the concept of education. Privatization has added another layer of complexity to this already complicated situation. It has reduced the democratizing role of education and segmented education. This was already true for schools but it is now also the case in higher education. Setting up educational institutions for profit has stemmed from the narrowness of vision of the managements. Their lack of commitment has resulted in the narrowing of democratic spaces in institutions. All this results in asymmetric information and growing corruption.

Education is now increasingly for career alone and not for broader purposes. The framework of parents, students and teachers has narrowed. API has eroded teachers' dignity. Students are being made apolitical. Degree, for students, is just a passport to a good job and cheating in exams is an easy way towards it. Teacher-student relationship has weakened because it has become mechanical and devoid of commitment.

Values created by our 'good' institutions like IITs and IIMs, are mostly individualistic, elitist, undemocratic and consumerist. Elitism is best served by privatization. Much of current research is within an elitist framework; even the study of poverty. Content of education is being reduced and sanitized since critique of ideas is sought to be curbed to reinforce status quo. Consequently, autonomy at various levels in



institutions of higher education is being curtailed by steps like, common model syllabus and appointing heads of institutions on grounds other than academic. Dissent in institutions is being treated as malaise to be curbed rather than celebrated, not recognizing that this is the fountain of new knowledge.

So the problem is basic. What is required is an overall and fundamental rethinking in a historical context. Content of education is important. Mere tinkering will not help. Task of higher education is to create a vision of a holistic society peopled by holistic beings. To accomplish this goal, equal access to all and equality of opportunity should be our aim. Higher education institutions should foster and generate new knowledge for social advancement. New social knowledge is needed to face globalization - how to socially cope with the rapid changes in technology due to jumping its various stages of, spanning perhaps 500 years in the coming decades. New scientific and technical knowledge is needed to face growing problems confronting mankind. The aim of higher education is to make people forward looking, to give them hope for their future. In its absence they will hark back to the imagined glorious past and become conservative.

To conclude, academics need to regain control over policies from non-academics, like, politicians and bureaucrats. Institutions need autonomy from both state and money power but that is only possible if the question of leadership in institutions of higher education is resolved. There is a need to recognise market failure and that education is not best served by markets alone. Alienation needs to be addressed so as to reconnect teachers with research and rebuild their strong links with students. The problem of learning by rote needs to be addressed. Copying originality is a contradiction in terms. Dissent must be the essence in institutions of higher learning. The yoke of western modernity needs to be overthrown and our intellectuals have to stop being 'derived'.

# Labour politician's victory : The signal of the troubling disaffection so rife in many countries

The scale of Jeremy Corbyn's victory in the Labour party's leadership election is a political earthquake. Britain's Labour party is neither Greece's Syriza nor Spain's Podemos. It has been in power for just less than 40 per cent of the time since 1945. The UK is also a participant in the group of seven leading economies, a weighty member of Nato, a close ally of the US, one of the larger members of the EU and home to a global financial centre. So, what does the election of an inexperienced left-winger mean ?



# Pope meets with Fidel Castro, urges Cubans to 'serve people,' not 'Ideas"



Pope Francis met Cuba's revolutionary leader Fidel Castro on Sunday hours after warning Cubans to beware the dangers of ideology and the lure of selfishness as their country enters a new era of closer ties with the United States.Latin America's first pope and Castro, the region's last surviving leftist icon of the 20th century, discussed religion and world affairs at the home of the 89-year-old retired president for about 40

minutes.Vatican spokesman Father Federico Lombardi said the meeting, which included Castro's wife and other family members, was "very relaxed, fraternal and friendly."Francis gave Castro several of his official papal writings, two books on spirituality and a book and CD on the writings of Father Armando Llorente, a priest who taught Castro in Jesuit prep school more than 70 years ago.

Castro, who wore a blue-and-white track suit, gave him a copy of "Fidel and Religion," a 1985 book of interviews with a Brazilian priest which lifted a taboo on speaking about religion in Cuba, then officially atheist.

Francis later went to the Palace of the Revolution, where he held private talks for about an hour with President Raul Castro, Fidel's 84-year-old younger brother.

Raul Castro, an atheist like his brother, surprised the pope by giving him a sculpture of a life-sized crucified Jesus Christ against a backdrop of fishing nets and oars


# Syriza secures clear victory in Greek general election


Alexis Tsipras's radical left Syriza party secured a clear victory in Sunday's Greek general election, suggesting his gamble on snap elections after striking a deal on a new •86bn bailout had paid off.With 90 per cent of the votes counted, Syriza was on 35.5 per cent of the vote, giving it 145 seats in the 300 member parliament, well ahead of centre-right New Democracy on 28 per cent and 75 seats.Mr Tsipras's win cements his place as the pre-eminent figure in Europe's far-left anti-austerity movement and is likely to galvanise sympathisers including Spain's Podemos and Jeremy Corbyn, the hard-left leader of Britain's Labour party.



# Shocking image of drowned Syrian boy shows tragic plight of refugees

The full horror of the human tragedy unfolding on the shores of Europe was brought home on Wednesday as images of the lifeless body of a young boy - one of at least 12 Syrians who drowned attempting to reach the Greek island of Kos - encapsulated the extraordinary risks refugees are taking to reach the west. Justin Forsyth, CEO of Save the Children, said: "This tragic image of a little boy who's lost his life fleeing Syria is shocking and is a reminder of the dangers children and families are taking in search of a better life. This child's plight should concentrate minds and force the EU to come together and agree to a plan to tackle the refugee crisis.





# കാലത്തിന് മുമ്പേ പറന്ന കലാം



**ഡോ. എൻ.എം.സണ്ണി**
*മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട്*

ഒരു പരാജയത്തിൽ നിന്നാണ് ഇന്ത്യയുടെ പതിനൊന്നാമത് പ്രസിഡണ്ടായിരുന്ന ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെ ജീവിതത്തിലെ വലിയൊരു വഴിത്തിരുവുണ്ടാവുന്നത്. ഇന്ത്യൻ വ്യോമസേനയുടെ പൈലറ്റാകാൻ ആഗ്രഹിച്ച് പരീക്ഷ എഴുതിയെങ്കിലും തോൽവിയായിരുന്നു ഫലം. പരാജയം വിജയത്തിന്റെ വഴികാട്ടി എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. (FAIL: First Attempt in Learning) ജ്ഞാനം കൊണ്ടും വിനയം കൊണ്ടും ഇന്ത്യൻ യുവതയെ ഇത്ര ഏറെ സ്വാധീനിച്ച ഒരു മനുഷ്യസ്നേഹിയെ ഇന്ത്യൻ ജനതക്ക് മുമ്പ് പരിചയമില്ല. മികച്ച രാഷ്ട്ര തന്ത്രജ്ഞൻ എന്ന നിലക്കും ശാസ്ത്രജ്ഞൻ എന്ന നിലക്കും ഡോ.കലാം എന്നും ജനഹൃയങ്ങളിൽ നിറഞ്ഞു നിന്നു. ശാസ്ത്രത്തെയും സമൂഹത്തെയും സമന്വയിപ്പിച്ച് അത് സാധാരണ മനുഷ്യരുടെ ജീവിത വിജയത്തിനായി ഉപയോഗിച്ച അദ്ദേഹം വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുകയായിരുന്നു.

ഇന്ത്യയുടെ പ്രസിഡണ്ട് പദവിയിലേക്ക് ഡോ. കലാമിന്റെ പേര് നിർദ്ദശിക്കപ്പെട്ടപ്പോൾ ജനങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ മാനറിസവും, വേഷവിധാനങ്ങളും, ഹെയർ സ്റ്റൈലുമൊക്കെ വലിയ സംസാരവിഷയമായി. തന്റെ തനതു ശീലങ്ങളൊക്കെ നിലനിർത്തിക്കൊണ്ടു തന്നെ ഒരു വിശ്വപൗരനിലേക്ക് കലാം ഉയർത്തപ്പെടുകയായിരുന്നു. സമസ്ത മേഖലയിലും പാശ്ചാത്യ മാതൃകകളെ അന്ധമായി അനുകരിക്കുന്ന ഒരു ജനതയുടെ മുമ്പിൽ ഒരു ശരിയായ ഇന്ത്യൻ മാതൃക രൂപപ്പെടുത്തുകയായിരുന്നു അദ്ദേഹം.

കൂട്ടുത്തരവാദിത്വത്തിൽ എന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. വിജയങ്ങളുടെ മുഴുവൻ ക്രെഡിറ്റും സഹപ്രവർത്തകർക്ക് നൽകുകയും പരാജയ

ങ്ങളുടെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ മഹത്വത്തിന് മാറ്റു കൂട്ടി. അത്തരത്തിൽ ഒരാൾക്ക് മാത്രമേ ഒരു ശരിയായ രാഷ്ട്രതന്ത്രജ്ഞൻ ആകാൻ കഴിയുകയുള്ളു. വൈവിധ്യങ്ങളുടെ നാടായ ഇന്ത്യയെ ഒന്നായി കാണാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഏതെങ്കിലും ഒരു മതത്തിനോ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിനോ കലാമിനെ തങ്ങളുടെ മാത്രമായി കാണാൻ കഴിയുമായിരുന്നില്ല. അതായിരുന്നു അദ്ദേഹത്തിന്റെ മഹത്വം. രാമേശ്വരത്തെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച്, പത്രം വിറ്റും, കക്ക പെറുക്കിയും ബാല്യം പന്നിട്ട കലാമിന് അധ്വാനത്തിന്റെയും, സമയത്തിന്റെയും മൂല്യം ശരിക്കും അറിയാമായിരുന്നു. അതു കൊണ്ടു തന്നെ അത് തന്റെ കാലത്തെ യുവാക്കളിലേക്ക് ലളിതമായ ജീവിത സന്ദേശത്തിലൂടെ അദ്ദേഹം പകർന്നു നൽകി എന്നതാണ് അദ്ദേഹത്തിന്റെ ജീവിത വിജയം. അതു തന്നെയാണ് അദ്ദേഹത്തെ വിശ്വപൗരനാക്കി മാറ്റിയതും. രാഷ്ട്രപൗരൻ എന്നതിൽ നിന്ന് വിശ്വപൗരനിലേക്കുള്ള ദൂരം കലാമിലൂടെ ചുരുങ്ങി വരുകയായിരുന്നു.

അറിവിനെ മാത്രമാണ് അദ്ദേഹം ഉപാസിച്ചിരുന്നത്. അടിമുടി ജ്ഞാനോപാസകനാ യിരുന്ന കലാം എന്നും അറിവിനെ പ്രണയിക്കുകയും വിദ്യാർത്ഥികളെയും യുവാക്കളെയും സ്നേഹിക്കുകയും ചെയ്തിരുന്നു. സ്വയം നവീകരിച്ചുകൊണ്ടിരുന്ന ഒരു ഉത്തമ അധ്യാപകനായിരുന്നു അദ്ദേഹം. അനേകായിരങ്ങൾക്ക് അറിവിന്റെ അനന്ത വിഹായിസ്സിലേക്ക് പറന്നുയരാൻ അദ്ദേഹത്തിന്റെ ചിന്തകൾ പ്രേരണയായിട്ടുണ്ട്



ഉറങ്ങുമ്പോൾ കാണുന്നതല്ല സ്പനം മറിച്ച് ഉറങ്ങാൻ അനുവദിക്കാത്തതാണ് സ്വപ്നം എന്ന അദ്ദേഹത്തിന്റെ ചിന്ത വിദ്യാർത്ഥികളെയും യുവാക്കളെയും മാത്രമല്ല എല്ലാത്തരത്തിലുമുള്ള ആളുകളെയും സ്വാധീനിക്കുകയുണ്ടായി. പണ്ഡിറ്റ് നെഹ്രുവിന് ശേഷം കുട്ടികളിലേക്കിറങ്ങിച്ചെന്ന ഒരു ഇന്ത്യൻ ഭരണാധികാരി കലാമായിരുന്നു. സിനിമ, സ്പോർട്സ് രംഗത്തുള്ള താരങ്ങളാണ് ഇക്കാലത്ത് കൂടുതലായി യുവക്കളെ സ്വാധീനിക്കുന്നത്. എന്നാൽ മുഖ സൗന്ദര്യമല്ല മറിച്ച് ജീവിത വീക്ഷണമാണ് യഥാർത്ഥ സൗന്ദര്യം എന്ന് കുട്ടികളും യുവാക്കളും കലാമിലൂടെ തിരിച്ചറിയുകയായിരുന്നു. സച്ചിൻ ടെൻഡുൽക്കർക്കറിനും,ഷാരൂഖ്ഖാനും ഉള്ള അത്രയും യുവ ആരാധകർ കലാമിനുമുണ്ടായിരുന്നു എന്നതാണ് യാഥാർത്ഥ്യം. കൗമാരക്കാരെപ്പോലെ തന്നെ മുതി ർന്നവരുടെയും ആരാധനക്ക് കലാം പാത്രീഭവിച്ചു എന്നതാണ് കലാമിന്റെ ഔന്നത്യം. നിഷ്കളങ്കമായ അദ്ദേഹത്തിന്റെ പുഞ്ചിരി കുട്ടികളെ മാത്രമല്ല മുതിർന്നവരെയും കീഴടക്കി. കുട്ടികൾ അദ്ദേഹത്തിൽ ഇന്ത്യയുടെ പ്രസിഡണ്ടിനെയോ, മഹാനായൊരു ശാസ്തജ്ഞനെയോ അല്ല കണ്ടത് മറിച്ച് സ്നേഹനിധിയായ ഒരു ഗുരുനാഥനെയാണ്. കുട്ടികൾ എന്നും അദ്ദേഹത്തെ ഒരു അധ്യാപകനായി കാണാൻ ഇഷ്ടപ്പെട്ടു. അതു കൊണ്ട് തന്നെ കുട്ടികളെ ഇത്രമേൽ വേദനപ്പിച്ച ഒരു മരണം അടുത്തകാലത്ത് ഉണ്ടായിട്ടില്ല. വലിയ സ്വപ്നങ്ങൾ കാണാനും അത് സാക്ഷാത്കരിക്കാനും അദ്ദേഹം കുട്ടികൾക്ക് പ്രേരണയായി. ഗാന്ധിജിയ്ക്കു ശേഷം ഗ്രാമത്തെയും നഗരത്തെയും, ബുദ്ധിജീവികളെയും സാധാരണ ജനങ്ങളെയും, ശാസ്ത്രത്തെയും ജനമനസ്സുകളെയും കൂട്ടിയോജിപ്പിച്ച ഒരു കർമ്മയോഗി എ.പി.ജെ അബ്ദുകൾ കലാമല്ലാതെ മറ്റാരുമല്ല. ഭരണാധികാരികളും, ബ്യൂറോക്രസിയും ഹ്രസ്വവീക്ഷണത്തിലൂടെ രാജ്യത്തെയും ലോകത്തെയും കണ്ടപ്പോൾ കേവലം അഞ്ചു വർഷത്തേക്കല്ല പദ്ധതികൾ ആവിഷ്കരിക്കേണ്ടത്, മറിച്ച് ഒരു രാജ്യത്തെ ജനതയുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്ന തരത്തിലുള്ള ദീർഘകാല പദ്ധതികളാണ് രൂപപ്പെടുത്തേണ്ടത് എന്ന സന്ദേശം അദ്ദേഹം സമൂഹത്തിന് നൽകി.

പരമോന്നത പദവിയിൽ നിന്ന് വിരമിച്ച് ദന്തഗോപുരത്തിൽ അഭിരമിക്കാമായിരുന്നിട്ടും, ആ സൗകര്യങ്ങൾ എല്ലാം ഉപേക്ഷിച്ച് കർമ്മോത്സുകനായി ഓടി നടന്നു ആ കർമ്മയോഗി. ഒരു പതിറ്റാണ്ട് മുമ്പ് ക്രിക്കറ്റ് കളികാണാൻ ആവേശം പൂർവ്വം കളിക്കള ത്തിലേക്ക് പാഞ്ഞു പോയ അതേ ആവേശത്തോടെ പുതുതലമുറ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ ഓടിക്കൂടി. ആ മാസ്മരികതയുടെ പിന്നിലെ രഹസ്യം മറ്റൊന്നായിരുന്നില്ല ലോക രാഷ്ട്രങ്ങൾക്കുമുമ്പിൽ തല ഉയർത്തി നിൽക്കുന്ന ഭാരതം കെട്ടിപ്പെടുക്കാൻ യുവതലമുറക്ക് മാത്രമെ കഴിയൂ എന്ന അദ്ദേഹത്തിന്റെ തിരിച്ചറിവ് തന്നെയാണ്. അത് യുവാക്കളിലേക്കെത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു, അതിനവരെ പ്രാപ്തരാക്കൻ അവരെ സ്വപ്നം കാണിച്ചു, ആ സ്വപ്നം സാക്ഷ്തകരിക്കാൻ അവരെ കർമ്മോത്സുകരാക്കി മാറ്റി. പ്രതിബന്ധ ങ്ങൾക്ക് മുമ്പിൽ തളർന്ന് പോകരുതെന്ന് അദ്ദേഹത്തിന്റെ ജീവിതം യുവാക്കളെപഠിപ്പിച്ചു.





ലളിതജീവിതം, ഉയർന്ന ചിന്ത, കഠിന പ്രയത്നം ഇവ മൂന്നിന്റെയും ഒരു സമന്വയമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. എന്റെ മരണം അവധി ദിവസമായി ആചരിക്കരുത് മറിച്ച് അന്ന് കൂടുതൽ ജോലി ചെയ്ത് മാതൃക കാണിക്കണമെന്ന അദ്ദേഹ ത്തിന്റെ ജീവിത വീക്ഷണം വർത്തമാനകാല ഇന്ത്യക്കുള്ള ഉചിതമായ സന്ദേശമാണ്. ശാസ്ത്രത്തെയും-മനുഷ്യനെയും പ്രകൃതിയെയും-ദർശനത്തെയും ഒന്നായി കാണാൻ കഴിഞ്ഞതുകൊണ്ടാണ് അദ്ദേഹത്തിന് ജനഹൃദയങ്ങളിൽ സിംഹാസനം ഉറപ്പിക്കാൻ കഴിഞ്ഞത്.

പുരസ്കാരങ്ങളും പദവികളും കലാമിനെ തേടി വരുകയായിരുന്നു. പത്മഭൂഷൺ, പത്മവിഭൂഷൺ, ഭാരതരത്നം എന്നിവ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു. വിദേശ സർവ്വകലാശാലകളടക്കം ഏറ്റവും കൂടുതൽ ഡോക്ടറേറ്റ് നൽകി ആദരിച്ച ഇന്ത്യൻ പ്രസിഡണ്ട് ഡോ.എ.പി.ജെ അബ്ദുൾകലാമായിരുന്നു. പ്രസിഡണ്ട് പദവി ഒഴിഞ്ഞതിന് ശേഷം അധ്യാപകനാവുന്ന ഇന്ത്യൻ പ്രസിഡണ്ട്. ആരായി അറിയപ്പെടണമെന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ സുചിന്തിതമായ മറുപടി അധ്യാപകൻ എന്നായിരുന്നു. മിസൈൽ മാൻ ഓഫ് ഇന്ത്യ എന്ന കലാം ത്രിശൂൽ, നാഗ്, ആകാശ്, അഗ്നി, പൃഥ്വി എന്നീ മിസൈലുകൾ വികസിപ്പിക്കുന്നതിൽ സുപ്രധാനമായ പങ്കാണ് വഹിച്ചത്.

പ്രധാനമായും പ്രസംഗങ്ങളിലൂടെയാണ് അദ്ദേഹം തന്റെ ചിന്തകൾ രൂപപ്പെടുത്തി യത്. നിരവധി പുസ്തകങ്ങളും അദ്ദേഹം ഇക്കാലയളവിൽ രചിക്കുകയുണ്ടായി ഡോ.എ.പി.ജെ അബ്ദുൾകലാമും അരുൺ തിവാരിയും ചേർന്ന് എഴുതിയ പുസ്തകമാണ് അഗ്നിച്ചിറകുകൾ. അദ്ദേഹം ഇന്ത്യയുടെ പ്രസിഡണ്ടാവുന്നതിന് മുമ്പുള്ള കാല മാണ് ഈ പുസ്തകത്തിന്റെ പ്രധാന ഉള്ളടക്കം. ബഹിരാകാശ ഗവേഷണവും മിസ്സൈൽ പ്രോജക്ടിനെയും കുറിച്ചുള്ള അന്വേഷണങ്ങളാണ് അഗ്നിച്ചിറകുകൾ കൈകാര്യം ചെയ്യുന്ന പ്രമേയം. ഒരു സാധാരണ കുടുംബ പശ്ചാത്തലത്തിൽ നിന്ന് വളർന്ന് വന്ന് ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ രംഗത്തും മിസ്സൈൽ പദ്ധതികളിലും പ്രധാന പങ്കു വഹിക്കുകയും ഇന്ത്യയുടെ പ്രഥമ പൗരൻ എന്ന നിലയിലേക്ക് ഉയരുകയും ചെയ്ത സാഹചര്യം ഇതിൽ ആവേശകരമായ ഭാഷയിൽ വിവരിച്ചു പോകുന്നു. കലാമിന്റെ ഉയർന്ന ചിന്തയും ജീവിത വീക്ഷണവും ഈ പുസ്തകത്തിൽ ഉടനീളം കാണാവുന്നതാണ്. മുപ്പതുകളിലെയും നാല്പതുകളിലെയും ഇന്ത്യയുടെ ഒരു രേഖാ ചിത്രം ഇതിൽ നിന്ന് വായിച്ചെടുക്കാം. കലാമിന്റെ കുട്ടിക്കാലം ചെലവഴിച്ച രാമേശ്വരം എന്തായിരുന്നു എന്ന് വായനക്കാരന് അനുഭവിച്ചറിയാം. വിദ്യർത്ഥികൾ ഏറെ ഇഷ്ടപ്പെട്ട ഈ പുസ്തകം മിക്ക ഇന്ത്യ ഭാഷകളിലേക്കും പരിഭാഷപ്പെടുത്തുകയുണ്ടായി. 2013ൽ മൈ ജേർണി ട്രാൻസ്ഫോ മിങ്ങ് ഡ്രീംസ് ഇൻ ടു ആക്ഷൻസ് എന്ന പേരിൽ മറ്റൊരു ഗ്രന്ഥം കൂടി ഈ ശ്രേണിയിൽ അദ്ദേഹം പ്രസിദ്ധീകരിക്കുകയു ണ്ടായി.

വിഷൻ 20:20, ഇന്ത്യാ ഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് ഡോ.എപിജെ അബ്ദുൾ കലാമിന്റെ ചെയർമാൻഷിപ്പിൽ അഞ്ഞൂറ് പേരടങ്ങുന്ന ഒരു വിദഗ്ദ്ധ സംഘം തയ്യാറാക്കിയ രേഖയാണ്. പിന്നീട് ഇന്ത്യ 20:20, എ വിഷൻ ഫോർ ദ ന്യൂ മില്ലെനിയം എന്ന പേരിൽ ഡോ. വൈ.എസ് രാജനുമായി ചേർന്ന് അദ്ദേഹം പൂർത്തി യാക്കുകയായിരുന്നു. ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി രൂപപ്പെടുത്തുന്നതിന് രാജ്യത്തിന്റെ പ്രകൃതി വിഭവങ്ങളും മനുഷ്യ വിഭവശേഷിയും ഏകോപിപ്പിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത കലാം തിരിച്ചറിഞ്ഞിരുന്നു. 2020 ആകുമ്പോഴേക്കും ലോകത്തിലെ ഏറ്റവും കൂടുതൽ യുവാക്കളുള്ള രാജ്യമായി ഇന്ത്യ മാറും. ലോകരാജ്യങ്ങളുടെ മുമ്പിൽ തലയെടുപ്പോടെ നിൽക്കാൻ ആ കരുത്ത് ഉപയോഗിക്കേണ്ടതുണ്ട്. കലാം ആഗ്രഹിച്ചിരുന്നു.

ഇഗ്നൈറ്റഡ് മൈൻഡ്സ് 12-ാം ക്ലാസ്സിൽ പഠിക്കുന്ന സ്നേഹൽ ഥാക്കർ എന്ന വിദ്യാർത്ഥിനിക്കാണ് അദ്ദേഹം സമർപ്പിച്ചിരിക്കുന്നത്. നമ്മൾ നേരിടേണ്ടി വരുന്ന ഏറ്റവും വലിയ ശത്രു ആര് എന്ന് അദ്ദേഹത്തിന്റെ ചോദ്യത്തിന് ദാരിദ്ര്യം എന്ന് ഉത്തരം പറഞ്ഞ സ്നേഹൽ ഥാക്കറിന്. അദ്ദേഹം 2011 ഏപ്രിൽ 11 ന് റോഡ് മാർക്ഷം ആനന്ദിൽ എത്തുമ്പോൾ സാമുദായിക ലഹളയെ തുടർന്ന് അവിടെ നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുകയായിരുന്നു. പിറ്റേന്ന് ആനന്ദാലയ സ്കൂളിൽ വിദ്യാർത്ഥികളോട് സംസാരിക്കുന്നതിനിടയിൽ ഒരു ചോദ്യം ഉയർന്നു വന്നു; ആരാണ് നമ്മുടെ ശത്രു? . പല ഉത്തരങ്ങളും ഉണ്ടായിരുന്നു, എന്നാൽ നമ്മളെല്ലാവരും സമ്മതിക്കുന്ന ഒരു ഉത്തരം, അവൾ അത് പറഞ്ഞു. നമ്മുടെ ശത്രു ദാരിദ്ര്യമാണ് . എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം അതാണ്. അതിനെതിരെയാണ് നമ്മൾ പോരാടേണ്ടത്, അതെ കലാം നമ്മെ ഓർമ്മിപ്പിക്കുന്നു. കർമ്മം കൊണ്ടും ചിന്ത കൊണ്ടും ഒരു ജനതയെ സമ്പന്നമാക്കുകയും സ്വപ്നം കാണാൻ പഠിപ്പിക്കുകയും ചെയ്ത ആ മഹാമനീഷിക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.





# FTII Students Strike the studies



**Dr.N.H. Zeinul Hukuman**
*Sir Syed College Taliparamba*

The indefinite strike launched by the student community of Film and Television Institute of India (FTII), Pune, followed by the appointment of BJP member Gajendra Chauhan – who played Yudhisthir in BR Chopra's 'Mahabharata' serial – as the chairman , has reached a new height as the strike hit 33 days by now.

This is one of the many appointments made by the Ministry of Information and Broadcasting recently that elicited angry responses from stakeholders who believe the government was rewarding those who campaigned for BJP. Recently, the government appointed Mukesh Khanna, who played Bhishma in Mahabharata and later, Shaktimaan, as the head of Children's Film Society.

Many people, from the intellectual circle to academic bodies and film fraternity, believe that the recent appointment of Chauhan and similar BJP activists in the governing body of FTII is a move to saffronize the country's premier institute and to de-politicize it.

"FTII stands for plurality of expression, secular thought, equal opportunity and utmost dedication to the art and craft of making cinema. Here the medium of film and television is explored with both an academic rigor and an artistic zeal. Therefore, only mainstream popularity is not enough a criteria to lead an institute of this repute. FTII deserves persons with extensive experience in both pedagogy and


practice of all forms of art in India and abroad; including writers, poets, painters and theatre personalities. But, not Chauhan!," says a student activist in FTII.

It is indeed sad that after 33 days of continuous strike, deliberate attempts are made to target and restrict students' protest, just to the appointment of Mr.Gajendra Chauhan.

"This is not the only issue," adds another student activist on strike. "The dubious selection criteria and process, through which the entire FTII Society has been appointed is the real concern. Appointees particularly in question are Ms. Anagha Ghaisas, Mr. Narendra Pathak and Mr. Rahul Solapurkar in the category of people with eminence in the field of art & cinema. And Mr. Sailesh Gupta, an FTII alumnus credited with making propaganda videos for Prime Minister Narendra Modi."

The Students' Association, FTII, pin points the following reasons for opposing the appointments of new society members:

**1. Ms. Anagha Ashok Ghaisas** is a documentary film maker, but none of her films have received any critical acclaim or a mention at any national or international film festival. She was also found guilty by court, for defaulting on remunerations promised to film-makers working in her projects. Reputed film maker Mr.Nandan Kudhyadi, an FTII alumnus, who worked in her production named "My Flag, My Life" was denied fees and abruptly dropped from the project. It left him no option but to go to court.




Although the judgment went in the plaintiff's favour, Ms. Ghaisas is yet to pay him his dues.

How can a person whose credibility as a film maker, proved false in a court of India, be considered a "Person of Eminence" in the field of cinema. This is highly contradictory. Her films include a documentary on Nanaji Deshmukh, Ram Mandir – Adalat aur Aastha (A film on the Ayodhya Temple), Shri Narendra Modi – Gata Asamanya Netrutvaka (A tale of extraordinary leadership).

To quote her, she says," Films are not just entertainment. A new thought process should start at FTII. Students should have nationalistic feelings."

**2.Dr. Narendra Pathak** is a writer and columnist for a Marathi magazine and has been associated as an academician with district and city colleges. However this is not adequate



qualification to head an institute of national repute.

He was also the incumbent ABVP Maharashtra State President when FTII students were attacked by ABVP members outside National Film Archive of India for screening a film by eminent film maker, Anand Patwardhan.

After his appointment to the FTII society he has gone on record saying," There shouldn't be any anti-national activity at the institute. If there are mischief makers who work against the government, toh unko sabak sikhana zaroori hain (they should be taught a lesson)." The court case regarding the ABVP violence is still going on. His presence in the council greatly jeopardizes the physical safety of the students both within and outside the campus.




AFFRONISATION IN

**3. Mr. Rahul Solapurkar** is known for acting in Marathi films and television serials. However, he holds no academic experience or an association with FTII in any capacity in the past. Mr. Solapurkar has admitted that he was in contention for a BJP ticket in last year's State Assembly elections.

The students oppose this granting of positions in the FTII society based solely on political affiliation. Mr. Solapurkar's comments include," There is nothing wrong in introducing a new line of thought that is beneficial to the nation and students."

Top of Form

**4.Mr. Sailesh Gupta** is an alumnus of FTII and has to his credit a short film titled "Shapath Modi Ki", made during the campaign for 2014 Lok Sabha elections. We have put the video up on our facebook page. Please watch and decide for yourselves, his eminence as a film maker or an artist.

"In view of the above evidence, we only contest their appointments to the FTII society and hold no opposition to them as individuals. We have always welcomed, accepted and engaged with people from all ideologies and bodies of work. But the plural and secular ethos of FTII stands compromised if the current FTII society is not dissolved with immediate effect," says the Students' Association, FTII.

Activists like Ajayan Adat, FTII Strike Committee advisor and a final year student of sound recording and sound design, has serious concerns about the new appointment of Gajendra Chauhan.


"Being the Chairman of FTII means a lot. This appointment will give Chauhan many opportunities, including representing FTII(read as the whole Indian film schools !), in **CILECT** (Centre International de Liaison des Ecoles de Cinéma et deTélévision ) ,a premier International Association of Film and Television . CILECT includes over 160 audio-visual educational institutions from 60 countries on 6 continents with more than 10,000 teachers and staff that annually train more than 60,000 students and communicate with an alumni network of more than 1,600,000."

"If Chuhan is going to represent India, imagine the image we create outside India about film Institutes in our country," adds Ajayan Adat. He further indicates that, following the FTII strike and the'pre-requisite' Channel discussions on the strike , BJP gossip mills are doing their rounds that Chauhan has been badly damaging BJP's newly whitewashed clean image by appearing and commenting in channel rooms in a weaker tone.

"If many people inside the organization believes so, and think that he is not capable of representing even BJP, just imagine the damage he is going to do with FTII,' asks Ajayan.

"What ever it be, until and unless a final solution is met, the strike must and will go on", says an optimist Shini J K, one of the key organizers of Strike Committee.


# അവർ നമ്മളെത്തേടി വരുന്നു!



**ഡോ.സി.ഉണ്ണികൃഷ്ണൻ**
*ഡി.ബി. കോളജ്, ശാസ്താംകോട്ട*

അവർ ഇസ്ലാമിനെത്തേടി വന്നു. ഞാൻ കണ്ടുനിന്നു അവർ യഹൂദരെത്തേടി എത്തി. അപ്പോഴും ഞാൻ ചിരിച്ചു. അവർ ക്രിസ്ത്യാനികളെത്തേടി വന്നപ്പോഴും ഞാൻ കണ്ടുനിന്നു ചിരിച്ചു. അവർ മാർക്സിസ്റ്റുകളെത്തേടി വന്നു, അപ്പോഴും ഞാനാസ്വദിച്ചു. ഒടുവിൽ അവർ എന്നെത്തേടിയെത്തി. അപ്പോൾ നോക്കി നെടുവീർപ്പിടാൻ പോലും ആരുമുണ്ടായിരുന്നില്ല . - ജർമ്മൻ പുരോഹിതനും ചിന്തകനുമായ പാസ്റ്റർ ന്യൂമുള്ളേറിന്റെ വാക്കുകൾ യാഥാർത്ഥ്യത്തോട് അടുക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. അതിശയോക്തികലർന്ന ഒരു പ്രസ്താവനയല്ലേ ഇതെന്നും മതേതരജനാധിപത്യ രാജ്യത്ത് ഇതിന് എന്തെങ്കിലും പ്രസക്തിയുണ്ടാകുമോ എന്നും നാം ആദ്യകാലങ്ങളിൽ ചിന്തിച്ചിരുന്നു. അതിനാൽ അവർ നമ്മളെത്തേടി എത്തില്ല എന്ന് നാം വിശ്വസിച്ചു. ഗാന്ധിഘാതകനായ ഗോഡ്സെയെ ഒരു ഭ്രാന്തൻ എന്ന് വിശ്വസിക്കാനാണ് നാം ആഗ്രഹിച്ചത്. എല്ലാ വിഭാഗങ്ങൾക്കിടയിലും മനോരോഗികളുണ്ടാകാം. ഹിന്ദുവിന്റെ പേരിൽ ഭ്രാന്തനായിപ്പോയ ഒരു മനുഷ്യൻ കാട്ടിയ കൊടും പാതകമെന്നേ ഇതിനെ കാണാവൂ എന്ന് നാം വിശ്വസിച്ചു. ഫാസിസ്റ്റ് ആശയസംഹികളുമായി ഗാന്ധിവധത്തിനോ, ഗോഡ്സേയ്ക്കോ ഒരു പങ്കുമുണ്ടാവില്ല എന്ന് വിശ്വസിച്ചുകൊണ്ട് ഇന്ത്യ ഒരു മതേതര രാജ്യമായി പുലരുന്നതിന് ചില മറവികൾ കൂടി ആവശ്യമുണ്ടെന്ന് നാം ചിന്തിച്ചു. അതിനാൽ ഗോഡ്സെയെ മറക്കാനും ഗാന്ധിജിയെ സ്മരിക്കാനും നാം പഠിച്ചു. എന്നാൽ നമ്മുടെ മറവിയെ പുതിയ കർമ്മങ്ങൾ കൊണ്ട് തോറ്റിയുണർത്താനുള്ള സംഘടിത പരിശ്രമങ്ങൾ കാലങ്ങളായി നടന്നുവന്നു. അത് ഒരു ഭ്രാന്തുപോലെ ഭാരതമെങ്ങും പടരുന്നു എന്നത് അവർ നമ്മളെത്തേടി വരുന്നത് എപ്പോഴാണെന്ന ഭയജനകമായ ചിന്തയിലേക്ക് നമ്മെ നയിക്കുകയാണ്.

2014 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയ നരേന്ദ്രമോഡിയുടെ വാക്കുകളിൽ മതേതരത്വവും ജനാധിപത്യവും നിഴലിച്ചുനിന്നിരുന്നു. എന്നാൽ പ്രഭാഷണങ്ങളിൽ ചൊരിയുന്ന വാക്കുകളിലല്ലാതെ കർമ്മങ്ങളിലൊന്നും ഇതു രണ്ടിന്റെയും ലാഞ്ചനകളില്ലെന്ന് ബോധ്യപ്പെടാൻ ഏറെക്കാലം വേണ്ടിവന്നില്ല. ഇന്ത്യ ഏറെ ആദരിച്ച ജ്ഞാനപീഠ ജേതാവ് ഡോ.യു.ആർ അനന്തമൂർത്തിക്ക് പാകിസ്ഥാനിലേക്കുള്ള വിമാനടിക്കറ്റ് നല്കിയാണ് ആ സോഷ്യലിസ്റ്റായ ദേശീയപുരുഷനെ അപമാനിച്ചത്. അതിന്റെ ആഘാതത്തിൽ തിങ്ങുന്ന വേദനകളുമായി കഴിഞ്ഞ അനന്ത



മൂർത്തിക്ക് അധികകാലം ജീവിക്കേണ്ടി വന്നില്ല. അവസ്ഥയും സംസ്കാര യുമെല്ലാം ഭാരതത്തിന് സമ്മാനിച്ച ആ മതേതരവാദി മരിച്ചപ്പോൾ പടക്കം പൊട്ടിച്ചും മധുരം വിതരണം ചെയ്തും അത് ആഘോഷിക്കുകയായിരുന്നു ഫാസിസത്തിന്റെ പുതിയ കാവലാളുകൾ. അവർക്ക് പ്രചോദനമേകുന്ന തരത്തിലായിരുന്നു ഭരണകൂടത്തിന്റെ ചെയ്തികൾ.

ഗാന്ധിഘാതകനായ ഗോഡ്സെയ്ക്ക് ക്ഷേത്രം പണിഞ്ഞുകൊണ്ടും, അയാളുടെ വീരാപധാനകഥകൾ പ്രചരിപ്പിച്ചുകൊണ്ടും ഗോഡ്സെയെ ദേശീയ പുരുഷനാക്കാനുള്ള പരിശ്രമങ്ങൾ സംഘടിതമായി നടക്കുന്നു. ഗോഡ്സെയെ നായകനാക്കിയുള്ള സിനിമ വരാൻപോകുന്നു. ചരിത്രകൗൺസിലിൽ സംഘപരിവാർ ചിന്തകരെ നിറച്ച് ചരിത്രത്തിൽ ഗോഡ്സെയെപ്പോലുള്ളവരുടെ സ്ഥാനം അടയാളപ്പെടുത്തുന്നു. ബുക്ക് ട്രസ്റ്റിന്റെ ചെയർമാനായിരുന്ന പ്രശസ്തമലയാള നോവലിസ്റ്റ് സേതുവിനെ ഒരു നോട്ടീസുപോലും നൽകാതെ പിരിച്ചുവിട്ട് അവിടെ സംഘചാലകനെ നിയമിക്കുന്നു. ഇന്ത്യയ്ക്ക് എന്നും അഭിമാനമായ പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അദ്ധ്യക്ഷനായി ഗജേന്ദ്രചൗഹാനെന്ന സീരിയൽ നടനെകൊണ്ടു വന്നു. മഹാഭാരതം എന്ന സീരിയലിൽ അഭിനയിച്ചു എന്നതാണ് അയാളുടെ ഏകയോഗ്യത. ഇത് യഥാർത്ഥ ചലച്ചിത്ര പ്രവർത്തകരുടെ ആത്മാഭിമാനത്തിനേൽപ്പിച്ച ക്ഷതം ചെറുതല്ല. വിഖ്യാതചലച്ചിത്ര പ്രവർത്തകരടക്കം ആ കലാരംഗത്തുള്ള മിക്കപേരും പ്രതിഷേധിച്ചിട്ടും ജനാധിപത്യത്തെ ഒട്ടും കൂസാത്ത ഭരണാധികാരികൾ, ഗണ്യമാക്കുന്നില്ല. ഇതിനെതിരെ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ ജയിലിലടക്കാനും ഭീഷണിപ്പെടുത്തി പിന്മാറ്റാനുമുള്ള പരിശ്രമമാണ് നടത്തുന്നത്.

ഭരണത്തിന്റെ പിൻബലത്തിൽനാടെങ്ങും മതേതരത്വത്തിനും ജനാധിപത്യത്തിനും ഭീഷണിയാകുംവിധത്തിലുള്ള പ്രവർത്തനങ്ങൾ സംഘപരിവാർ ശക്തികൾ ഏറ്റെടുക്കുകയാണ്. അത് ക്രൂരമായ ചെയ്തികളിലേക്കും വിനാശകരമായ നടപടികളിലേക്കും ചെന്നെത്തിയിരിക്കുന്നു. മഹാരാഷ്ട്രയിൽ നരേന്ദ്രധബോൽക്കറിന്റെ കൊപാതകത്തിന് തുടക്കം കുറിച്ചുകൊണ്ട് ഇന്ത്യയിലെ മതേതര ദേശീയ വാദികളെ കൊന്നൊടുക്കാനുള്ള സംഘടിത പരിശ്രമങ്ങൾ ആരംഭിച്ചു. ആൾദൈവങ്ങളുടെ അസ്തിത്വത്തെ ചോദ്യം ചെയ്തു എന്നതാണ് അദ്ദേഹം ചെയ്തതെറ്റ്. ആൾദൈവങ്ങൾ സൃഷ്ടിക്കുന്ന സങ്കേതങ്ങളിൽ പതിയിരിക്കുന്ന അരാജകതളേയും സാമൂഹ്യവിരുദ്ധ പ്രവണതകളേയും ചൂണ്ടിക്കാട്ടിയെന്നതാണ് അദ്ദേഹം ചെയ്ത അപരാധം. യുക്തിബോധവും ശാസ്ത്രചിന്തയും ഏറ്റുവാങ്ങി എന്നതാണ് ചെയ്ത മഹാപാപം. അതിന് അദ്ദേഹത്തിന് സ്വന്തം ജീവൻതന്നെ വിലയായി നൽകേണ്ടി വന്നു. ഈ അരുംകൊല ഒരു പാഠമാണെന്നും സ്വതന്ത്രചിന്തകളുപേക്ഷിച്ച് തങ്ങളുടെ യാഥാസ്ഥിതിക ചിന്തയ്ക്ക് വഴിപ്പെട്ടുകൊള്ളണമെന്നുള്ള ഉഗ്രശാസനമായിരുന്നു അത്. എന്നിട്ടും ഭയത്തിന്റെ ഇരുൾക്കയങ്ങളിലേക്ക് തങ്ങളുടെ ആദർശം എറിഞ്ഞുകളയാൻ തയാറാകാത്തവരെ ഇവർ ഇപ്പോഴും വേട്ടയാടുകയാണ്.

2014 ഡിസംബർ 20 നാണ് പെരുമാൾ മുരുകൻതന്റെ ഫെയ്സ് ബുക്ക് പോസ്റ്റിലൂടെ തന്നിലെ എഴുത്തുകാരൻ മരിച്ചെന്ന വിവരം ലോകത്തെ അറിയിച്ചത് മാതോരുഭാഗൻ (അർദ്ധനാരീശ്വരൻ) എന്ന തന്റെ നോവലിലെ ഭാഗങ്ങൾ തിരുത്തണമെന്നും അതെഴുതിയതിന്റെ പേരിൽ പൊതുമാപ്പ് പറയണമെന്നും പറഞ്ഞത് ഭരണകൂടം തന്നെയാണ്. നാലുവർഷത്തിനു മുമ്പിറങ്ങിയ ഈ നോവൽ ആയിരക്കണക്കിന് വായനക്കാരെ ആകർഷിക്കുകയും സമൂഹത്തിൽ നിലനിന്നിരുന്ന ചില തിന്മകളെക്കുറിച്ചുള്ള ബോധം അവരിൽ ഉണർത്തുകയും ചെയ്തിട്ടുള്ളതാണ് . ജാതി വിദ്വേഷമോ മതനിന്ദയോ ഈശ്വരനിഷേധമോ ഇല്ലാതിരുന്ന ഈ കൃതിയുടെ പേരിൽ സംഘപരിവാർ ശക്തികൾ ബഹളം കൂട്ടിയത് മുരുകൻ എന്ന ഭൗതികവാദിയായ, ജാതിരഹിതനായ എഴുത്തുകാരന്റ ആദർശനിഷ്ഠമായ ജീവിതത്തോടുള്ള എതിർപ്പുകൊണ്ടായിരുന്നു. അദ്ദേഹത്തിന്റെ വഴിതടഞ്ഞും പുസ്തകങ്ങൾ കത്തിച്ചും തീവ്രവാദശക്തികൾ ആർത്തുല്ലസിച്ചപ്പോൾ നിസ്സഹായരായി നിന്ന ഭരണകൂടം പെരുമാൾമുരുകൻ എന്നെ പൗരന് നല്കേണ്ട നീതി നിഷേധിക്കുകയും അക്രമകാരികളുടെ പക്ഷം ചേർന്ന് പുസ്തകത്തിന്റെ വിവാദ ഭാഗങ്ങൾ പിൻവലിക്കാൻ കല്പിക്കുകയുമാണ് ചെയ്തത്. ഫാസിസ്സത്തിന്റെ വിജയം ഭരണകൂടപിന്തുണയോടെ ആഘോഷിക്കപ്പെടുമ്പോൾ നിസ്സഹായനായ എഴുത്തുകാരന് തന്നിലെ എഴുത്തുകാരനെ കൊല്ലുകയേ വഴിയുണ്ടായിരുന്നുള്ളൂ. ആപശ്ചാത്തലത്തിലാണ് പെരുമാൾ മരുകൻ തന്നിലെ കലാകാരൻ മരിച്ചു എന്ന് ലോകത്തെ അറിയിച്ചത്.









2015 പെബ്രുവരി 20 നാണ് മഹാരാഷ്ട്രയിൽ ഗോവിന്ദ് പാർസാരെ എന്ന രാഷ്ട്രീയ സാമൂഹിക പ്രവർത്തകൻ കൊലചെയ്യപ്പെട്ടത്. നരേന്ദ്രധബോൽക്കറുടെ കൊലപാതകത്തിന്റെ തുടർച്ചയായിരുന്നു അത്. മാഹാരാഷ്ട്രയിലെ അറിയപ്പെടുന്ന തൊഴിലാളി നേതാവും കമ്മ്യൂണിസ്റ്റുമായിരുന്നു പർസാരെ. അന്ധവിശ്വാസത്തോടും അനാചാരങ്ങളോടും കലഹിച്ച അദ്ദേഹം മതേതരജീവിതം പുലർത്തിയ മനുഷ്യസ്നേഹിയായിരുന്നു. പ്രഭാതത്തിൽ ഭാര്യയോടൊപ്പം നടക്കാനിറങ്ങിയ അദ്ദേഹത്തെ തീവ്രമതവാദികൾ ക്രൂരമായി കൊല ചെയ്യുകയായിരുന്നു. സംഭവത്തിൽ ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തിന്റെ ഭാര്യ ഇപ്പോഴും ജീവിതത്തിലേക്ക് തിരിച്ചുവന്നിട്ടില്ല. ഇനിയും ഇതിന്റെ പ്രധാന പ്രതികൾ പിടികൂടപ്പെട്ടിട്ടില്ല.

2015 ആഗസ്റ്റ് 30 ന് കന്നഡ സാഹിത്യ ചരിത്രത്തിലും വിദ്യാഭ്യാസ ഗവേഷണ മേഖലയിലും നിർണ്ണായക സംഭാവനകൾ ചെയ്ത എം.എം. കൽബുർഗി വധിക്കപ്പെട്ടു. കേന്ദ്രസാഹിത്യ അക്കാദമിയുടെ പുരസ്കാരമടക്കം നിരവധി അവാർഡുകൾ നേടിയിട്ടുള്ള കൽബുർഗി ഗവേഷണം സമൂഹ്യമാറ്റത്തിന് ഉപയുക്തമാകണമെന്ന് എപ്പോഴും ചിന്തിച്ചിരുന്നു. ഡോക്ടറേറ്റ് നേടാനുള്ള ഉപാധിയായി ഗവേഷണം നടത്തുന്ന രീതിയെ അദ്ദേഹം വെറുത്തു. സാമൂഹ്യപുരോഗതിയ്ക്ക് ഉതകുന്ന തരത്തിലേക്ക് ഗവേഷണ പദ്ധതികളെ അദ്ദേഹം നവീകരിച്ചു. കന്നഡസാഹിത്യത്തിലെ വചനപ്രസ്ഥാനത്തിന് അദ്ദേഹം പുതുഭാവുകത്വം നൽകി. കന്നഡയിലെ ആത്മീയാചാര്യനായ ബസവേശ്വരന്റെ ചിന്തകളെ കാലത്തോട് ചേർത്ത് അദ്ദേഹം വ്യാഖ്യാനിച്ചു. കന്നഡയിലെ വചനങ്ങൾ മുഴുവൻ പന്ത്രണ്ട് വാല്യങ്ങളിലായി അദ്ദേഹം സമാഹരിച്ചു. അത് ഇന്ത്യയിലെ ഇതരഭാഷകളിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനുള്ള ചുമതലയും അദ്ദേഹം ഏറ്റെടുത്തു. കർണ്ണാടകത്തിലെ ഹംപി സർവ്വകലാശാലയുടെ വൈസ് ചാൻസലറായി ഇരിക്കെ അതിനെ ഉന്നതമായ ഒരു അക്കാഡമിക് സ്ഥാപനമാക്കി മാറ്റാൻ അദ്ദേഹത്തിന്റെ പ്രവർത്തനത്തിന് കഴിഞ്ഞിരുന്നു. എന്നിട്ടും കൽബുർഗിയെ കൊലചെയ്ത് പകവീട്ടാൻ വിധത്തിലെന്ത് തെറ്റാണ് അദ്ദേഹം ചെയ്തത് ? ഗവേഷണമനസ്സുകൊണ്ട് ചിന്തിച്ചപ്പോൾ പല അന്ധവിശ്വാസങ്ങളേയും ചോദ്യം ചെയ്യാനും അതിലെ അസംബന്ധതകൾ ചൂണ്ടിക്കാണിക്കാനും അദ്ദേഹം നിർബന്ധിതനായി. കർമ്മം ചെയ്യലാണ് ദൈവമാർഗമെന്നും ആചാരാനുഷ്ഠാനങ്ങളല്ലെന്നുമുള്ള ബസവേശ്വരന്റെ ചിന്തകളെ അദ്ദേഹം ലോകത്തിന് കാട്ടിക്കൊടുത്തു. യുക്തിപൂർവ്വം ചിന്തിക്കാൻ തന്റെ ശിഷ്യരെ പ്രേരിപ്പിച്ചു. അനന്തമൂർത്തിയുടെ ചിന്തകളും കാഴ്ചപ്പാടുകളുമേറ്റുവാങ്ങി. ഇതൊക്കെ മതി ഇന്ന് ഇന്ത്യാമഹാരാജ്യത്ത് വധശിക്ഷയ്ക്ക് വിധേയമാകാൻ.

ധർവാഡിലെ കല്ല്യാൺ നഗറിൽ പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ വീട്ടിലെത്തിയവർ തങ്ങൾ കൽബുർഗിയുടെ ശിഷ്യരാണെന്ന് വിളിച്ചുപറഞ്ഞു. ശിഷ്യരെ എന്നും സ്നേഹിക്കുന്ന കൽബുർഗി സ്നേഹത്തോടെ അവരെ അകത്തേക്ക് ക്ഷണിച്ചു. അവർ ഗുരുദക്ഷിണയായി ഗാന്ധിജിക്ക് ഗോഡ്സേ എന്ന പോലെ വെടിയുണ്ടകൾകൊണ്ട് അദ്ദേഹത്തെ സ്വാഗതം ചെയ്തു. അതിനിഷ്ഠൂരമായ ആ കൊലപാതകദിവസം തന്നെ ബജറംഗ്ദൾ നേതാവ് ബുവിത്ഷെട്ടി ട്വിറ്ററിൽ ഇങ്ങനെ കുറിച്ചു.

ആദ്യം അനന്തമൂർത്തി ഇപ്പോൾ കൽബുർഗി ഇനി കെ.എസ് ഭഗവാൻ. പ്രിയപ്പെട്ട കെ.എസ് ഭഗവാൻ അടുത്ത ഊഴം നിങ്ങളുടേതാണ് അവരുടെ പക അടങ്ങുന്നില്ല. അവരുടെ രക്തദാഹത്തിന് അറുതിയില്ല. അവർ കെ.എസ് ഭഗവാന് വീണ്ടും ഒരു കത്തയച്ചു.

നിങ്ങൾ സുരക്ഷിതനാണെന്നു കരുതി ശാന്തനായിരിക്കേണ്ട. ഞങ്ങൾക്ക് ലക്ഷ്യങ്ങൾ ഒരിക്കലും പിഴയ്ക്കാറില്ല. ഞങ്ങളെത്തുമ്പോൾ ഒരു പോലീസ് സുരക്ഷയും നിങ്ങളെ സംരക്ഷിക്കുകയില്ല. എങ്ങനെ ഇത് നിർവ്വഹിക്കണമെന്ന് ഞങ്ങൾക്ക് നിശ്ചയമുണ്ട്. ഇനി നിങ്ങളുടെ ദിവസ്സങ്ങളെണ്ണുക ഭീഷണികൊണ്ട്, ഭയങ്ങളുടെ നിർമ്മിതികൾകൊണ്ട് ചിന്താശീലരെ നിശ്ശബ്ദരാക്കാനുള്ള പരീക്ഷണശാലയായി ഇന്ത്യമാറുകയാണ്. മരണത്തിൽ ഒട്ടും ഭയമില്ലെന്നാണ് കെ.എസ് ഭഗവാൻ ഇതിന് നൽകിയ മറുപടി.

അവർ അടങ്ങുന്നില്ല. അവർ മതേതരത്വത്തെയും ജനാധിപത്യത്തേയും കശാപ്പുചെയ്തേ അടങ്ങു. ഇവർ നമ്മുടെ ചിന്തയിലും അഭിരുചികളിലും വേഷവിധാനങ്ങളിലുമെല്ലാം കടന്നുകയറുകയാണ്. സദാചാര പോലീസും ചുംബനവിരുദ്ധരുമെല്ലാമായി അവർ ഇവിടെയുണ്ട്. രാമായണ മാസത്തിൽ അഹിന്ദുവിന് രാമായണത്തെക്കുറിച്ച് പറയാനും എഴുതാനും അവകാശമില്ലെന്ന് അവർ ശഠിക്കുന്നു. ഡോ.എം.എം.ബഷീറിന്റെ മാതൃഭൂമി ദിനപ്പത്രത്തിലെ പംക്തി അവർ അവസ്സാനിപ്പിക്കുന്നു. അതേ അവർ നമ്മളെത്തേടി വരികയാണ്, ഏകപക്ഷീയമായ ചിന്തയുമായി. അടിമകളുടെ കാലം പടുത്തുയർത്താൻ, എതിർചിന്തകളെ എന്നന്നേക്കും നിശബ്ദമാക്കാൻ.



# കാലം കെടുത്താത്ത കനലുകൾ



**ഡോ. അജി.സി.പണിക്കർ**

*മാർ അത്തനേഷ്യസ് കോളജ്, കോതമംഗലം*

അതിവിപുലമായ വൈജ്ഞാനികസമ്പത്തിന്റെയും ദർശനങ്ങളുടെയും ഉറവിടമാണ് ഭാരതം. ലോകജനതയുടെ മുൻപിൽ സാംസ്കാരിക ഔന്നത്യം കൊണ്ടും വൈരുദ്ധ്യങ്ങളുടെ ഏകീഭാവം കൊണ്ടും തല ഉയർത്തി നിലനിൽക്കുന്ന ഭാരതം അന്യന്റെ വാക്കുകളെ അതിന്റെ എല്ലാ അർത്ഥതലങ്ങളിലും ഉൾക്കൊള്ളുന്ന ഒരു കാലത്തിന്റെ പിറവിയ്ക്കു വേണ്ടി സമസ്ത സർഗ്ഗസിദ്ധികളെയും സമർപ്പിച്ച സർഗ്ഗധനന്മാരുടെ നാടാണ്. സംഘം ചേരാനും ആശയസംവാദത്തിനും നിർഭയമായി ചിന്തിക്കുവാനും എഴുതുവാനും അവകാശം ഉറപ്പുനൽകുന്ന വിശ്വപ്രസിദ്ധമായ ഭരണഘടനയുടെ തണലിൽ ജീവിക്കുന്നവരാണ് നാം.

പിറന്ന നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി വൈദേശികാധിപത്യത്തെ പിഴുതെറിയുവാൻ സർവ്വവും സമർപ്പിച്ച ധീരദേശാഭിമാനികളുടെ നാട്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്വത്തോട് സന്ധിയില്ലാതെ പ്രക്ഷോഭം നയിച്ച് ഈ നാടിനെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിച്ച മഹാരഥൻരെ തമസ്കരിക്കാനുള്ള ബോധപൂർവ്വമായ ശ്രമം ഉയർത്തെഴുന്നേല്ക്കുന്നു. ഒറ്റ മനസ്സോടെ തെരുവീഥികളിൽ ആളിപ്പടർന്ന പ്രക്ഷോഭങ്ങളിൽ, ഹിന്ദുവും മുസൽമാനും ക്രിസ്ത്യനും ജൈനനും ബുദ്ധനും പാഴ്സിയും, എല്ലാ വൈജാത്യങ്ങളും വിസ്മരിച്ച് ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ പൊരുതി മുന്നേറി. നാട് സ്വതന്ത്രയായി. ബ്രിട്ടീഷുകാരൻ കൊളുത്തിവിട്ട മതവൈര്യത്തിന്റെ അഗ്നികുണ്ഡത്തിൽ എത്രയോ വിലപ്പെട്ട ജീവനുകൾ വെന്തെരിഞ്ഞു. നാടിനെ വിമോചിതയാക്കുവാൻ അഹിംസയുടെ പന്ഥാവിലൂടെ ജനലക്ഷങ്ങളെ അണിനിരത്തിയ മഹാത്മാഗാന്ധിയുടെ നെഞ്ചിലേയ്ക്ക് വെടിയുണ്ട ഉതിർത്തുകൊണ്ട് സ്വതന്ത്ര ഭാരതത്തിൽ ഹിംസാത്മക രാഷ്ട്രീയത്തിന്റെ മുടിപിടിച്ചാട്ടം തുടങ്ങി.

എഴുത്തുകാരും സാഹിത്യകാരന്മാരും നാടിന്റെ അഭിമാനസ്തംഭങ്ങളാണ്. ഓരോ കാലത്തും നാടിനെ സാമൂഹിക വിപത്തുകളിൽ നിന്നും കാത്തുരക്ഷിച്ചവരാണ് അവർ. അധിനിവേശത്തിന്റെ കാണാച്ചരടിൽ നിന്ന് നാടിനെ സംരക്ഷിക്കുവാൻ ചിന്താശക്തിയെ ആയുധമാക്കിയവർ പുതിയ തലമുറയ്ക്കു മുന്നിൽ പ്രകാശഗോപുരങ്ങളായി തിളങ്ങി. നാടിന്റെ യശസ്സ് ലോകമെങ്ങും



വ്യാപിപ്പിച്ച് ഭാരതീയദർശനങ്ങൾക്ക് പുതിയ അർത്ഥതലങ്ങൾ നൽകി. സർഗ്ഗധനന്മാരുടെ തൂലികയിൽ നിന്നുതിർന്നു വീഴുന്ന വാക്കുകളും വരകളും വർണ്ണനകളും നാടിന്റെ പൊതുഅവബോധമായി മാറുകയും പുതിയ ജനകീയ മുന്നേറ്റങ്ങൾക്ക് പാതവെട്ടി തെളിയ്ക്കുകയും ചെയ്യുന്നു. ഗാന്ധി വധത്തിലൂടെ സ്വന്തം പൈതൃകത്തോട് പൊറുക്കാനാകാത്ത അപരാധം ചെയ്തവർ, സഫ്ദർഹാർഷ്മിയെന്ന ജനകീയനാടകക്കാരനെ തെരുവിൽ കൊലപ്പെടുത്തിയവർ, വർഗ്ഗീയതയുടേയും മതഭീകരതയുടേയും പേരിൽ നിരപരാധികളുടെ നിലയ്ക്കാത്ത നിലവിളികൾക്ക് നടുവിലും ഫാസിസ്റ്റ് അക്രമങ്ങളുടെ അട്ടഹാസങ്ങൾ മുഴക്കുന്നവർ അവർ വീണ്ടും നാടിന്റെ നെഞ്ചകം പിളർന്ന് കൊലവിളി നടത്തുന്നു.

കന്നടഭാഷയിലെ പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനും പുരോഗമന സാംസ്ക്കാരിക പ്രവർത്തകനും ചിന്തകനുമായിരുന്നു എം.എം.കലബുർഗി. ഹംപി കന്നട സർവ്വകലാശാല മുൻവൈസ്ചാൻസലറും അദ്ധ്യാപകനുമായിരുന്നു അദ്ദേഹം. വിഗ്രഹാരാധനയ്ക്കും അന്ധവിശ്വാസങ്ങൾക്കും എതിരായി കടുത്ത വിമർശനങ്ങൾ നടത്തിയിരുന്ന അദ്ദേഹത്തെ ഹിന്ദുവർഗ്ഗീയവാദികൾ കൊല ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധകൃതി 'മാർഗ - വൺ' വളരെയധികം പുരോഗമന ദർശനങ്ങളുള്ള ഒന്നായിരുന്നു. സമൂഹത്തിന്റെ പുനരുദ്ധാരണത്തിന് വചനസാഹിത്യത്തിലെ തത്വദർശനങ്ങൾ ഫലപ്രദമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. 'കായകവേ കൈലാസം' എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ജീവിതദർശനം. അധ്വാനത്തിലാണ് ഈശ്വരൻ എന്ന ടാഗോർ വീക്ഷണം തന്നെയാണ് അദ്ദേഹവും അനുവർത്തിച്ചിരുന്നത്. പാണ്ഡിത്യഗരിമ ഒട്ടും കാട്ടാത്ത അദ്ദേഹത്തിന്റെ പെരുമാറ്റവും, എഴുത്തിലും ചിന്തയിലും പുലർത്തിപ്പോന്ന ഇടതുപക്ഷ ബോധവും ധൈഷണികമായി നെയ്തെടുത്ത ജീവിതദർശനവും അദ്ദേഹത്തെ കന്നഡസാഹിത്യത്തിലെ പുരോഗമനാശയക്കാരുടെ മുൻനിരയിലെത്തിച്ചു. ബസവേശ്വരനെക്കുറിച്ചുള്ള ചില അപ്രിയ സത്യങ്ങൾ വെളിപ്പെടുത്തിയതും വിഗ്രഹാരാധനയെ ചോദ്യം ചെയ്തതുമാണ് അദ്ദേഹത്തിന് ജാതീയവാദികളുടെ ആക്രമണത്തിന് ഇരയാകുവാൻ ഇടയാക്കിയത്. മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ ജീവിതങ്ങൾ തമ്മിൽ പൊരുത്തപ്പെടണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആവശ്യങ്ങൾ ലഘൂകരിച്ച് പൊതുസമൂഹത്തിനോട് സംവദിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. വെള്ളം പോലെ സമ്പാദിച്ചാലും തീർത്ഥം പോലെ ശ്രദ്ധിച്ച് ചെലവഴിക്കണമെന്നും അദ്ദേഹം ഉപദേശിച്ചിരുന്നു. കാരുണ്യമില്ലാത്ത മതം എന്ത് മതം എന്ന് അദ്ദേഹം ഒരു വചനത്തിൽ പറയുന്നു. ഹംപി സർവ്വകലാശാലയിലെ രണ്ടാമത്തെ വൈസ് ചാൻസലറായിരുന്ന കലബുർഗി, നാടൻ കലകൾക്ക് സർവ്വകലാശാലയിൽ മതിയായ പ്രാതിനിധ്യം നൽകിയതിനോടൊപ്പം മാതൃഭാഷയുടെ നിലനിൽപ്പിനുവേണ്ടി ഒട്ടേറെ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കി. പൊതുവിദ്യാലയങ്ങളെ എന്നും പരിപോഷിപ്പിച്ചിരുന്ന കലബുർഗി, അനന്തമൂർത്തിയെപ്പോലെ തന്നെ സമൂഹത്തിലെ ദുരാചാരങ്ങളോട് എന്നും സന്ധിയില്ലാത്ത സമരം ചെയ്തുപോന്നു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ കുട്ടികളെ അയയ്ക്കുന്നതിനെ അദ്ദേഹം എതിർത്തിരുന്നു. 1938-ൽ ബീജാപ്പുർ ജില്ലയിലെ യാരഗൽ ഗ്രാമത്തിൽ മടിവാളഅപ്പയുടേയും ഗുരമ്മയുടേയും മകനായി ജനിച്ച കലബുർഗി ബസവണ്ണയെപ്പോലെ ചിന്തയിലും പ്രവർത്തനത്തിലും വിപ്ലവബോധം സൃഷ്ടിച്ചു. സമൂഹത്തിലെ ജാതിഭ്രഷ്ടിനെതിരെ അസാമാന്യ ചാതുരിയോടെ പ്രതികരിച്ച അദ്ദേഹം നല്ലൊരു പ്രഭാഷകനുമായിരുന്നു.

പത്മപുരസ്കാരം, കർണാടക സാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം, നൃപതുംഗപുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

സമൂഹത്തിലും സ്വന്തം സമുദായത്തിലും നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി യു.ആർ. അനന്തമൂർത്തിയെപ്പോലുള്ളവർ ക്കൊപ്പം ചേർന്ന കലബുർഗി വിശ്വാസവാണിഭത്തിന്റെ കൗശലങ്ങളെ തുറന്നുകാട്ടി. ആൾ ദൈവങ്ങളേയും വിഗ്രഹാരാധനയേയും അദ്ദേഹം നിശിതമായി വിമർശിച്ചിരുന്നു. 2014 ജൂണിൽ വിശ്വഹിന്ദുപരിഷത്ത് അനന്തമൂർത്തിയ്ക്കും കലബുർഗിയ്ക്കും എതിരെ വമ്പിച്ച പ്രക്ഷോഭം സംഘടിപ്പിച്ചിരുന്നു. പലവട്ടം ആക്രമണശ്രമങ്ങളും വധഭീഷണികളും കോലം കത്തിയ്ക്കലും കേസ്സുകൊടുക്കലും ഒക്കെ നടന്നു. കല്ല് ആരാധനയിലും നാഗപൂജയിലും ഉള്ള നിരർത്ഥകത എടുത്തുപറഞ്ഞതാണ് ഇതിനെല്ലാം നിദാനമായിത്തീർന്നത്. അനന്തമൂർത്തി 1996 ൽ എഴുതിയ 'സംസ്കാര' എന്ന പുസ്തകത്തിന്റെ പുതിയപതിപ്പിന്റെ ചർച്ചയിലും കലബുർഗി പങ്കെടുത്തിരുന്നു. ശിവമോഗജില്ലയിലെ സൊറബ് താലൂക്കിലെ ചന്ദ്രഗുതി ക്ഷേത്രത്തിൽ നഗ്നപൂജ നിലവിലുണ്ടായിരുന്നു. ദളിത് വിഭാഗക്കാരെയാണ് ഇതിന് നിർബ്ബന്ധിച്ചിരുന്നത്. 1980കളിൽ ജനകീയാഭിപ്രായത്തെ തുടർന്ന് സർക്കാർ ഇത് നിരോധിക്കുകയുണ്ടായി. എന്നിട്ടും ഇത് തുടർന്നതിനെതിരെയാണ് കലബുർഗി പ്രതികരിച്ചത്. എഴുത്തുകാരൻ എന്നും സാമൂഹ്യപരിഷ്കർത്താവായിരിക്കണമെന്നും അവന്റെ

തൂലിക സാമൂഹിക അസമത്വങ്ങൾക്കെതിരെ പ്രതികരിക്കുന്നതായിരിക്കണം എന്നുമുള്ള സത്യങ്ങളെ തമസ്കരിച്ചുകൊണ്ട് വിശ്വഹിന്ദുപരിഷത്തും ബജ്റംഗദളും നടത്തുന്ന ഈ കൊലവിളി സാക്ഷരഭാരതം കൈയ്യുംകെട്ടി നോക്കിനിൽകുകയാണ്. നരേന്ദ്ര ദാബോൽക്കർ ഗോവിന്ദ് പൻസാരെ, എം.എം കലബുർഗി വർഗ്ഗീയവാദികളുടെ തോക്കിനിരയാകുന്ന സാംസ്കാരികപ്രവർത്തകരുടെ നിര നീളുകയാണ്. ആയുധങ്ങളിലൂടെ ആശയപ്രകാശനം നടത്തിയവരല്ല ഇവരൊന്നും. സ്വന്തം തൂലികയെ പടവാളാക്കി സാമൂഹിക അസമത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും ജാതി-മതഭ്രാന്തിനും എതിരായി പോരാടിയവരാണിവർ. ഹിന്ദുവർഗ്ഗീയവാദികൾ നിയമം കൈയ്യിലെടുക്കുവാൻ തുടങ്ങിയിട്ട് കാലമേറെയായി. ബി.ജെ.പി ഇതിനുമുൻപും ഭാരതത്തിൽ അധികാരത്തിലെത്തിയിട്ടുണ്ട്. എന്നാൽ അന്നൊന്നും കാണാത്തതരത്തിലുള്ള ഹൈന്ദവമേധാവിത്വം ഇന്ന് സമൂഹത്തിന്റെ പല തലങ്ങളിലും വളർന്നുവരുന്നു. ഇത് ന്യൂനപക്ഷമതവർഗ്ഗീയതയേയും തീവ്രവാദ

**കൊന്നും കൊലവിളിച്ചും സമൂഹം കാതോർക്കുന്ന പുരോഗമന ആശയ പ്രപഞ്ചത്തെ ഗളഹസ്തം ചെയ്യാനാകില്ല. ഓരോ രക്തസാക്ഷിത്വവും നമുക്കു മുൻപിൽ ഗാഥകൾ തീർക്കും. കാലം കെടുത്താത്ത കനലുകളായി പുതിയ മുന്നേറ്റത്തിന് ഉൾക്കരുത്തു നൽകും.**



പ്രവർത്തനങ്ങളേയും വളർത്തുകതന്നെ ചെയ്യും. അതുകൊണ്ടുതന്നെയാണ് ഇതിനെതിരെ പ്രതികരിക്കുവാൻ സാംസ്കാരികപ്രബുദ്ധർ തയ്യാറാവുന്നത്. എന്നാൽ അവരെ ഇല്ലാതാക്കുവാനുള്ള ശ്രമമാണ് നരേന്ദ്രദാബോൽക്കറുടെയും ഗോവിന്ദ് പൻസാരയുടേയും എം.എം. കലബർഗിയുടേയും ഒക്കെ കൊലപാതകത്തിലൂടെ തീവ്രഹൈന്ദവ ശക്തികൾ തെളിയിച്ചുതരുന്നത്. ഇവർ തന്നെയാണ് യു.ആർ അനന്തമൂർത്തിയോട് പാക്കിസ്ഥാനിലേക്ക് പോകുവാൻ ആഹ്വാനം ചെയ്തതും. ഇവർതന്നെയാണ് പെരുമാൾമുരുകനെപോലുള്ള എഴുത്തുകാരെ നിശ്ശബ്ദരാക്കിയതും.


മഹാനായ ശ്രീനാരായണഗുരുദേവനും മഹാകവി കുമാരനാശാനും ഡോ.പൽപ്പുവും അയ്യങ്കാളിയും വാഗ്ഭടാനന്ദനും ചട്ടമ്പിസ്വാമികളും ഉൾപ്പെടെയുള്ള നവോത്ഥാന നായകരും തുടർന്ന് പി.കൃഷ്ണപിള്ള, ഇ.എം.എസ്സ് എ.കെ.ജി തുടങ്ങിയവർ ഉൾപ്പെടെയുള്ള വിപ്ലവകാരികളും മലയാളനാടിനെ സാംസ്കാരിക സാക്ഷരതയുടെ നാടാക്കി വികസിപ്പിക്കുന്നതിൽ വഹിച്ച പങ്ക് ചിരസ്മരണീയമാണ്. പുതിയ ആശയങ്ങളും സർഗ്ഗസൃഷ്ടികളും സമൂഹത്തിലാകെ സൃഷ്ടിക്കുന്ന സർഗ്ഗപ്രപഞ്ചത്തെ ഭയപ്പെടുന്നവർ നവീന ആശയങ്ങളോട് ഏറ്റുമുട്ടാൻ കെൽപ്പില്ലാത്തവരാണ്. അവർക്ക് കായികബലവും ആയുധശേഷിയും മാത്രമാണ് മൂലധനം. കേരളത്തിൽ ഇടതുപക്ഷ പുരോഗമനപ്രസ്ഥാനങ്ങളുടെ സജീവ സാന്നിദ്ധ്യമാണ് സംഘപരിവാർ പോലുള്ള ശക്തികൾക്ക് ഇവിടെ മേൽകൈ നേടാനാവാത്തത്. എന്നാൽ മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട് തുടങ്ങി പുരോഗനമ പ്രസ്ഥാനങ്ങളും ചിന്തകരും സജീവമായിരിക്കുന്നിടങ്ങളിൽ പോലും സംഘപരിവാർ അവരുടെ തേർവാഴ്ച നടത്തുകയാണ്. പുരോഗമനപരമായ എന്ത് ആശയങ്ങളും ഹിന്ദുത്വവിരുദ്ധമായാണ് തീവ്രഹിന്ദുത്വവാദികൾ കാണുന്നത്. 2013 ആഗസ്റ്റ് 20ന് പൂനെയിൽവച്ചാണ് ധാബോൽക്കറെയെ പ്രഭാതസവാരിക്കിടയിൽ ആക്രമികൾ വെടിവച്ചു വീഴ്ത്തിയത്. 'അന്ധശ്രദ്ധനിർമൂലൻ' കമ്മിറ്റിയുടെ മുന്നണിപ്പോരാളിയായ ധാബോൽക്കർ മഹാരാഷ്ട്രയിൽ മന്ത്രവാദവും അനാചാരങ്ങളും നിരോധിക്കണമെന്നാവശ്യപ്പെട്ടുള്ള പ്രക്ഷോഭത്തിൽ സജീവസാന്നിദ്ധ്യമായിരുന്നു. സമ്മേളനത്തിൽ അന്ധവിശ്വാസങ്ങളും മന്ത്രവാദവും അനാചാരങ്ങളും നിരോധിക്കുന്ന ബിൽ പാസ്സാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. അനാചാരങ്ങൾക്കെതിരെ പ്രചരണം നടത്തുന്ന 'സാധന' ആഴ്ചപ്പതിപ്പിന്റെ എഡിറ്ററായിരുന്നു അദ്ദേഹം. കൊലപാതകത്തിന്റെ അന്വേഷണം നീണ്ടത് ഹിന്ദുത്വസംഘടനയായ സനാതനിലേക്കാണ്. ഗുജറാത്തിലും ഒഡിഷ്യയിലും നടമാടിയ വർഗ്ഗീയകലാപങ്ങൾക്കുശേഷം കർണ്ണാടകത്തിനെ പുതിയ അങ്കത്തട്ടാക്കുവാനുള്ള ഒരുക്കത്തിലാണ് സംഘപരിവാർ. സി.ബി.ഐ അന്വേഷണം നടക്കുന്ന ധബോൽക്കർ വധത്തിന് ഒരുതുമ്പും ഉണ്ടാക്കുവാൻ ഇതുവരെസാധിച്ചിട്ടില്ല. ഈ വീഴ്ചതന്നെയാണ് ഗോവിന്ദ്പൻസാരെയെ വധിക്കുവാൻ അക്രമികൾക്ക് പ്രേരകമായത്. 2015 ഫെബ്രുവരി 16ന് കോലാപൂരിൽ പ്രഭാതസവാരിക്കിടെയാണ് സി.പി.ഐ നേതാവുകൂടിയായ അദ്ദേഹത്തിന് വെടിയേറ്റത്. ഫെബ്രുവരി 20ന് അദ്ദേഹം മരിച്ചു. ജാതിവ്യവ



സ്ഥിതിക്കെതിരെയും ദളിത് വിവേചനത്തിനെതിരെയും ഉജ്ജ്വലസമരങ്ങൾ നയിച്ച അദ്ദേഹം അന്ധവിശ്വാസ വിരുദ്ധസമിതിയുടെ സജീവപ്രവർത്തകനായിരുന്നു. 'ആരാണ് ശിവജി' എന്ന പൻസാരെയുടെ പ്രസംഗം ശിവജിയെ ഹിന്ദുനേതാവായി ചിത്രീകരിക്കുവാനുള്ള സംഘപരിവാർ ശ്രമങ്ങളെ പൊളിച്ചെഴുതി. എത്രമാത്രം മതേതരവാദിയായിരുന്നു ശിവജിയെന്ന് പുസ്തകം വിവരിക്കുന്നു. മിശ്രവിവാഹങ്ങളെ പ്രോത്സാഹിപ്പിച്ച അദ്ദേഹം ബീഫ് നിരോധനത്തിനെതിരെയും പ്രചരണം നടത്തി.

ഒരു ജനാധിപത്യരാഷ്ട്രമായി അറിയപ്പെട്ടിരുന്ന ഇന്ത്യയിൽ ഇന്ന് എവിടെയും നടമാടുന്ന മതവർഗ്ഗീയ വാദവും ഭീകരപ്രവർത്തനങ്ങളുമാണ്. ഇത് ഫാസിസത്തിന്റെ മറ്റൊരു മുഖമാണ്. ഹിന്ദുത്വവാദവുമായി മുന്നോട്ടുവരുന്ന രാഷ്ട്രീയകക്ഷികൾ ഇന്ന് മുന്നോട്ടു വെയ്ക്കുന്നത് ഭൂരിപക്ഷ മതവർഗ്ഗീയതയാണ്. മതവർഗ്ഗീയത എന്നത് അത് ഭൂരിപക്ഷ മതവർഗ്ഗീയതയായാലും ന്യൂനപക്ഷ മതവർഗ്ഗീയതയായാലും എതിർക്കപ്പെടേണ്ടതു തന്നെയാണ്. 1948 ൽ ജനുവരി 30 ന് ഗാന്ധിജിയെ വധിച്ചത് അതിന്റെയൊരു തുടക്കമായി വേണം കരുതുവാൻ. സാമ്രാജ്യത്വശക്തികളുടെ കൈകളിൽ നിന്നും ഭാരതത്തെ മോചിപ്പിക്കുവാൻ മുന്നിട്ടിറങ്ങിയ ആ മനുഷ്യസ്നേഹിയെ, മതവർഗ്ഗീയ ചിന്തകളിൽ അധിഷ്ഠിതമായ ആഭ്യന്തര കലാപങ്ങളിൽപെട്ട ഭാരതത്തിന്റെ കെട്ടുറപ്പ് ഒരു കാലത്തും നഷ്ടപ്പെടരുത് എന്ന് ആഗ്രഹിച്ചിരുന്ന ആ മഹാമനുഷിയെ അധികാരസ്ഥാനങ്ങൾക്കോ കൊടിക്കൂറകൾക്കോ തീറെഴുതി കൊടുക്കുവാനാകാത്ത ആ അതുല്യ വ്യക്തിത്വത്തെ ഭാരതത്തിന്റെ വിഘടനത്തിന്റെ പേരിൽ ഇല്ലാതാക്കിയ നരഭോജികൾ ഇന്ന് ഈ മണ്ണിൽ തേരോട്ടം നടത്തുന്നു.എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ഉദ്ബോധിപ്പിച്ച മഹാത്മാവിനെ ഈ ഭൂമുഖത്തുനിന്നും ഇല്ലാതാക്കിയ നാഥൂറാം ഗോഡ്സെ വിചാരണയ്ക്കിടയിൽ കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ താൻ ഒരു ചരിത്രദൗത്യം നിർവ്വഹിച്ചതായി അവകാശപ്പെടുന്നു. അഞ്ചുവട്ടം വിഫലമായ ആ ശ്രമം ഹിന്ദുത്വഭീകരർ വിജയത്തിലെത്തിച്ചത് ഇറ്റാലിയൻ സായുധസേനയ്ക്ക് നൽകിയിരുന്ന ബെരെറ്റ ഓട്ടോമാറ്റിക് പിസ്റ്റളുപയോഗിച്ചാണ് ഗാന്ധി വധക്കേസിൽ ജീവപര്യന്തം തടവ് കഴിഞ്ഞ് പുറത്തിറങ്ങിയ നാഥൂറാമിന്റെ സഹോദരൻ ഗോപാൽ ഗോഡ്സെ ഇതിൽ ഒട്ടും തന്നെ കുറ്റബോധമില്ലെന്ന് പരസ്യമായി പറയുവാനും ധൈര്യം കാണിച്ചു. ഇത്തരം ചിന്തകൾ ഒരു മതനിരപേക്ഷ ജനാധിപത്യ രാജ്യത്തിൽ വളർന്നു വരുന്നത് ഒരിക്കലും അനുവദനീയമായ കാര്യമല്ല. നാനാത്വത്തിൽ ഏകത്വം എന്ന ഭാരതീയ ദർശനത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കുന്ന ഇത്തരം അസഹിഷ്ണുതകളെ മുളയിലേ നുള്ളുകതന്നെ വേണം. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന അഭിപ്രായസ്വാതന്ത്ര്യത്തിനും യുക്തിചിന്തകൾക്കും നേർക്കുള്ള കടന്നുകയറ്റമായി വേണം ഇത്തരം നീക്കങ്ങളെ വിലയിരുത്തേണ്ടത്. അതിന്റെ അവസാനത്തെ ഇരയാണ് എം.എം.കലബുർഗി.

ഇന്ത്യയെ പോലൊരു മതേതര ജനാധിപത്യ രാജ്യത്ത് പ്രശസ്തനായ ഒരു എഴുത്തുകാരനും അദ്ധ്യാപകനുമായ എം.എം.കലബുർഗിയുടെ കൊലപാതകത്തിന് പിന്നിൽ തങ്ങളാണ് എന്ന് ബജ്റംഗദൾ നേതാവ് ബുവിത ഷെട്ടി ട്വിറ്ററിൽ എഴുതിയിരിക്കുന്നു, 'യു.ആർ.അനന്തമൂർത്തിയ്ക്കു ശേഷം ഇപ്പോൾ എം.എം.കലബുർഗി. ഹിന്ദുയിസത്തിനെതിരെ സംസാരിക്കുന്നവർക്ക് പട്ടികളുടേത് പോലുള്ള മരണം. അടുത്തത് എഴുത്തുകാരനായ കെ.എസ്.ഭഗവാൻ, ആർ.എസ്.എസ്.നേതാവായ കല്ലടുക്കു പ്രഭാകർഭട്ടിന്റെ വലംകൈയ്യാണ് ഈ ബുവിത്ഷെട്ടി. ഫാസിസ്റ്റ് ക്രൗര്യത്തിന് കണ്ണുകളില്ല. മനുഷ്യനെ മനുഷ്യനായി കാണുവാൻ മടിക്കുന്ന വിദ്വേഷത്തിന്റെ വിത്തുവിതച്ച് രാഷ്ട്രീയാധികാരം കൊയ്യാൻ വെമ്പുന്ന അധമമായ പ്രത്യയശാസ്ത്രമാണ് ആർ.എസ്.എസിന്റേത്. കൗമാരം വിട്ടുമാറാത്ത കുട്ടികളെ വശീകരിച്ചെടുത്ത് മതഭീകരതയുടെ ആയോധനകല പഠിപ്പിക്കുന്ന ഐ.എസ്. ഭീകരരെ പ്പോലെ ഭാരതത്തിന്റെ ഹൃദയഭൂമിയിൽ മഹാത്മാവിന്റെ ഹൃദയരക്തം ഒഴുക്കി അറുംകൊലകൾക്ക് തുടക്കമിട്ടവർ മഹാപ്രതിഭകളുടെ പ്രാണനെടുക്കുന്നത് ആഘോഷമാക്കിയവർ, അവർ നമുക്കു ചുറ്റും പതിയിരിക്കുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിച്ചമർത്തലുകൾക്കും കൊടിയ ചൂഷണത്തിനുമെതിരെ ചിന്തയും എഴുത്തും എവിടെയെല്ലാം പ്രതിരോധം തീർക്കുന്നുവോ അവിടെയെല്ലാം മനുഷ്യന്റെ മതേതരമായ സാമൂഹ്യവീക്ഷണങ്ങളെ ഇല്ലായ്മ ചെയ്യുവാൻ അവരെത്തും. ഇവിടെ പ്രതികരണവും പ്രതിരോധവും അതിജീവനവും അനിവാര്യതയാവുന്നു. ഫ്യൂഡലിസത്തിന്റെയും ചാതുർവർണ്ണ്യത്തിന്റെയും പ്രതിലോമകരമായ ആശയങ്ങളെ നെഞ്ചേറ്റി നടക്കുന്നവർക്ക് ആധുനികമനുഷ്യന്റെ നവീന ആശയപ്രപഞ്ചത്തിൽ നിലനിൽപ്പില്ലാതെ വരും. കൊന്നും കൊലവിളിച്ചും സമൂഹം കാതോർക്കുന്ന പുരോഗമന ആശയപ്രപഞ്ചത്തെ ഗളഹസ്തം ചെയ്യാനാകില്ല. ഓരോ രക്തസാക്ഷിത്വവും നമുക്കു മുൻപിൽ ഗാഥകൾ തീർക്കും. കാലം കെടുത്താത്ത കനലുകളായി പുതിയ മുന്നേറ്റത്തിന് ഉൾക്കരുത്തു നൽകും.



# ആരോഗ്യ സർവ്വകലാശാലയുടെ ചിറ്റമ്മ നയം



ഡോ.ജെ.ഹരികൃഷ്ണപിള്ള
*പഴിയാർ ഹോമിയോപ്പതിക് കോളജ്*


കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസമേഖലയെ പുനരുദ്ധരിക്കുക, ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ അധ്യായം കുറിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് 2009 ൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി ടീച്ചറുടെ നേതൃത്വത്തിൽ ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ആരോഗ്യ വിദ്യാഭ്യാസരംഗത്ത് ഒരു പ്രത്യേക സർവ്വകലാശാല എന്ന ആശയം 1987 മുതൽ സജീവമാണ്. എന്നാൽ അന്ന് ഇതിനെതിരെ ഉയർന്നുവന്ന പ്രധാന ആശങ്ക ഇത്തരത്തിൽ മെഡിക്കൽ വിദ്യാർത്ഥികളെ മാത്രം ഒരു പ്രത്യേക് അറയിലാക്കിയാൽ അത് വിദ്യാഭ്യാസരംഗത്ത് പുരോഗമനവാദികൾ വിശ്വസിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ജനാധിപത്യ സ്വഭാവം നഷ്ടമാക്കും എന്നതായിരുന്നു. അത് പൂർണ്ണമായും യാഥാർത്ഥ്യമാണെന്ന് സർവ്വകലാശാലയുടെ രൂപീകരണ ശേഷമുള്ള അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ കേരളത്തിലെ ആരോഗ്യ സർവ്വകലാശാലയുടെ രൂപീകരണ വേളയിൽ സർക്കാർ ലക്ഷ്യമിട്ടിരുന്നത് കേരളത്തിലെ മെഡിക്കൽകോളേജധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് അവരുടെ സേവനം പൂർണമായും രോഗികളുടെ പരിചരണത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്തുക എന്നതായിരുന്നു. ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യമെടുത്താൽ അത് നിലവിൽ ലോകത്താകമാനമുള്ള കുത്തക മരുന്നു കമ്പനികളുടെ ഉടമ

സ്ഥതയിൽ നടക്കുന്ന ഒരു വ്യാവസായിക പ്രവർത്തനമാണ്. ഇന്ത്യയെപ്പോലെ ഒരു ജനാധിപത്യ രാജ്യത്തെ വികസ്വരരാജ്യ പദവിയിൽ നിന്നും വികസിത രാജ്യ പദവിലേക്കുയർത്തുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും അത്യാവശ്യ ഘടകമാണ്. വിദ്യാഭ്യാസ രംഗത്ത് നിന്നും വ്യത്യസ്ഥമായി ആരോഗ്യരംഗത്തിനുള്ള പ്രത്യേകത തനിക്കാവശ്യമായ ചികിൽസാരീതി തിരഞ്ഞെടുക്കുന്ന വ്യക്തിയുടെ അനുഭവങ്ങളും ഇഷ്ടാനിഷ്ടങ്ങളും അയാളുടെ തിരഞ്ഞെടുപ്പിനെ ബാധിക്കും എന്നതാണ്. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ ജനങ്ങളുടെ പൊതു സ്വഭാവം തങ്ങളുടെ രോഗാവസ്ഥയ്ക്കനുസരിച്ച് അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ ചികിൽസാ ശാസ്ത്രങ്ങൾഉപയോഗപ്പെടുത്തുക എന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ സ്ഥിതി വിവരകണക്കുകൾ അനുസരിച്ചു തന്നെയാണ് കേരള സർക്കാർ ആരോഗ്യനയം രൂപീകരിക്കുന്നതും ആരോഗ്യ രംഗത്തെ പദ്ധതികൾ ഉണ്ടാക്കുന്നതും.

മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്താണ് കേരളത്തിൽ ആദ്യമായുണ്ടായ ആരോഗ്യ വിദ്യാഭ്യാസ സർവ്വകലാശാലയുടെ നിയമ നിർമ്മാണം നടത്തിയതെന്നാണ് മനസ്സിലാക്കുന്നത്. ഇങ്ങനെയുണ്ടാക്കിയ കേരള ആരോഗ്യ സർവ്വകലാശാലാ ആക്ട് 2009 ലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിൽ നിലവിലുള്ള പൊതു സർവ്വകലാ ശാലാ നിയമങ്ങളുടെ കെട്ടും മട്ടും സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഒരു സർവ്വകലാശാല, പ്രത്യേകിച്ചും വ്യാവസായിക താൽപര്യങ്ങൾക്ക് അനന്ത സാധ്യതകളുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സർവ്വകലാശാല എന്ന നിലയിൽ പൊതുജനോപകാര പ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്നത്

കേരള ആരോഗ്യ സർവ്വകലാശാലാ ആക്ട് 2009 വായിച്ചാൽ മനസ്സിലാകും. ഇതിനനുബന്ധമായി ഉണ്ടായിട്ടുള്ള കേരള ആരോഗ്യ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് ; ഇതിന് അടിവരയിടുന്നു.


കേരളത്തിൽ അലോപ്പതി മെഡിക്കൽ വിദ്യാഭ്യാസം ആരംഭിച്ചത് പൂർണ്ണമായും പൊതു ഉടമസ്ഥതയിലാണ് (ആലപ്പുഴയിലെ മെഡിക്കൽ കോളേജ് സ്വകാര്യ മേഖലയിൽ ആരംഭിച്ചെങ്കിലും അധികം താമസ്സിയാതെ സർക്കാർ ഏറ്റെടുത്തു.) കേരളത്തിൽ ആയുർവ്വേദ വിദ്യാഭ്യാസം ആരംഭിച്ചത് സർക്കാർ മേഖലയിലാണെങ്കിലും ആയുർവ്വേദ ചികിൽസയും വിദ്യാഭ്യാസവും കേരളത്തിൽ കൂടുതൽ പ്രസിദ്ധമായത് കോട്ടക്കൽ ആയുർവ്വേദ കോളേജിന്റെ ആരംഭത്തോടുകൂടിയാണ്. തുടർന്നു പ്രവർത്തനം ആരംഭിച്ച ഒല്ലൂർ ആയുർവ്വേദ കോളേജും ഈ രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകി. കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ തന്നെ ഹോമിയോപ്പതി വിദ്യാഭ്യാസം ആരംഭിച്ചത് എറണാകുളത്തെ ഡോ. പടിയാർ കുടുംബമാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പു 1920 ൽ തന്നെ ഡോ. പടിയാർ കുടുംബം കേരളത്തിൽ ഹോമിയോപ്പതിരംഗത്ത് ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചിരുന്നു. തുടർന്ന് 1958ൽ കോട്ടയത്ത് ആതുരാശ്രമം ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് കേരള സർക്കാരിന്റെ അംഗീകാരത്തോടെ ഹോമിയോപ്പതി വിദ്യാഭ്യാസം ആരംഭിക്കുകയുണ്ടായി. ഇതിനോടൊപ്പം 1965 ൽ തിരുവനന്തപുരത്ത് ട്രിവാൻഡ്രം ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് എന്നപേരിൽ ആരംഭിച്ച കോളേജ് 1978 മുതൽ ശ്രീ വിദ്യാധിരാജാ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് എന്ന പേരിൽ പ്രവർത്തനം നടത്തി വരുന്നു. മേൽപ്പറഞ്ഞ കോളേജുകളുടെ പ്രവർത്ത മികവിന്റെ അടിസ്ഥാനത്തിൽ 1976 ലാണ് കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആരംഭിച്ചുകൊണ്ട് കേരള സർക്കാർ ഹോമിയോപ്പതി വിദ്യാഭ്യാസ രംഗത്തേക്ക് കടന്നു വരുന്നത്. കേരളത്തിലെ ആയുർവ്വേദ ഹോമിയോപ്പതി വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ കോളേജുകളുടെ പ്രവർത്തന മികവു കണ്ട് മേൽപ്പറഞ്ഞ എല്ലാ സ്വകാര്യ ആയുർവ്വേദ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലും സർക്കാർ നേരിട്ടു ശമ്പളം നൽകുന്ന രീതി വിവിധ കാലഘട്ടങ്ങളിലായി നടപ്പിലാക്കുകയുണ്ടായി. ഫലത്തിൽ കെട്ടിടങ്ങളുടേയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടേയും കാര്യമൊഴിച്ചാൽ മേൽ സ്വകാര്യ കോളേജുകളെല്ലാം പൂർണ്ണമായും



കേരള സർക്കാർ സാമ്പത്തിക ബാധ്യതചുമലിലേറ്റുന്നസ്ഥാപനങ്ങളാണ്. എന്നാൽ കേരള ആരോഗ്യ സർവ്വകലാശാലയുടെ കേരള ആരോഗ്യ സർവ്വകലാശാലാ ആക്ട് 2009 അതിനോടനുബന്ധമായി വന്ന സ്റ്റാറ്റ്യൂട്ട്സ് എന്നിവയെല്ലാം കേരളത്തിലെ സർക്കാർ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഹോമിയോ കോളേജധ്യാപകരെ സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ എല്ലാ സമിതികളിൽ നിന്നും അകറ്റി നിർത്തുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രയാസമുള്ള ജോലികളും സ്വകാര്യ കോളേജുകളുടെ ചുമലിൽ കെട്ടി വയ്ക്കുന്നു. അക്കാദമിക് കൗൺസിലാണ്



ആരോഗ്യ സർവ്വകലാശാലയുടെ ഏറ്റവും ഉയർന്ന അക്കാദമിക് സമിതി. ഈ സമിതിയാണ് സ്വകാര്യ എയിഡഡ് കോളേജ് അധ്യാപകരുടെ യോഗ്യത സംബന്ധിച്ചും മറ്റെല്ലാ അക്കാദമിക കാര്യങ്ങളും സംബന്ധിച്ചും തീരുമാനമെടുക്കേണ്ട സമിതി. (സർക്കാർ കോളേജുകളുടെ സേവന കാര്യങ്ങൾ തീരുമാനിക്കുന്നത് പബ്ളിക് സർവീസ് കമ്മീഷനാണ്) എന്നാൽ അക്കാദമിക് കൗൺസിലിൽ സർവകലാശാലാ ആക്ട് പ്രകാരം അലോപ്പതി, ആയുർവ്വേദ, നഴ്സിംഗ്, ഡെന്റൽ വിഭാഗങ്ങളിലെ സ്വകാര്യ കോളേജ് അധ്യാപകർക്ക് സംവരണം ഉറപ്പാക്കുമ്പോൾ ഭരമണഘടനയുടെ 14ാം വകുപ്പ് മറന്നുകൊണ്ട് ഹോമിയോപ്പതി വിഭാഗത്തിലെ സ്വകാര്യ കോളേജ് അധ്യാപകരെ ഒഴിവാക്കയിരിക്കുന്നു. കേരളത്തിൽ ആകെയുള്ള ഹോമിയോ കോളേജ് അധ്യാപകരിൽ 128 സ്ഥിരാധ്യാപകരും സ്വകാര്യ എയിഡഡ് കോളേജിലും, 60 സ്ഥിരാധ്യാപകർ മാത്രം സർക്കാർ കോളേജുകളിലുമാണ് പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികളുടെ എണ്ണമെടുത്താൽ കേരളത്തിലെ മൂന്നു സ്വകാര്യ ഹോമിയോ കോളേജുകളിലായി ഒരു വർഷം 150 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുമ്പോൾ രണ്ട് സർക്കാർ ഹോമിയോ കോളേജുകളിലായി 100 പേർക്കാണ് പ്രവേശനം ലഭിക്കുന്നത്. സ്ഥിതിവിവരകണക്ക് ഇങ്ങനെയാണെങ്കിലും കേരളത്തിലെ ആരോഗ്യ സർവ്വകലാശാലയുടെ വിവിധ അക്കാദമിക്ക് സമിതികളിൽ ഭൂരിപക്ഷവിഭാഗമായ എയിഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് അധ്യാപരുടെ പ്രാതിനിധ്യം കേവലം യു.ജി. ബോർഡിലെ രണ്ടംഗങ്ങളിൽ ഒതുങ്ങുന്നു. മേൽപ്പറഞ്ഞ ഭൂരിപക്ഷ അധ്യാപക സമൂഹത്തിന്റെ ഗവേണിംഗ് കൗൺസിൽ, അക്കാദമിക് കൗൺസിൽ, ഫാക്കൽറ്റി, പി.ജി.ബോർഡ് എന്നീ സമിതികളിലെ പ്രാതിനിധ്യം കേവലം പൂജ്യം മാത്രമാണെന്നത് ഞെട്ടിപ്പിക്കുന്ന സത്യമായി അവശേഷിക്കുന്നു. ആയുർവ്വേദ മേഖലയിൽ എയിഡഡ് കോളേജുകൾപ്പൊപ്പം സ്വാശ്രയ മേഖലയും മൽസരത്തിനുള്ളതിനാൽ എയിഡഡ് മേഖലയിലെ ആയുർവ്വേദ കോളേജ് അധ്യാപകർ മേൽ സമിതികളിൽ ഉൾപ്പെടുന്നതിന് ആരുടെയെങ്കിലും കാരുണ്യത്തിന് കാത്തു നിൽക്കേണ്ടി വരും. അധികാരങ്ങൾ ഒന്നും തന്നെയില്ലെങ്കിലും യൂണിവേഴ്സിറ്റിയുടെ പരമോന്നത ജനാധിപത്യ വേദിയായസെനറ്റിൽ കേരളത്തിലെ എയിഡഡ് ആയുർവ്വേദ കോളേജുകൾക്ക് പ്രാതിനിധ്യമില്ല. എന്നാൽ കേരളത്തിൽ നിലവിൽ സ്വാശ്രയ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളില്ലാത്തിനാൽ സ്വകാര്യ എയിഡഡ് ഹോമിയോ കോളേജുകൾക്ക് സെനറ്റിൽ പ്രാതിനിധ്യം ലഭിച്ചേക്കാം. മേൽപ്പറഞ്ഞ കാര്യങ്ങൾ അടിവരയിടുന്നതാണ് അടുത്ത കാലത്ത് യൂണിവേഴ്സിറ്റിയുടെ രജിസ്ട്രാർ നിയമനം സംബന്ധിച്ച അപേക്ഷയോടൊപ്പമുള്ള യോഗ്യതകൾ. സർക്കാർ കോളേജ് അധ്യാപകർക്കു മാത്രമായി പ്രസ്തുത തസ്തിക സംവരണം ചെയ്തിരിക്കുന്നു. കേരളത്തിലെ ഒരു സർവ്വകലാശാലയും ചെയ്യാൻ ധൈര്യപ്പെടാത്ത മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയത് ഒരു അബദ്ധമായി കാണാൻ കഴിയില്ല. നമ്മുടെ സംസ്ഥാനത്ത് പൊതുജനങ്ങളുടെ അംഗീകാരമുള്ള ചികിൽസാ സമ്പ്രദായങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഖജനാവിൽ നിന്നും മൊത്തം പണവും ചില വഴിക്കുന്ന എയിഡഡ് സ്ഥാപനങ്ങളെ അക്കാദമിക് , ഭരണ സമിതികളിൽ നിന്നും മാറ്റി നിർത്തുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയായി മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. ഹോമിയോപ്പതി മേഖലയിൽ നിലവിലുള്ള വ്യവസ്ഥകൾക്കനുസരിച്ച് മേൽപ്പറഞ്ഞ സമിതികളിൽ സ്വകാര്യ ഹോമിയോ കോളേജ് അധ്യാപകരെ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ല. എന്നാൽ ഹോമിയോപ്പതിയുടെ സംരക്ഷകൻ എന്ന വ്യാജേന യൂണിവേഴ്സിറ്റിയുടെ ഒരു ഓഫീസർ തസ്തികയിൽ കയറിയിരിക്കുന്ന ആൾ വൈസ് ചാൻസലറെ സ്വാധീനിച്ച് സർക്കാർ കോളേജുകളിലെ തന്റെ സഹപാഠികളേയും ആശ്രിതരേയും ഇത്തരം സമിതികളിൽ തിരുകി കയറ്റുകയാണുണ്ടായത് എന്നാണ് മനസ്സിലാക്കുന്നത്. മേൽപ്പറഞ്ഞ ഗുരുതരമായ വീഴ്ചകളെല്ലാം തിരുത്തുന്നതിന് സർവ്വകലാശാലയുടെ ചാൻസലറായ കേരളാ ഗവർണറും ആക്ട് ഭേദഗതി ചെയ്യാൻ അധികാരമുള്ള കേരള സർക്കാരും സ്റ്റാറ്റ്യൂട്ട് ഭേദഗതിചെയ്യാൻ അധികാരമുള്ള സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലും വിവിധ സമിതികളിലേക്ക് നോമിനേഷൻ നടത്താൻ അധികാരമുള്ള വൈസ് ചാൻസലറും വസ്തുതകളുടെ ഗൗരവം മനസ്സിലാക്കി പ്രവർത്തിച്ചാൽ മാത്രമേ ആരോഗ്യ സർവ്വകലാശാലക്ക് അതിന്റെ യഥാർത്ഥ ലക്ഷ്യ പ്രാപ്തിയിലെത്താൻ കഴിയൂ.



# സഹജീവനത്തിന്റെ വഴികൾ



മൈന ഉമൈബാൻ
*എം ഇ എസ് മമ്പാട് കോളേജ്*

ഇത് ഞങ്ങളുടെ ജീവിക്കലിന്റെ അന്ത്യമാണ്. അതിജിവനത്തിന്റെ തുടക്കവും സിയാറ്റിൽ മൂപ്പന്റെ പ്രശസ്തമായ പ്രസംഗത്തിന്റെ അവസാന വാക്കുകളാണിത്. പ്രാകൃതരെന്ന് പരിഷ്കൃത ലോകം കരുതുന്ന അമരേന്ത്യൻ ഗോത്രത്തലവൻ ഒന്നരനൂറ്റാണ്ടുമുമ്പ് പറയുന്നതാണ് ഈ വാക്കുകളെന്നോർക്കണം.

തീർച്ചയായും പരിഷ്കൃതലോകത്തിലെ ചിലരെങ്കിലും ഇന്നു ചിന്തിച്ചു തുടങ്ങിയിരിക്കുന്നു -ആ വാക്കുകളുടെ ഉൾക്കനത്തെക്കുറിച്ച്. നോക്കുക നമ്മുടെ ജീവിതവും അവസാനിച്ചു കഴിഞ്ഞു. ഇന്നത്തെ ജനത അതിജീവനത്തിന്റെ പാതയിലാണ്. അതിജീവനം മാത്രമാണ് നമുക്കു മുന്നിലുള്ളത്.

കുറച്ചുനാൾ മുമ്പ് ഒരു സുഹൃത്ത് വിളിച്ചു ചോദിച്ചു.

വീടിനടുത്ത് പാമ്പുവരാതിരിക്കാൻ എന്തെങ്കിലും വഴിയുണ്ടോ?

വന്നോട്ടെ, അതിനെന്താണെന്ന പ്രതികരണത്തിന് വലിയ മൂർഖൻ പാമ്പുവന്ന് കോഴിയെ വിഴുങ്ങുന്നു. കണ്ടാൽതന്നെ പേടിയാവുന്നു എന്ന് അവൻ.

മണ്ണെണ്ണ, വെളുത്തുള്ളി, കായം ഇതൊക്കെ എത്രനാൾ പറ്റും?

മൂർഖൻ തന്നെയാണ് വീട്ടുമുറ്റത്തേക്ക് ഭയപ്പെടുത്തിക്കൊണ്ട് വരുന്നതെന്നു പറഞ്ഞപ്പോൾ അടുത്ത് വയലുണ്ടോന്ന് വെറുതെ ചോദിച്ചതാണ്. മുമ്പ് വയൽ മാത്രമായിരുന്നത്രേ അവിടം. പുല്ലും പുൽച്ചാടിയുമില്ലാതാവുമ്പോൾ തവളയും എലിയുമില്ലാതാവുമ്പോൾ മാളം നഷ്ടപ്പെട്ട പാമ്പ് അതിജീവനത്തിന് അടുത്ത ഇരയെ തേടിയിറങ്ങും.

ഞങ്ങളുടെ പറമ്പിന്റെ കിഴക്കേ അതിര് വയലായിരുന്നു. ഒരുപാട് കിളികൾ അവിടെ പറന്നിറങ്ങിയിരുന്നു. കൊയ്ത്തു

കാരികൾക്കൊപ്പം പോകുന്ന ഞങ്ങളുടെ മേലേക്ക് പച്ചക്കുതിരകൾ പറന്നുവന്നിരുന്നു. കണ്ടത്തിനോട് ചേർന്ന പറമ്പ് ഇരുൾമൂടിക്കിടന്നു. മാവും പ്ലാവും പുല്ലാഞ്ഞിയും വട്ടിരുമ്പും..കരിയിലകൾ വീണ് നിലം കാണാൻ കഴിയുമായിരുന്നില്ല. വേനലവധിക്കാലങ്ങളിൽ ആ കരിയിലകളിൽ ഞങ്ങൾ കുത്തിമറിഞ്ഞു. അന്നേരം കരിയില അല്പം നീക്കിയാൽ തണുത്ത മണ്ണ് കാണാമായിരുന്നു. വിരലിൽ കുത്തി നോവിച്ചു കൊണ്ട് ഇരുവാലൻ ഉറുമ്പ്, ആദ്യമായി ആകാശം കണ്ട മട്ടിൽ ഞങ്ങളെ നോക്കിച്ചിരിക്കുന്ന മണ്ണിര, ചേരട്ടയും ചെറുപ്രാണികളും..ചിതലുകൾ...ഇരുട്ടിൽ മൂളിപ്പേടിപ്പിച്ച നത്ത്...രാത്രികാലങ്ങളിൽനിന്ന് കാട്ടിൽ നിന്ന് കോഴിയെപിടിക്കാൻ വന്നിരുന്ന കുറുക്കൻ..കോഴികളുടെ എണ്ണം ഓരോന്നായി കുറയുമ്പോൾ കാടിനു തീയിട്ട് കുറുക്കനെ ഓടിക്കാനല്ല ശ്രമിച്ചത്. ഇവിടെ കോഴി വാഴില്ലെന്ന് പറഞ്ഞ് കോഴിക്കൂട് കിഴക്കുവശത്തു നിന്ന് പടിഞ്ഞാട്ടേക്ക് മാറ്റി... കലപില ഒച്ചവെച്ചുകൊണ്ട് പൂത്താങ്കീരികൾ പറന്നിറങ്ങി, മുറ്റത്തും പറമ്പിലും മാടത്തകൾ, ഓലേഞ്ഞാലി...

മരങ്ങളുടെ വേരുകൾ ഇറങ്ങുന്നുവെന്ന് പറഞ്ഞ് കണ്ടത്തിൽ കപ്പനട്ടു. പിന്നെ വാഴയായി ..കുറച്ചുകാലം വെളിമ്പ്രദേശംപോലെയായി...കണ്ടത്തിന്റെ ഒരറ്റത്ത് ഓലി കുത്തി. തെളിനീർവെള്ളം. വെളളം മൂക്കാൻ ഉപ്പും കരിക്കട്ടയുമിട്ടു. മണ്ണിന്റെ അവകാശിയായ മുറുക്കുന്നത്തയോടോ ഓലി കുത്താൻ മുന്നിൽ നിന്ന അമ്മച്ചിയോടോ അനുവാദം ചോദിക്കാതൊരു ദിവസം വെളളത്തിപ്രാണി വന്നു. ഇനിയങ്ങോട്ട് വെള്ളം തെളിയിക്കാൻ ഞങ്ങളുണ്ടെന്ന് അവ പ്രഖ്യാപിച്ചു. അതിനടുത്തൊരുനാൾ പലതരം മീനുകൾ വന്നു. പിന്നെ തവള , ഞണ്ട്, നീർക്കോലി...കവുങ്ങിൻ തലപ്പത്തൊരു പൊന്മാൻ...

പക്ഷേ, ഭാഗം കിട്ടിയവർ കണ്ടവും അതിനോട് ചേർന്ന ഇരുൾമൂടിയ പറമ്പും വിറ്റു. കരിയിലകൾ പുതഞ്ഞുകിടന്നിടം ഒരു വീട്ടിലേക്കു വണ്ടി കയറിപ്പോകുന്ന റോഡായി..കണ്ടത്തിൽ നാലോ അഞ്ചോ വീടുകൾ...തീർച്ചയായും, മരങ്ങൾ, അവിടെ വസിച്ചിരുന്ന ജീവികൾ,



ആ നിഴലിൽ പറ്റിപ്പിടിച്ചു വളർന്നിരുന്ന സസ്യങ്ങൾ ഒന്നുമില്ലാതായി..ഒന്നിന്റെ നാശം സർവ്വതിന്റെയും നാശമായി..മനുഷ്യന്റെ, ജീവിജാലങ്ങൾക്കിടയിലെ പരസ്പരാശ്രിതത്വമാണ് അതോടെ ഇല്ലാതായത്. എവിടെ നിന്നെങ്കിലും ഒരു പാമ്പ് കയറി വന്നാൽ നമ്മൾ വിറയ്ക്കുന്നു. കൊല്ലാൻ വിറകുകോലെടുക്കുന്നു.

ഡി. വിനയചന്ദ്രൻ ആത്മകഥയിൽ പറയുന്നു: വല്ലപ്പോഴും വീട്ടുമുറ്റത്ത് വിചിത്രശബളിമയുള്ള കുഞ്ഞു സർപ്പങ്ങൾ വരും. അമ്മയ്ക്കു പേടിയില്ല, അടുത്തു ചെന്നു ശാസിക്കും. ഞങ്ങൾ വിളക്കുകൊളുത്തുന്നുണ്ടല്ലോ, ഇങ്ങനെയൊക്കെ വന്നാൽ ആളുകൾ പേടിക്കില്ലേ?.. പൂർണ്ണവിശ്വാസത്തിന്റെ ഈ അഭ്യർത്ഥനകേട്ട് സർപ്പദൈവങ്ങൾ അപ്രത്യക്ഷമാകും.

വിശ്വാസത്തേക്കാളേറെ സഹജീവനത്തിന്റെ സംസ്കാരമായിരുന്നു മുമ്പുണ്ടായിരുന്നത്.

പുരാതന ജൈനർ സന്ധ്യയ്ക്ക് വിളക്ക് കത്തിച്ചിരുന്നില്ല. വിളക്കിന്റെ പ്രകാശത്തിലേക്ക് ആകർഷിക്കപ്പെടുന്ന ചെറുപ്രാണികൾ ചത്തുവീഴാതിരിക്കാനായിരുന്നത്. സഹജീവികളോട് അത്രയേറെ ബഹുമാനമുണ്ടായിരുന്നു ജൈനസംസ്കാരത്തിന്. എന്നാൽ കേരളത്തിൽ ജൈനരിൽ അധികവും താമസിക്കുന്ന പ്രദേശമാണ് കാസർകോട്ടെ എൻഡോസൾഫാൻ ബാധിതപ്രദേശം. അവിടെ ചെറുജീവികളോ പറവകളോ, ജലജീവികളോ ഇല്ല. അവയ്ക്കൊന്നും നിലനില്ക്കാൻ ആവാത്തവിധം വിഷാംശം മണ്ണിലും വെള്ളത്തിലും ലയിച്ചു കഴിഞ്ഞു.

പ്രകൃതിയിലെ സമ്പന്നമായ വൈവിധ്യങ്ങളുടെ ഒരു ഭാഗം മാത്രമാണ് മനുഷ്യൻ. വൻ മരങ്ങൾ മുതൽ സൂക്ഷ്മജീവികൾ വരെ അടങ്ങുന്ന വൈവിധ്യത്തിലാണ് നമ്മുടെ നിലനില്പ്. മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളുടെയും ജീവന്റെ നിലനില്പ് ജൈവവൈവിധ്യവുമായി ബന്ധപ്പെട്ടു കിടക്കുന്നു. എന്നാൽ പ്രകൃതിയെ സംരക്ഷിക്കാനുംനശിപ്പിക്കാനുമാകുന്നത് മനുഷ്യനുമാത്രമാണ്.

പ്രകൃതിയെ എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാം എന്ന് നമ്മൾ വിചാരിച്ചു. എടുക്കും തോറും വീണ്ടും വീണ്ടും ഉണ്ടാവുമെന്ന് കരുതി. പക്ഷേ, ഭൂമിയിൽ ജീവനെ താങ്ങി നിർത്തുന്ന ജൈവവൈവിധ്യങ്ങൾ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ നശിച്ചുപോകുമെന്നും, ശരിയായ അവബോധമില്ലായ്മയുടെയും അശ്രദ്ധമായ ചെയ്തികളുടെയും ദുരന്തഫലമാണ് ഇന്ന് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്നും തിരിച്ചറിയാൻ വൈകിപ്പോയെന്നു മാത്രം.

ഒന്നു കണ്ണടച്ചു തുറന്നാൽ കാണുന്ന സസ്യങ്ങളിൽ പലതിനെയും അറിയില്ല. പലപ്പോഴുമത് മറ്റു ഭാഷകളിലെ ലിപികൾ കാണുമ്പോലെയാണ്. ഒരുതരം നിശ്ചയമില്ലായ്മ. ഒരക്ഷരമെങ്കിലും തിരിയുമോ എന്ന് ശ്രമിച്ചുനോക്കും. കടലാസിൽ ഉറുമ്പരിക്കുന്നതുപോലുള്ള അക്ഷരങ്ങൾ...അതുപോലെയാണ് പലപ്പോഴും ചുററുപാടും. അധികവും അറിയില്ല. ലക്കു കിട്ടാതങ്ങനെ നില്ക്കും. പ്രകൃതിയുടെ വൈവിധ്യങ്ങൾ കണ്ട് അമ്പരന്ന്...

1.75 ദശലക്ഷം ഇനം ജീവികളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ തിരിച്ചറിയാത്ത പതിന്മടങ്ങ് ജീവികളുണ്ടെന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത് എന്നു കേൾക്കുമ്പോൾ പകച്ചിരിക്കുകയല്ലാതെന്തു ചെയ്യാൻ...

നാം ഉൾപ്പെടുന്ന ഈ ജീവന്റെ ശൃംഖല, കോടാനുകോടി വർഷങ്ങളിലൂടെയുണ്ടായ മാറ്റങ്ങളുടെയും പ്രകൃതി പ്രതിഭാസങ്ങളുടെയും മനുഷ്യ സ്വാധീനത്തി

ന്റെയും ഫലമാണ്.

ഇന്നുതന്നെ ജനസംഖ്യയിൽ പകുതിയോളവും നഗരങ്ങളിലാണ് താമസിക്കുന്നത്. പ്രകൃതിയുമായി നേരിട്ടു ബന്ധമില്ലാതായിരിക്കുന്നു. പ്രകൃതിയുമായി മനുഷ്യനുള്ള അടുപ്പത്തിൽ ഒരുപാട് നാട്ടറിവുകളുണ്ടായിരുന്നു. സാധാരണ മനുഷ്യനുകൂടി അനേകം ഔഷധസസ്യങ്ങളെയും മറ്റും തിരിച്ചറിയാനായിരുന്നു. ഈ വൈവിധ്യവുമായുള്ള ഇടപെടൽ ഇല്ലാതാവുന്നതോടെ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള നമ്മുടെ ഔഷധ വിജ്ഞാനം തീർത്തും ഇല്ലാതാകും.

ഇന്നത്തെ കൃഷിയും പാരമ്പര്യവൈദ്യവും തമ്മിൽ ചേർച്ചയില്ലെന്ന് പലപ്പോഴുമെനിക്ക് തോന്നിയിട്ടുണ്ട്. കൃഷിക്കാർക്ക് വിത്തുകൾ പൊട്ടിമുളച്ചുണ്ടാകുന്നതാണ് നല്ല ചെടി. ബാക്കിയെല്ലാം പാഴ്ച്ചെടികൾ. എന്നാൽ ഒരു വൈദ്യനെ സംബന്ധിച്ച് കാണുന്ന ഏതു ചെടിയിലും ഔഷധഗുണം കണ്ടെത്തും.

ഒരുകാലത്ത് ഏകവിളത്തോട്ടങ്ങൾ അപൂർവ്വമായിരുന്നു ഞങ്ങളുടെ നാട്ടിൽ. കാപ്പി, കുരുമുളക്, ഇഞ്ചി, മാവ്, പ്ലാവ്, തെങ്ങ്, കവുങ്ങ്, എല്ലാം നിറഞ്ഞതായിരുന്നു ഏതു പറമ്പും. പിന്നെയത്,. റബ്ബറിലേക്കുമാത്രമോ, കുരുമുളകിലേക്കുമാത്രമോ ആയി ചുരുങ്ങി. വൈവിധ്യം നിറഞ്ഞൊരു തോട്ടത്തിലെ ചെടികളുടെ ഉത്പാദനശേഷിയോ കരുത്തോ ഏകവിളത്തോട്ടങ്ങൾക്കില്ലെന്നാണ് തോന്നുന്നത്. ഒരു കീടം ആക്രമിച്ചാൽ ആ തോട്ടത്തിലെ എല്ലാമരങ്ങളും നശിക്കുന്നു. തെങ്ങായാലും റബ്ബറായാലും, പ്ലാന്റേഷനിലെ തേക്കുകളായാലും. എന്നാൽ വൈവിധ്യത്തിനു നടുവിൽ നില്ക്കുന്നവയ്ക്ക് കൂട്ടത്തോടെ ഇത്തരം പ്രശ്നങ്ങളുണ്ടാവുന്നില്ല. തെങ്ങിനെ ആക്രമിക്കുന്ന കീടത്തിന് അടുത്തു നില്ക്കുന്ന മാവിനെ ആക്രമിക്കാനാവുന്നില്ല. അല്ലെങ്കിൽ കുറച്ചകലെ നില്ക്കുന്ന തെങ്ങിനെതന്നെ ആക്രമിക്കാനാവുന്നില്ല.

മൂന്നുനൂറ്റാണ്ടുമുമ്പുണ്ടായ വ്യാവസായിക വിപ്ലവത്തോടെ , പുതു സാങ്കേതിക വിദ്യ ഉപയോഗിച്ച് അമിതമായ വിളവെടുപ്പിന് കണക്കില്ലാതായി. ഇക്കാലയളവിൽ പ്രകൃതിയുടെ കണക്കിനേക്കാൾ എത്രയോ ഇരട്ടി സസ്യജന്തുജാലങ്ങൾ ഭൂമിയിൽ നിന്ന് ഇല്ലാതായിട്ടുണ്ട്. പലതും വംശനാശഭീഷണിയിലാണ്. ആഡംബരത്തിനും അന്ധവിശ്വാസത്തിനും വേണ്ടി എത്രയേറെ ജീവജാലങ്ങളാണ് വേട്ടയാടപ്പെടുന്നത്?

കൗമാരത്തിൽ, ഒരു ദിവസം ഉണർന്നത് അസാധാരണമായ ഒരു ശബ്ദം കേട്ടുകൊണ്ടാണ്. 'ഒറ്റച്ചിലപ്പു മാത്രം. പിന്നെ കുറേ നേരത്തേക്ക് അനക്കമില്ല. ഈ ശബ്ദത്തെ തിരഞ്ഞുകൊണ്ട് കുറേ നേരം നടന്നു. കനം തൂങ്ങിയ ചിറകടി ശബ്ദം. ഇത്തവണ കണ്ടുകിട്ടി. അതിരിലെ പ്ലാവിൽ ഒരു വിരുന്നുകാരൻ പരന്ന നീളൻകൊക്കും അത്ര ആകർഷണമല്ലാത്ത തൂവലുകളുമായി. ശബ്ദവും ഒട്ടും ഇമ്പമുള്ളതായിരുന്നില്ല. മലമുഴക്കി വേഴാമ്പലായിരുന്നുവത്.

പേരിലെ ഇമ്പംകൊണ്ട് പഞ്ചവർണ്ണക്കിളിയെപ്പോലൊന്നാണ് വേഴാമ്പൽ എന്നായിരുന്നു അതു വരെ ധാരണ.

വേഴാമ്പൽ ഒരുതുള്ളി ജലത്തിനായ് കാത്തിരിക്കും പോലെ


പ്രിയേ നിൻ സാമീപ്യം ഞാൻ കൊതിപ്പൂ... എന്ന സ്വന്തമായതോ കോപ്പിയടിച്ചതോ ആയ വരികളോടെ കിട്ടിയ പ്രണയലേഖനത്തെ ഓർത്തു ചിരിച്ചു അപ്പോൾ.

വെള്ളിമൂങ്ങയെ കണ്ടാൽ കന്യസ്ത്രീയുടെ മുഖത്തെ ഓർമവരും. ഇരുതലയനാണെങ്കിലും പാമ്പെന്നു പറയുമ്പോഴേ പേടിയാവും ചിലർക്ക്. മുമ്പൊക്കെ രാത്രിയായാൽ മൂങ്ങയുടെ മൂളൽ കേട്ടാൽ പേടിയാവും. യക്ഷി, പ്രേതം..ഇപ്പോൾ ഇവയെല്ലാം കടൽ കടക്കുന്നു. പല തുമ്പികളും , ശലഭങ്ങളും , കഴുകനുമൊക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

നമുക്കറിയാത്ത, ചിലപ്പോൾ പാഴ്ച്ചെടിയെന്നു വിചാരിക്കുന്ന സസ്യങ്ങളാവും മാരകരോഗങ്ങൾക്കുള്ള ഔഷധം. ഏതാണ്ട് 34000 ത്തിലധികം സസ്യങ്ങളും 5200 ജീവികളും ലോകത്തുള്ള പക്ഷികളിൽ എട്ടിലൊന്നും വംശനാശം നേരിട്ടു കഴിഞ്ഞു എന്നാണ് കണക്കുകൾ. അതിൽ കേരളത്തിൽ മാത്രം കണ്ടു വരുന്നവയുമുണ്ട്. ജാവാദി വെരുക്, പറയോന്ത്, സിംഹവാലൻ കുരങ്ങ്,മരപ്പട്ടി, മണവാട്ടിത്തവള....

അടുത്തിടെ ലോകപൈതൃക പട്ടികയിൽ സ്ഥാനം നേടി പശ്ചിമഘട്ടം. ലോകത്തെ 34 ഹോട്ട് സ്പോട്ടുകളിൽ ഒന്നുമാണ് സഹ്യാദ്രി. ജൈവസമ്പന്നതകൊണ്ട് മുന്നിൽ നില്ക്കുന്നതും എന്നാൽ അതീവ ജാഗ്രത പുലർത്തേണ്ടതുമായ പ്രദേശങ്ങളാണ് ഹോട്ട് സ്പോട്ടുകളായി അറിയപ്പെടുന്നത്. കാടുകളാണ് ജൈവവൈവിധ്യത്തിന്റെ അറിയപ്പെടുന്ന സങ്കേതം. പക്ഷേ, പകുതിയോളം കാടും ഇന്നില്ലാതായിരിക്കുന്നു.

ദേശീയതൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പല പണികളും കാണുമ്പോൾ വിചിത്രമായി തോന്നും. തോടുകളും നിരത്തും വൃത്തിയാക്കാനിറങ്ങുന്നവർ തോട്ടരികിലെ



കൈതകൾ വേരോടെ പിഴുതുകളയുന്നു. കൈതക്കാടുകൾ ഒരു ആവാസവ്യവസ്ഥയാണെന്നോ ഉറവനല്കാൻ കൈതപ്പൊന്തകൾക്കു കഴിയുമെന്നോ ഒന്നും ആരും ചിന്തിക്കുന്നില്ല. തോട്ടിൻ വക്ക് പിറ്റേക്കൊല്ലം ഇടിഞ്ഞുവീഴുന്നു. അപ്പോഴും തൊഴിലുറപ്പിലൂടെ തൊഴിൽ ഉറപ്പാക്കാം. തോട്ടിൻകര ഇടിയാതിരിക്കാൻ മണൽചാക്കുകൾ വെയ്ക്കാം.

കൈതയും ഈറ്റത്തുറുവുമൊക്കെ ഇപ്പോൾ വ്യാപകമായി ഇത്തരത്തിൽ നശിപ്പിക്കപ്പെടുന്നുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇത്തരം തൊഴിലിന് നേതൃത്വം നൽകുന്നവർ പരിസ്ഥിതി അവബോധം കൂടി ഉള്ളവരായിരുന്നെങ്കിൽ എന്നാശിച്ചു പോകുന്നു.

കൊതുകുമുട്ട ഭക്ഷണമാക്കിയിരുന്ന വാൽമാക്രികൾ ഇല്ലാതായിട്ടുണ്ട്. അലങ്കാര മത്സ്യകൃഷിക്കും കരിമീൻ വളർത്തലിനും മറ്റും പ്രോത്സാഹനം നല്കുന്ന സർക്കാരിനോട് വൻതോതിൽ വാൽമാക്രികളെ ഉത്പാദിപ്പിച്ച് കുളങ്ങളിലും ജലാശയങ്ങളിലും എത്തിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം കൊടുക്കാൻ ഒരുങ്ങുകയാണ് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എൻ എൻ എസ് യൂണിറ്റ്.

പഴയകാര്യങ്ങൾ പറയുമ്പോൾ മുടിഞ്ഞ നൊസ്റ്റാൾജിയ എന്ന് ചിലർ മുറുമുറുക്കും. നാളേക്കുവേണ്ടി എന്തെങ്കിലും ഇവിടെ ബാക്കി വെയ്ക്കാൻ നാം ബാധ്യസ്ഥരല്ലേ? തകർന്നു പോകേണ്ടതാണോ ഈ വൈവിധ്യവും ഭൂമിയും?

പലപ്പോഴും നഗരജീവിതത്തിനുള്ളിൽ അസ്വസ്ഥതപ്പെട്ട് നടക്കുമ്പോൾ അറിയുന്ന ഒരു ചെടിയെ കാണുമ്പോൾ ഒരുപാട് സന്തോഷം തോന്നാറുണ്ട-അടുത്ത ആരെയൊ കണ്ടതുപോലെ...

കുട്ടിക്കാലത്ത് ഞാനുമനിയത്തിയും ഏദൻതോട്ടമെന്ന് വിളിച്ചിരുന്ന തോട്ടത്തിലേക്ക് അടുത്തിടെ പോയി. ആ തോട്ടത്തിൽ ഇല്ലാത്തതായി ഒന്നുമുണ്ടായിരുന്നില്ല. വിലക്കപ്പെട്ട കനിയൊഴിച്ച്. ആണ്ടിൽ പന്ത്രണ്ടു മാസവും ചക്ക തരുന്ന പ്ലാവ്. കായ്ച്ച് കുലകുത്തി നില്ക്കുന്ന അരിനെല്ലിമരം, നെല്ലി, മാതളനാരകം, ചെറുനാരകം, മുന്തിരിവള്ളി, ചന്ദനമരങ്ങൾ....കൈത്തോട് അതിനപ്പുറം കരിമ്പിൻ വയൽ...ഏതാണ്ടെല്ലാം ഇപ്പോഴും അങ്ങനെ തന്നെയുണ്ട്. ഉടമകളും. അവരെന്നും വീട്ടിൽ തനിച്ചായിരുന്നു,. വയസ്സായിട്ടും അവരെങ്ങനെ ഏകാന്തതയെ അതിജീവിക്കുന്നു എന്ന് അത്ഭുതപ്പെട്ടു. ഞങ്ങളെപ്പോലെ ആരെങ്കിലും അതിലെ വന്നാലായി..മനുഷ്യൻ തന്നെയായിരിക്കണം സഹവാസിക്കാനും ഇടപെടാനും സംസാരിക്കാനുമൊക്കെ വേണ്ടത് എന്നത് വെറും തെറ്റിദ്ധാരണ മാത്രമാണെന്ന് തോന്നിപ്പോയി. ചേച്ചി കോഴിയോടും പൂച്ചയോടും പശുവിനോടും സംസാരിച്ചുകൊണ്ടിരുന്നു. അവ തലകുലുക്കി കേട്ടുകൊണ്ടുമിരുന്നു. മുറ്റത്തെ റോസയോടും കനകാംബരത്തോടും ചേച്ചി ചോദിച്ചേക്കാം ഇവരെ അറിയില്ലേ എന്ന്. അവ മറുപടി പറയുന്നതും ചേച്ചിക്ക് മനസ്സിലാവും.

പലപ്പോഴും വേലികളെക്കുറിച്ച് ചിന്തിക്കാറുണ്ട്. പടുകൂറ്റൻ മതിലുകൾ കാണുമ്പോൾ പ്രത്യേകിച്ചും. വേലിതന്നെ ജൈവവൈവിധ്യത്തിന്റെ ചെറിയ സങ്കേതമായിരുന്നു. പലപ്പോഴും ചെമ്പരത്തിവേലികൾ, അല്ലെങ്കിൽ കമ്മട്ടിപത്തലോ, ചീമക്കൊന്നയോ നാട്ടിയ വേലികൾ...ഈ വേലിയിലേക്ക് നിത്യവഴുതിനയോ ചതുരപ്പയറോ, കുമ്പളമോ, മത്തയോ പടർന്നു കയറും. അതിൽ പൂമ്പാറ്റകളും തുമ്പികളും പറന്നിരിക്കും. ഓന്തും അരണയും ഒളിച്ചിരിക്കും. പക്ഷികൾ കൂടുകൂട്ടും. പക്ഷേ, ഇന്ന് മതിലുകൾക്കുള്ളിൽ പുറം ലോകത്തെ അറിയാതെ അവനവനിലേക്കിറങ്ങുന്നു. ആ ലോകത്ത് നമ്മൾ മാത്രമേയുള്ളൂ. അതുപോലപ്പോഴും ഞാൻ മാത്രം എന്നാകുന്നു. ഭാവിതലമുറയെക്കുറിച്ച് ചിന്തിക്കുന്നേയില്ല. അവരും ഭൂമിയുടെ അവകാശികളാണെന്ന് ഓർക്കുന്നേയില്ല.നമ്മൾ കണ്ടനുഭവിച്ചതിൽ കുറച്ചെങ്കിലും അവർക്കും വേണം എന്നു വിചാരിക്കുന്നേയില്ല.

കല്ലടാമുട്ടി, പരൽ, വാലേപ്പുള്ളി, കുയിൽ, നെറ്റിപ്പൊട്ടൻ, തലേക്കല്ലൻ, വരാൽ ഇങ്ങനെ തിരിച്ചറിഞ്ഞ മത്സ്യങ്ങൾ എത്രയായിരുന്നു. രാത്രികാലങ്ങളിൽ ചൂട്ടും കത്തിച്ച് മീൻ പിടിക്കാൻ പോകുന്ന കുഞ്ഞാങ്ങളമാർക്കൊപ്പം കൂടിയിട്ടുണ്ട്. തോട്ടുവക്കത്തേക്ക് ചേർന്നിരിക്കും അവ.

ആഗോളതാപനവും ഓസോൺ പാളിയുടെ വിള്ളലുമെല്ലാം ജൈവസമ്പത്തിന്റെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. ശരാശരി താപനില ഒരു ഡിഗ്രി ഉയർന്നാൽ തന്നെ പല സസ്യജീവജാലങ്ങളുടേയും നിലനില്പിനെ സാരമായി ബാധിക്കുമെന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പു തരുന്നു.

ജൈവസമ്പത്തിനെ ചൂഷണം ചെയ്യാതെ നമുക്കു നിലനില്ക്കാനാവില്ല, എന്നാൽ സർവ്വചരാചരാങ്ങളെയും മാനിച്ചുകൊണ്ട് ഒരു ക്രമത്തിലാവണമത്. ആഗോളീകരണത്തിന്റെയും പാരിസ്ഥിതിക തകർച്ചയുടേയും ഇക്കാലത്ത് ജൈവവൈവിധ്യശോഷണം മാനവരാശിനേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണെന്ന് ശാസ്ത്രലോകം തിരിച്ചറിഞ്ഞു കഴിഞ്ഞു.

ജൈവവൈവിധ്യത്തെ തകർക്കുന്ന മറ്റൊന്ന് അധിനിവേശ സസ്യജീവജാലങ്ങളാണ്. നമ്മുടെ വൈവിധ്യത്തിലേറെയും വിദേശീയരാണ്. പക്ഷേ, അവ ഇവിടുത്തെ പരിസ്ഥിതിയുമായി ഇണങ്ങി വസിക്കുന്നു. എന്നാൽ അന്യജീവജാതികൾ ഒരു പ്രദേശത്ത് കടന്നുകൂടി പ്രാദേശിക സസ്യജന്തുജാലങ്ങൾക്കും പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ഭീഷണിയാകുന്നതിനെയാണ് ജൈവഅധിനിവേശം എന്നു പറയുന്നത്.

ധൃതരാഷ്ട്രപ്പച്ച, പാണ്ടിത്തൊട്ടാവാടി, പാർത്തനീയം, കൊങ്ങിണി, കമ്മ്യൂണിസ്റ്റ് പച്ച, അക്കേഷ്യ, തിലോപ്പിയ, ഗാംബൂസിയ തുടങ്ങിയവയാണ് പ്രധാന അധിനിവേശ സസ്യജീവജാതികൾ..

രണ്ടുമൂന്നു വർഷമായി പാണ്ടിത്തൊട്ടാവാടി പടർന്നുപിടിച്ച് ഒരു തെങ്ങിൻതോട്ടത്തെ നിരീക്ഷിച്ചുവരുന്നു. വർഷംതോറും അധിനിവേശത്തിന്റെ വ്യാപ്തികൂടുകയും തദ്ദേശീയ സസ്യങ്ങളെ കീഴടിക്കിയും ഇല്ലാതാക്കിയുമാണതിന്റ വളർച്ച. എന്നാൽ ആ പറമ്പിന്റെ ഒരരുകിൽ നില്ക്കുന്ന പ്ലാവിന്റെ നിഴൽ വീഴുന്നൊരിടത്തും ഈ സസ്യത്തെ കാണാനില്ല. തോട്ടത്തിലുണ്ടായിരുന്ന പഴയ സസ്യങ്ങളിൽ ചിലതെങ്കിലും അതിജീവനം തേടി പ്ലാവിൻ ചുവട്ടിലേക്കു വന്നു...സർവ്വവും പാണ്ടിത്തൊട്ടാവാടിയുടെ പ്രളയത്താൽ മുങ്ങിപ്പോയപ്പോൾ

നോഹയുടെ പെട്ടകമാണ് പ്ലാവിൻ ചുവടെന്ന് തോന്നി.

അധിനിവേശസസ്യജാലങ്ങൾ, പ്രകൃതി നമുക്ക് നൽകുന്ന പാഠമാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. കഴിഞ്ഞ നാലഞ്ചുവർഷത്തോളമായി ധൃതരാഷ്ട്രപ്പച്ചയോ , പാണ്ടിത്തൊട്ടാവാടിയോ അല്ല നമ്മുടെ പരിസ്ഥിതിക്ക് നാശം വിതച്ചു കൊണ്ടിരിക്കുന്നത്. വേലിപ്പടൽ ആണ്. കേരളത്തിൽ എന്നല്ല ഗോവ അടക്കമുള്ള പടിഞ്ഞാറൻ തീരം മുഴുവൻ ഇതു പടർന്നു കഴിഞ്ഞു. പയറുവള്ളിയോട് സാദൃശ്യം തോന്നാവുന്ന ഈ സസ്യം വിവിധ രൂപത്തിൽ കാണപ്പെടുന്നുണ്ട്. മറ്റ് അധിനിവേശസസ്യങ്ങളേക്കാൾ വേഗത്തിലും വളരാൻ കഴിയുന്നതിനുപുറമേ വളരെ ഉയരത്തിലേക്ക് പടർന്നു കയറാനും കഴിയുന്നു. അതുകൊണ്ടുതന്നെ വൻമരങ്ങൾക്കുവരെ ഭീഷണിയാണ്. ഇവ നമ്മുടെ ചുറ്റുപാടിൽ കുറച്ച് മുമ്പ് തന്നെയുണ്ട്. പക്ഷേ, അന്നൊന്നും ഭീഷണിയായി മാറിയിരുന്നില്ല. അനുകൂല കാലവസ്ഥ കിട്ടും വരെ അത് പതുങ്ങി നിന്നു. പിന്നെ വളരെ പെട്ടെന്ന് പടർന്നു പിടിക്കുകയായിരുന്നു. നമ്മുടെ പരിസ്ഥിതിയുമായി ഇണങ്ങിനിന്ന പല സസ്യങ്ങളും ഇവയ്ക്കുമുന്നിൽ ഞെരിഞ്ഞമർന്നു പോയി.

പ്രകൃതി വേലിപ്പടലിലൂടെ മനുഷ്യസമൂഹത്തിനു മുന്നിൽ ചില ദൃഷ്ടാന്തങ്ങൾ കാണിച്ചു തരികയാണ്. നാം അവനവനിലേക്കൊതുങ്ങി ചുറ്റുപാടിനെ ശ്രദ്ധിക്കാതിരിക്കുമ്പോൾ ചിലത് പതുങ്ങി നമുക്കടുത്തു വരികയും സൗഹൃദം കാണിച്ചു നില്ക്കുകയും പെട്ടെന്നൊരു ദിവസം നമ്മുടെ പൈതൃകത്തെയും സംസ്കാരത്തെയും നമ്മളെത്തന്നെയും ഞെരിച്ചമർത്തി ശ്വാസം മുട്ടിച്ച് കൊല്ലുന്നുവെന്നുമുള്ള യാഥാർത്ഥ്യത്തെ– നമ്മുടെ ചിന്തയെ, ജീവിതത്തെ, സാമൂഹ്യക്രമത്തെയെല്ലാം കീഴടക്കിക്കൊണ്ട് സാമ്രാജ്യത്വമെന്നോ, തീവ്രവാദമെന്നോ, മതാന്ധതയെന്നോ, ഏതെങ്കിലും തത്വശാസ്ത്രമെന്നോ എന്തുവേണമെങ്കലും പേരിട്ടുവിളിക്കാവുന്ന അധിനവേശത്തിന്റെ കീഴ്പ്പെടുത്തലുകൾക്ക് എന്നും പ്രകൃതി ചില പാഠങ്ങൾ കാണിച്ചു തന്നിരുന്നു. ജൈവവൈവിധ്യമെവിടെയുണ്ടോ അവിടം വിവിധ സംസ്കാരങ്ങളുടെ വൈവിധ്യം നിലനില്ക്കാൻ പോന്ന ഇടമായിരിക്കും. ഏകശിലാത്മകസംസ്കാരം നിലനില്ക്കുന്ന സംസ്കാരങ്ങളിൽ പ്രകൃതിയെ നിരീക്ഷിച്ചാൽ കാണാവുന്നത് വിരലിലെണ്ണാവുന്ന സസ്യജന്തുജാലങ്ങളെയാണ്.

ജൈവവൈവിധ്യമില്ലെങ്കിൽ നമുക്ക് നിലനില്പില്ല.

വിഭൂതിഭൂഷൺ ബന്ദോപാധ്യായയുടെ ആരണ്യക് നോവലിൽ യുഗളപ്രസാദൻ എന്നൊരു കഥാപാത്രമുണ്ട്. യുഗളൻ ഓരോ കാട്ടിലും നടന്ന് അവിടെയില്ലാത്ത സസ്യങ്ങൾ മറ്റൊരിടത്ത് കൊണ്ടുവന്ന് പിടിപ്പിക്കും. കാട് നാടിന് വഴിമാറുമ്പോൾ യുഗളൻ വല്ലാതെ വേദനിക്കുന്നുണ്ട്. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും വേണ്ടി ജീവിതം മാറ്റിവെച്ച യുഗളപ്രസാദനെപ്പോലൊരാളെ മറ്റൊരിടത്ത് വായിക്കുകയോ കണ്ടുമുട്ടുകയോ ചെയ്തിട്ടില്ല.

സ്വപ്നം കാണാൻ ചെലവൊന്നുമില്ലാത്തതുകൊണ്ട് യുഗളനെപ്പോലൊരാൾ എവിടെയോ ജീവിച്ചിരിക്കുന്നുവെന്നും നോഹയുടെ പെട്ടകം പോലൊന്ന് തീർത്തുകൊണ്ടിരിക്കുന്നുവെന്നും അങ്ങനൊരാളെ കണ്ടുമുട്ടാനാവുമെന്നും പ്രത്യാശിക്കാം.


# ചേർത്തല സഹകരണ അർബൻ സൊസൈറ്റി

**(ക്ലിപ്തം) നമ്പർ. 2655, ചേർത്തല**

**ഹെഡ് ഓഫീസ് ചേർത്തല ഫോൺ : 2822545 പ്രഭാത-സായാഹ്നശാഖ ഫോൺ : 2813045**

കടക്കരപ്പള്ളി ശാഖ ഫോൺ : 2813145
തൈക്കൽശാഖ ഫോൺ : 2572945
തണ്ണീർമുക്കം ശാഖ (പുത്തനമ്പലം) ഫോൺ : 2583345


**ഞങ്ങളുടെ പ്രത്യേകതകൾ**

- നിക്ഷേപകർക്ക് ഉയർന്ന പലിശയും മുതിർന്ന പൗരന്മാർക്ക് 1/2 % അധികപലിശയും.
- നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി
- പട്ടണത്തിന്റെ ഹൃദയഭാഗത്തുള്ള ഹെഡ് ഓഫീസിൽ സ്വസ്ഥവും വിശാലവുമായ പാർക്കിംഗ് സൗകര്യം.
- സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം
- മിതമായ നിരക്കിൽ ഡി.ഡി സൗകര്യം
- എല്ലാമാസവും ആരംഭിക്കുന്ന നിക്ഷേപ പദ്ധതികൾ
- പ്രതിമാസ നിക്ഷേപ പദ്ധതിയിൽ ചേരുന്ന അംഗങ്ങൾക്ക് അദ്യ തവണ മുതൽ ബോണസ് ലഭിക്കുന്നു
- മിതമായ പലിശനിരക്കിൽ എല്ലാ പ്രവൃത്തി ദിവസവും സ്വർണ്ണപണയ വായ്പ
- എല്ലാ ബ്രാഞ്ചുകളിലും ദിനനിക്ഷേപ കളക്ഷൻ സൗകര്യം
- നിക്ഷേപ പദ്ധതിയ്ക്ക് അടയ്ക്കുന്ന ദിനനിക്ഷേപങ്ങൾക്ക് കളക്ഷൻ കമ്മീഷൻ സൗജന്യം

*നിങ്ങളുടെ മിച്ചസമ്പാദ്യം സഹകരണ മേഖലയിൽ നിക്ഷേപിക്കൂ*
*അത് നിങ്ങളുടെ നാടിന്റേയും സമഗ്രവികസനത്തിന് ഊർജ്ജം പകരട്ടെ*

പ്രസിഡന്റ്
**പ്രൊഫ. ആർ. ചന്ദ്രശേഖരൻ**

സെക്രട്ടറി ഇൻചാർജ്
**ആനിയമ്മ ജോസഫ്**




# പെന്റാ ക്വാർക്ക് ! നവാതിഥേ, സ്വാഗതം



ഡോ: എം.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*

സ്വിറ്റസർലണ്ടിലെ സേൺ (CERN) എന്ന ഭൂഗർഭ പരീക്ഷണശാല പുതിയൊരു ശ്രദ്ധേയമായ വിശേഷം കൂടി അറിയിച്ചിരിക്കുന്നു. പെന്റാകാർക്ക് എന്നൊരു പുതിയ സൂക്ഷ്മകണം കൂടി കണ്ടെത്തിയിരിക്കുന്നു. പാർട്ടിക്കിൾ ഫിസിക്സിലെ സ്റ്റാൻഡേർഡ് മോഡൽ എന്ന രൂപരേഖയിൽ നിലവിലുള്ള 61 അടിസ്ഥാന സൂക്ഷ്മകണങ്ങളുടെ ഗണത്തിൽ ഒരു നവാതിഥിയായി പെന്റാകാർക്ക് കൂടി വന്നു ചേർന്നിരിക്കുന്നു അഞ്ച് കണങ്ങൾ (നാല് കാർക്കുകളും ഒരു ആന്റികാർക്കും) ചേർന്ന ഒരു ബൃഹദ്കണം ആണ് പെന്റാകാർക്ക്. 2002-ൽ ജപ്പാനിലെ സ്പ്രിങ്ങ്8 എന്ന പ്രസിദ്ധ പരീക്ഷണത്തിൽ പെന്റാകാർക്കിന്റെ സാന്നിദ്ധ്യം അറിഞ്ഞതാണ്. സേണിലെ ലോകോത്തര ശാസ്ത്ര സന്നാഹത്തിന്റെ ആധികാരികത സ്പ്രിംങ്ങ് 8 ന് ഇല്ലാതിരുന്നതിനാൽ പെന്റാകാർക്കിന്റെ കണ്ടുപിടിത്തം അന്ന് ആരും അംഗീകരിച്ചില്ല. സേൺ മനുഷ്യരാശി കണ്ട ഏറ്റവും കൂടുതൽ ശേഷി സമർപ്പിക്കപ്പെട്ട ശാസ്ത്ര സംരംഭമാണ്. അതിന്റെ വിശ്വാസ്യതയും പ്രമാണികത്വവും പെന്റാകാർക്കിനെ ശ്രദ്ധേയമാക്കുന്നു. അഞ്ച് കാർക്കുകൾ (ഒരു ആന്റികാർക് ഉൾപ്പെടെ) അടങ്ങിയ ബൃഹദ് കണം അല്ലെങ്കിൽ സഞ്ചി ആണ് പെന്റാകാർക്ക്.

## എന്താണ് സ്റ്റാൻഡേർഡ് മോഡൽ?

ഈ പംക്തിയിൽ മുമ്പൊരിക്കൽ ഇത് വിശദീകരിച്ചിരുന്നു. പ്രപഞ്ചത്തിന്റെ നാല് ശതമാനം സ്ഥലത്ത് വ്യാപിച്ചു നിൽക്കുന്ന ദ്രവ്യത്തിലെ സൂക്ഷ്മകണങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ബലവിശേഷങ്ങളെയും അവയുടെ തരംഗ- വർണ- വൈദ്യുത സ്വഭാവ വ്യത്യാസങ്ങളെയും പറ്റി പ്രതിപാദിക്കുന്ന ഒരു രൂപരേഖയാണ് സ്റ്റാൻഡേർഡ് മോഡൽ. ദ്രവ്യത്തിലെ അതി സൂക്ഷ്മ കണങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ബലങ്ങൾ

വിദ്യുത്കാന്ത ബലം (Electro magnetic force) , ബലഹീന ബലം (Weak force) , ശക്തന്യൂക്ലിയർ ബലം (Strong nuclear force) , എന്നിവയാണ്. ദ്രവ്യത്തിൽ അടങ്ങിയിരിക്കുന്ന അതി സൂക്ഷ്മ കണങ്ങൾ ഏറെ വൈവിദ്ധ്യമാർന്നതും ആണ്.ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമ പാദങ്ങളിൽ ലോകമെമ്പാടും ഉള്ള ശാസ്ത്രവിദുഷികളുടെ സംഘടിതമായ മനനപഠന ശ്രമങ്ങളിലൂടെയാണ് അത് ഉരുത്തിരിഞ്ഞ് വന്നത്. ഒരു സമഗ്രസിദ്ധാന്ത മായി സ്റ്റാൻഡേർഡ് മോഡലിനെ പലരും വിശേഷിപ്പിക്കാറുണ്ട്. ഒട്ടേറെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് തൃപ്തികരമായ വിശദീകരണം തരാൻ പ്രാപ്തിയുള്ള ഒരു സിദ്ധാന്ത രൂപമെന്ന നിലയ്ക്കാണ് ആ വിശേഷണം.

ഒട്ടേറെ ന്യൂനതകളും സ്റ്റാൻഡേർഡ് മോഡലിനുണ്ട്. ഐൻസ്റ്റൈന്റെ സാമാന്യ ആപേക്ഷികതാ സിദ്ധാന്തത്തിലെ (General theory of relativity) , ഗുരുത്വാകർഷണ സിദ്ധാന്തം പൂർണ്ണമായി സ്റ്റാൻഡേർഡ് മോഡൽ ഉൾക്കൊള്ളുന്നില്ല. വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന പ്രപഞ്ചവികാസത്തിന്റെ വേഗതയ്ക്ക് അത് കാരണം പറയുന്നില്ല. ശ്യാമോർജം (dark energy), ശ്യാമദ്രവ്യം (dark matter) എന്നീ കോസ്മോളജിയിൽ നിന്ന് നിഷ്പന്നമാകുന്ന ആശയങ്ങൾക്ക് സ്റ്റാൻഡേർഡ് മോഡലിൽ സ്ഥാനമില്ല. ന്യൂട്രിനോ ചാഞ്ചാട്ടങ്ങൾ അത് വിശദീകരിക്കുന്നില്ല. ..... ഇങ്ങനെ നിരത്താവുന്ന കുറവുകളും പേറി സ്റ്റാൻഡേർഡ് മോഡൽ പ്രസക്തമായി തന്നെ നിലകൊള്ളുന്നു.



പക്ഷെ ആ മോഡലിന്റെ വികാസത്തിന് പാർട്ടിക്കിൾ ഫിസിക്സിന്റെ വക്താക്കളും പ്രയോക്താക്കളും (theoritists and experimentalists) , ചാലകശക്തികളായി പ്രവർത്തിച്ചു.


### സ്റ്റാൻഡേർഡ് മോഡൽ പ്രകാരമുള്ള സൂക്ഷ്മകണങ്ങൾ

സ്റ്റാൻഡേർഡ് മോഡൽ പ്രകാരം, ഫെർമിയോണുകൾ (fermions), ഗേജ് ബോസോണുകൾ (gauge bosons), ഹിഗ്സ് ബോസോൺ (Higgs Boson), എന്നീ അടിസ്ഥാനകണങ്ങൾ ദ്രവ്യത്തിൽ അടങ്ങിയിരിക്കുന്നു. ഇവയ്ക്ക് ഓരോന്നിനും വകഭേദങ്ങൾ ഉണ്ട്.

ഫെർമിയോണുകളിലെ വൈവിദ്ധ്യം നോക്കുക ; ഫെർമിയോണുകളുടെ പ്രധാന തരങ്ങളാണ് - ലെപ്റ്റോണുകൾ, ക്വാർക്കുകൾ എന്നിവ./ ആറ് ഇനം ലെപ്റ്റോണുകൾ ഉണ്ട്- ഇലക്ട്രോൺ, ഇലക്ട്രോൺ ന്യൂട്രിനോ, മുവോൺ, മുവോൺ ന്യൂട്രിനോ, റ്റാവു, റ്റാവു ന്യൂട്രിനോ എന്നിവയാണ് അവ. അവയ്ക്ക് കളർ ചാർജ്ജ് ഇല്ല. മൂന്നിനം ന്യൂട്രിനോകൾക്ക് ആകട്ടെ, ഇലക്ട്രിക് ചാർജ്ജും ഇല്ല. അവ മൂന്നും പരസ്പരം ബലഹീന ബലത്താൽ മാത്രമേ ബന്ധിക്കപ്പെട്ടിട്ടുള്ളു. എന്നാൽ ഇലക്ട്രോൺ, മുവോൺ, റ്റാവു എന്നിവയ്ക്ക് ഇലക്ട്രിക് ചാർജ്ജ് ഉള്ളത് കൊണ്ട് അവ പരസ്പരം വിദ്യുത് കാന്തബലത്താൽ കൂടി ബന്ധിക്കപ്പെട്ടിട്ടുണ്ട്. ക്വാർക്കുകളും ആറ് ഇനമുണ്ട് - അപ്, ഡൗൺ, ചാം, സ്ട്രെയ്ഞ്ച്, ടോപ്, ബോട്ടം എന്നിവയാണ് അവ. ക്വാർക്കുകളുടെ ഈ തരഭേദത്തിന് നിദാനമായി അവയ്ക്ക് കളർ ചാർജ്ജ് ഉണ്ട്. കളർ എന്നത് സാധാരണ ദൃശ്യാനുഭവമല്ല. കാരണം അണുവലുപ്പത്തേക്കാളും ചെറിയ കണങ്ങളായ ഇവയ്ക്ക് അത് പ്രദാനം ചെയ്യുക സാദ്ധ്യമല്ല. എങ്കിലും മൂന്ന് പ്രാഥമിക വർണങ്ങളോടെ അവ നിലനിൽക്കുന്നു എന്നാണ് വിവക്ഷ. ക്വാർക്കുകൾക്കും പ്രതിപദാർത്ഥമുണ്ട്, ആന്റി ക്വാർക്കുകൾ. കളറുകൾക്ക് ആന്റി കളറും ഉണ്ട് ! ഏതായാലും ശക്ത ന്യൂക്ലിയർ ബലങ്ങളാൽ ബന്ധിക്കപ്പെടുന്ന വർണ വൈവിദ്ധ്യമാർന്ന സംയോജിതങ്ങളത്രെ നിലവിലുള്ള ആറിനം ക്വാർക്കുകൾ. കളർ - ആന്റി കളർ ക്വാർക്കുകളുടെ സംയോജിതമാണ് ഹാഡ്രൺ (hadron) . ക്വാർക്കും ആന്റിക്വാർക്കും സംയോജിച്ചാൽ മീസോൺ (meson) രൂപപ്പെടും. മൂന്ന് ക്വാർക്കുകൾ സംയോജിച്ചാൽ ബാര്യോൺ (baryon) ഉണ്ടാകും.

നമുക്ക് പരിചിതമായ ബാര്യോണുകളാണ് പ്രോട്ടോണും, ന്യൂട്രോണും. ക്വാർക്കുകൾക്ക് സാധാരണ ഇലക്ട്രിക്കൽ ചാർജ്ജ്, ദുർബലമായ സ്പിൻ എന്നിവയും ഉണ്ട്. അതുകൊണ്ട് ക്വാർക്കുകൾക്ക് പരസ്പരം മാത്രമല്ല ലെപ്റ്റോണുകളുമായും വിദ്യുത്കാന്ത ബലം കൊണ്ടും ബലഹീന ബലം കൊണ്ടും ബന്ധപ്പെടാം. **ഗേജ് ബോസോണുകൾ** ബലവാഹികളത്രെ (force carriers). ഈ കണങ്ങൾക്ക് സ്പിൻ ഉണ്ട്. അതിന്റെ മൂല്യം ഒന്ന് ആയതു കൊണ്ട് ആണ് അവയെ ബോസോൺസ് എന്ന് വിളിക്കുന്നത് തന്നെ. ഗേജ് ബോസോണുകളാണ് - ഫോട്ടോണുകൾ, W+, W-, Z - ബോസോണുകൾ, ഗ്ലുവോണുകൾ എന്നിവ.

ഫോട്ടോണുകൾ ഇലക്ട്രിക് ചാർജ്ജുള്ള കണങ്ങളെ വിദ്യുത് കാന്ത ബലത്താൽ ബന്ധിപ്പിക്കുന്നതിന് മദ്ധ്യസ്ഥത വഹിക്കുന്നു.



എല്ലായിനം ക്വാർക്കുകളുടേയും ലെപ്റ്റോണുകളുടേയും ബലഹീനബലം കൊണ്ടുള്ള ബന്ധത്തിന്റെ മദ്ധ്യസ്ഥത വഹിക്കുന്നത് W+, W-,Z എന്നീ ബോസോണുകളാണ്.

ഗ്ലൂവോണുകൾ എട്ടുതരമുണ്ട്. അവയ്ക്ക് പിണ്ഡമില്ല. കളർ ചാർജ്ജുള്ള ക്വാർക്കുകളുടെ പരസ്പര ബന്ധനത്തിന്റെ മദ്ധ്യസ്ഥത ഇവയ്ക്കാണ്.

## ഹിഗ്സ് ബോസോൺ

സ്റ്റാൻഡേർഡ് മോഡലിലെ കണങ്ങൾക്ക് ഇവ പിണ്ഡം പകരുന്നു. (ഫോട്ടോൺ ഗ്ലൂവോൺ എന്നിവയ്ക്കൊഴികെ മറ്റെല്ലാ സൂക്ഷ്മ കണങ്ങൾക്കും പിണ്ഡം ഉണ്ട്). ഇവയ്ക്ക് സ്പിൻ ഇല്ല. ഒന്നുകിൽ സ്പിൻ മൂല്യം പൂജ്യം അല്ലെങ്കിൽ പൂർണ്ണസംഖ്യ (integer) ഉള്ള കണങ്ങളെ ആണല്ലോ ബോസോൺ എന്ന് വിളിക്കുക. ഹിഗ്സ് ബോസോൺ നിലവിലുണ്ട് എന്ന് ഉറപ്പിക്കാൻ തൽക്കാലത്തേക്ക് എങ്കിലും ശാസ്ത്രലോകത്തിന് കഴിഞ്ഞത് 2013 മാർച്ച് 14-ന് ആയിരുന്നു. സ്പിൻ എന്നാൽ ഒരു കണം സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നതിന്റെ മൂല്യമാണ്.

**2015 ജൂലൈ 13-ന് മുമ്പുള്ള കണികാ കണക്ക്**

| സൂക്ഷ്മകണം | തര-വക-വർണ ഭേദങ്ങളുടെ എണ്ണം |
|---|---|
| ക്വാർക്കുകൾ | 36 |
| ലെപ്റ്റോണുകൾ | 12 |
| ഗ്ലൂവോണുകൾ | 8 |
| ഫോട്ടോണുകൾ | 1 |
| ദ ബോസോൺ | 1 |
| ണ ബോസോൺ | 2 |
| ഹിഗ്സ് ബോസോൺ | 1 |
| **മൊത്തം** | **61** |

## പെന്റാക്വാർക്ക് എന്ന നവാതിഥി


നാല് ക്വാർക്കുകളും ഒരു ആന്റിക്വാർക്കും ശക്ത ന്യൂക്ലിയർ ബലംകൊണ്ട് സംയോജിച്ച് ഇരിക്കുന്ന ഒരു അണുഘടക കണം (subatomic particle) ആണ് പെന്റാക്വാർക്ക്. 1964 -ൽ മുറെ ജെൽമാൻ ക്വാർക്ക് എന്ന സങ്കല്പനം നടത്തിയപ്പോൾ അഞ്ച് ക്വാർക്കുകളുടെ സംയോജിത രൂപവും പരാമർശിച്ചിരുന്നു. എന്നാൽ പെന്റാക്വാർക്ക് എന്ന പദം രൂപീകരിച്ചത് 1987-ൽ ഹാരി.ജെ.ലിപ്കിൻ ആയിരുന്നു.

പെന്റാക്വാർക്ക് 2002-ൽ കണ്ടുപിടിച്ചു എന്ന ആദ്യ അവകാശവാദം ഉയർന്നത് ജപ്പാനിൽ ആയിരുന്നുവെങ്കിലും കാര്യക്ഷമമല്ലാത്ത ഡേറ്റാ അനാലിസിസ്, ആധികാരികത ഇല്ലാത്ത സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് എന്നിവ നിമിത്തം അഗണ്യമായിത്തീർന്നു.


2015 ജൂലൈ 13 ന് സേണിലെ ഘഒഇ (ലാർജ് ഹാഡ്രൺ കൊളൈഡർ)യിലെ ഒരു പരീക്ഷണനാളിയിൽ നടത്തിയ ബോട്ടം-ലാംഡ ബേര്യോണുകളുടെ ക്ഷയപ്രക്രിയയിൽ (decay of Lambda baryons), ഒരു മീസോണും ഒരു പ്രോട്ടോണും മറ്റും ഉണ്ടാകുന്നതിന് തൊട്ട് മുമ്പ് ഉള്ള ഒരു ഇടവേളയിലാണ് പെന്റാക്വാർക്ക് അവസ്ഥ തിരിച്ചറിഞ്ഞത്. ഇത് കൃത്യമായും പെന്റാക്വാർക്ക് അവസ്ഥ തന്നെയാണ് എന്ന് ഉറപ്പിക്കുന്ന ഡേറ്റ അനാലിസിസ് നടന്നു. രണ്ട് അപ്ക്വാർക്ക് (u), ഒരു ഡൗൺക്വാർക്ക് (d), ഒരു ചാംക്വാർക്ക് (c) ഒരു ആന്റിചാംക്വാർക്ക് (c) എന്നീ അഞ്ച് കണങ്ങൾ, uudcc എന്ന മട്ടിൽ ഒന്നുചേർന്നാണ് പെന്റാക്വാർക്ക് അവസ്ഥ ഉണ്ടായത് എന്ന് സേണിന്റെ വക്താവ് വ്യക്തമാക്കിയിട്ടുണ്ട്.

ഇതുപോലെ പാർട്ടിക്കിൾ ഫിസിക്സ് - ഗവേഷണശാലകളിലല്ലാതെ പെന്റാക്വാർക്ക് അവസ്ഥ പ്രകൃതിയിൽ ഉണ്ടാവാറുണ്ടത്രെ! ഒരു ന്യൂട്രോൺ നക്ഷത്രം രൂപം പ്രാപിക്കുന്ന പ്രക്രിയയിൽ സൂപ്പർനോവയിലും ഈ അവസ്ഥ ഉണ്ടാകുന്നുണ്ടത്രേ. അതിനാൽ സേൺപോലുള്ള ഗവേഷണശാലകളിൽ പെന്റാക്വാർക്കിന്റെ പഠനം പുരോഗമിക്കുന്ന പക്ഷം, നക്ഷത്ര രൂപവൽക്കരണത്തിന്റെ വഴികളിലെ സൂക്ഷ്മാംശങ്ങളിലേക്ക് കടന്നുചെല്ലാൻ അവസരമുണ്ടാകും. സൗരയൂഥ ബാഹ്യമായ പ്രദേശങ്ങളിലെ ഭൗതികശാസ്ത്രത്തിന് ഈ നവാതിഥി നവരത്നങ്ങൾ രചിച്ചേക്കാം.

# Barcoding Life



# ഡി.എൻ.എ ബാർകോഡിങ്ങ് (DNA Barcoding)



ഡോ: ഇ. ഹരികൃഷ്ണൻ
*പയ്യന്നൂർ കോളജ്*

**ചു**റ്റുപാടുമുള്ള ജീവികളെ സ്വഭാവങ്ങളിലെ സാദൃശ്യങ്ങളും വ്യത്യസ്തതകളും താരതമ്യം ചെയ്ത് മനസ്സിലാക്കി, ജീവിവൈവിധ്യത്തെ വെവ്വേറെ പേര് നൽകി പഠിക്കുകയും ചെയ്തിലൂടെ വളർന്ന് വന്ന ശാസ്ത്രശാഖയാണ് ജീവശാസ്ത്രം. വെറും കണ്ണുകൾ കൊണ്ടു നോക്കി വ്യത്യസ്തതകൾ മനസ്സിലാക്കിയ ആദ്യ കാലഘട്ടം പിന്നിട്ട് മൈക്രോസ്കോപ്പുകൾ ഉപയോഗിക്കുന്ന കാലത്തിലൂടെ, ഇന്ന്, അതിസൂക്ഷ്മ ജൈവതന്മാത്രകളുടെ അടിസ്ഥാനത്തിൽ ജീവികളെ തിരിച്ചറിയുകയും വർഗീകരിക്കുകയും ചെയ്യുമ്പോൾ, നാം പരിചയപ്പെടേണ്ട ഒരു പുതിയ പദമാണ് ഡി എൻ എ ബാർകോഡിങ്ങ് (DNA Barcoding - Paul Hebert, 2003)

ചില വൈറസുകൾ (RNA Virus) ഒഴികെ എല്ലാ ജീവികളിലും പാരമ്പര്യ സ്വഭാവങ്ങളെ നിയന്ത്രിക്കുന്ന ജനിതക തന്മാത്രയാണ് ഡി എൻ എ (Deoxyribo Nucleic Acid) ഡീ ഓക്സി റൈബോസ് ഷുഗർ, അഡിനൈൻ, ഗ്വാനിൻ, സൈറ്റോസിൻ, തൈമിൻ തുടങ്ങിയ നൈട്രജൻ ബേസുകൾ, ഫോസ്ഫേറ്റ് എന്നിവ ചേർന്നതാണ് ഒരു ഡി എൻ എ തന്മാത്ര. ഒരു പിരിയൻ ഗോവണിയുടെ ആകൃതിയുള്ള ഈ ജൈവതന്മാത്രയുടെ അളവ് ഒരു ജീവിയുടെ എല്ലാ ജൈവകോശങ്ങളിലും തുല്യം ആയിരിക്കും. അതേ സമയം ഓരോ ജീവിയിലും അടങ്ങിയിരിക്കുന്ന ഡി എൻ എ യുടെ അളവ് മറ്റൊരു ജീവിയിൽ നിന്നും വ്യത്യസ്തമായിരിക്കും. ജീവികൾ തമ്മിലുള്ള വ്യത്യസ്തതയുടെയും സാദൃശ്യങ്ങളുടെയും തന്മാത്ര തലത്തിലുള്ള അടിസ്ഥാനം ഡി എൻ എ യിലെ നൈട്രജൻ ബേസുകൾ ഉണ്ടാക്കുന്ന കോമ്പിനേഷനുകൾ ആണ്. അതായത് ഒരേ ജീവിവർഗത്തിൽ പെടുന്ന ഡി എൻ എ യിലെ നൈട്രജൻ ബേസുകൾ ഉണ്ടാക്കുന്ന കോമ്പിനേഷനുകൾ മറ്റു ജീവിവർഗത്തിലെ നൈട്രജൻ ബേസ്

കോമ്പിനേഷനിൽ നിന്നും വ്യത്യസ്തമായിരിക്കും. ഓരോ ജീവിയിലെയും ഡി എൻ എ സ്ഥിരം നില നിൽക്കുന്ന നൈട്രജൻ ബേസ് ശ്രേണീപാറ്റേണുകൾ കണ്ടെത്തി ജീവികളെ തരം തിരിക്കുകയും തിരിച്ചറിയുകയും ചെയ്യുന്ന ആധുനിക രീതിയാണ് ഡി എൻ എ ബാർകോഡിങ്ങ്. ഒരു വിഭാഗത്തിൽപ്പെട്ട ജീവികളുടെ ജനിതക വസ്തുവായ ഡി എൻ എ വിവിധ ഘട്ടങ്ങളിൽ നിന്നും ശേഖരിച്ചു അവയുടെ നൈട്രജൻ ബേസുകൾ ഉണ്ടാകുന്ന സ്ഥിരം കോമ്പിനേഷനുകൾ കമ്പ്യൂട്ടർ സഹായത്തോടെ മനസ്സിലാക്കുക എന്നതാണ് ആദ്യഘട്ടം. ഈ ഡാറ്റയിൽ നിന്നും പ്രത്യേകമായി ഒരു ജീവിയിൽ മാത്രം കാണുന്ന ഡി എൻ എ ശ്രേണികൾ മനസ്സിക്കി സൂക്ഷിക്കുക എന്നതാണ് രണ്ടാം ഘട്ടം. ഒരു പ്രത്യേക ബാർകോഡ് ഇതിലൂടെ നൽകുന്നു. നീല, പച്ച, ചുവപ്പ്, കറുപ്പ് എന്നീ നിറങ്ങളിലുള്ള വരകൾ ആണ് ഓരോ നൈട്രജൻ ബേസിനും ഈ ബാർകോഡിൽ ഉപയോഗിക്കുക. ഇത്തരത്തിൽ ഉണ്ടാക്കിയെടുക്കുന്ന വിവരങ്ങൾ ലോകത്തിലെ വിവിധ ഡാറ്റ ബാങ്കുകളിൽ ശേഖരിക്കുകയും ഭാവി ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് അവസാനഘട്ടം. ഏതു ജീവിയുടേത് എന്നോ എന്തു അവശിഷ്ടം എന്നോ അറിയാനാവാത്ത ഒരു സാമ്പിളിൽ നിന്നും ഡി എൻ എവേർതിരിച്ചെടുത്ത് അവ നിലവിലുള്ള ഡി എൻ എ ശ്രേണികളുമായി താരതമ്യം ചെയ്ത് ജീവിയെ തിരിച്ചറിയുക എന്നതാണ് ഈ ജൈവസാങ്കേതികവിദ്യ.


ഒരു ജീവിയെ തിരിച്ചറിയുകയും വർഗ്ഗീകരിക്കുകയും ചെയ്യുന്നതിന് ആ ജീവിവിഭാഗങ്ങളുടെ സ്വഭാവ സവിശേഷതകൾ നന്നായി മനസ്സിലാക്കിയ ഒരു വിദഗ്ധന്റെ സഹായവും എല്ലാ ശരീരഭാഗങ്ങളും ഉള്ള ഒരു മുഴുവൻ ജീവിയും ചിലപ്പോൾ നീണ്ട കാലത്തെ നിരീക്ഷണ പരീക്ഷണങ്ങളും മുൻകാലങ്ങളിൽ ആവശ്യമായിരുന്നു. ഡി എൻ എ ഒരു ജീവിയുടെ കോശങ്ങളിലും ഒരുപോലെ ഒരേ കോമ്പിനേഷനുകളിൽ കാണപ്പെടുന്നതിനാൽ ആ ജീവിയെ തിരിച്ചറിയാൻ ആവശ്യമായ പ്രത്യേക ഡി എൻ എ പാറ്റേണുകൾ മനസ്സിലാക്കുന്ന ആദ്യഘട്ടം മാത്രമെ വിഷയം പിടിച്ചതായി നിൽക്കുന്നുള്ളു. ഈ പുതിയ വർഗ്ഗീകരണ സമ്പ്രദായത്തിന് വളരെ കുറഞ്ഞ സമയവും വൈദഗ്ധ്യവും മാത്രമേ ആവശ്യമുള്ളു എന്നു മാത്രമല്ല, ജീവിയുടെ ഏതെങ്കിലും ഒരു അവശിഷ്ടം കിട്ടിയാൽ തന്നെ പൂർത്തീകരിക്കാൻ സാധിക്കും. വിവിധ ജീവൽ പ്രവർത്തനങ്ങളിൽ ചില സാമ്യങ്ങൾ നിലനിൽക്കുന്നുണ്ടല്ലോ. ഉദാഹരണമായി പ്രകാശസംശ്ലേഷണം എല്ലാ സപുഷ്പികളിലും കാണുന്ന ഈ ,പ്രവർത്തനം നിയന്ത്രിക്കുന്ന എൻസൈം, റുബിസ്കോ എല്ലാ സപുഷ്പികളിലും ഉണ്ട്. ഡി എൻ എ യുടെ ഈ ഭാഗം ഒരു സാമ്പിളിൽ കണ്ടു എങ്കിൽ പ്രസ്തുത സാമ്പിൾ ഒരു ഹരിത സസ്യത്തിന്റെ ഭാഗം ആയിരിക്കും. ഇലയും പൂവും കായും ഉള്ള ഒരു സസ്യഭാഗം കിട്ടിയാൽ മാത്രം സാധ്യമാകുന്ന തിരിച്ചറിയൽ ഒരു ചെറിയ അവശിഷ്ടം ഉദാഹരണത്തിന് ഒരു കന്നുകാലിയുടെ ദഹനവ്യൂഹ അവിശിഷ്ടം അതിൽ നിന്നു പോലും സാധ്യമാവും. മൈറ്റോകോണ്ട്രിയയിൽ കാണുന്ന സൈറ്റോക്രോം ഓക്സിഡേസ് എൻസൈം ഉണ്ടാക്കുന്ന 680 ബേസ് ജോടികൾ ഉള്ള ഡി എൻ എ ഭാഗം ഒരു മൃഗത്തിന്റെ സാമ്പിൾ ഡി എൻ എ യിൽ ഉണ്ടാവാം. ഒരു മരുന്നിൽ ഘടകം ആയി ഉപയോഗിച്ചതായി അവകാശപ്പെടുന്ന ജീവികൾ/സസ്യങ്ങൾ ശരിക്കും അതിൽ ഉണ്ടോ എന്ന് മനസ്സിലാക്കാൻ ഈ സാങ്കേതിക വിദ്യ വളരെയധികം സഹായിക്കും. ജീവിവിഭാഗങ്ങൾ അതിവേഗം അപ്രത്യക്ഷമാകുന്ന ഈ കാലഘട്ടത്തിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കാനും ഈ നൂതനവിദ്യ ഉപയോഗിക്കാം. കുറ്റവാളികളെ പിടികൂടുന്നതിനും കുറ്റവാസന ഉള്ളവരെ മനസ്സിലാക്കുന്നതിനും ഡി എൻ എ ബാർകോഡിങ്ങ് ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.



**ബിപിൻ കരുൺ**
*മൂന്നാം വർഷ മലയാളം*
*പയ്യന്നൂർ കോളേജ്*

# എത്ര നാൾ

നിന്റെ പുഞ്ചിരിക്കും
എന്റെ മൗനത്തിനുമിടയിൽ
അക്ഷരങ്ങൾ ഞെരിഞ്ഞമർന്ന്
ചത്ത് വീഴുന്നു
ശവദാഹം നടത്താൻ
കൈയ്യിൽ ശൂലമേന്തിയവർ
ഇപ്പോഴെത്തും
ഇന്നലെ വൃദ്ധാക്ഷരങ്ങളെങ്കിൽ
ഇന്ന് ഇളയതിനെയെന്നു മാത്രം
അപ്പോഴും നീ പുഞ്ചിരിയിലും
ഞാൻ മൗനത്തിലും തുടരുന്നു!
അക്ഷരങ്ങളെ കുടിയൊഴിപ്പിച്ച്
വായനശാല കൊട്ടിയടച്ച്
സ്കൂളിന് നീണ്ടമണിയുമടിച്ച്
ലക്ഷം ദീപം തെളിയിക്കാൻ
അവർ സരസ്വതീക്ഷേത്രത്തിന്റെ
പടികൾ കയറുംപോൾ
വിപ്ലവത്തിനെത്രനാളങ്ങനെ
പ്രതിമയ്ക്കകത്ത്
കിടന്നുറങ്ങാൻ കഴിയും



# Ungendering The Campus: Interventions of Feminist and LGBT Pedagogy in Higher Education



**Dr. Lakshmi Priya N.**
*Mahatma Gandhi College*
*Thiruvananthapuram*

"When you educate a man, you educate an individual, but when you educate a woman you educate a family and a nation"

Most of the discussions, articles and books on women and education begin with the above maxim. One often fails to read between lines when accepting it as a fact and a way of life we are used to. This attribution of the 'divinity' and multi-tasking ability has always been the strategy of the patriarchy for dictating specific sociocultural role plays to the female. Females are the homemakers- the loving, caring, sacrificing and compassionate figures- that 'adorn' every single household.

However, I would like to read the above maxim in a different light, as a further representation of the patriarchal power in disguise. A critique of the concept exposes the gender bias hidden between lines that indirectly ascertain man's individuality or his ability to do so. He becomes the individual who often moves out to a broader world following his dreams and career. But, however the quote takes up a very diplomatic position when it connotes man's inability of educating or looking after a family. By attributing those 'capabilities' on women, patriarchy is in effect creating boundaries for the female. In spite of her education she is primarily expected to nurture the family.

Whereas a man follows his subjectivity, a woman narrows herself down to the four walls of domesticity and a career without compromising her essential domestic duties.


When will woman gain subjectivity? When will she be free from her multitasking divinity? Free from her collective existence and become an individual like man? Sex is a biological categorization primarily based on reproductive capabilities and gender is something that is socially constructed by defining specific gender roles to the male and the female, i.e., the ways in which a male or a female is supposed to perform her biological sex. People believe, as woman and man essentially differ in their physiology, there should be essential differences in psychology and so they naturally need to live, perform and act differently. The conviction is rendered to and absorbed by each individual from a very early stage in life from home and from one's spaces of everyday interaction. When we give toy balls, trucks and guns to boys and ask them to 'be brave' and 'not to cry' and give dolls and cooking set to girls and ask them 'not to laugh' aloud and be soft spoken we are in fact nurturing role models supposed to enact as a male and a female. This difference is very obvious in western cultures where the binary begins much before the birth of a child. The celebration called 'baby shower', the 'would be' parents celebrate with their near and dear, has distinct variations of colours used according to the sex of the expected baby. Quite unlike in India, they are capable of knowing the sex of the child much before birth. Baby showers are usually lavished by the colour pink if the expected baby is a girl and blue if it's a boy. This colour differentiation has come to our baby shops too. One could see selections of pink and blue from carry bags to cradles.

Gender gets constructed and established through everyday interaction between people. Each sex performs, taking for granted, the gender that is expected from him or her by the family or larger social structures and ideological institutions of power like family, state, education, media and so on. People are not aware of the nuances of everyday power plays that assert gender roles. The gender roles assigned to females are biased in the sense that it further subordinates the representative position of women in all spheres. She becomes the week, docile, emotional, passive, ignorant person lacking reason. The use of the word 'ungendering' in the title is deliberate so as to convey the need to do away with the very idea of word gender as it's a socially biased and unjust lexical form. Even when one talks about gender justice there is an underlying acknowledgemnt of the word 'gender' which has evolved as a category to read representations of patriarchy. The readings and writings on 'gender' is a constant process of dismantling the word and an attempt of negating the constructed representations of the gender binary- the 'masculine' and the 'feminine'- which is very different from the biological variation of the male, female or varied sexualities.

The difference of male-female role plays which brought about gender notions can be traced back to early days of human settlement. As women nurtured babies they remained indoors and they cared for matters relating to home and personal lives. She became the center of a personal collective. Whereas men who went out to work gradually gained individuality in public domain. This personal- public duality later on came to be related to two different kinds of capability which further defined the role plays of male-female respectively. Though in some communities early agrarian life saw equal participation of men and woman, it changed gradually with the coming of industrialization and the use of machines which required more physical strength and regular work which was quite impossible for women due to child birth and related issues. Slowly men earned and controlled the economy. The increasing economic inequality furthered the cause of female subordination and females became passive receptors of the patriarchal worldviews and modes of representation.

Coming to gender and higher education it would be revealing if we ask a few questions to ourselves. Do men and women have different kinds of career dreams? Is career and marriage inter-related for both men and women in a similar way? Why do women quit their jobs to marry? Why do we have more NRI grooms than brides? Do men and women differ in their choice of instruction? Do they have different kinds of conversations, dreams, responsibilities and worries in their everyday life? If the answer to all these questions are in the affirmative then we live in a gendered society.

As a teacher who needs to interact with the students about this invisible presence of social gender conditionings I often feel like an investigative officer eager to communicate but who needs to pick up very sharp



clues from daily life that would directly communicate with the routineness of the students. I often begin by asking them simple questions relating to their everyday life. The one question often asked is, whether their mother would scold them in public. And almost everyone says "no". Then I would ask "how about your father?" They would reply, "Yeah, of course, my father is a short tempered man. He won't mind the surroundings. He expresses himself". I really needn't ask anything further to trigger their thoughts. The wide eyes and a baffled smile that fill the room is the first step we together take to a world of new realization.

Higher education as an institution is yet another system with a definite purpose. This makes it vulnerable in the sense that it can probably become a space where the dominant societal norms gets reinforced and particular ideologies are formed and communicated. It can become a closed area of hegemonic essentialism. The ideologies formed and perpetuated through higher education has far reaching consequences in shaping the perception of a society. The age at which a boy or a girl joins higher education is also crucial. It's a time when they eagerly gaze out to the wider world and form new ideas, convictions and perceptions. As higher education is a platform where ideologies are formed what one needs to do from within is to keep the field open capable of absorbing the pluralities of perceptions and experiences and to nurture a deep sense of critique against the different kinds of authoritarian and majoritarian power plays or hierarchies that is present within the system.

This paper looks into some specific gendered limitations in the arena of higher education that we experience every day, most of the time blissfully unaware of it. It also shares some possible interventions that could be made into the realm of higher education with regard to making the entire experience of higher education more gender sensitive. Though debates on gender and constructs of the feminine gets represented variedly through essentialist and anti-essentialist schools of feminist thought, my concern here is to read in to the nuances of everyday practical experiences and manifestations of gender demarcations in higher education.

The belief that women are less equipped to learn technical and scientific subjects than men and are more inclined to humanities, arts and fine arts can be traced back to the particular kind of social belief that men are strong, courageous and sharp and women are week , docile and subtle. The difference in the temperament attributed to both the sexes in turn link it with the enlightenment idea of rationality getting attributed to the 'reasonable' man and sentimentality to the 'emotional' woman. This fixity of belief led to the wider notion favoring men for technical of science subjects which needed a scientific and reasonable temperament and woman ever suitable for humanities and arts which was viewed as a more leisurely subjects (that could fetch sufficient time for domestic commitments) not in need of a scientific temperament. The disparity in the choice of instruction that is very prevalent in our society is the result of such beliefs that have been carried out down generations.

This line of thought led me to an interesting observation. Whether east and west or any other part of the world for that matter, be it first world, second world or third world, the one and only similarity they share is in the manifestations of gender insensitivity. Science for men and fine arts for women is an oft quoted life situation one comes across books on gender and education irrespective of region. Though a reverse claim is possible about the rising number of girl students in technological institutions much more remains to be acquired in treating them as equal individuals within the academic society. To pinpoint a clear case of distinction is the hostel rules applicable to girls

alone. At a time when the campus and libraries are live up to late hours, girl students are directed to enter hostels by 6 or 7pm. When the boys from the same stream enjoy limitless freedom of movement, girls are asked to move around a circle that has long been drawn. An argument that can come up is that of the question of 'safety' of girls. But then, the rhetoric of safety is yet again problematic. Constantly checking safety from fellow humans on patriarchal crimes as forms of sexuality and power is not the primary everyday activity of a female, but something that needs to be manifested naturally and taken for granted by the entire society.

A simultaneous look in the gender disparity in arts and science colleges would show the dwindling number of boy students. Currently girls outnumber boys in every arts and science colleges of the state. And when it comes to PG courses the situation is worse with the numbers getting to bare minimum of one or two in humanities courses. The picture would attain more clarity if one observes the disparity in the number of newly appointed professors across the country or the gender ratio in each humanities department.

Another very important arena that creates and propagates gender notions in higher education is curriculum and syllabus. Though modern education unified the syllabus for male and female there are inherent gender biases which get represented through the content prescribed. When the entire history of knowledge is prominently male history what gets propagated to the students also naturally follow the same course of action. Whether it be studies in technology, science, arts or humanities the major schemata of the courses designed take up the history that has come down to us and not the histories that has been hidden or wiped off. Naturally, what has come down to us has little gender justice in content and ideology communicated. Though the gendered constructs won't be as clear as in preschool and school text books where you have fixed images of females labelled as wholesale distributors of domesticity, love, patience and nurture, College text books too carry on this tradition when they talk about male histories of personal and political success rather than female attempts of patriarchal resistances.

Being a teacher of literatures in English I can seldom find an equal representation of male and female writers or gender sensitive literary histories within the UG and PG syllabus. This particular manifestation of insensitivity is the direct outcome of the knowledge formations regarding literariness and literary canonization which undoubtedly is elitist and patriarchal. The texts books selected for study, like Richardson's *Pamela* subtitled *Virtue Rewarded* or Shaw's *Pygmalion* or Ibsen's *Doll's House* unless provided with sharp and careful critique can very easily slide to convey and sustain dominant patriarchal ideology to which one is familiar with in his or her everyday life. *Pamela* was often considered the first modern novel in English language ignoring the works of Aphra Behn who wrote fiction in the previous century. Special care need to be taken not just in checking gender sensitivity in content and ideology propagated but also in including new modules, interdisciplinary in nature, to introduce gender sensitiveness among students as well as teachers.


Creation of gender constructs and the sustenance of gendered prejudices happen and are performed through language. Language has always been a patriarchal tool in asserting gender roles. One consciously and unconsciously speaks what one has acquired from his or her immediate surroundings. The way language is structured, used and created has lot to do with patriarchal dominance. This structuring of language gets in to the text content and ways of expression in academics too. A very common example often found in school and college text books is the use of male pronoun when the gender of the subject is not clear. Such careless and taken for granted biased expressions recurring in arenas of higher learning blocks chances of corrections. A very interesting observation that is often discussed in relation to gender and language is that women tend to use more question tags in their everyday conversation. They are uncertain of themselves to express an assertive position. The uncertainty can very well be connected to the insecurity and the lack of intellectual acceptance attributed to the females from a very early age. Such beliefs which shape our everyday lives and understanding almost always remain as general facts approved by the society. We fail to check the subtle reasons for the formation of such ideologies which undoubtedly lead us to the politics of patriarchy.

Institutions of higher education need to become a space where students should be made aware of the insensitivities and hierarchies that rule our

mind and society. A sense of critique need to be developed among students who are fast becoming silent consumers in a capitalist world. Critical Pedagogy as a tool of constant realizations and resistance need to be inculcated within the entire field of education as a process of knowledge formation. Critical Pedagogy is a theoretical position inspired by radical philosophies that question power centeredness of various forms within and outside classrooms. The basic idea upon which Critical Pedagogy functions is an awareness of the imbalanced social stratification based on class, caste and gender. It instills in the student community a zeal to question the dominant power positions and hierarchies that seek to control them and make them aware of a need for the practice of freedom, constant struggle against all kinds of authoritarianism and personal sociopolitical domination. Critical pedagogic educator Ira Shor defines critical pedagogy in her work *Empowering Education* as,

Habits of thought, reading, writing, and speaking which go beneath surface meaning, first impressions, dominant myths, official pronouncements, traditional clichés, received wisdom, and mere opinions, to understand the deep meaning, root causes, social context, ideology, and personal consequences of any action, event, object, process, organization, experience, text, subject matter, policy, mass media, or discourse. (129)

Paulo Freire, one of the prominent theorists of critical pedagogy who wrote *The Pedagogy of the Oppressed* talks about his disparagement of what he calls the "banking" system of education "where a



student is seen as an empty account waiting to be filled by the teacher". A similar idea is shared by the lines of a very popular song by Pink Floyd which says, *"We don't need no education, We don't need no thought-control. No dark sarcasm in the classroom - Teacher, leave those kids alone! All in all, you're just another brick in the wall."*

Critical pedagogy branches out to feminist pedagogy and LGBT pedagogy when addressing issues of gender and power. Discussions about gender concerns in higher education definitely need to configure to the modus operandi of the feminist pedagogy or LGBT pedagogy not just theoretically but in the practical everyday interaction within and outside the classroom. This concern takes us directly to the question of gender sensitivity among teachers and the dismantling of the power structures with the campus and classroom. Only a gender sensitive teacher can lead the students to such a broader awareness. He needs to check herself constantly to undo the deep structures of patriarchy that functions within in one's own self. The classroom situation in form, structure and content has very much to do with the substance of hierarchical structures of power in the teacher-student binary. The present day teacher needs to shift his or her role from an omniscient instructor to a participatory facilitator. The very structure of classroom need to be changed, from the

dictating teacher on the one side and the students seated as a group or crowd on the other as passive listeners, to a space of regular give and take free of power positions. The bench and desk on which the students crowd together is a big hindrance from seeing them as individuals. The teacher tend to view them as a collective. Especially girl students who always stick to one another. A girl student moving all alone participating in the everyday activities of the college is a very rare scene. Doing away with the benches and bringing in individual chairs is a very important first step to be taken within a degree classroom to ensure initiation of subjectivity, even though most of us may fail to realize the very subtleness of its necessity. And the seating pattern need to be changed for good from vertical-horizontal hierarchy to a circular pattern with the students and teacher shifting the seating pattern every day. The teacher needn't stand apart, but be one with the students. This has lot to do with bringing to open girl/lgbt students who tend to group together to left or right or corners within a classroom.

Class works, Choice of extracurricular activities, leisure time activities, the infrastructure of the college, accessibility of open and interactive spaces outside the four walls of the classroom, gendered variations in uniforms are some of the concrete as well as abstract concerns which form part of the built environment that need a fresh thought in the realm of higher education. The workings of Women's Studies Unit, anti-sexual harassment and antiragging cells need to find productive ways of interacting with the students. In most of the colleges, functions and talks organized by similar clubs are attended only by the girl students and female teachers. It's conveniently ignored as women's program. However, the major concerns shared in such gatherings are about socio cultural life and the conditionings and harassments vetted out to the females which need to be equally or more urgently communicated to male of the species as well.

All discussions on gender sensitivity in higher education still lingers around the claims of justice for the girl students. The presence of transgender and their basic rights as human beings are still ignored or invisible to a larger extant. Though Supreme Court issued a verdict in April 2014 recognizing transgender as 'third gender' with constitutional rights much remain to be attained in connection with the everyday performance of these rights. Within the state of Kerala no inventiveness has been done officially as a follow up of the Supreme Court judgment with regard to their special right to higher education like those initiated by the Mumbai University. All discussions about gender justice should be naturally made inclusive of LGBT concerns as well, which is yet to gain a prominent presence in the social and psychic mindset of the general public or even academicians.

There is yet another one sidedness when one sees girls or women as a homogenous entity. Within our hierarchical social system there are divisions based on class and caste in addition to gender. Class and caste variations trigger gender insensitivity adding woes to the already subdued sexual categories. The word I would like to use is, double demarcation or multiple demarcations to point out the margins to which females and LGBT are sidelined or even rendered invisible in a wider societal everydayness. In an online article "Academic Untouchability: the Dalit Woman Experience" Praveena Taali observes,

The academic sphere is generally seen as a space for knowledge creation. However, it can be argued that there is Brahminical hegemony over knowledge which is knowingly or unknowingly reflected in the academia. What kind of knowledge is being produced and by whom? This issue has to be debated seriously. There are few studies that talk about issues of caste discrimination in higher education that focus only on the human rights perspective. Unfortunately, these studies hardly talk about the deliberate exclusion of Dalits from the realm of knowledge production. Certainly, it is a question of human rights, but there are deeper yet-to-be discussed problems underneath.

She further comments that, "The studies on Dalits and other subalterns have received huge academic attention in recent times. In fact 'Dalits' remain the subjects for study while the academic contributions by Dalit students are often considered non-academic". Her major concern in the above mentioned article is the exclusions and hardships a female Dalit student had to face in one of the science teaching departments of the Mahatma Gandhi University, Kerala. Praveena Taali brings out the prejudiced notions of caste hegemony when she comments about the elite concepts on the one to one correspondence of caste and knowledge. She says,

The question of merit is very complex. Connecting Dalit

women scholars to their ancestral caste-based occupation (of belonging to labouring castes) is the reason why casteist academia suspects their ability to read, write, and understand. In personal conversations, many Dalit women from various universities shared the same experience of supervisors and fellow students 'suspecting' their knowledge. If a Dalit student stands first in a class, it would be commented upon as an unusual situation, where people might say: "she/he is the first in the class despite being a Dalit"

Higher Education is seen as a step to employment. In this 21[st] century when the concept of employment is fast transforming from white collar jobs to a much broader levels of conceptual and technological development the practice of education should also need to undergo transformation. Even now a student's methodology of learning and scholarship is analyzed by his/her theoretical and textual knowledge, that too based on outdated systems of knowledge formations. The educators of the current generation need to focus on various kinds of skill development instead of limiting knowledge formations between the outer covers of text books. Each course should be designed so as to make it employable. In-house training should be given to students to cope with the new age computing/copy editing/ printing/ mechanical technologies of production and sustenance so as to make them self employable. Higher education need to be different from primary education in the sense that it should function as if to bring out life skills in students which could be developed as a way of living. More over Employment and self-sufficiency need to be seen as a necessity not only for the male, but to other sexes as well, for whom employment is easily replaced by marriage or other options (sex work and begging for the transgender). Living Smile Vidya in her autobiography, *I am Vidya A Trangender's Journey* shares her disapproval of NGO for Tirunangais (Transgender) when she says, "No Indian NGO had fought to liberate tirunangais from begging and sex work. What kind of rehabilitation was it to tell them, 'Go on being sex workers, but do it safely?' (123). Vidya shares the trials she had to face to get a job as a means of living even though she had a MA degree in Linguistics. On many instances within her text she shares her woes of finding an equal ground with others at home, educational institution and in her job hunt. She observes,

"There is a government order (Order No: 377) that treats transgenders as disease-afflicted sex workers alone. This must be removed, and sex reassignment surgery must be allowed for those medically and psychologically tested and certified transgender. Reservation could be considered too [...] at schools [...] tirunangais can be introduced to students as part of their lessons, so that they learn to treat difference with compassion and dignity (138)"

The gender concerns that rule the realm of higher education ranges from gender justice in the selection of deciding bodies to gender sensitization in a contemporary everyday classroom situation. Any attempt to homogenize the causes of different class/caste/ sexualities and their rights for visibility, acceptance and wellbeing can further problematize the call for gender justice. One needs to deliberately dismantle all existing and ever evolving binaries to have a pluralistic vision to bring in democratic spaces in the process of higher education. The most recent news of the first transgender principal, Manobi Bandopadhyay joining Krishna Nagar Women's College in Nadia district of West Bengal on 9[th] June 2015, can be viewed as a beginning of a radical shift that shall make higher education think aloud the possibilities of alternative pedagogies. Though working things out on a broader canvas like constitutional amendments, policies or legislations would serve as initial step, what is more essential is to make do/ bring about pluralistic vision in to the everyday life of the general public. Only an open and democratic societal mindset can function as the ground on which rules and regulations can be fruitful. The nuances of the patriarchal politics dominating all spheres of everyday life can only be decentered with a regular resistance for which the field of higher education should be made a tactical tool.


Works Cited

Freire, Paulo. *Pedagogy of the Oppressed*. UK: Bloomsbury Academic, 2012. Print.

Shor, Ira. *Empowering Education: Critical Teaching for Social Change*. Chicago: The University of Chicago Press, 1992. Print.

Taali, Praveena, "Academic Untouchability: the Dalit Women Experience" Round Table India: For an Informed Ambedkar Age. 9 April 2015. Web.

Vidya, Living Smile. *I am Vidya A Trangender's Journey*. New Delhi: Rupa, 2013. Print



# തേനറകൾ നിറഞ്ഞ കാട്




**എൻ.രേണുക**
*എൻ.എസ്.എസ്.കോളജ്,ചേർത്തല*

സംഗീതം ഹൃദയത്തിന്റെ മാത്രം കലയല്ല. ബുദ്ധിയുടേയും സഹജാവബോധത്തിന്റേയും കലകൂടിയാണെന്നുള്ളത് ഒരറിവല്ല. ഇന്ത്യൻ സംഗീതത്തിന്റെ പരിധികളെ മറികടന്ന് സാർവ്വലൗകികമായ സംഗീതം വിഭാവനം ചെയ്ത രവീന്ദ്രനാഥ ടാഗൂർ ഇത് വളരെ മുമ്പെ തിരിച്ചറിഞ്ഞിരുന്നു. അനുഭവദശയിൽ ഭാവസങ്കലനങ്ങളുടെ ഭിന്നലോകങ്ങളിലേക്ക് സംഗീതവഴികൾ ഇഴവിടർന്നുപോകുന്നുവെങ്കിലും വിവിധ വൈജ്ഞാനികശാഖകളിലുള്ള അറിവും ജീവിതാവബോധവും സംഗീതത്തെ ഗൗരവമായി സമീപിക്കുന്ന ഏതൊരു വ്യക്തിക്കും അനിവാര്യമാണ്. കാരണം സംഗീതത്തിലെ ഭാഷ ഒരു പരിധികഴിഞ്ഞാൽ അതിന്റെ ദേശീയവാദങ്ങളെ മറികടന്ന് ഈണങ്ങളിൽ ലയിച്ചുചേരും. ലോകസംഗീതത്തിന്റെ നിലവാരത്തിലേക്ക് എത്തിച്ചേരുന്ന ഓരോ സംഗീതശൈലിയും ഈണങ്ങളിൽ അനേകം ദേശീയതകളെ ഉൾക്കൊള്ളുന്നുണ്ട്.

നാനാത്വത്തിൽ ഏകത്വം ദർശിക്കുന്നതിനേക്കാൾ ഏകത്വത്തിലെ നാനാത്വങ്ങളെ അന്വേഷിക്കുകയാണ് കലോചിതമായിട്ടുള്ളത്. സംഗീതം അക്കാദമികവിഷയമായി സ്വീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ഗവേഷണബുദ്ധി ആവശ്യമാണ്. കേരളത്തിലെ സംഗീത വിദ്യാഭ്യാസത്തിന്റെ പഠനപദ്ധതികൾ ശാസ്ത്രീയസംഗീതത്തിന്റെ സാങ്കേതികതലങ്ങളിൽ മാത്രം ഊന്നുകയും അതിനുമപ്പുറം സംഗീതത്തിന്റെസാംസ്കാരികചരിത്രത്തെക്കുറിച്ചോ വിവിധ ദേശീയതകളെ പ്രതിനിധീകരിക്കുന്ന സംഗീതധാരകളെക്കുറിച്ചോ വ്യാപ്തമായ അറിവുകൾ നൽകാതിരിക്കുന്ന നാദഘടനപോലെ തന്നെ പ്രധാനമാണ് അതിന്റെ സങ്കീർണ്ണ ചരിത്രവും രവീന്ദ്രസംഗീതമെന്നാൽ മലയാളചലച്ചിത്രസംഗീതസംവിധായകനായ രവീന്ദ്രൻമാഷുടെ സംഗീതമാണെന്ന് ധരിച്ചുവച്ചിരിക്കുന്ന വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസരംഗത്തുപോലും കാണേണ്ടിവരുന്ന അനുഭവം രവീന്ദ്രസംഗീതത്തെക്കുറിച്ച് ബാഹ്യമായെങ്കിലും ചിന്തിക്കാൻ പ്രേരകമാകുന്നു. കാരണം ഒരു അക്കാദമികശൈലി എന്ന നിലയിൽ രവീന്ദ്രസംഗീതത്തിന്റെ ഘടനയും ലോകമെമ്പാടും അതിന് ലഭിച്ച പ്രചാരവും കേരളത്തിന് മാതൃകയാണ്.

ബംഗാളി സംഗീതപദ്ധതിയിലെ സവിശേഷശൈലിയും ഇന്ത്യൻ സംഗീതപാരമ്പര്യത്തിലെ അഭിവാജ്യധാരയുമാണ് രവീന്ദ്രസംഗീതം. രവീന്ദ്രസംഗീതം എന്നാൽ സോങ്ങ്സ് ഓഫ് രവീന്ദ്രനാഥ ടാഗുർ എന്നത് നാമമാത്ര



മായ വ്യാഖ്യാനമാണ്. ഏകദേശം 2230 ൽ പരം പാട്ടുകൾ രചിക്കുകയും സംഗീതം പകരുകയും ചെയ്യുക വഴി ടാകൂർ എന്ന വ്യക്തിയെ മറികടന്ന് രവീന്ദ്രസംഗീതം ഒരു സംഗീതധാരതന്നെയായി വികസിക്കുകയാണുണ്ടായത്. അക്കാദമികമായ ഘടനയും ലോകവ്യാപകമായ പ്രശസ്തിയും അതിന് കൈവന്നു വ്യക്തിപരമായ അഭിരുചി സാർവ്വലൗകികമായ ഒരു തലത്തിലേക്ക് ഉയർത്തപ്പെട്ടതിന്റെ ഉന്നതമായ മാതൃകയാണ് രവീന്ദ്രസംഗീതം വിശ്വഭാരതി യൂണിവേഴ്സിറ്റിയിലും രവീന്ദ്രഭാരതി യൂണിവേഴ്സിറ്റിയിലും പ്രത്യേകമായ പഠനവിഭാഗമായി തന്നെ ഇത് പ്രവർത്തിക്കുന്നു. കനികാബന്ദോപാദ്ധ്യായയ്ക്കും ശാന്തിദേവ് ഘോഷിനും ശേഷം റിസ്വാന ചൗധരി ബന്യ. ഷാജഹാൻ കമൽ. സ്വാഗതലക്ഷ്മി ഗുപ്ത തുടങ്ങി നിരവധിഗായകരിലൂടെ രവീന്ദ്രസംഗീതം പലതായി പുനർജ്ജനിച്ചു കൊണ്ടിരിക്കുന്നു. രണ്ട് യൂണിവേഴ്സിറ്റികളിൽ അക്കാദമികവിഷയമായതുകൊണ്ട് രണ്ട് ശൈലികളും രവീന്ദ്രസംഗീതത്തിൽ ഇന്ന് ശക്തമാണ്. ഇതിനർത്ഥം ടാകൂറിന്റെ മുദ്രയും ജീവാംശവും ഉള്ളതെങ്കിലും പരിണാമങ്ങൾക്ക് വിധേയമാകുന്ന കാലാനുസൃതമായ സംഗീതരൂപങ്ങളേയും സാങ്കേതികവികാസത്തേയും ഉൾക്കൊള്ളുന്ന വളരെ impersonal ആയ സംഗീതശാഖയായി രവീന്ദ്രസംഗീതം വികസിക്കുന്നുവെന്നാണ് കാലാന്തരത്തിൽ ഒരു ബൃഹദ്ഘടനയായി രവീന്ദ്രസംഗീതം വികസിക്കുവാൻ തക്കവിധം ടാകൂർ തന്റെ സംഗീതത്തെ ഭാവനചെയ്തിരിക്കുന്നു. അതുകൊണ്ടാണ് ബംഗാളിദേശീയത വിഭജനങ്ങളെ മറികടന്ന് ഈ സംഗീതശൈലിയെ അവരുടേതായി തിരിച്ചറിയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത്.


ഭൂമിശാസ്ത്രപരവും രാഷ്ട്രീയപ്രേരിതവുമായ കാരണങ്ങളാൽ രവീന്ദ്രസംഗീതത്തിന് ഏകമുഖമായ സംസ്കാരം ഇല്ല എന്നു തന്നെ പറയാം. ഇന്ത്യൻ പ്രവിശ്യയായ വെസ്റ്റ് ബംഗാളിലും ബംഗ്ലാദേശിലും രവീന്ദ്രസംഗീതത്തിന് വേരുകളും പടർച്ചകളുമുണ്ട്. ബംഗാളിന്റെ ദേശീയഗാനവും ഇന്ത്യയുടെ ദേശീയഗാനവും രചിച്ചത് രവീന്ദ്രനാഥ ടാകൂർ തന്നെയാണെന്ന് ഈ സന്ദർഭത്തിൽ പ്രത്യേകം ഓർക്കേണ്ടതുണ്ട്. രവീന്ദ്രസംഗീതത്തിന്റെ മിശ്രസ്വഭാവത്തെ ഇവയെല്ലാം സാധൂകരിക്കുന്നുണ്ട് റുമ്രി ഖവ്വാലി നാടോടി ഈണഹ്ങൾ യൂറോപ്യൻ മെലഡികൾ, സിംഫണികൾ എന്നിവയുടെ കലർപ്പുകൾ ഈ സംഗീതത്തെ ദേശാന്തരങ്ങൾക്ക് പ്രിയമുള്ളതാക്കുന്നു. ചരിത്രം, ജ്യോതിശാസ്ത്രം, ആധുനികശാസ്ത്രം, നിയമം, തത്വചിന്ത, വിവിധ ഭാഷകൾ, കാവ്യശാസ്ത്രം എന്നിങ്ങനെ അനേകം ജ്ഞാനമേഖലകളിലുള്ള മേൽക്കൈ. മുപ്പതിലധികം രാജ്യങ്ങൾ സന്ദർശിക്കുകയും അവരുമായി സാംസ്കാരികചർച്ചകൾ നടത്തുകയും ചെയ്ത അനുഭവങ്ങൾ കവി, നാടകകൃത്ത്, നോവലിസ്റ്റ്, ചെറുകഥാകൃത്ത്, സംഗീതജ്ഞൻ, ചിത്രകാരൻ, വിദ്യാഭ്യാസവിദഗ്ദൻ, തത്വചിന്തകൻ തുടങ്ങി വ്യക്തിത്വത്തെ അനേകം തലങ്ങളിലേക്ക് വ്യാപിപ്പിക്കുവാനുള്ള സന്നദ്ധത-


ഇതെല്ലാം രവീന്ദ്രസംഗീതത്തിന്റെ ബഹുസ്വരതയ്ക്കും ആധികാരികതയ്ക്കും പുറകിലുണ്ട്. വിദേശിയായ ഒരു സംഗീതനിരൂപകൻ ടാകൂറിനെ Work of Personality എന്നു വിശേഷിപ്പിച്ചതു യാദൃച്ഛികമല്ല.

ഇന്ത്യൻ സ്വാതന്ത്ര്യസമരം ശക്തമായിരുന്ന കാലത്ത് തന്നെയാണ് ടാകൂർ സർഗ്ഗാത്മകമായി ദേശീയപ്രക്ഷോഭത്തിൽ ഇടപെടുന്നത്. ബ്രിട്ടീഷ് ആധിപത്യത്തെ സാമൂഹികമായ രോഗാതുരതയായി തിരിച്ചറിയുമ്പോഴും കൊളോണിയൽ ഘടനയിലൂടെ തുറന്നുകിട്ടിയ സാംസ്കാരിക വിനിമയത്തിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഇന്ത്യൻ നാഷണലിസത്തെക്കുറിച്ചുള്ള ടാകൂറിന്റെ വിശേഷണങ്ങൾ ഗാന്ധിയുടെ വിദേശബഹിഷ്കരണം പോലെ തീവ്രതരമായിരുന്നില്ല. ദേശസ്നേഹരം മനുഷ്യരാശിയുടെ അവസാനതടവറയല്ല എന്നും അതിനുമപ്പുറമുള്ള മാനുഷികമായ അന്തസ്സിനെക്കുറിച്ചു ബോധമുള്ളവരായിരിക്കുവാനുമാണ് ടാകൂർ തന്റെ രചനകളിലൂടെ ആഹ്വാനം ചെയ്യുന്നത്. ഈ മാനുഷികതയാണ് രവീന്ദ്രസംഗീതത്തിന്റെ ദേശാന്തരീയവ്യാപ്തിക്കു ആധാരം. ഭൂമിശാസ്ത്രുരമായ ദേശീയസങ്കൽപം ടാകൂറിനെ സംഗീതത്തെ സങ്കുചിതമാക്കുന്നില്ല. ദേശീയഗാനങ്ങളുടെ രചയിതാവായിരിക്കുമ്പോഴും സംഗീതഘടനയുടെ പ്രാപഞ്ചികതയെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. സംഗീതത്തിന്റെ കോസ്മിക് ഇഫക്ടുകൾ ടാകൂറിലെ താത്വികനായ സംഗീതജ്ഞൻ തിരിച്ചറിഞ്ഞു.ഓരോ രാഗത്തേയും പ്രതീകാത്മകമായി വ്യാഖ്യാനിക്കുവാൻ സന്നദ്ധനായി. ആകാശത്തിന്റെ ഉയിർത്തെഴുന്നേൽപായും അലംകൃതമായ രാത്രിയുടെ വിശ്രാന്തിയായും ഏകാന്തമായ സായന്തനങ്ങളുടെ വിതുമ്പലായും അനന്തതയുടെ ആഹ്വാനമായും ഓരോ രാഗവും ഭാവനചെയ്യപ്പെട്ടു. പ്രകൃതി, ഭക്തി, പ്രണയം, ദേശസ്നേഹം തുടങ്ങിയ ഭാവങ്ങൾക്കനുസൃതമായ രാഗച്ഛായകൾ മിന്നിമറഞ്ഞു എപ്പോൾ വേണമെങ്കിലും സംഗീതത്തിലെ നാദമായും മൗനമായും രൂപാന്തരപ്പെടുവാൻ പര്യാപ്തമായ കൃതികളാണ് അദ്ദേഹത്തിന്റെ നോവലുകളും കഥകളുമടക്കമുള്ള ഗദ്യാഖ്യാനങ്ങൾപോലും-

അതിനാൽ നിശ്ചിതമായ ഒരു ഘടനയെ ചിതറിച്ചുകളയുന്ന അഭിനയസംഗീതത്തിന്റെ വിശാലമണ്ഡലങ്ങളെ രവീന്ദ്രസംഗീതം ഉൾക്കൊള്ളുന്നു. നിശബ്ദതയെ ഉള്ളടക്കം ചെയ്ത എം.ബി. ശ്രീനിവാസന്റെ സംഗീതം പോലെ രവീന്ദ്രസംഗീതത്തിൽ നാടകീയമുഹൂർത്തങ്ങളും മൗനങ്ങളും ചലനങ്ങളും മയങ്ങിക്കിടക്കുന്നു. യൂറോപ്യൻ ഓപ്പറകളുടെ മാതൃകയിൽ രചിക്കപ്പെട്ട ടാകൂറിന്റെ സംഗീത-നൃത്ത-നാടകങ്ങൾ ഇതിന് പ്രകടമായ തെളിവുകളാണ് നിരവധി ബംഗാളിനാടകങ്ങളിൽ പശ്ചാത്തലസംഗീതമായും ചാരുതലയെപ്പോലെ വിഖ്യാതമായ സിനിമകളിലും ചില വിദേശചലച്ചിത്രങ്ങളിലും രവീന്ദ്രസംഗീതം ഉപയോഗിച്ചിട്ടുള്ളതിന്റെ യുക്തി ഇതാണ് പരിണീത എന്ന ചലച്ചിത്രത്തിൽ പോലും ബംഗാളിന്റെ സംഗീതച്ഛായകൾ നിഴൽപരത്തുന്നുണ്ട്.

രവീന്ദ്രനാഥ ടാകൂറിന്റെ സമഗ്രമായ സംഭാവനകളും വ്യക്തിത്വവും വിശകലനം ചെയ്യുമ്പോൾ വ്യക്തിവാദത്തിൽ അധിഷ്ഠിതമായ ആധുനികബോധം ശക്തമായിരുന്നുവെന്ന് കാണാം. ഉപനിഷത്തുകളുടേയും വേദങ്ങളുടേയും ശൃംഗാരത്തെ ഉത്സവമാക്കിതീർത്ത കാളിദാസകൃതികളുടേയും സ്വാധീനം രവീന്ദ്രസംഗീതത്തിന്റെ ഘടനയിലുണ്ട് അറിഞ്ഞതും അറിയപ്പെടാത്തതുമായ ഋതുക്കളുടെ ഗന്ധം നിറഞ്ഞ വനഭൂമിയാണത് തോമസ് മൂറിന്റെ ഐറിഷ് മെലഡികളോട് രവീന്ദ്രസംഗീതത്തിനുള്ള ശക്തമായ ആഭിമുഖ്യം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ ആധുനികത സംസ്കാരവിനിമയത്തിന്റെ കലാചരിത്രമാണ് ഉൾക്കൊള്ളുന്നതെന്ന് ഇവ ബോദ്ധ്യപ്പെടുത്തുന്നു. സംഗീതത്തിലെ ദേശിമാതൃകകളെ ഉൾവഹിക്കുമ്പോഴും individual എന്ന ഘട്ടത്തിന് പ്രാമുഖ്യം നൽകിയിരുന്നു. വ്യക്തിഗതമായ ശൈലിയുടെ ആവിഷ്കരണമാദ്ധ്യമങ്ങളായ തന്ത്രിവാദ്യങ്ങളിലേയ്ക്ക് രവീന്ദ്രസംഗീതം സ്വാംശീകരിക്കപ്പെട്ടത് ഇവിടെ ഓർക്കാം (ഉസ്താദ് വിലായത്ത് ഖാൻ-സിതാർ. ബുദ്ധദേവ് ദാസ്ഗുപ്ത-സരോദ്) കലാകാരന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് ഉന്നതമായ സങ്കൽപങ്ങൾ സൂക്ഷിക്കുമ്പോഴും ഇന്ത്യാക്കാരായ സംഗീതജ്ഞൻ പൂർവ്വനിശ്ചിതവും സമയബന്ധിതവുമായ ഘടനയുടെ കാവൽക്കാർകൂടിയാണെന്നു ടാകൂറിലെ സംഗീതജ്ഞൻ തിരിച്ചറിഞ്ഞു.






In India the measure of a singer's freedom is in his own creative personality freedom an prescribed order എന്ന് ആൽബർട്ട് ഐൻസ്റ്റീനുമായുള്ള അഭിമുഖസംഭാഷണത്തിനിടയിൽ ടാകൂർ സൂചിപ്പിക്കുന്നുണ്ട്. പശ്ചാത്യവും പൗരസത്യവുമായ സംഗീത പദ്ധതികളെ താരതമ്യം ചെയ്യുമ്പോൾ അദ്ദേഹം ഊന്നൽ നൽകുന്നതു ഘടനയിലാണ്. പക്കവാദ്യങ്ങൾ ഉപയോഗിക്കുന്നത് താളക്രമീകരണത്തിനും സംഗീതത്തിന്റെ സുഘടിതത്വത്തിനുമാണെന്ന് അദ്ദേഹം പറയുന്നുണ്ട്. സംഗീതഘടനയിൽ സംസ്കാരവും ലയിച്ചുചേർന്നിരിക്കുന്നു. ആത്മാവിഷ്കരത്തിന്റെ എല്ലാ മാതൃകകളും സംഗീതഘടനയിൽ പ്രതിഫലിക്കുന്നതായി ടാകൂർ വിഭാവനം ചെയ്തിട്ടുണ്ട്. മെലഡിയിൽ വിട്ടുവീഴ്ചകളില്ലാതെ ആഴ്ന്നുകിടക്കുന്ന യൂറോപ്യൻ സംഗീതത്തിന്റെ ഘടനയെ മുൻകൂർത്ത കമാനങ്ങളോടുകൂടിയ ഗോഥികവാസ്തുശൈലിയോട് താരതമ്യം ചെയ്യുന്നുണ്ട്. സംസ്കാരത്തേയും മനുഷ്യാസ്തിത്വത്തേയും സംഗീതാത്മകമായി വ്യാഖ്യാനിക്കുവാൻ ടാകൂർ സന്നദ്ധനാകുന്നു.

രവീന്ദ്രസംഗീതം ഇന്ത്യയുടെ ഉപദേശീയതകളിലേക്കുള്ള കൈവഴിയും ഓർമ്മപ്പെടുത്തലുമാണ്. കേരളത്തിലെ സംഗീതം ഉന്നതവിദ്യാഭ്യാസ രംഗത്തുപോലും ജനാധിപത്യാന്തരീക്ഷം സൂക്ഷിക്കുന്നില്ല. സംഗീതസംബന്ധിയായ ഗവേഷണപ്രബന്ധങ്ങളുടെ ചർച്ചകളിൽ ചോദിക്കുന്നവരേയും വിമർശിക്കുന്നവരേയും ഗാന്ധാരം, ഋഷഭം, ചതുരശ്രമദ്ധ്യമം തുടങ്ങി തീർത്തും സാങ്കേതികമായ പദങ്ങൾ ഉപയോഗിച്ചു ഭയപ്പെടുത്തുകയും പുറംലോകത്തിന് സംഗീതത്തിന്റെ എന്നു വരുത്തിതീർക്കുകയും ചെയ്യുന്ന പ്രവണത നിരാകരിക്കാനാവുകയില്ല. സംഗീതം അക്കാദമികഘടനയിൽ പുലരുമ്പോൾ തന്നെ ജനഹൃദയങ്ങളോട് വൈകാരികമായി സംവദിക്കുവാനുള്ള ഇലാസ്തികത വേണം എന്നു തന്നെയാണ് ബംഗാളിന്റെ സംഗീതചരിത്രം നമ്മോട് പറയുന്നത്.

# Differently Abled..... Not Disabled.



**NK.Sunil kumar**
*Mahatma Gandhi College Trivandrum.*

People with disabilities play an integral part in our modern society. As the population of people with disabilities continues to grow so does the need for knowledgeable professionals and informed citizens . In 1992 the UN General Assembly passed a resolution declaring that 3rd December each year will be the International day of Disabled Persons. This day is unique among community awareness days as it unites educational institutes, hospitals, research centres ,organisations, business, state and local governments and the community with disability. The day is a collaborative effort to bring out more resources and celebrate and acknowledge the experience and expertise with people with disability. The term Differently Abled was coined by the US Democratic National Committee in the early 1980 's as a more acceptable term than handicapped or disabled. The motivation seems to have been both a genuine attempt to view the people previously called handicapped in a more positive light and also a need to be seen as politically right. Each year the UN announces a theme for International Day of Persons with Disability.The following are the themes of yester years.

2009- "Empowerment of persons with disabilities and their communities around the world"

2010- "Keeping the promise : mainstreaming disability in the millennium development goals towards 2015 and beyond

2011- "Together for a better world for all: including persons with disabilities in development"

2012- "Removing barriers to create an inclusive and accessible society for all"

2013 -"Break barriers; open doors for an inclusive society for all".

2014- "Sustainable developm- ent: the promise of technology".

A disability may be physical ,cognitive, mental, sensory, emotional, developmental or some combination of these. A disability may be present from birth ,or occur during a person's lifetime. It is a complex phenomenon reflecting an interaction between features of a person's body and features of the society in which the individual lives.

## TYPES OF DISABILITY

Disability is caused by impairments to various sub systems of the body. This can be broadly sorted in to the following categories.

1. Visual Impairment - inability to see.
2. Hearing Impairment – inability to hear.

3. Olfactory impairment- The lack of proper sense experience in smell
4. Gustatory Impairment – The lack of proper sense experience in taste
5. Somato sensory impairment - The insensitivity to stimuli such as touch, heat, cold and pain
6. Balance Disorder – A disturbance that causes an individual to feel unsteady
7. Intellectual disability – A broad concept that ranges from mental retardation to cognitive deficits too mild or too specific to qualify as mental retardation.
8. Mental health & emotional disability - A mental disorder or mental illness is a psychological or behavioural pattern generally associated with subjective distress or disability that occurs in an individual.
9. Developmental disability – Any form of disability that results in problems with growth and development.
10. Non visible disabilities – Several chromic disorders, such as diabetes, asthma, epilepsy etc.

December 2015 is the 23rd anniversary of International Day of persons with Disability , as United Nations sanctioned day, that aims to promote an understanding of people with disability and encourage support for their dignity, rights and well-being. The day seeks to increase awareness of the benefits of the integration of people with disability in every aspect of educational, political, social economic and cultural life. It is believed that there are at least more than 70 million persons with disabilities in India. It is worth while to reflect on the disability management as an emerging issue which affects the considerable population in India. Persons with disability, have a number of abilities in many spheres of day to day life. So we say that they are Differently Abled.

The American Psychological Association style guide states that, when identifying a person with an impairment , the person's name or pronoun should come first, and discriptions of the impairment or disability should be used so that the impairment is Identified, but is not modifying the person.

## Disability Etiquitte – An insight into our world

| Say...... | Instead of....... |
|---|---|
| ❖ Child with disability | - Disabled or handicapped |
| ❖ Persons who has | - Afflicted, suffers from, victim |
| ❖ With out speech, nonverbal | - Mute, dumb |
| ❖ Developmental delay | - slow |
| ❖ Emotional disorder | - Insane or crazy |
| ❖ Person who is deaf/ hard of hearing | - Deaf and dumb |
| ❖ Usess a wheel chair | - confined to a wheel chair |
| ❖ Person with retardation | - Retarded |
| ❖ Has a learning disability | - Is learning disabled |
| ❖ Has a physical disability | - crippled |
| ❖ Seizures | - Fits |
| ❖ Cleft lip | - Hare lip |
| ❖ Mobility Impaired | - Lame |
| ❖ Medically involved /has a chronic illness | - Sickly |
| ❖ Paralyzed | - Invalid / paralytic |
| ❖ Born with | - Birth defect. |
| ❖ Person with cerebral palsy | - Palsied or spastic |

Disability studies is relatively new interdisciplinary academic field focusing on the roles of people with disabilities in history, literature, social policy, law, architecture, and other disciplines. Although it has many antecedents and is partly an outgrowth of Marxist critical theory, disability studies began to flourish toward the end of the 20th century. The first Ph.D programme in disability studies in the US was established in 1998 at the University of Illionis at Chicago. There is a global correlation between disability and poverty, produced by a variety of factors. Disability and poverty may form a vicious circle ,in which physical barriers make it more difficult to get income, which in turn diminishes access to health care and other necessities for a healthy life.

KERALA PRIVATE COLLEGE TEACHER



# മോഹിനിയാട്ടത്തിന്റെ സുവർണകാലം



ഡോ:സുമിതാനായർ.എൻ.
പി.ആർ.എൻ.എസ്.എസ്.കോളജ്, മട്ടന്നൂർ

പത്തൊമ്പതാം നൂറ്റാണ്ടിൽ സ്വാതി തിരുനാളിന്റെ ആവിർഭാവത്തോടെയാണ് മോഹിനിയാട്ടത്തിന് പുനർജനി ഉണ്ടാകുന്നത്. 1829 ലാണ് സ്വാതിരാജാധികാരത്തിലെത്തുന്നത്. പ്രാചീനകലകളുടെ ഉദ്ധാരണത്തിന് സ്വാതിയുടെ നേതൃത്വത്തിൽ ശ്രമം തുടർന്നു. ഇരയിമ്മൻതമ്പിയും കരീന്ദ്രനും ഇതിന് ആക്കം കൂട്ടുകയും ചെയ്തു. സ്വാതിയും തമ്പിയും നിരവധി പദങ്ങളും വർണ്ണങ്ങളും രചിച്ചു. സ്വാതിസദസ്സിൽ നാട്യക്കച്ചേരിക്കു വന്ന തഞ്ചാവൂർ സഹോദരന്മാരുടെ നാട്യക്കച്ചേരപി സ്വാതിയെ ആകർഷിച്ചു. അതിന്റെ മാതൃക മോഹിനിയാട്ടത്തിനും സ്വീകരിച്ചു. സ്വാതിയുടെ പല കൃതികളും കർണ്ണാടക സംഗീതരീതിയിലാണ് വടിവേലു ചിട്ടപ്പെടുത്തിയിരുന്നത്. ഇന്ന് മോഹിനിയാട്ടത്തിന് കാണുന്ന കച്ചേരിക്രമം ചിട്ട ചെയ്യുന്നതിന് സ്വാതിതിരുന്നാളിനെ തഞ്ചാവൂർ സഹോദരന്മാർ സ്വാധീനിച്ചെന്നത് വ്യക്തം. "മോഹിനിയാട്ടത്തിന് അദ്ദേഹം വരുത്തിയ പർഷ്കാരങ്ങളിൽ പ്രഥമവും പ്രധാനവുമായ ഒന്ന് ഇതിലെ സംഗീതരീതിയാണ്. കർണ്ണാടക സംഗീതം അദ്ദേഹത്തെ വല്ലാതെ സ്വാധീനിച്ചു." ചന്ദ്രലേഖരൻ 1986:268) അങ്ങനെ മോഹിനിയാട്ടത്തിന് വേണ്ടി രചിച്ച കൃതികൾക്ക് കർണ്ണാടക സംഗീത ശൈലിയിലേക്ക് കൂടുതൽ ചായ്വുണ്ടായി. നാട്യശാസ്ത്രം, അഭിനയ ദർപ്പണം എന്നിവയേക്കാൾ കൂടുതലായി ബലരാമ ഭാരതത്തിലെ ഹസ്തമുദ്രകൾക്കും പാദക്രമങ്ങൾക്കും അംഗവിന്യാസങ്ങൾക്കും സ്വാതി പ്രധാന്യം നൽകി. ഓരോ നൃത്തയിനവും ചിട്ട ചെയ്തത് ദാസിയാട്ടത്തിന്റെ ശൈലിയിൽ നിന്ന് മാറ്റം വരുത്തി. ആയിരത്തിയേഴ് മുഥുനം ഇരുപത്തി നാലിന് തഞ്ചാവൂരിൽ നിന്നെത്തിയ കലാവിദഗ്ദ്ധരായ വടിവേലു, ചിന്നയ്യ, ദാസി, നീരജാക്ഷി, മൃദംഗം അപ്പാവ്, പുല്ലാങ്കുഴൽ ശേഷൻ, തിത്തിക്കാരൻ, വെങ്കിട സ്വാമി എന്നിവർക്ക് ശമ്പളം നൽകിയതായി സൂചനയുണ്ട്. എന്നാൽ മോഹിനിയാട്ടം സ്വാതി തിരുന്നാളിന്റെ

സൃഷ്ടിയാണെന്ന് ചിലർ വിചാരിക്കുന്നത് ശരിയല്ല. സ്വാതിയുടെ കാലത്തിനു മുമ്പ് തന്നെ മോഹിനിയാട്ട മുണ്ടായിരുന്നുവെന്നും അതുപഠിപ്പിക്കാൻ തിരുവനന്തപുരത്തുതന്നെ ഏർപ്പാടുണ്ടായിരുന്നുവെന്നും അതിൽ തിത്തി എന്ന കുഴൽവാദ്യം ഉപയോഗിച്ചിരുന്നു എന്നും അയ്യപ്പപണിക്കർ എന്ന മോഹനിയാട്ട വിദഗ്ദൻ ആസ്ഥാന വിദ്വാനോ അധ്യാപകനോ ആയി ഉണ്ടായിരുന്നുവെന്നും തെളിയിക്കുന്ന ചരിത്രരേഖ ഉണ്ടെന്ന് (1991-ലെ) വി.എസ് ശർമ്മ ചൂണ്ടികാണിക്കുന്നു. മലയാളം, സംസ്കൃതം, തമിഴ്, തെലുങ്ക് തുടങ്ങി വിവിധ ഭാഷകളിൽ സ്വാതി കൃതി രചിച്ചിട്ടുണ്ട്. സ്വാതി തിരുന്നാൾ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും മോഹനിയാട്ട നർത്തകികളെ കൊണ്ടുവന്ന് മോഹിനിയാട്ടം എന്ന നൃത്തരൂപത്തെ വിശിഷ്ടമാക്കി കൈരളിക്ക് സമർപ്പിക്കുക യാണുണ്ടായത്. ഇരയിമ്മൻ തമ്പി, കുട്ടിക്കുഞ്ഞു തങ്കച്ചി തുടങ്ങിയവർ മോഹിനിയാട്ടത്തിന് വേണ്ടി ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്.

സ്വാതിതിരുന്നാളിന്റെ കാലശേഷം ഉത്രം തിരുന്നാൾ, ആയില്യം തിരുന്നാൾ, റാണി സേതു ലക്ഷമി ഭായി എന്നിവരുടെ ഭരണകാലങ്ങളിൽ മോഹിനിയാട്ടത്തിന് നേട്ടമൊന്നും ഉണ്ടായിരുന്നില്ല. ഈ കലയിൽ സ്ത്രീലംബടരായ പുരഷന്മാരെ രസിപ്പിക്കുവാൻ ശൃംഗാരത്തിന്റെ അധിപ്രസരം ഏറിയതോടെ മോഹനിയാട്ടം അന്തസ്സുള്ള രംഗങ്ങളിൽ നിന്ന് നിഷ്കാസനം ചെയ്യപ്പെട്ടു. തങ്ങളുടെ കുടുംബത്തിൽ മോഹിനിയാട്ട നർത്തകികൾ ഉണ്ടെന്നു പറയുന്നതുതന്നെ ലജ്ജാവഹമായ കാര്യമായി വന്നു.

### അധ:പതന കാലഘട്ടം

സ്വാതിക്കുശേഷം മോഹിനിയാട്ടത്തെ സംബന്ധിച്ചടത്തോളം ഇരുണ്ട കാലമായിരുന്നു. മോഹിനിയാട്ടത്തിന്റെ ഈ അധ:പതന കാലത്ത്, സാധാരണ ജനങ്ങൾക്ക് രസിക്കത്തക്ക രീതിയിൽ തരംതാണ ആട്ടക്കാരികൾ ഉദരപൂർണത്തിനായി അശ്ലീല ജടിലമായ രചനകൾ രൂപപ്പെടുത്തിയാടി. മോഹിനിയാട്ട നർത്തികികൾ നടത്തിയ ഇത്തരം തരംതാഴ്ന്ന നൃത്തങ്ങളായിരുന്നു കളഭക്കൂത്ത് (ചന്ദന നൃത്തം) മുക്കുത്തിപ്പാട്ട്, പൊലുക്കൂത്ത്, അച്ചിക്കൂത്ത്, ഏശൽ,



ഖ്യാലും പുല്ലാംഗിയും തുടങ്ങിയവ. നൃത്തം ചെയ്യുന്നതിനിടയിൽ പ്രേഷകരുടെ ഇടയിൽ നിന്നും പണം പിരിക്കുന്ന സമ്പ്രദായമാണിത്. സംഗീതത്തിലും നൃത്തത്തിലും ഒരുതരം പ്രകൃതത്വം കാണാം. പാടിക്കേട്ടാൽ പ്രത്യേക രാഗമൊന്നുമില്ലന്നു തോന്നും. ഒരു പ്രത്യേക വേഷമൊന്നു മുണ്ടായിരുന്നില്ല. പലതരത്തിലുള്ള വേഷങ്ങൾ അണിഞ്ഞിരുന്നു.

പുല്ലാംഗി (പുഷ്പധാരിണി) വേഷം ധരിച്ച് നാടോടി ശൈലിയിൽ ഇവർ ആടിയിരുന്ന നൃത്തമായിരുന്നു പുല്ലാംഗി. പ്രസ്തുത കലാപ്രകടനങ്ങൾ സാധാരണക്കാരെ വശീകരിക്കാൻ പര്യാപ്തമായിരുന്നു.

ഈ കാലത്ത് തിരുവിതാംകൂർ ക്ഷേത്രങ്ങളിൽ നാമമാത്രമായി നടന്നിരുന്ന മോഹിനിയാട്ടം റീജന്റ് റാണി സേതുലക്ഷ്മീഭായി നിരോധിച്ചു. അന്ന് മോഹിനിയാട്ടമെന്ന പേരിൽ ദേവദാസികൾ തന്നെയായിരുന്നു നൃത്തം ചെയ്തിരുന്നത്. 1952 വരെ കൊച്ചിരാജ്യങ്ങളിലെ ചില ക്ഷേത്രങ്ങളിൽ ഒരാചാരമായി നടന്നു വന്നിരുന്നു. പിന്നീട് കൊച്ചിയിലും നിറുത്തൽ ചെയ്തു. "1920 കളിൽ കൊരട്ടിക്കര എന്ന പ്രദേശത്ത് കളമൊഴി കൃഷ്ണ മേനോൻ എന്നൊരാൾ ധാരാളം പെൺകുട്ടികളെ കൈകൊട്ടിക്കളി അഭ്യസിപ്പിച്ചു വന്നിരുന്നു. അപ്പേക്കാട്ട് കൃഷ്ണപ്പണിക്കർ, ആ കുട്ടികളിൽ നിന്ന് കുറച്ചുപേരെ തെരഞ്ഞെടുത്ത് മോഹിനിയാട്ടം അഭ്യസിപ്പിക്കുവാൻ തുടങ്ങി. പെരിങ്ങോട്ടു കുറശ്ശി ഒ. കല്യാണിയമ്മ, കൊരട്ടിക്കര മധവിയമ്മ, നെല്ലുവാര കുഞ്ചുക്കുട്ടിയമ്മ എന്നിവരാണിവർ". (കല്യാണിക്കുട്ടിയമ്മ 1992:37)

### മോഹിനിയാട്ട പുനരുദ്ധാരണം

ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളിൽ വള്ളത്തോൾ മോഹിനിയാട്ടത്തെ പുനരുദ്ധരിക്കാനുള്ള തീവ്രശ്രമം ആരംഭിച്ചു. ചെറുതുരുത്തിയിൽ 'കേരളകലാമണ്ഡലം' എന്ന കലാക്ഷേത്രം തന്നെ അദ്ദേഹം കേരളീയ കലകളെ പുനരുദ്ധീകരിക്കുന്നതിനായി സ്ഥാപിച്ചു. ആദ്യകാലത്ത് നട്ടുവനും ചില നർത്തകിമാരും വാദ്യക്കാരും പെട്ടിക്കാരു മടങ്ങിയ മോഹിനിയാട്ട സംഘം കാൽനടയായി നാട്ടുപ്രമാണിമാരുടെ ഭവനങ്ങളിലും അമ്പലങ്ങളിലും നൃത്തം അവതരിപ്പിക്കുന്നതായിരുന്നു നാട്ടുനടപ്പ്. കാലക്രമത്തിൽ കലയുടെ അംശം നേർത്തുവന്ന് അസഭ്യങ്ങളും ചാപല്യങ്ങളും കടന്നുകൂടിയപ്പോൾ പ്രഭുകുടുംബങ്ങളിലേയും മറ്റ് സംസ്കാര സമ്പന്നരായ കലാപ്രണയികൾ മോഹിനിയാട്ടത്തെ പ്രോത്സാഹിപ്പിക്കാതായി. ഈ സാഹചര്യത്തിൽ എങ്ങനെയും ആ നൃത്തരൂപത്തെ കരകളഞ്ഞെടുക്കാൻ വള്ളത്തോൾ ആഗ്രഹിച്ചു. മോഹിനിയാട്ടത്തെ പുനരുജ്ജീവിപ്പിച്ച് "കൈരളിനൃത്തം" എന്നു പേർ മാറ്റിയിട്ട് കലാമണ്ഡലത്തിലെ പാഠ്യവിഷയമാക്കണമെന്നായുരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.


മോഹിനിയാട്ടം പഠിപ്പിക്കുന്നതിന് ഒരാശാനെ കിട്ടാൻ ഒരന്വേഷണം നടത്തി. മോഹിനിയാട്ടം പഠിച്ചിട്ടുള്ളവർ തന്നെ അതു തുറന്നുപറയാൻ വിസമ്മതിച്ചിരുന്നു. പെരങ്ങോട്ടു കുറിശ്ശി, കൊരട്ടിക്കര, പഴയന്നൂർ, കുന്ദളശ്ശേരി, നെല്ലുവായ, കോങ്ങോട്, ലക്കിടി, നടവരമ്പ്, ചെമ്മന്തട്ട എന്നിങ്ങനെ തൃശ്ശൂർ-പാലക്കാട് ജില്ലകളിലെ മധ്യഭാഗത്തുള്ള ചില പ്രദേശങ്ങളിൽ അപൂർവ്വം ചില കുടുംബത്തിൽപ്പെട്ട അംഗങ്ങൾക്കു മാത്രമേ അക്കാലത്തു മോഹിനിയാട്ടം അറിയാമായിരുന്നുള്ളു. മോഹിനിയാട്ടത്തിൽ പ്രസിദ്ധനായിരുന്ന അപ്പേക്കാട്ടു കൃഷ്ണപ്പണിക്കരുടെ ശിഷ്യാപ്രധാനികളിൽ ഒരാളായ ഒരിക്കലേടത്തു കനിയമ്മയെ അദ്ദേഹം കണ്ടെത്തി. അന്നു ജീവിച്ച മോഹിനിയാട്ട നർത്തകികളിൽ പ്രഥമ ഗണനീയമായിരുന്നു കല്യാണിയമ്മ. അവരെ കലാമണ്ഡലം അധ്യാപികയായി നിയമിച്ചു. അവർ

അന്നത്തെ മോഹിനിയാട്ടത്തിൽ അശ്ലീലങ്ങളായ പല ഭാഗമുണ്ടായിരുന്നു. അക്കാലത്തെ സമ്പ്രദായമനുസരിച്ച് കല്യാണിയമ്മ തന്നെ പാടികൊണ്ട് ആടുകയാണ് ചെയ്തിരുന്നത്. വള്ളത്തോൾ സഭ്യേതരങ്ങളായ ഭാഗങ്ങളെല്ലാം എടുത്തുകളഞ്ഞിട്ട് മോഹിനിയാട്ടത്തിന്റെ മൂല്യം കളയാതെ രൂപപ്പെടുത്തി. 1932 ലായിരുന്നു മണ്ഡലത്തിൽ മോഹിനിയാട്ടക്കളരി ആരംഭിച്ചത്. ...... വരെ അധ്യാപികയായി കല്യാണിയമ്മയും ഒരു വിദ്യാർത്ഥിനിയായി തങ്കമണിയും (ഗുരു ഗോപിനാഥ പത്നി) മാത്രമായിരുന്നു ഉണ്ടായിരുന്നത്. കലാമണ്ഡലം കല്യാണികുട്ടി യമ്മ 1935 നു ശേഷം വിദ്യാർത്ഥിനിയായി വന്നപ്പോൾ മോഹിനിയാട്ടമായിരുന്നു പഠിച്ചിരുന്നത്. കഥകളി നൃത്തങ്ങളായിരുന്നു. കളിയിൽ നിന്ന് സങ്കീർണാംശങ്ങൾ മാറ്റിക്കളഞ്ഞ.... സരളവുമായ നൃത്തമാണ് കഥകളിനൃത്തം. 1937 ൽ ചോമായിൽ രാമൻ കണ്ടത്തുവളപ്പിൽ ...യമ്മ എന്നൊരു സ്ത്രീയെ അധ്യാപികയായി ... നിയമിച്ചു. അതോടെ മോഹിനിയാട്ടക്കളി.. വീണ്ടും ആരംഭിച്ചു. മാധവിയമ്മ മരിച്ച ശേഷം 1950 തട്ടാശ്ശേരി ചിന്നമ്മുവെന്ന അധ്യാപികയായിരുന്നു. മന്ദമായ പദവിന്യാസങ്ങളോടും മൃദുലമായ ചലനങ്ങളോടും സംസ്കാര സമ്പന്നമായ അഭിനയ രീതിയോടും കൂടിയ ചിന്നമ്മുവമ്മയുടെ ശൈലിയാണ്....ചെറിയ വ്യത്യാസങ്ങളോടും പരിഷ്കാരങ്ങളോടും ചേർന്ന് കലാമണ്ഡലം ശൈലിയായി രൂപപ്പെട്ടത്.



### വള്ളത്തോളിന്റെ പരിഷ്കാരങ്ങൾ

1. നർത്തകിയുടെ പിന്നാലെ നട്ടുവൻ (നൃത്ത അധ്യാപകരൻ)കുഴിത്താളവും പിടിച്ച് വായ്ത്താരിയും പറഞ്ഞ് രംഗത്തുടനീളം നീങ്ങിയിരുന്ന സമ്പ്രദായം നിറുത്തലാക്കി. ഗുരുവിനെ അരങ്ങിന്റെ വലതുഭാഗത്ത് ശ്രേഷ്ഠമായ സ്ഥാനം നൽകിയിരുത്തി.
2. കർണ്ണാടക സംഗീതത്തിന് യോജിച്ച വിധത്തിൽ വാദ്യോപകരണങ്ങൾക്ക് വ്യത്യാസം വരുത്തി. തൊപ്പി മദ്ദളത്തിനു പകരം മൃദംഗം ഏർപ്പെടുത്തി. വയലിൻ ഉപയോഗിച്ചു. മൃദംഗം, ഇടയ്ക്ക, വയലിൻ, തണ്ണിവാദ്യം തുടങ്ങിയ വാദ്യങ്ങൾക്ക് നാട്യഗുരുവിനോടൊപ്പം വേദിയുടെ വലതുവശത്ത് സ്ഥാനം നൽകി.
3. മോഹനിയാട്ടത്തിലെ ആംഗികാഭിനയത്തിന് ചിട്ടവരുത്തി. താന്ത്രിക മുദ്രകൾക്കും ഗ്രാമ്യമുദ്രകൾക്കും പുറമെ ഹസ്തലക്ഷണദീപികയെ ആധാരമാക്കിയിട്ടുള്ള മുദ്രകളും ഉപയോഗിച്ചു എന്നാൽകൈശികീവൃത്തിക്കനുസൃതമായി, ലാസ്യപ്രധാനമായതും, ഗ്രാമ്യവും, ലോകധർമ്മി പ്രധാനവുമായ അഭിനയശൈലിക്കും, നൃത്ത രീതിക്കും യാതൊരു കോട്ടവും വരരുത് എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. മോഹിനിയാട്ടത്തിന്റെ ശാസ്ത്രീയമായ ചട്ടക്കൂട്ടിൽ ഒതുങ്ങി നിന്നു വേണം ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്നീ ചതുർവിധാഭിനയങ്ങളെ പ്രയോഗിക്കുവാൻ എന്ന മോഹിനിയാട്ട ആചാര്യന്റെ അഭിപ്രായത്തെ അനുസരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.



കൃഷ്ണപ്പണിക്കരാശാന്റെ ശിക്ഷണത്തിൽ കല്യാണികുട്ടിയമ്മയും തോട്ടശ്ശേരി ചിന്നമ്മുവമ്മയുടെ ശിക്ഷണത്തിൽ സത്യഭാമയും മോഹിനിയാട്ടത്തിന്റെ വക്താക്കളായി മാറി. മോഹിനിയാട്ടത്തിന് പ്രയോഗികമായ അസ്തിവാരമിടുന്നതിൽ കല്യാണിക്കുട്ടിയമ്മ വലിയ പങ്കുവഹിച്ചു. കല്യാണിക്കുട്ടിയമ്മയുടെയും സത്യഭാമയുടെയും പിൻമുറക്കാരായ കലാമണ്ഡലം ക്ഷേമാവതി, കലാമണ്ഡലം സരസ്വതി, കലാമണ്ഡലം ലീലാമ്മ, കലാമണ്ഡലം സുഗന്ധി, നിർമ്മല പണിക്കർ എന്നിവർ കലാമണ്ഡലം ശൈലിയെ വേദികളിൽ സമാദരണീയമാക്കി.

മറ്റൊരു കലയേയും പോലെ മോഹിനിയാട്ടം എന്ന നൃത്തരൂപത്തിലും കാലഘട്ടത്തിന്റെ ഉൾത്തുടിപ്പുകൾ അനുഭവിച്ചറിയാം. സാമൂഹിക താൽപര്യത്തിന്റെ നിമ്നോന്നതികളിലൂടെയാണ് അത് മുന്നോട്ടൊഴുകിയതെന്ന് വ്യക്തം. ആയിടയ്ക്ക് രതി-വിരതികളും ശൃംഗാരകരുണഹ്ങളും അതിൽ പ്രതിഫലിക്കുകയും ചെയ്തു. ഇത് സ്വാഭാവികമായും കാലഘട്ടത്തിന്റെ അനുവാര്യതയുമായിരുന്നു. തളർച്ചയും വളർചയും പ്രസ്തുത കലാരൂപത്തിന്റെ ഭാവരൂപ സംവിധാനത്തിലും അവതരണത്തിലും ഉണ്ടായിരുന്നതായി പ്രകടമായി കാണാം.




നിദ്രാമോഷണം
ജീവൻ ജോബ് താമസ്
ഡി.സി. ബുക്സ് കോട്ടയം,
വില- 160

# സ്വപ്നം എല്ലായ്പ്പോഴും ഒരു സമസ്യ കൂടിയാണ്



**ഡോ. സുമേഷ് അരീക്കുഴിയിൽ**
*എം. ഇ. എസ് കോളജ്, നെടുങ്കണ്ടം*

സ്വപ്നം എന്നത് എഴുത്തിൽ പ്രത്യേകിച്ച് നോവൽ എന്ന സാഹിത്യ രൂപത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ സ്വതവേ ഉണ്ടാകാറുള്ള വായനയുടെ ക്ലിഷ്ടത ഒഴിവാക്കപ്പെടുകയും സ്വപ്നം എന്നതിനെ സമകാലിക സാമൂഹിക, രാഷ്ട്രീയ പരിസരത്ത് സാങ്കേതിക വിദ്യയുടെ പുതുകാല പ്രയോഗങ്ങളിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്ന ജീവൻ ജോബ് തോമസിന്റെ ആദ്യ നോവൽ ആണ് നിദ്രാമോഷണം.

സ്വപ്നത്തിലൂടെ സഞ്ചരിക്കുക എന്നത് അയഥാർത്ഥ്യമെങ്കിലും സ്വാനുഭവ തീക്ഷ്ണമായ ഒന്നാണ്. മറ്റൊരാളുടെ സ്വപ്നത്തിലൂടെ സഞ്ചരിക്കുകയും അയാളുടെ മനോനിലകളെ മോഷ്ടിക്കുകയും ചെയ്യുകയാണ് ജീവൻ ജോബ് തോമസ് എന്ന ഇതുവരെ നാം ശാസ്ത്ര ലേഖകൻ എന്ന് പരിചയിച്ച മലയാളത്തിലെ പുതു നോവലിസ്റ്റ്. നോവലിലെ ചിദംബരം സേതുനാഥ് എന്ന ഡോക്ടറുടെ ഓരോ ഉറക്കങ്ങളും ചെന്നെത്തുന്നത് ഓരോ പുതിയ കുരുക്കുകളിലേക്കും അവയുണ്ടാക്കുന്ന സാമൂഹിക അസ്വസ്ഥതകളിലേക്കും ആണ്.

ഒരാളുടെ സ്വപ്നം രേഖപ്പെടുത്തിവയ്ക്കപ്പെടുന്ന ഉപകരണമായി ഇവിടെ മൊബൈൽ ഫോൺ മാറ്റപ്പെടുകയാണ്. അതായത് നിങ്ങളുടെ ചിന്തകളാണ് നിങ്ങളുടെ കയ്യിലെ മൊബൈൽ എന്ന ഉപകരണം. അതിന്റെ ഇൻബോക്സിൽ കാണപ്പെടുന്നത് നിങ്ങളുടെ ചിന്തകളാണ്, സ്വപ്നങ്ങളാണ്. ഉറക്കം എന്ന ചെറു മരണങ്ങൾക്ക് ശേഷം പ്രജ്ഞ

യുടെ ഓർമപ്പെടുത്തലുകൾ എന്നപോലെ സ്വപ്നങ്ങളെ മൊബൈൽ ഫോണിലെ ഇൻബോക്സ് സൂക്ഷിത്തു വയ്ക്കുന്നിടത്ത് ജീവിതം യാന്ത്രികമായി നമ്മളെ വഴിനടത്തുന്നു. ചിലപ്പോഴെങ്കിലും അത് നമ്മുടെ ഭ്രാന്തുകളെ വസ്തുതാപരമായി അവതരിപ്പിക്കുന്നു. ഇഴപിരിയാൻ ആവാത്ത യാഥാർത്ഥ്യമായി ജീവിതം മോഷ്ടിക്കപ്പെട്ടവരായി നമ്മൾ മാറ്റപ്പെടുന്നു. പ്രതീതി യഥാർത്ഥ്യങ്ങളുടെ ശരി തെറ്റുകൾ അലോസരപ്പെടുത്തുന്ന ഭാവന എന്ന ഭീകരമായ മാനസിക നിലയെ എങ്ങനെ തരണം ചെയ്യണം എന്നറിയാതെ കുഴയുന്ന മനസ്സുകൾ ആയി നാം പരിവർത്തനം ചെയ്യപ്പെടുന്നു. ഒരുവന്റെ സ്വകാര്യത എന്നത് ഒരു മൊബൈൽ മെമ്മറിയിലേക്കോ കമ്പ്യൂട്ടർ സ്ക്രീനിൽ അവൻ അന്വേഷിച്ച് പോകുന്ന സൈറ്റ്കളിലേക്കോ തുറന്നിട്ട ഒരിടം ആയി മാറുന്നു. അതായത് ഇന്ന് നാം സ്വകാര്യത എന്ന് വിളിക്കുന്നത് സാങ്കേതികമായി ഒരു പൊതു ഇടത്തെ ആണ് എന്നു ചുരുക്കം. അങ്ങനെ നോവലിലെ ചിദംബരം സേതുനാഥ് എന്ന സാമൂഹിക പ്രതിബദ്ധതയുള്ള ഡോക്ടർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ നമ്മുടേത് കൂടി ആവിന്നിടത്ത് നോവൽ വയാനക്കാരന്റേതാവുന്നു. അവനവന്റെ മനോനിലകളെ സ്വയം വിശദീകരിക്കാനുള്ള ഒരാളുടെ സംഘർഷം ചിദംബരം സേതുനാഥ് എന്ന മനുഷ്യന് മേലെ വന്ന് വീണത് ഉറക്കത്തിൽ കാണുന്ന സ്വപ്നങ്ങൾ മൊബൈൽ ഇൻബോക്സിലെ വീഡിയോ ചിത്രങ്ങളായി സൂക്ഷിക്കപ്പെടുന്നു എന്ന വിചിത്രമായ സ്ഥിതി വിശേഷത്തിലേക്കാണ്. ഇങ്ങനെ ഭാവന എന്ന് മാത്രം വിശേഷിപ്പിക്കാൻ സാധ്യതയുള്ള ഒരു തരം അതീന്ദ്രിയ വിഭ്രമമാണ് നിദ്രാമോഷണം എന്ന നോവലിലെ പ്രധാന കഥാപരിസരം.

മലയാളിയുടെ പൊതുവായനരീതിക്ക് അപരിചിതമായ ഒരു ശൈലിയാണ് ജീവൻ തന്റെ ആദ്യ നോവലിന്റെ Craft ആയി സ്വീകരിച്ചത്. ചരിത്രവും മിത്തും രാഷ്ട്രീയവും സമന്വയിക്കുന്ന പുതു തലമുറ ത്രില്ലർ എന്ന സ്വയം പരിചയപ്പെടുത്തലിനും അപ്പുറത്ത് നാളെ ഒരുപക്ഷെ യാഥാർത്ഥ്യം ആയേക്കാവുന്ന ഒരു ശാസ്ത്ര യുക്തിയെക്കൂടി നോവൽ വായനക്കാരന് മുൻപിൽ വയ്ക്കുന്നുണ്ട്. സ്വപ്നം എന്ന എക്കാലത്തും വിശദീകരണ വിമർശനത്തിന് വിധേയമായ ഒന്നിനെ താരതമ്യേന അയത്ന ലളിതമായി അവതരിപ്പിക്കുന്നതിൽ നിദ്രാമോഷണം എന്ന നോവൽ വിജയിച്ചിട്ടുണ്ട്.

മലയാളത്തിന്റെ സാമാന്യ വായന രീതികളെ വിപരീത ദിശയിൽ അടയാളപ്പെടുത്തുന്നു എന്ന നിലയിലാണ് നിദ്രാമോഷണം എന്ന നോവൽ നിലനിൽക്കുന്നത് എന്ന് നിസംശയം പറയാം. ദമയന്തിയും രവീന്ദ്രൻ കർത്താവും ബഷീറും എല്ലാം വിവിധ മാനസിക നിലകളുടെ ആന്തരിക വൈരുദ്ധ്യങ്ങൾക്കിടയിൽ അല്ലെങ്കിൽ സമകാലിക സാമൂഹിക ജീവിതത്തിന്റെ ഒത്തുതീർപ്പുകൾക്കിടയിൽ സ്വയം അനാവൃതരാവുന്ന കഥാപാത്രങ്ങൾ ആണ്. ഒരു സിനിമയിൽ എന്നത് പോലെ ഇവിടെ സംഭവങ്ങൾ വായനക്കാരന് മുൻപിൽ വന്നു പോവുന്നു. സംഭവങ്ങളെ കൂട്ടിയിണക്കുന്നതിൽ ഒരു ചലചിത്രത്തിന്റെ സൂക്ഷ്മത പുലർത്തി എന്നതും നിദ്രാമോഷണത്തിന്റെ സവിശേഷതയാണ്. യുക്തിയുടെ വലിയ ഒരു ഇടം അർത്ഥ ശങ്കകൾക്കിടമില്ലാത്ത് വിധത്തിൽ തുറന്നു വയ്ക്കുന്നതിലും മാന്ത്രികതയുടെ ഒരു തിരനോട്ടം നടത്തുന്നതിലൂടെ ത്രില്ലർ എന്ന നോവൽ വാദത്തെ സാധൂകരിക്കുന്നതിലും നോവൽ വിജയിച്ചിട്ടുണ്ട്.

സ്വപ്നം എന്നതിനെ ഏറ്റവും സാമാന്യമായ നിർവചനങ്ങളിലൂടെ വായനക്കാരന് മുൻപിൽ വയ്ക്കുക എന്നത് ഈ നോവലിന്റെ രചനാവേളയിൽ നോവലിസ്റ്റ് അനുഭവിച്ച ആത്മ സംഘർഷം ആവാം. The Intgerpretation of Dreams എന്ന പുസ്തകത്തിൽ സിഗ്മണ്ട് ഫ്രോയിഡ് ബോധ അവബോധങ്ങളെ സ്വപ്നവുമായി അല്ലെങ്കിൽ സ്വപ്ന വിശകലനവുമായി ബന്ധപ്പെടുത്തുണ്ട്. അബോധത്തിലേക്കുള്ള രാജപാതകളിൽ ഒറ്റപ്പെടുന്ന, ഇനി എന്തെന്ന് അറിയാനോ പറയാനോ കഴിയാത്ത ഒരിടത്ത് സ്വപ്നം മനുഷ്യനെ ദുർബലനാക്കുന്നു. നോവലിസ്റ്റിന്റെ വാക്കുകളിൽ "സ്വപ്നങ്ങൾ നമ്മുടെ ബോധത്തിന്റെ നിയന്ത്രണത്തിന് വിധേയമല്ല. വിചാരിക്കുന്ന തരം സ്വപ്നങ്ങൾ നമുക്കു കാണാനായാൽ ഒരു പക്ഷെ, മനുഷ്യൻ സാധാരണ ജീവിതത്തിന്റെ ഭാരങ്ങളും ദുരിതങ്ങളും എല്ലാം ഒഴിവാക്കി സദാസമയവും ഉറങ്ങി ജീവിക്കുകയും അതിൽ രൂപപ്പെടുന്ന സ്വപ്നങ്ങളുടെ സംവേദനസുഖങ്ങളിലൂടെ ശിഷ്ടകാലം ജീവിച്ചു തീർക്കുകയും ചെയ്തേക്കാം". വാസ്തവത്തിൽ മേൽപ്പറഞ്ഞ മാനസിക നിലയിലെ പരമമായ നിസഹായത മാത്രമാണ് മനുഷ്യൻ.

പ്രണയവും രതിയും മലയാളിയുടെ സാമ്പ്രദായിക വിശകലനത്തിന് മാത്രം വിധേയമാകുന്ന വർത്തമാന കാല ജീവിത പരിസരത്തെ നിദ്രാമോഷണം ചർച്ച ചെയ്യുന്നുണ്ട്. പാരമ്പര്യത്തെക്കുറിച്ചുള്ള മലയാളിയുടെ മിഥ്യാബോധം പ്രശ്നവൽക്കരിക്കപ്പെടുന്ന സമകാലത്ത് ഓർഗി ഗ്രൂപ്പ് എന്നത് നോവലിന്റെ ഇതിവൃത്തത്തെ സജീവമാക്കി നിലനിർത്തുന്നത് അതുകൊണ്ടാണ്. സൈബർ എത്തിക്സ് എന്നത് എങ്ങനെ ആവണം എന്നതിനേക്കാൾ അത് എങ്ങനെ ആവരുത് എന്ന് ചാനൽ ചർച്ച നടത്തുന്ന മലയാളിയുടെ സദാചാര ബോധത്തെ പരിഹസിക്കുന്ന ഇടത്താണ് നിദ്രാമോഷണം ഒരു സമകാല രചന ആവുന്നത്. porn site കൾ തുറന്ന് വയ്ക്കുന്ന രതി മേളകളിൽ നിഗൂഢമായി ആനന്ദം കണ്ടെത്തുന്ന ശരാശരി മലയാളിയെ ചിദംബരം സേതുനാഥ് അഭിസംബോധന ചെയ്യുന്നുണ്ട്. അതുപക്ഷെ അയാളിലെ സമൂഹജീവിയെ, പരിസ്ഥിതി വാദിയെ ചെറുതാക്കി കാണിക്കുന്നതിനുള്ള ഉപാധിയാവുന്നില്ല എന്നതും ശ്രദ്ധേയമാണ്. ചിദംബരം സേതുനാഥ് എന്ന കഥാപാത്രം നമ്മളിൽ ചിലരെ പ്രതിനിധീകരിക്കുന്നതും ഇപ്രകാരം ആണ്.

തന്റെ ആദ്യ നോവലിന്റെ ഇതിവൃത്തത്തെ ശാസ്ത്രയുക്തിയുടെ സന്ദർഭത്തിൽ അവതരിപ്പിച്ചതിലൂടെ ജീവൻ ജോബ് തോമസ് മലയാളത്തിൽ ഒരു പുതിയ വായന പരിസരത്തെ സൃഷ്ടിച്ചിരിക്കുന്നു. സാഹിത്യത്തിൽ ഒരു ഹോളിവുഡ് സിനിമയുടെ പ്രതലം സൃഷ്ടിക്കുകയാണ് എഴുത്തുകാരൻ ചെയ്തത്. The inception എന്ന Christopher Nolan ന്റെ സിനിമയിൽ എന്ന പോലെ വായനക്കാരന്റെ കൂടി സ്വപ്നങ്ങളെ മോഷ്ടിക്കുന്നു. നിദ്രാമോഷണം എന്ന നോവൽ ഇവിടെ മോഷ്ടാവും മോഷണവും ഒരു ആന്തരിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന വായനക്കാരനാണ് എന്ന് മാത്രം.



# Revenue Resources and Fiscal Problems in Kerala



**Dr. Kumar S P**
*SN College, Kollam*

Though the Kerala economy recorded appreciable growth in Gross State Domestic Product (GSDP) in the decade 2000; it was not accompanied by commensurate growth in revenue realization. However, this situation slightly improved from 2006-07 onwards thanks to the compensation provided by the center for the loss of revenue incurred by the states as a result of the introduction of Value Added Tax (VAT). Similarly, better tax administration measures pursued by the previous LDF govt. also contributed to this improvement. Such measures included (1) "check post takeover" of major check posts such as Operation Palakkad between 21.09.2006 and 24.09.2006, (2) introduction of e-governance in the check posts, computerization of taxation department, etc. But the current state government has failed to continue the momentum initiated by the left government.

The fiscal performance of Kerala since 2009-10 is extremely poor due to unwise economic policy of UDF government. The finance department often resorts overdraft facilities as well as issuing debentures for meeting day today expenses. It is also concerned with the issues such as large tax evasion, low tax compliance, inordinate delay in settling dispute cases and the growing lethargy in collection of arrears, etc. The trend of revenue receipts (RR) and its components showing high deceleration of growth in recent years. Following table explain it clearly.

**Table-1**
**Revenue Receipts and its major Components, 2002FY - 2013 FY (' . Crore)**

| ITEMS | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|
| Revenue Receipts (RR) | 30991 | 38010 | 44137 | 49177 |
| Growth Rate | 18.70 | 22.60 | 16.10 | 11.40 |
| RR/GSDP (%) | 11.70 | 12.30 | 12.60 | 12.40 |
| OTR | 21722 | 25719 | 30077 | 31995 |
| Growth Rate | 23.20 | 18.40 | 16.90 | 6.40 |
| OTR/RR(%). | 70.10 | 67.70 | 68.10 | 65.10 |
| OTR/GSDP | 8.20 | 8.40 | 8.60 | 8.10 |
| NTR | 1931 | 2592 | 4199 | 5575 |
| Growth Rate | 4.20 | 34.30 | 62.00 | 32.08 |
| Central Transfers(CT) | 7338 | 9700 | 9862 | 11607 |
| Growth Rate | 10.6 | 32.2 7 | 1.7 | 17.7 |
| GSDP at currentprices | 263773 | 307906 | 349338 | 395076 |
| Growth Rate | 13.7 | 16.7 | 13.5 | 13.1 |

Source: *Finance Accounts, Government of Kerala*

Inference from Table-1 is that present fiscal crisis of the state is mainly because of the declining growth of own tax revenue (OTR), the major source of revenue of the state's exchequer. When the rate of growth of non-tax revenue is reviewed, performance in the short run (2013) is slightly better than the medium-term (2009-13) which is still better than the long run (2002-13). This is because until 2011-12 non-tax revenue (NTR) was less than one percent of Gross State Domestic Product (GSDP) after which it is above one percent. There are states in India where NTR as percentage of GSDP is around 3.5 percent. Unlike them, with highly developed general and social services, Kerala should have collected at least 3.5 % of GSDP. But the record of our tax effort is not even one-third of other states in India. "Collect more NTR and provide services at international standard is the dictum" followed by other developed and developing countries. But Kerala miserably failed in the collection of NTR. As far as central transfers, there is drastic cut in central transfers. Decline in central transfers from 3.2 percent of GSDP to 2.8 and 2.9 percent respectively of GSDP in 2012-13 and 2013-14 is a major reason for the fiscal crises of Kerala and for placing Kerala among the 'revenue stressed category states' by the Fourteenth Finance Commission.

## Structure and Growth of Own Tax Revenue

Since Own Tax Revenue constitutes 64 to 70 percent of the revenue receipts of the state, it is interesting to observe the pattern of growth of its major sources. The following table explains it clearly.

**Table-2 Growth Rates (%) of Sub-Components of Own Tax Revenue by Term, 2009FY - 2013FY**

| Item | Short Term (2013) | Medium Term (2009-13) |
|---|---|---|
| Sale Tax/ VAT | 14.70 | 17.10 |
| Excise Duty | 03.40 | 07.60 |
| Motor Vehicle Tax | 16.80 | 18.20 |
| Stamp Duty & Registration | -6.70 | 06.60 |
| Electricity Duty | 43.80 | 03.30 |

The table-2 examines the average rate of growth of major components of own tax revenue by term. When sales tax/ VAT grow better at 17.1 percent in the medium-term, short-term performances are poor (14.7%). This may be attributed to factors such as, rubber price crash, the recessionary situation in the state, nexus between politicians, bureaucrats and dealers resulting in rampant tax evasion and avoidance, etc. Growth rate of excise duty is higher at 7.6 percent in the medium-term while it is only less than half of that (3.4%) in the short-term. Major reasons behind this may be attributed to the current excise policy particularly liquor policy of the govt.

**Non-Tax Revenue**

In Kerala, Non-Tax Revenue is collected under three major heads, viz; General Services, Social Services and Economic Services. The three major heads have minor heads within. In addition to the dividends and profits, and interest receipts are also included under non-tax revenue. Following table gives growth rate of non-tax revenue of the state.

**Table- 3 Growth Rate by Major Heads and by Term**

| Items | Medium Term (2009-13) | Short Term (2013) |
|---|---|---|
| Non Tax Revenue | 47.40 | 30.40 |
| a. General Service | 63.70 | 43.10 |
| b. Social Service | 26.10 | 18.90 |
| c. Economic Service | 17.00 | 09.20 |
| d. Interest Receipt | 06.50 | 17.50 |
| e. Dividend and Profit | 40.10 | 45.50 |


Source: CAG Reports

The table-3 indicates some progress in non-tax revenue. It is mainly because of the progress of lottery revenue, penalty income from motor vehicles and police and steep rise in the prices of service delivery of govt. services. Dearness in service delivery put more burdens on the shoulders of the people, especially poor. Poor growth of economic service especially in the short-run reflects the declining rate of growth of revenue from forestry, mining, quarrying, etc. This trend is alarming because economic services are the components which contribute more to NTR than others in most other states of India. It is also important to notice that income from interest receipt and dividend is decelerating, indicates unsoundness of the economy.

**Mobilization of Central Plan Grants**

The state is criticized for the poor acquisition of central plan grants even at the time where both center and state are ruled by UDF. Govt. departments are lethargic and show a great amount of apathy in preparing schemes and projects so that central plan grant mobilization is accorded high priority. Weak demanding power coupled with poor projects formulation is the major problems of lower central plan allocation to Kerala. The major component of center plan grant includes State Plan Schemes (SPS), Central Plan Schemes (CPS) and Centrally Sponsored Schemes (CSS). Following chart examine the position of proportional share of plan grants to Kerala among other Southern States.

**Chart 3. 1 Share of Plan Grants by COmponentswise-Southern States**




Among the four components of plan grants examined, Kerala avails the lowest share among southern states. This finding needs to be evaluated with share

of population. When one look at these shares through the lens of the size of population of each state, situation becomes a little more comfortable. However, it goes without saying that Kerala still ranks the lowest in getting the Central Plan grants.

The UDF government's vested interests, competitive populism, pet projects and sheer incompetence as factors that have contributed to Kerala's perennial fiscal crisis. Vested interests in Kerala contribute in two ways. There are commercial vested interests in agriculture, trade, real estate and education directly represented by specific political parties and a corporatised media. This ensures the higher concessions and low taxes, which ultimately ruin the robustness of treasury. The other block of vested interests are the public sector employees, both managers and workers, extending to the general administration. This section happens to be paid without any reference to either their productivity or the financial condition of the government. To the extent that the general administration is overstaffed, it lowers overall productivity by getting in the way of efficiency. On the other hand, the agencies responsible for public services are understaffed, and to the extent they provide producer services, this lowers output. When output is negatively affected it lowers public revenues as most taxes are levied *ad valorem*. Besides this, prudency in the collection of sales tax is historically low due to high political pressure from some allies of the front. Thus, in short, the last four and half years of UDF rule put the Kerala economy into deep revenue crisis and a lot of things has to be done for the recovery from the crisis.


***FOR TOP QUALITY TEXTS ...***

**SOBA PUBLICATIONS**

*... wings of wisdom*

***Changanasserry, Kottayam,Kerala State 686101***

***Our prestigeous books which you can confidently follow ...***

- **Financial Management (For B.Com / B.B.A)** *` 140*
- **Income Tax** *(For B.Com / B.B.A) ` 290*
- **Direct taxes - Law and Practice** *(For M.Com / MBA / CA/ ICWA) ` 390*
- **Principles of Insurance** *(For B.Com / B.B.A) ` 100*
- **Capital Market** *(For B.Com.) ` 100*
- **Value Added Tax - Concepts and Practices** *(For B.Com) ` 110*
- **Indian Financial Markets** *(For B.Com / B.B.A) ` 100*
- **Capital Market and Investment Management** *` 100*
- **Indian Financial System** *(For B.Com / B.B.A) ` 100*
- **Financial Management** *(For M.Com / MBA/ CA/ ICWA) ` 290*

***Attention Authors and Eminent Professors ...***

*We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...*

**SOBA PUBLICATIONS**

**The Manager**
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph. 9496752663 / 9446223651**
**Website : www.sobabooks.com**

# സാമൂഹ്യമാറ്റത്തിന്റെ ചാലകശക്തികൾ



ഡോ.ശ്രീവൃന്ദാനായർ.എൻ
*എൻ.എസ്.എസ്.ട്രെയിനിംഗ് കോളജ്,പന്തളം*

ഐക്യരാഷ്ട്ര സഭയുടെ മനുഷ്യവകാശ പ്രഖ്യാപനത്തിലൂടെ സാർവ്വത്രികമായ അംഗീകാരവും,പിന്തുണയും ലഭിച്ച മനുഷ്യാവകാശങ്ങൾ മനുഷ്യരെന്ന നിലയിൽ അന്തസ്സോടെയും അഭിമാനത്തോടെയും ജീവിക്കുവാനുള്ള വ്യക്തികളുടെ അവകാശങ്ങളാണ്.പാരിസ്ഥികാവബോധവും മനുഷ്യാവകാശബോധവും വികസനോന്മുഖ കാഴ്ച്ചപ്പാടും വ്യക്തികളെ പരിപൂർണ്ണരാക്കും. മേൽസൂചിപ്പിച്ച വസ്തുതകൾ ഒരു മാലയിൽ കോർത്ത മുത്തുകൾ പോലെ ഇണങ്ങിനിൽക്കുന്നവയാണ്.സംരക്ഷിക്കപ്പെടേണ്ട മൂല്യങ്ങളും,പ്രാവർത്തികമാക്കേണ്ട സുസ്ഥിര കാഴ്ച്ചപ്പാടുകളും അതുവഴി പ്രായോഗികമാകുന്ന സാമൂഹിക മാറ്റങ്ങളും ഏകീകൃതമാവാതെ വയ്യല്ലോ.വ്യക്തിയിൽ നിന്നും സമൂഹത്തിലേക്കും,സമൂഹത്തിൽ നിന്നും രാഷ്ട്രത്തിലേക്കും വ്യാപിക്കുന്ന-വ്യാപിക്കേണ്ടുന്ന-സ്വച്ഛമായ ആശയങ്ങളുടെ ചേരുവയാണ് യഥാർത്ഥ സമ്പത്തെന്നത് വിസ്മരിക്കാവുന്നതല്ല.ഇത്തരം പുരോഗമനത്തിന് അടിത്തറ പാകേണ്ടത് ഓരോ വ്യക്തിയുടെയും പ്രഥമവിദ്യാലയമായ വീടുകളിൽ നിന്നു തന്നെയാവണമെന്നതിൽ സംശയമില്ല. മാറ്റങ്ങൾ എപ്പോഴും അഭിലഷണീയമാവണമെന്നതും അവയുടെ അടിസ്ഥാനം കുടുംബങ്ങളിൽ നിന്നാവണമെന്നതും അനിഷേധ്യമായ വസ്തുതയാണ്.ഓരോ വ്യക്തിയുടെയും ശാരീരികവും (Physical ) ബൗദ്ധികവും, (Intellectual) വൈകാരികവും (Emotional) സാമൂഹികവും (Social) സദാചാരപരവും(Moral) ആത്മീയവുമായ (Spiritual) വികാസത്തിന് അന്തരീക്ഷമൊരുക്കേണ്ട ഉത്തരവാദിത്തമാണ് ഓരോ കുടുംബങ്ങൾക്കുമുള്ളത്. അങ്ങനെ വരുമ്പോൾ സർവ്വതോന്മുഖമായ വ്യക്തിത്വവികാസമാവണം ജീവിതലക്ഷ്യം തന്നെ.

ശുചിത്വം,വികസനം,സാമൂഹികമാറ്റം -ഇവ എങ്ങനെ പാരസ്പര്യത്തിൽ വർത്തിക്കുന്നുവെന്നു നോക്കാം.പൗരധർമ്മത്തിന്റെ അടിസ്ഥാന സവിശേഷതകളിലൊന്നാണ് ശുചിത്വം എന്നറിയുക. എങ്ങനെയാണ് വികസനത്തിന്റെയും സാമൂഹികമാറ്റത്തിന്റെയും നാഴികക്കല്ലായി ശുചിത്വത്തിനു മാറാൻ കഴിയുക?വ്യക്തിശുചിത്വം പോലെ പ്രധാനമാണ് പരിസരശുചിത്വമെന്ന ബോധമാണ് മാനസിക വികാസത്തിനും തദ്വാരാ സാമൂഹികമാറ്റത്തിനും വഴിതെളിക്കുന്നത്. പ്രകൃതിയെ ദുഷിപ്പിക്കുന്ന പ്രവണതകളിലൂടെ സംജാതമാകുന്ന പരിസരമലിനീകരണം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കു വഴിയൊരുക്കുമെന്നുമുള്ള അറിവ് ഓരോ വ്യക്തിയിലും രൂഢമൂലമാവേണ്ടതുണ്ട്. പ്രകൃതിവിഭവങ്ങൾ മനുഷ്യന്റെ ആവശ്യങ്ങൾക്കു മാത്രമാണെന്ന വികലമായ ധാരണയാണ് പ്രകൃതിയുടെ നാശത്തിലേക്ക് ഒരുവനെ കൊണ്ടുചെന്നെത്തിക്കുന്നത്.പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുന്നതിലൂടെ പരിസരത്തെ കൂടുതൽ അറിയാനും പ്രകൃതിഭംഗിയുടെ തനിമയ്ക്കു ഭംഗം വരുത്താതെ അവയെ കാത്തുസൂ

ക്ഷിക്കാനും ഒരുവനു കഴിയുന്ന. ശുചിത്വബോധമെന്നത് ഒരു മൂല്യവ്യവസ്ഥയാണെന്നും അതിനെ അഭിലഷണീയമായ മനോഭാവമാക്കി മാറ്റേണ്ടതുണ്ടെന്നുമുള്ള ധാരണ ഏറെ മാറ്റങ്ങളാണ് ഓരോരുത്തരിലും സൃഷ്ടിക്കുക. യഥാർത്ഥത്തിൽ ശുചിത്വമെന്നത് ഒരു മൂല്യമാണ്. തലമുറകളോളം കാത്തുസൂക്ഷിക്കേണ്ടുന്ന പാവനമായ ആശയതലമാണത്. സങ്കുചിതമായ മാനസികസ്ഥിതിയും വികസനത്തിനു പുറം തിരിഞ്ഞു നിൽക്കുന്ന മനോഭാവവും ഇതിനു വിഘാതങ്ങൾ സൃഷ്ടിക്കുന്നു. ശുചിത്വം വ്യക്തികളിൽ നിന്നും സമൂഹത്തിലേക്ക് വ്യാപിപ്പിക്കേണ്ട ഒന്നാണ്. വ്യത്യസ്ത തരത്തിലുള്ള ശുചിത്വമില്ലായ്മ മനുഷ്യനെ ഗുരുതരമായ അപകടങ്ങളിൽ കൊണ്ടുചെന്നെത്തിക്കുമെന്നുള്ള തിരിച്ചറിവാണ് ഏറ്റവും പ്രധാനമായത്.

ശുചിത്വത്തിന്റെ ബാലപാഠങ്ങൾ തിരിച്ചറിയുന്ന വ്യക്തിബോധപൂർവ്വമല്ലാതെ തന്നെ വികസനത്തിന്റെ വഴികളാണ് തുറക്കുന്നത്. ഒരു വ്യക്തിയിലുണ്ടാകുന്ന മാറ്റം അവന്റെ ചുറ്റുമുള്ളവരിലേക്കു പ്രസരിക്കുന്നു. ചുറ്റുമുള്ള സമൂഹത്തിന്റെ വ്യാപ്തി വർദ്ധിക്കുന്തോറും മാറ്റങ്ങളും വർദ്ധമാനമാകുകയാണ്. സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നേറാനും വെല്ലുവിളികൾ സധൈര്യം നേരിടാനുമുള്ള ആത്മധൈര്യം ഇത്തരം കൂട്ടായ്മകൾ നൽകുന്നു. അനുകൂലവും അനുഗുണവുമായ പെരുമാറ്റത്തിലേക്കു നയിക്കുന്ന കഴിവുകളെ വികസിതമാക്കുവാനും ഇത്തരം ഇടപെടലുകളിലൂടെ സാധിക്കും. വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കുക, ബന്ധങ്ങൾ നിലനിർത്തുക,സ്വാഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള അവസരങ്ങൾ സംജാതമാക്കുക,നിഷേധാത്മക ചിന്തകളോട് പ്രതികരിക്കാനുള്ള കഴിവ് വളർത്തുക ഇങ്ങനെ രൂപപ്പെടുന്ന എല്ലാത്തരം വികസനമന്ത്രങ്ങളും യഥാർത്ഥത്തിൽ ജീവിതനൈപുണികൾ തന്നെയാണ്.ഇത്തരം ജീവിതനൈപുണീ വികസനത്തിന് നിമിത്തമാകേണ്ട ഒരേ ഒരു മാദ്ധ്യമം മാത്രമേയുള്ളൂ .അതത്രേ വിദ്യാഭ്യാസം. സാമൂഹ്യബോധം മനുഷ്യനിലുളവാക്കുവാൻ വിദ്യാഭ്യാസത്തിലൂടെ മാത്രമേ കഴിയുകയുള്ളൂ.ചിന്താശീലവും,വിവേകബുദ്ധിയും ,അന്വേഷണപരതയും, യുക്തിബോധവുമായിരിക്കണം ഓരോ വിദ്യാർത്ഥിയെയും നയിക്കേണ്ടത്. വ്യക്തികളുടെ അവകാശങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതോടൊപ്പം അവനു സമൂഹത്തോടുള്ള ഉത്തരവാദിത്വങ്ങളും കടമകളും ഓർമ്മിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെയാണിവിടെ സൂചിപ്പിക്കുന്നത്.

സാമൂഹികമാറ്റമെന്നതിന്റെ വ്യാപകാർത്ഥമുൾക്കൊള്ളാതെ നടത്തുന്ന അധരവ്യായാമങ്ങൾ നിരർത്ഥകമാണെന്നറിയുക. അനുകരിക്കാവുന്ന സാമൂഹ്യസംവിധാനത്തിന്റെ ഉറവിടം സാമൂഹ്യബോധത്തിലൂടെയാണ് സാദ്ധ്യമാക്കേണ്ടത്. സാമൂഹ്യസ്ഥാപനങ്ങൾക്കാണ് ഇവിടെ ഏറ്റവും കുടുതൽ സംഭാവന ചെയ്യുവാൻ കഴിയുക. ശുചിത്വബോധവും,വികസനപ്രവണതകളും നൂതനമായ സാമൂഹ്യവിപ്ളവം തന്നെയാണ് ലക്ഷ്യമിടുന്നത്. അത്തരം വിപ്ളവത്തിന്റെ സൃഷ്ടികർത്താക്കളാകാൻ ഓരോ വ്യക്തികളെയും പ്രാപ്തനാക്കുക എന്ന ബൃഹത്തായ സംരംഭത്തിന് കാരണമാകാൻ ഓരോ വ്യക്തികളും ആത്മാർത്ഥമായി ശ്രമിച്ചേ മതിയാവൂ. പ്രവൃത്തിയിലൂടെ തെളിയിക്കപ്പെടുന്ന സാമൂഹ്യവത്ക്കരണം മാത്രമാണ് യാഥാർത്ഥ്യമായിട്ടുള്ളത്.മനസ്സിന്റെയും ശരീരത്തിന്റെയും ശുചിത്വമാണ് ഓരോ വ്യക്തിയും ലാക്കാക്കേണ്ടത്. ജാതിമത ചിന്തകൾക്കതീതമായി പ്രവർത്തിക്കുവാനും സാഹോദര്യവും കരുണാപൂരിതവുമായ മനോഭാവത്തോടെ സഹജീവികളെ കാണാനും കഴിയുമ്പോൾ മനസ്സ് അശുദ്ധിയിൽ നിന്നു മാറുന്നു.വൈവിദ്ധ്യം മനുഷ്യസഹജമാണ്.പക്ഷെ വൈവിദ്ധ്യങ്ങളെ അംഗീകരിച്ചുകൊണ്ട് മനുഷ്യനെ നിഷേധാത്മക ചിന്തയിലേക്കു നയിക്കുന്ന മാനസിക സ്ഥിതിയെ നിയന്ത്രിക്കാൻ അവനു കഴിയണം. അതിനവനെ പ്രാപ്തനാക്കുന്നത് അവനിൽ ഉറങ്ങിക്കിടക്കുന്ന സാമൂഹ്യബോധമാണ്. അത്തരം ബോധത്തെ അർത്ഥപൂർണ്ണമായി ഉണർത്തിയെടുക്കുകയാണ് ആദ്യം വേണ്ടത്. സദ്വികാരങ്ങളും ,സദ്പ്രവൃത്തികളും അവനിലെ ചിന്തകളെ ത്രസിപ്പിക്കുമ്പോൾ തെളിയുന്നത് വലിയൊരു നാളേയ്ക്കു വേണ്ടിയുള്ള ശുഭ്ര മനസ്ഥിതിയാണ്. സമൂഹത്തിൽ നിന്നകന്നുകൊണ്ട് മാനസികമോ ബൗദ്ധികമോ ആയ വികസനം സാദ്ധ്യമല്ലെന്ന തിരിച്ചറിവാണ് നമുക്കുവേണ്ടത്.ജീവിതരംഗത്ത് ഓരോ വ്യക്തിയും കൈവരിക്കുന്ന വിജയങ്ങൾ അയാൾക്ക് ബാല്യത്തിൽ ലഭിച്ച സാഹചര്യങ്ങളുമായും നയിക്കപ്പെട്ട സന്ദർഭങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു.

പ്രകൃതിനിയമങ്ങളെ വെല്ലുവിളിക്കാത്ത വികസനമാണ് ഏറ്റവും അഭിലഷണീയം. ശുചിത്വമില്ലായ്മ നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്കും അതുവഴി ആരോഗ്യപ്രശ്നങ്ങൾക്കും വഴിതെളിക്കും. ശാസ്ത്രത്തിന്റെ പിന്തുണയോടെ നടപ്പിൽ വരുത്തിയ വ്യവസായവിപ്ളവം മനുഷ്യനെ കൊടും പ്രശ്നങ്ങളിലേക്കാണ് തള്ളിവിട്ടത്.മനുഷ്യനൊഴികെ മറ്റെല്ലാ ജീവജാലങ്ങളും പ്രകൃതിനിയമങ്ങൾ അനുസരിച്ചു കഴിയുന്നവരാണ്. ചിന്താശക്തി കൊണ്ട് പ്രബലനായ മനുഷ്യൻ മാത്രം അവയെ നിഷ്ക്കരുണം തള്ളി താത്ക്കാലികലാഭത്തിനു വേണ്ടി പോരാടുന്നു.പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ട് നടത്തുന്ന വികസനം ഒരിക്കലും വികസനമാകുന്നില്ല. ആദ്യം നേടേണ്ടത് ആന്തരിക വികസനമാണ്.മാനുഷികമൂല്യങ്ങളോട് പ്രതിപത്തിയും ധാർമ്മികതയിലൂന്നിയ പ്രവർത്തനക്രമങ്ങളും പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്യാതെ നേടുന്ന നേട്ടങ്ങളോടുള്ള അദമ്യമായ താല്പ്പര്യവും അവനിലെ ആന്തരിക നന്മയെ തൊട്ടുണർത്താൻ പോന്നവയാണ്.ഇവിടെയും സുസ്ഥിരവികസനത്തിന്റെ ബാലപാഠങ്ങൾ നൽകാൻ നമുക്ക് ആശ്രയിക്കാവുന്ന ഏക ഉപാധി വിദ്യാഭ്യാസം എന്ന മഹത്തായ പ്രക്രിയയാണ്.

പ്രകൃതിയെ സ്നേഹിച്ചും,മനസ്സിലാക്കിയും,പരിപോഷിപ്പിച്ചും നേടുന്ന വികസനം മാത്രമാണ് യഥാർത്ഥ വികസനമെന്ന കാഴ്ച്ചപ്പാട് കുട്ടികളിൽ വളർത്തിയെടുക്കുന്ന പാഠ്യപദ്ധതിക്ക് ഏറെ സംഭാവനകൾ നൽകാൻ കഴിയും. മനുഷ്യന്റെ മനസ്സിൽ മാറ്റത്തിന്റെ ഓളങ്ങൾ സൃഷ്ടിക്കാൻ ഇത്തരത്തിലുള്ള ബോധപൂർവ്വമായ നടപടിക്രമങ്ങളിലൂടെ സാധിക്കും.സാമൂഹിക മാറ്റത്തിന്റെ പ്രതിധ്വനികൾ ഉയരേണ്ടത് വിദ്യാലയങ്ങളിലാണ്.അവ സമൂഹത്തിലേക്കും തദ്വാരാ വികസനത്തിലേക്കും എത്തിച്ചേരുമെന്നുറപ്പാണ്. വീടും പരിസരവും ശുചിയായി സൂക്ഷിക്കണമെന്ന പാഠം നാം കേട്ടു മടുത്തതാണ്. ശുചിത്വമില്ലായ്മ സൃഷ്ടി

ക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഏറെയാണുതാനും.മനസ്സിന്റെ ശുചിത്വം പുരോഗതിക്കും വികസനത്തിനും അത്യന്താപേക്ഷിതം.പരിസരശുചിത്വം പരിസരത്തെ വെടിപ്പുള്ളതാക്കുമ്പോൾ മനസ്സിന്റെ ശുചിത്വം മനുഷ്യനെ അധോഗതിയിലേക്കു നയിക്കാവുന്ന ദുഷ്പ്രവണതകളെ മാറ്റിയെടുക്കലാവുന്നു.പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ പരിധി കഴിയുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ വിവരണാതീതമാകുന്നു. കായലും,കാടും,മലയും. പുഴയും എല്ലാം മലിനമാക്കി പ്രകൃതിപ്രതിഭാസങ്ങളെ തന്റെ ധിഷണാ ശക്തിക്കു വെട്ടിപ്പിടിക്കുവാൻ കഴിയുമെന്ന ധാർഷ്ട്യത്തോടെ മുന്നേറുന്ന മനുഷ്യൻ വികസനത്തിലേക്കല്ല കടന്നുചെല്ലുന്നതെന്നോർക്കുക. പച്ച പുതച്ച കാടുകളും കിളികളുടെ കൊഞ്ചലും,പുഴയുടെ കുണുക്കങ്ങളും പഴംകഥയായി പോകുന്നതിന്റെ ഉത്തരവാദി ബുദ്ധിശാലിയായ മനുഷ്യൻ തന്നെയല്ലേ? ക്രിയാത്മകമായി ചിന്തിക്കുന്നതിനു പകരം വിക്രിയകൾ കാട്ടാനാണ് അവനിഷ്ടം. മാനവരാശിയുടെ പൊതുനന്മ ലാക്കാക്കി പ്രവർത്തിക്കാത്ത സ്വാർത്ഥ താല്പര്യങ്ങളെല്ലാം ചെന്നെത്തി നിൽക്കുന്നത് പരിസ്ഥിതി ഭീഷണിയിലേക്കാണ്. ദുഷ്ടലാക്കോടെ ചെയ്തുകൂട്ടുന്ന പ്രവർത്തനങ്ങൾ പ്രകൃതിയെ നശിപ്പിക്കുന്നു, മനുഷ്യനിലെ മൂല്യങ്ങളെ തച്ചുടക്കുന്നു. യഥാർത്ഥ വികസനത്തിനു വിഘാതമാകുന്നു.

ഉദ്ദേശ്യാധിഷ്ഠിത വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് ഇതിനെല്ലാമുള്ള ഒറ്റ മൂലി എന്നു പറയാൻ ആഗ്രഹിക്കുകയാണ്.മനുഷ്യനെ തൃപ്തിപ്പെടുത്താൻ പോന്നവയെല്ലാം നമുക്കീ ഭൂമിയിൽനിന്നു കിട്ടുമെന്നും അത്യാർത്തിക്കുള്ളത് കിട്ടില്ലെന്നും ഉദ്ഘോഷിച്ച രാഷ്ട്രപിതാവിനെ നാം ക്ലാസ്സ് മുറികളിൽ പഠിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. ഡിബേറ്റുകൾ സംഘടിപ്പിക്കുന്നു. അഭിമുഖങ്ങൾ നടത്തുന്നു. പക്ഷെ യഥാർത്ഥ മാറ്റങ്ങൾ കാണാൻ കഴിയുന്നുണ്ടോ എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. നമുക്കു പ്രിയതരമായിരുന്ന കാഴ്ച്ചകളെ പടിയിറക്കിവിടാതെ നിലനിർത്താനും ഊഷ്മളമായ പ്രവർത്തനങ്ങൾ നൽകി മനുഷ്യസമൂഹത്തെ മാറ്റിയെടുക്കുവാനും കഴിയുന്നിടത്ത് വികസനത്തിന്റെ അലകളാണ് ഉയർന്നു വരുന്നത്.ടൂറിസവും, ശാസ്ത്ര സാങ്കേതിക വികസന പരിപാടികളും നമുക്കാവശ്യം .പക്ഷെ നമ്മിലെ നമ്മെ പറിച്ചെറിഞ്ഞുകൊണ്ടുള്ള വികസനപരിപാടികളും യാഥാർത്ഥ്യബോധം തൊട്ടുതീണ്ടാത്ത വികസന പ്രമാണങ്ങളും നമ്മെ എവിടെക്കൊണ്ടുചെന്നെത്തിക്കുമെന്നു പ്രവചിക്കാൻ കഴിയാതെ വരുന്നു. പ്രകൃതിയോട് ആദരപൂർവ്വമായ കാഴ്ച്ചപ്പാടും .സമീപനവും പുലർത്തിയിരുന്ന സംസ്ക്കാരപ്പെരുമ അസ്തമിക്കുകയാണെന്നു വിലപിച്ചാൽ അത് അക്ഷരാർത്ഥത്തിൽ ശരിതന്നെയല്ലേ? സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വികസനപ്രക്രിയ ആസൂത്രിതവും ജനപങ്കാളിത്തം ഉറപ്പാക്കുന്നതുമാവണം. നേട്ടങ്ങളെ നിലനിർത്തിക്കൊണ്ട് ആ നേട്ടങ്ങൾ എല്ലാവരിലുമെത്തിക്കുവാനുള്ള ശ്രമങ്ങളും ഉണ്ടാവേണ്ടതുണ്ട്.ഡൽഹിയിലെ ഗവേഷണ സ്ഥാപനം കേരള സംസ്ഥാന ആസൂത്രണ ബോർഡിനുവേണ്ടി തയ്യാറാക്കിയ ഒരു രേഖയാണ് പദ്ധതി പരിപ്രേക്ഷ്യം 2030. 2030 നകം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വ്യത്യസ്ത വികസനപരിപാടികളും നിർവ്വഹണമാർഗ്ഗങ്ങളുമാണതിന്റെ കാതൽ. സാമൂഹ്യമാറ്റത്തിന്റെ ചാലകശക്തിയായി മാറാൻ വിദ്യാഭ്യാസത്തിനു മാത്രമേ കഴിയുകയുള്ളുവെന്നത് അവിടെയും എടുത്തു പറയുന്നു.

പരിസ്ഥിതി സൗഹൃദപരമായതും,സ്ത്രീപുരുഷസമൂഹങ്ങൾക്ക് തുല്യനീതി ഉറപ്പാക്കുന്നതുമായ വ്യവസ്ഥാക്രമം ഏതൊരു പുരോഗതിയുടെയും നാഴികക്കല്ലാണെന്ന സത്യം വിസ്മരിച്ചുകൂടാ.പ്രകൃതി നമുക്കു നൽകിയ അനുഗ്രഹങ്ങളെ ശാശ്വതമായി സംരക്ഷിക്കുവാനുള്ള മാനസികാവസ്ഥ തന്നെ ഏറെ ഹരിതാഭമാണ്. പ്രകൃതിനിയമം ലംഘിക്കുന്ന ശാസ്ത്രം ശാസ്ത്രമേയല്ലെന്നു പറയപ്പെടുന്നു.പ്രകൃതിയോടിണങ്ങി നിൽക്കുന്ന ശാസ്ത്രവിദ്യകൾ മാത്രമാണ് ശാസ്ത്രധർമ്മമറിഞ്ഞ ശാസ്ത്രസത്യങ്ങൾ.ഗാന്ധിജിയുടെ ആദർശങ്ങളിലും,പ്രത്യയശാസ്ത്രങ്ങളിലും ഏറെ പ്രാധാന്യത്തോടെ കടന്നുവന്നിട്ടുള്ള ഒന്നാണ് ശുചിത്വത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാട്. സാമൂഹിക പ്രതിബദ്ധതയുള്ള പൗരൻ അവശ്യമറിഞ്ഞിരിക്കേണ്ട ശുചിത്വ വഴികളെപ്പറ്റി ഗാന്ധി ഏറെ വീക്ഷണങ്ങൾ പുലർത്തുകയും പ്രായോഗികമാക്കുവാൻ യത്നിക്കുകയും ചെയ്തു.മഹാത്മാഗാന്ധിയുടെ ജന്മദിനാഘോഷവുമായി ബന്ധപ്പെട്ട് 2014 ഒക്ടോബർ രണ്ടിന് ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിവച്ച സ്വച്ഛഭാരത് പദ്ധതി യഥാർത്ഥത്തിൽ രാഷ്ട്രപിതാവിനോടുള്ള ആദരസൂചകമാണെന്ന് ഓർമ്മിപ്പിക്കുകയുണ്ടായി.2019 ഓടെ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന നിരവധി പദ്ധതികൾ ശുചിത്വമെന്ന ആശയത്തെ മുറുകെപ്പിടിക്കുന്നതാണ്. കാതലായ ദേശസ്നേഹത്തെക്കുറിച്ചും

നമ്മിൽ ഓരോരുത്തരിലും ഉണ്ടാവേണ്ട ശുചിത്വബോധത്തെക്കുറിച്ചും ഇത് സൂചന നൽകുന്നു.സ്വാതന്ത്ര്യത്തെക്കാൾ ഗാന്ധിജിക്ക് പ്രധാനം സമൂഹത്തിൽ പടർന്നു പന്തലിക്കേണ്ട ഇത്തരം ബോധചിന്തയായിരുന്നു.പക്ഷെ ഇന്നും അതൊരു സ്വപ്നം മാത്രമായി നിൽക്കുന്നുവെങ്കിൽ ആരാണതിനുത്തരവാദി?വിദേശ രാജ്യങ്ങളിൽ റോഡുകളിൽ തുപ്പുന്നതും ,ചുറ്റുചാടുകളെ മലിനമാക്കുന്നതും മറ്റും വലിയ കുറ്റമായി കണക്കാക്കുമ്പോൾ നാം മാത്രം എല്ലാത്തിനെയും തൃണവത്ഗണിച്ചുകൊണ്ട് മുന്നേറുകയാണ്.യഥാർത്ഥത്തിൽ ശുചിത്വമെന്നത് ഒരു ജീവിതക്രമം തന്നെയാണ്. ആരോഗ്യപരമായ ജീവിതം ആഗ്രഹിക്കുന്നവർക്ക് അവഗണിക്കാൻ കഴിയാത്ത ഒന്ന്. ഒരുവന്റെ വ്യക്തിത്വത്തെയും,സ്വഭാവത്തെയും എടുത്തുകാണിക്കാൻ മതിയായ ഘടകമായി ഇതിനെ വ്യവഹരിക്കാം. നിങ്ങളുടെ കൈകളിൽ ചൂലും ബക്കറ്റും എടുക്കാത്തിടത്തോളം കാലം നിങ്ങളുടെ പട്ടണങ്ങൾ വൃത്തിഹീനമായിത്തന്നെത്തുടരുമെന്ന് ഗാന്ധിജി കൂട്ടിച്ചേർത്തു. ഇന്നുനാം ചെയ്യുന്ന കർമ്മങ്ങൾ തന്നെയാണ് ഭാവിയിലെ നമ്മുടെ ജീവിതത്തെ നിർണ്ണയിക്കുന്നത്. അതുകൊണ്ട് നമ്മുടെ ഭാവിയുടെ വിധികർത്താക്കൾ നാം തന്നെ.അതിനാൽ സദാചാരനിരതവും,ധർമ്മത്തിലധിഷ്ഠിതവുമ്യ ഒരു ജീവിതം നയിക്കുന്നവന് ഭാവിജീവിതത്തെപ്പറ്റി ആശങ്കയ്ക്ക് അവകാശമില്ല (കഠോപനിഷത്ത്) ആരോഗ്യകരമായ ഭാവിയ്ക്കായി,നമ്മുടെ സുരക്ഷയ്ക്കായി,പരിസ്ഥിതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നമുക്കൊരുമിച്ചു പ്രവർത്തിക്കാം.




# ലോകം കറുപ്പിന്റെ നിറവിൽ



**സോണി ജോൺ**
*ക്രൈസ്റ്റ് കോളജ്, ഇരിങ്ങാലക്കുട*

മാനവരാശിക്ക് വേഗതയുടെ പുതിയ മാനങ്ങൾ തീർത്ത ഉസൈൻ ബോർട്ട് ബയ്ജിങ് ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പിലെ സുവർണ്ണ നേട്ടങ്ങളിലൂടെ കായിക ചരിത്രത്തിലെ മഹത്തായ ഒരദ്ധ്യായം എഴുതി ചേർത്തിരിക്കുന്നു. ലോകചാംപ്യൻഷിപ്പിന്റെ ചരിത്രത്തിൽ ഇദം പ്രഥമമായി ഒരു ഹ്രസ്വദൂര ഓട്ടക്കാരൻ നൂറുമീറ്ററിലും ഇരുന്നൂറു മീറ്ററിലും 4 ഃ 100 മീറ്റർ റിലെയും തന്റെ കിരീടം മൂന്നാം തവണയും നിലനിർത്തിയിരിക്കുന്നു. അടിമകൾ പണിതുയർത്തിയ ജമൈക്കയിൽ നിന്നുള്ള ഒരു നീഗ്രോ യുവാവിന്റെ ഈ നേട്ടം കായിക ചരിത്രത്തിലെ അടിമത്തത്തിന്റെ വരികളെ മായ്ക്കുന്ന സുവർണ്ണകാവ്യം കൂടിയാണ്. ബോൾട്ടിന്റെ വ്യക്തിപരമായ നേട്ടത്തിനു പുറമെ കെനിയയുടെ ചാംപ്യൻഷിപ് നേട്ടവും ജമൈക്കയുടെ രണ്ടാം സ്ഥാനവും കാപ്പിരി കരുത്തിന്റെ ചൂടും ചൂരും ലോകത്തെ വിളിച്ചറിയിക്കുന്നതായി.

'ബഫല്ലോ സോൾജിയർ' എന്ന മനോഹരഗാനത്തിലൂടെ കരീബിയയിലെ കറുത്ത വർഗ്ഗകാരുടെ കണ്ണീരിന്റെ ചരിത്രം ലോകത്തിനു മുന്നിലവതരിപ്പിച്ച പുകൾപെറ്റ റെഗ്ഗെ ഗായകനും പാട്ടെഴുത്തുകാരനുമായ ബോബ് മാർലിയുടെ നാട്ടുകാരനിലൂടെ തന്നെ ഇത്തരമൊരു കാവ്യനീതി സാക്ഷാത്കരിക്കപ്പെടുന്നു എന്നത് മാനവ ചരിത്രത്തിലെ ഏറ്റവും വലിയ ഒരു പകരം വീട്ടൽ കൂടിയാണ്. ഇരുണ്ട വൻകരയിലെ കറുത്ത കരുത്തിനെ തോക്കിൻകുഴലിലൂടെയും ചാട്ടവാറിലൂടെയും തങ്ങളുടെ വരുതിയിലാക്കി അടിമകോളനികൾ സ്ഥാപിച്ച് തങ്ങളുടെ കച്ചവട സാമ്രാജ്യം കെട്ടിപ്പടുത്ത പരിഷ്കൃത യൂറോപ്പിന്റെ പൂമുഖം തന്നെ

ആധുനിക നീഗ്രോ കരുത്തിന്റെ പ്രതിരൂപമായ ബോൾട്ടിന്റെ പട്ടാഭിഷേകവേദിയായി മാറുന്നതിനാണ് ലണ്ടൻ ഒളിപിക്സ് സാക്ഷ്യം വഹിച്ചത്. മാനവരാശിക്കായി ചരിത്രം കരുതിവെച്ച ധന്യമുഹൂർത്തം തന്നെയായിരുന്നു അത്. തന്റെ പൂർവ്വികർ കാലങ്ങളോളം അനുഭവിച്ച ശാരീരിക, മാനസിക യാതനകൾ തന്നെയാവണം സമാനതകളില്ലാത്ത കുതിപ്പിന് ബോൾട്ടിനു പ്രചോദനമാവുന്നത്.

ബോൾട്ടിന്റെ നേട്ടത്തിന്റെ യഥാർത്ഥ ഉയരം മനസ്സിലാവണമെങ്കിൽ കരീബിയയിലെയും പ്രത്യേകിച്ചു ജമൈക്കയിലെയും കറുത്ത വർഗ്ഗക്കാരുടെ ചരിത്രം മനസ്സിലാക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം ലഭിച്ച് അൻപതുവർഷം കഴിഞ്ഞിട്ടും ഇന്നും ജമൈക്കയുടെ രാഷ്ട്രത്തലവൻ ബ്രിട്ടീഷ് രാജ്ഞിയാണെന്നറിയുമ്പോഴാണ് സാമ്രാജ്യത്തം എത്രത്തോളം ആഴത്തിൽ ജമൈക്കയെ ഗ്രസിച്ചിരിക്കുന്നു എന്നു മനസ്സിലാവുക. കരീബിയയിലെ ഏറ്റവും വലിയ മൂന്നാമത്തെ ദ്വീപായ ജമൈക്ക 144 മൈൽ നീളത്തിലും 44 മൈൽ വീതിയിലും നിലനിൽക്കുന്നു. ജനസംഖ്യയാവട്ടെ 25 ലക്ഷത്തോളവും.

ജമൈക്കയുടെ ലോകമറിയുന്ന ചരിത്രം തുടങ്ങുന്നത് കൊളംബസിന്റെ കരീബിയൻ പര്യവേഷങ്ങളിലൂടെയാണ്. കൊളംബസെത്തുമ്പോൾ ഇവിടെ വസിച്ചിരുന്നത് 'അരാവക്' എന്ന വിഭാഗത്തിൽപ്പെട്ട ഇന്ത്യാക്കാരായിരുന്നു. 'അപരിഷ്കൃതരായ സമാധാനപ്രിയൻ' എന്നാണ് കൊളംബസ് അവരെ വിശേഷിപ്പിച്ചത്. സ്പാനിഷ് പടയോട്ടകാലത്ത് കരീബിയയിലെ സ്പെയിനിന്റെ ക്യൂബ കഴിഞ്ഞുള്ള ഏറ്റവും പ്രധാനപ്പെട്ട കോളനിയായിരുന്നു സാന്റിയാഗോ എന്ന ജമൈക്ക. 1509 മുതൽ സ്പാനിഷ് കുടിയേറ്റക്കാർ ജമൈക്കയിൽ വാസസ്ഥലം തീർത്തു. 1655-ൽ ബ്രിട്ടീഷുകാർ ജമൈക്ക കീഴടക്കി. പിന്നീട് കുറേ കാലത്തേക്ക് ജമൈക്കയുടെ ഭാഗധേയങ്ങൾ നിശ്ചയിച്ചത് ബ്രിട്ടണിൽ നിന്നുള്ള സ്വകാര്യ ഭാഗ്യാന്വേഷികളായിരുന്നു. ബ്രിട്ടീഷ് രാജവംശത്തിന്റെ തിട്ടൂരവുമായി കച്ചവടത്തിനിറങ്ങിയ ഇവരാണ് ജമൈക്കയിലെ അടിമവ്യാപരത്തിനു ചുക്കാൻ പിടിച്ചത്.

അറ്റ്ലാന്റിക്കിലൂടെയുള്ള അടിമവ്യാപാരത്തിന്റെ പ്രധാന വിപണിയായി ക്യൂബയുടെ കിഴക്കൻ പട്ടണമായ സാൻറിയാഗോ ദെ ക്യൂബ. അവിടെ നിന്നും വെറും 90 മൈൽ തെക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന ജമൈക്ക സ്വാഭാവികമായും അടിമകളുടെ പ്രധാന വാസകേന്ദ്രങ്ങളിലൊന്നായി മാറി. ജമൈക്കയിലെ കരിമ്പിൻ തോട്ടങ്ങളിൽ അടിമവേലക്കായി വെള്ളക്കാർ വൻതോതിൽ അടിമകളെ വാങ്ങി. ഈ കാലയളവിൽ ജമൈക്ക മാത്രമല്ല കരീബിയയിലെ മിക്ക ദ്വീപുകളും ആഫ്രിക്കൻ അടിമകളെ ഉപയോഗിച്ചുള്ള വാണിജ്യാടിസ്ഥാന കൃഷിഭൂമികളായി മാറിയിരിക്കുന്നു. അവ സാമ്രാജ്യത്ത ശക്തികളായ ബ്രിട്ടന്റേയോ, സ്പെയിനിന്റേയോ, ഫ്രാൻസിന്റേയോ, പോർച്ചുഗീസിന്റേയോ, ഹോളണ്ടിന്റേയോ കോളനികളായിരുന്നു. മൂന്നു നൂറ്റാണ്ടുകളോളം നീണ്ടുനിന്ന യാതനകളാണ് ഈ കോളനികളിൽ എത്തിക്കപെട്ട ആഫ്രിക്കൻ വംശജർക്ക് നേരിടേണ്ടിവന്നത്.

ജമൈക്കയുടെ വടക്കൻ പ്രവിശ്യയായ ട്രലാനി കരിമ്പിൻ തോട്ടങ്ങളുടെ നാടാണ്. മാത്രമല്ല സ്പാനിഷുകാരെ തോൽപ്പിച്ച് ബ്രിട്ടൺ ജമൈക്കയുടെ ഭരണം നേടിയപ്പോൾ സ്പാനിഷുകാർ സ്വതന്ത്രരാക്കിയ നീഗ്രോകൾ ഏറെയും അഭയം തേടിയതും ട്രലാനിയിലെ മലയിടുക്കുകളിലായിരുന്നു. അതുകൊണ്ടു തന്നെ ബ്രിട്ടീഷുകാർക്കെതിരായ വിമത






യുദ്ധങ്ങളുടെ പ്രഭവ കേന്ദ്രം കൂടിയായിരുന്നു അവിടം. ഒരിക്കൽ ലോകം കണ്ട മികച്ച സ്പ്രിന്ററായിരുന്ന, മരുന്നടിക്കു പിടിക്കപ്പെട്ട അപമാനിതനായി കളം വിട്ട, ബെൻ ജോൺസന്റെ ജന്മസ്ഥലവും ട്രലാനി തന്നെ. അവിടെ ഷെർവുഡ് കൺണ്ടെന്റ് എന്ന ഗ്രാമത്തിൽ വെല്ലസ്ലിലിയുടേയും ജന്നിഫറിന്റേയും മകനായി ജനിച്ച ഉസൈൻ സെന്റ് ലിയോ ബോൾട്ടിന് വേഗം ഒരു പരിധി വരെ പാരമ്പര്യമായി തന്നെ ലഭിച്ചതാണ്.

2002-ലെ ലോക ജൂനിയർ അത്‌ലെറ്റിക് മീറ്റിൽ 15-ാം വയസ്സിൽ നാട്ടുകാരുടെ മുന്നിൽ വെച്ച് 200 മീറ്ററിൽ സ്വർണ്ണ മെഡൽ നേടിയാണ് ബോൾട്ട് ലോകത്തെ തന്റെ വരവറയിച്ചത്. അവിടെ നിന്നിങ്ങോട്ട് തന്റെ വേഗതയിലൂടെ ഒരു സൂപ്പർമാൻ പരിവേഷം നേടിയെടുക്കാൻ ബോൾട്ടിനു കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഏറെ തീവ്രമായ പരിശീലനമുറകൾ ആവശ്യമുള്ള സ്പ്രിന്റിനങ്ങളിൽ തന്റെ പ്രകടനം മൂല്യശോഷം വരാതെ നിലനിർത്താൻ കഴിയുന്നു എന്നതാണ് ബോൾട്ടിന്റെ ഏറെ സവിശേഷതയുള്ള ഓട്ടക്കാരനാക്കി മാറ്റുന്നത്. ഇത്തവണ ബെയ്ജിങ്ങിൽ അദ്ദേഹത്തിന്റെ വിജയത്തിന് വേഗറിക്കാർഡിന്റെ മേമ്പൊടിയുണ്ടായിരുന്നില്ലെങ്കിലും മൂന്നു ലോകചാംപ്യൻഷിപ്പുകളിൽ തുടർച്ചയായി മൂന്ന് സ്പ്രിന്റ് സ്വർണ്ണ മെഡലുകൾ അദ്ദേഹത്തിനു നേടാനായി എന്നത് ഒരുപക്ഷേ ഏറെക്കാലം തകർക്കപ്പെടാനിടയില്ലാത്ത ഒരു റിക്കാർഡ് തന്നെയാണ്. അല്ലെങ്കിൽ അടുത്ത ചാംപ്യൻഷിപ്പിൽ ബോൾട്ടുതന്നെ നാലാം തവണയും തന്റെ നേട്ടം ആവർത്തിക്കണം. അതിനുള്ള സാധ്യത ഒരിക്കലും തള്ളിക്കളയാൻ കഴിയില്ല. ലോകത്തിന്റെ നെറുകയിൽ കയറിയിരുന്ന് ഒരു നീഗ്രോ ഇതിഹാസം രചിച്ചാണ് ബോൾട്ട് ജമൈക്കയിലേക്കു മടങ്ങുന്നത് എന്നു ചുരുക്കം.

പൊതുവേ കരീബിയയിൽ നിന്നുള്ള കായികതാരങ്ങളെ വിലക്കെടുത്ത് തങ്ങളുടെ ചേരിയിലാക്കുക എന്ന തന്ത്രമായിരുന്നു ഏറെക്കാലം സമ്പന്ന രാജ്യങ്ങൾ ചെയ്തു വന്നിരുന്നത്. ജീവിത സാഹചര്യങ്ങൾ താരതമ്യേന മോശമായ ജമൈക്കയുൾപ്പെടെയുള്ള കരീബിയൻ രാജ്യങ്ങളിൽ നിന്നുള്ള കായികതാരങ്ങൾക്ക് പലപ്പോഴും സമ്പന്ന രാജ്യങ്ങളുടെ ഇത്തരം വിലപേശലുകൾക്ക് വശംവദരാകേണ്ടിവന്നിട്ടുണ്ട്. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ലണ്ടൻ ഒളിംപിക്സിൽ അമേരിക്കക്കുവേണ്ടി വനിതകളുടെ ഇരുനൂറുമീറ്ററിൽ സ്വർണ്ണം നേടിയ സാനിയ റിച്ചാർഡ്സ് റോസ് എന്ന ജമൈക്കകാരി. സാനിയയുടെ വഴിയിൽ മുൻപേ നടന്നവരാണ് ബെൻജോൺസണും, ലിൻഫോർഡ് ക്രിസ്റ്റിയും, കെല്ലി ഹോംസും, കോളിൻ ജാക്ക്സണും, ടാഷാ ഡൊന്വേഴ്സുമെല്ലാം.

ബോൾട്ടിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടു തന്നെയാവണം ഇത്തവണ കരീബിയൻ ട്രാക്ക് ആന്റ് ഫീൽഡ് അത്‌ലീറ്റുകളുടെ മികവുറ്റ പ്രകടനമാണ് ബെയ്ജിങ്ങിൽ കണ്ടത്. ഒരു കാലത്തു സമ്പന്ന രാജ്യങ്ങൾ തങ്ങളുടെ അത്‌ലീറ്റുകളെ റാഞ്ചി കൊണ്ടു പോകുന്നത് കൈയ്യും കെട്ടി നോക്കി നിൽക്കേണ്ടി വന്നിരുന്ന കരീബിയൻ രാജ്യങ്ങൾക്ക് തങ്ങളുടെ കരുത്തേറിയ ചാംപ്യഷിപ്പായിരുന്നു ബേയ്ജിങ്ങിലേത്. തീർച്ചയായും റിയോ ഡി ജനീറൊയിലേക്ക് ലോകം ഉറ്റുനോക്കുമ്പോൾ ഏവരും പ്രതീക്ഷിക്കുന്നത് 'സൂപ്പർബോൾട്ട്' മൂന്നാമതൊരിക്കൽകൂടി ഒളിംപിക്സിലും തന്റെ നേട്ടം ആവർത്തിക്കുമോ എന്നായിരിക്കും.




# അജിത്തിന്റെ അച്ഛൻ



**പത്മനാഭൻ കാവുമ്പായി**
*മലയാള വിഭാഗം,*
*പയ്യന്നൂർ കോളേജ്.*

**1997,** മൂന്നു വർഷമായി തുടരുന്ന കോളേജ് ഉത്സവാഘോഷങ്ങളിലെ അവസാന പരിപാടി അനൗൺസ് ചെയ്തിരിക്കുന്നു-വാർഷിക പരീക്ഷ. പരീക്ഷകാലം വന്നാൽ ഞങ്ങളുടെ പണി പോകും. ക്യാമ്പസ് കാലിയാകും. അടുത്ത കൂട്ടുകാർ പോലും സ്റ്റഡിലീവിന്റെ മറവിലാകും. ബാക്കി ഞങ്ങൾ നാലഞ്ച് പേര് മാത്രം. ചന്ദ്രന്റെ കടയിലെ കുറ്റികൾ. അതവിടെ തന്നെ ഉണ്ടാകും. ഇവിടെ ഇപ്പോൾ മൂന്നാം വർഷപരീക്ഷ സ്റ്റഡിലീവും തീർന്നു. കഥാസാഹിത്യം ഭാഷാശാസ്ത്രം പേപ്പറുകൾ കൂടുതൽ മാർക്കിനായി വീണ്ടുമെഴുതുന്നുണ്ട്. വീട്ടിൽ പോയില്ല. പോയാലും ആവശ്യം വേണ്ട സാമഗ്രഹികൾ (പുസ്തകങ്ങൾ) ഇല്ല എന്ത് ചെയ്യും. ഉള്ളിലെവിടെയോ നിന്നൊരു ആന്തൽ. പെട്ടന്ന് മനസ്സിൽ മൂന്ന് മുഖങ്ങൾ തെളിയുന്നു. അജിത്തിന്റെയും സന്തോഷിന്റെയും സുധാകരന്റെയും. രണ്ടാം വർഷ മലയാളത്തിൽ പഠിക്കുന്നവർ മിടുക്കരായ സാഹിത്യ വിദ്യാർത്ഥികൾ. പുതിയ സാഹിത്യത്തിൽ അധ്യാപകരെയും അത്ഭുതപ്പെടുത്തുന്ന അറിവ് പലപ്പോഴും പങ്കുവയ്ക്കുന്നവർ കവികൾ. കഥയെഴുത്തുകാർ. ചായക്കടയിൽ സാഹിത്യം ചർച്ച ചെയ്യുന്നവർ (ഇപ്പോൾ മൂവരും കോളേജ് അധ്യാപകർ) വീട്ടിലേക്കാരിന്നുണ്ടെന്നു പറയണം. പക്ഷേ സന്തോഷിന്റെ വീട്ടിൽ ഫോണില്ല. കണ്ടിട്ടും കുറച്ചായി. തിമിരി വരെ പോകാം പക്ഷെ സുധാകരന്റെ വീട്ടിൽ കറണ്ടില്ല. ആലോചനയിൽ അജിത്തിന്റെ മുഖം കൂടുതൽ തെളിയുന്നു. അജിത്തിന്റെ വീട്ടിൽ പറയാതെ തന്നെ പോകാം എന്നും ആരെയെങ്കിലുമൊക്കെ കാത്തിരിക്കുന്ന വീടാണ്. എന്റെ പോക്കിൽ അസ്വഭാവികതയൊന്നും അവിടെ ആർക്കും തോന്നില്ല. അജിത് നാനാമുഖങ്ങളെകുറിച്ച് പറഞ്ഞുതന്ന ഞങ്ങളുടെ “അർബൻ മിഡിൽ ക്ലാസ്സ്” സുഹൃത്ത് കഥയാണ് ഇഷ്ടവിഷയം. ചില കഥാകാരന്മാരെയും എഴുത്തുകാരെയും നേരിട്ട് പരിചയമുണ്ട് എൻ. ശശിധരനെയും, കെ.ജി. ശങ്കരപിള്ളയെയും നേരിട്ടയറിയാം. ഇതെല്ലാം ഞങ്ങൾക്കത്ഭുതമായിരുന്നു. സന്ധ്യയ്ക്ക് ചന്ദ്രേട്ടൻ കടയടച്ചു എന്നെ പറഞ്ഞു വിട്ടു. “വീട്ടിൽ പോയി പഠിക്ക് പപ്പാ, പരീക്ഷയൊന്നും ഉഴപ്പരുത്”. ഞാൻ ഇറങ്ങി ബസ് സ്റ്റോപ്പിലെത്തി. സംഘടിപ്പിക്കപ്പെട്ട ഇരുപതു രൂപയോളം കീശയിലുണ്ട്. ബസ് സ്റ്റോപ്പിലെ കപ്പാലത്തിൽ ഒറ്റയ്ക്കിരുന്നപ്പോൾ ഉള്ളിൽ പരീക്ഷ മാത്രമായി. ജീവിതത്തിന്റെ വലിയ വിചാരങ്ങളിലെങ്കിലും വലിയതെന്തോ

നഷ്ടമാകുന്നതിന്റെ ചില വിലങ്ങലുകൾ ഉള്ളിൽ നിറഞ്ഞു. ഒറ്റയ്ക്കുള്ള യാത്രകളിൽ നമ്മൾ നമ്മളെ നന്നായി അറിയുന്നതുപോലെ ഞാൻ സ്വന്തം ജീവിത പ്രശ്ന പരിസരങ്ങളിൽ പ്രദക്ഷണം ചെയ്യാൻ തുടങ്ങി. താമസം ഭക്ഷണം പ്രത്യേക തീരുമാനങ്ങളില്ലാത്ത എനിക്ക് പിന്നീട് ഒരാവേശം ആയിരുന്നു. അടുത്ത ബസ്സിന് പാപ്പിനിശ്ശേരി എന്തൊക്കെയോ ചില ധാരണകളുണ്ടെന്നല്ലാതെ അവന്റെ പുതിയ വാടകവീട് സംബന്ധിച്ച് കൃത്യതയില്ല. റെയിൽവെഗേറ്റ് കടന്നു. ഒരു എസ്.ടി.ഡി ബൂത്ത് തുണച്ചു. അന്വേഷിച്ചൊടുവിൽ ഒരു വിധം ആ പഴയ വീടിന്റെ മുറ്റത്തെത്തി ബെല്ലടിച്ചു അജിത്ത് തന്നെ വാതിൽ തുറന്നു. "ആ വാടാ" അകത്തുകയറി. അച്ഛൻ, അമ്മ, അനിയൻ ബിജു സ്നേഹമസൃണവും സന്തോഷ ഭരിതവുമായ ഒരു കിടിലോൽക്കിടിലൻ സ്വീകരണം അതിന്നും എന്നും അങ്ങനെ തന്നെ. ഓരോരാളും ആ വീടിന്റെ സുഹൃത്താണ്. സ്വന്തം സുഹൃത്ത്. വീട്ടിൽ എല്ലാവരും കഞ്ഞി കുടിയിലാണ്. കഞ്ഞി, കടലക്കറി, അച്ചാർ, പപ്പടം. സമൃദ്ധമായ കഞ്ഞികുടിക്കിടയിൽ പറഞ്ഞു. "നാളെ പരീക്ഷയാണ്, കഥാസാഹിത്യം" അച്ഛനുമായി ചെറിയ ചില വീട്ടുനാട്ടു വിശേഷങ്ങൾ. പിന്നെ അകത്തേക്കു കയറി. സവിശേഷമായ കസേരകൾ. ഒരാൾക്ക് കഷ്ടിക്ക് കിടക്കാവുന്ന ചാക്ക് തുന്നിയ കട്ടിലുകൾ. ഞാനിരുന്നു. "പതിനാലു കഥകളുണ്ട്. ഇനി വായിച്ചുതീർക്കാൻ കഴിയില്ല" അജിത്ത് പറഞ്ഞു. "ഞാനോരോന്നും ചുരുക്കി പറയാം. ഒന്ന് രണ്ടെണ്ണം നീ നിർബന്ധമായും ഇന്ന് തന്നെ വായിക്കണം. എസ്സേ ചോദിക്കും. "ഞാൻ തലയാട്ടി. മൂന്നാം വർഷവും സംഘടനപ്രവർത്തനവും വച്ചുകെട്ടിയ ഉപരിബോധത്തിന്റെ പൊയ്ക്കാലുകൾ ഊരി എറിഞ്ഞു. അനുസരണയുള്ള വിനീതശിഷ്യനായി ഞാനിരുന്നു അവൻ കഥ പറഞ്ഞു. ഞാൻ ശ്രദ്ധയോടെ കേട്ടിരുന്നു. ആ രാത്രി അങ്ങനെ ഏറെ വൈകി. സക്കറിയയുടെ കഥയെത്തിയപ്പോൾ (യേശുപുരം പബ്ളിക് ലൈബ്രറിയെ പറ്റി)അത് മുഴുവൻ വായിച്ചു നോക്കാൻ പറഞ്ഞു. വായിച്ചുകഴിഞ്ഞു ഞാൻ നോക്കുമ്പോൾ അവൻ നല്ല ഉറക്കം. മൂന്നുമണിയോടെ ഞാനും കിടന്നു. "കുഞ്ഞേ കുഞ്ഞേ", വാതിലിൽ തെരുതെരെ മുട്ട് കേട്ട് ഞാൻ ഞെട്ടിയുണർന്നു. അച്ഛന്റെ ശബ്ദമാണ്. ഞാൻ ചാടിയെഴുന്നേറ്റു ലൈറ്റ് ഇട്ടു. വാതിൽ തുറന്നു..."പരീക്ഷയല്ലിയോ? എഴുന്നേറ്റ് വായിക്ക്. നേരം പുലരാറായി". അകത്തേക്ക് കയറാതെ അച്ഛൻ താഴേക്ക് ഇറങ്ങുന്നു. തിരിഞ്ഞു നോക്കുമ്പോൾ കാര്യം തിരിഞ്ഞ അജിത് പുതപ്പു വലിച്ചു തലമൂടി. ഞാൻ ക്ലോക്കിൽ നോക്കി. നാലരമണി, കണ്ണുകൾ പുകയുന്നു. കഷ്ടിച്ച് ഒരു മണിക്കൂർ ഉറങ്ങിയോ? അങ്ങനെ നിൽക്കുമ്പോൾ...ചാക്ക് കട്ടിലും കസേരകളും കാണാതാകുന്നു. കണ്ണിലെ പുകച്ചിൽ മാറുന്നു. രാത്രിയിൽ കാണാത്ത ഒരു ലോകം മുന്നിൽ. നിശബ്ദതയുടെ വാചാലത പോലെ. നൂറുകണക്കിന് പുസ്തകങ്ങൾ വരിവരിയായി അടുക്കിയ അലമാരകൾ. കള്ളികളിൽ വിഭാഗം തിരിചൊട്ടിച്ച സ്റ്റിക്കർ. മേശമേൽ വൃത്തിയായി അട്ടിയിട്ടിരിക്കുന്ന വാരികകൾ. കവിതകൾ



ഗാനങ്ങൾ കഥകളി പദങ്ങൾ നിറഞ്ഞ കാസറ്റുകൾ. പേനകൾ നിറച്ച കപ്പ് ആർക്കും എഴുതാനോ വായിക്കാനോ തോന്നി പോകുന്ന ഒരു പ്രത്യേക അന്തരീക്ഷം. ഞാനോർത്തു ഒരു സർക്കാർ ഗുമസ്ഥനായ അച്ഛൻ. സ്വത്തിനും മക്കളെ മുന്നിൽ കണ്ടും വാങ്ങിച്ചു വച്ച വലിയ വലിയ മുതലുകൾ. വാൽമീകി രാമായണം, വ്യാസ മഹാഭാരതം, രാമചരിതം, ഭാഷാനൈഷധം, ചമ്പു, രാമായണം ചമ്പു അച്ചീ ചരിതങ്ങൾ, മണിപ്രവാളകൃതികൾ, എഴുത്തച്ഛൻ, കുഞ്ചൻ കൃതികൾ കവിതകൾ, കഥകൾ, നോവലുകൾ, പഠനങ്ങൾ എന്നിങ്ങനെ എല്ലാമെല്ലാം പഴയത് മുതൽ ഏറ്റവും പുതിയത് വരെയുള്ള നിരവധി ഗ്രന്ഥങ്ങൾ. ഒരു നിമിഷം ഞാൻ കണ്ണടച്ചു ഉള്ളു നനഞ്ഞു. ഇങ്ങനെ ഒരച്ഛനെ കിട്ടിയത് എന്റെയും മഹാഭാഗ്യം. മകനിപ്പൊഴും ഉറങ്ങുകയാണ്. തലേന്ന് രാത്രിയിൽ തുടർച്ചയായി പന്ത്രണ്ട് കഥകൾ പറഞ്ഞതിന്റെ ക്ഷീണത്തിൽ. അഞ്ചു മണിക്ക് അമ്മയുടെ വക ചായ വരുന്നതുവരെ ഞാനിങ്ങനെ ഓരോന്നോർത്ത് പഠിച്ചുകൊണ്ടിരുന്നു. വർഷങ്ങൾക്ക് ശേഷം ഹരിപ്പാട്ട് ഢാണപ്പടിയിൽ നിന്നും ഓട്ടോയിൽ കയറി ഞാൻ സ്ഥലം പറഞ്ഞു. മുതിരത്തറയിൽ സുകുമാരപിള്ളയുടെ വീട്. എരിക്കാവ് ആശുപത്രിക്ക് സമീപം. എവിടന്നു വരുന്നു? ഓട്ടോക്കാരൻ. പയ്യന്നൂരിൽ നിന്നും ഞാൻ പറഞ്ഞു. എന്തെടുക്കുന്നു അയാൾ. പയ്യന്നൂർ കോളേജിൽ മലയാളവിഭാഗം അസി.പ്രൊഫസറാണ്. അങ്ങേരുടെ മകന്റെ ഫ്രണ്ടായിരിക്കും. അല്ലിയോ? മകൻ തന്നെ-ഞാൻ ചിരിച്ചു. കോളേജിൽ ജോയിൻ ചെയ്ത ശേഷം ആ വലിയ പിതാവിനെക്കാണാനുള്ള എന്റെ ആ യാത്രയിൽ ഞാനനുഭവിച്ച ആനന്ദം പറയാനാവുന്നതല്ല.

# പ്രസവാവധിയുമായി ബന്ധപ്പെട്ട നിബന്ധനകൾ



**ഡോ.കെ.പി.വിനോദ്**
*കൺവീനർ, സർവ്വീസ് സെൽ*

സംസ്ഥാന ജീവനക്കാർക്ക് അനുവദിക്കുന്ന പ്രത്യേക അവധി വിഭാഗത്തിൽപ്പെടുന്ന 100 ചട്ടപ്രകാരം (2-2-81-ലെ G.O (p) 968/Fin) അനുസരിച്ച് താത്കാലിക ജീവനക്കാർ ഉൾപ്പെടെ സേവനത്തിലുള്ള എല്ലാ വനിത ജീവനക്കാർക്കും വ്യവസ്ഥകൾക്ക് വിധേയമായി പ്രസവാവധിക്ക് അർഹതയുണ്ട്. അവധി എടുക്കുന്ന ദിവസം മുതൽ 135 ദിവസത്തെ കാലായളവിലേക്ക് മുഴുവൻ ശബളത്തോട് കൂടിയ അവധിയാണ് അനുവദിക്കുന്നത്. 25-11-98-ന് മുമ്പ് ഇത് 90 ദിവസം ആയിരുന്നു. 29-12-98 ലെ G.O (p) 3226/98/Fin) പ്രകാരം തന്നെ പ്രസ്തുത സ്റ്റേറ്റിൽ പ്രസവാവധിയിൽ തുടരുന്നവർക്ക്, കൂടുതലായി അനുവദിച്ചു 45 ദിവസത്തെ അവധികൂടി എടുക്കാൻ അനുവദനീയമായിരുന്നു. G.O(p) 3000/98/Fin) 1-4-2009-ലെ G.O(p) 129/09/Fin) ഉത്തരവ് പ്രകാരം ചട്ടം 100-ൽ പറയുന്ന പ്രസവാവധി 180 ദിവസമായി ഉയർത്തിയിട്ടുണ്ട്. ഈ ഉത്തരവിന്റെ തീയതിയിൽ അവധിയിൽ തുടരുന്നവർക്കും ഈ വർദ്ധനയുടെ ആനുകൂല്യം ലഭിക്കും.

കുട്ടികളെ ദത്തെടുക്കുന്നതിന് അനുവദിച്ചിട്ടുള്ള അവധി (Child adoption leave) G.O (p) 552-10/Fin) dt 6-02-2010 പ്രകാരം നിലവിലുണ്ടായിരുന്ന 135 ദിവസത്തിൽ നിന്ന് 180 ദിവസമാക്കി ഉയർത്തിയിട്ടുണ്ട്.

ഗർഭാശയത്തിലെ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന സ്ത്രീ ജീവനക്കാരെ സംബന്ധിച്ചടത്തോളം (Cases of hysterectionomy operation of calling into the uterus), ചികിത്സിക്കുന്ന ഡോക്ടറുടെ (Medical Attendent) സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 45 ദിവസത്തിൽ

കവിയാത്ത അവധി അനുവദിക്കണമെന്നും മേൽ ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗർഭഛിദ്രം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ (mis carraige including abortion) 101-ാം ചട്ടപ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ മുഴുവൻ ശമ്പളത്തോടെ 6 ആഴ്ച വരെ പ്രസവാവധി അനുവദിക്കുന്നതാണ്.

മറ്റുതരത്തിലുള്ള ഏതവധിയുമായി ചേർത്ത് പ്രസവാവധി എടുക്കാവുന്നതാണ്. പ്രസവാവധിക്ക് തുടർച്ചയായി മറ്റു അവധികൾ എടുക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. എത്താൻ പ്രസവാവധി ഒഴികെയുള്ള അവധികാലം 60 ദിവസത്തിൽ അധികമാകുന്നില്ലെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. ഇവിടെ മറ്റു അവധികൾ എന്ന് വിശേഷിപ്പിക്കപെടുന്നത് അർജിതാവധി, ശമ്പളമില്ലാത്ത അവധി, പകുതി ശമ്പളത്തോട് കൂടിയ അവധി, അർഹത എത്താത്ത അവധി (മുൻകൂർ അവധി) എന്നിവ മാത്രമാണ്. 100, 101 ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കുന്ന പ്രസവാവധിയും, ഗർഭഛിദ്രത്തോടനുബന്ധിച്ച് അനുവദിക്കുന്ന അവധിയും പ്രബോഷനുവേണ്ടി ഡ്യൂട്ടിയായി തന്നെ പരിഗണിക്കും.

31-10-1980-ലെ G.O (p) 825/80/Fin) ഉത്തരവ് പ്രകാരം ഒരു വർഷത്തിൽ കൂടുതലായി സേവനത്തിൽ തുടരുന്ന താത്കാലിക വ്യവസ്ഥയിൽ (Provisional) നിയമിക്കപ്പെട്ട വനിതാജീവനക്കാർക്കും, അവധിയിൽ പ്രവേശിച്ചിലെങ്കിൽ സേവനത്തിൽ തുടരുമായിരുന്നു എങ്കിൽ 100-ാം ചട്ടം അനുസരിച്ചും, 101-ാം ചട്ടപ്രകാരവും പ്രസവാവധിക്ക് അർഹതയുണ്ടായിരിക്കും. ഇതുമായി ബന്ധപ്പെട്ട് 21-8-2000-ലെ G.O (p) 1071/2000/Fin) ഉത്തരവ് ഒരേ വകുപ്പിൽ ഒരു വർഷത്തിൽ കൂടുതൽ തുടർച്ചയായ പ്രൊവിഷൻ സർവ്വീസ് (Provisional Service) പൂർത്തിയാക്കിയവർക്കേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2-8-1975-ലെ (G.O (p) 152/75/Fin) ഉത്തരവ് പ്രകാരം പാർട്ട് ടൈം കണ്ടിജൻസി വിഭാഗത്തിൽപ്പെടുന്ന വനിത ജീവനക്കാർക്കും 3 മാസകാലത്തേക്ക് പ്രസവാവധി അനുവദിക്കും. എന്നാൽ ഇത് മൊത്തം സേവനത്തിനിടയിൽ 2 പ്രാവശ്യം മാത്രമെ അനുവദിക്കുകയുള്ളൂ. നിയമത്തിന് പ്രാരംഭമായി സ്റ്റൈപ്പൻഡോടുകൂടിയ പരിശീലനത്തിനയക്കപ്പെടുന്ന വനിതകൾക്കും ഈ ചട്ടപ്രകാരം പ്രസവാവധി അനുവദിക്കും. ലഭിച്ചുകൊണ്ടിരിക്കുന്ന സ്റ്റൈപൻഡ് തുടർന്നും ലഭിക്കുന്നതിന് ഇത് തടസ്സമല്ലതാനും.

6-2-2006-ലെ G.O (p) 59/2006/Fin) ഉത്തരവ് പ്രകാരം 100-ാം ചട്ടത്തിനുതാഴെ കുറിപ്പ് 5 കൂടി ചേർത്തിട്ടുണ്ട്. ഈ ഭേദഗതിക്ക് 6-2-2006 മുതൽ പ്രാബല്യമുണ്ട്. ഇതനുസരിച്ച് പി.എസ്.സി മുഖേന നിയമിക്കപ്പെടുന്ന വനിത ജീവനക്കാർ പ്രസവ തീയതി മുതൽ 135 ദിവസത്തിനകം ജോലിക്ക് ഹാജരാവുകയാണെങ്കിൽ, ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ കണക്കാക്കാവുന്ന ബാക്കി നിൽക്കുന്ന പ്രസവാവധി, തൊട്ടടുത്ത ദിവസം മുതൽ 2 വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്.

1. ജോലിയിൽ പ്രവേശിക്കുന്നതിന് തൊട്ട് മുമ്പിൽ വരുന്ന അവധി ദിവസമോ, അവധികാലമൊ (holiday or vocation) അവധിയോട് ചേർത്ത് ഉപയോഗിക്കുവാൻ അനുവദിക്കില്ല.
2. പ്രസവ കാര്യങ്ങൾ നോക്കിയ ഡോക്ടറുടെ സർട്ടിഫിക്കറ്റ് (പ്രസവ തീയതി ചേർത്തിട്ടുള്ളത്) KSR ഭാഗം 1, ചട്ടം 13-ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

പ്രസവാവധിക്കൊപ്പം കുട്ടിയുടെ (New Bornbaby) ആരോഗ്യത്തിനും വളർച്ചയ്ക്കും അമ്മയുടെ സാന്നിധ്യം അത്യാവശ്യമാണെങ്കിൽ മറ്റൊരു 60 ദിവസം കൂടി (പണ്ട് 45 ദിവസം) കൂടി എടുക്കാവുന്നതാണ്. ഇത് സാധാരണ അനുവദനീയമായ പ്രസവാവധിക്കൊപ്പം സർവ്വീസിൽ തിരികെ പ്രവേശിക്കാതെ തന്നെ എടുക്കാവുന്നതാണ്.

G.O (p) No. 66/2015 /Fin) dated 16-7-2015 -ലെ ഉത്തരവ് അനുസരിച്ച് KSR ഭാഗം 1 അനുബന്ധം XII A/ XII B/XII C പ്രകാരമുള്ള ശൂന്യവേതന അവധി കാലയളവിനിടയിൽ പ്രസവ തീയതി വന്നാൽ സർവ്വീസിൽ തിരികെ വന്നതിനുശേഷം പ്രസവാവധിക്കുള്ള അർഹതയില്ല. കാരണം ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർ പ്രസ്തുത അവധികാലത്ത് ഒരേ തരത്തിലുള്ള അവധിയും ആർജ്ജിക്കുന്നില്ല. ആയതിനാൽ അവധിയിൽ നിന്ന് മടങ്ങിവന്ന തീയതി മുതലൊ അതിനുശേഷമുള്ള ഒരു തീയതി മുതലൊ പ്രസവാവധി അനുവദനീയമല്ല.

മേൽപ്പറഞ്ഞ അവധികളോടൊപ്പം പ്രസ്താവിക്കപ്പെടേണ്ട മറ്റൊരുതരം ലീവ് ആണ് G.O.(P) No. 342/2011/Fin) dt 11-8-11 പ്രകാരം നടപ്പാക്കിയ, പുരുഷന്മാരായ സർക്കാർജീവനക്കാർക്ക്, ഭാര്യയുടെ പ്രസവത്തോടനുബന്ധിച്ച് 10 ദിവസം വരം എടുക്കാവുന്ന പാറ്റേണിറ്റി ലീവുകൾ (Paternity Leave), പ്രസ്തുത ലീവ് ഭാര്യയുടെ പ്രസവത്തിനു തൊട്ടുമുമ്പോ, പ്രസവത്തിനുശേഷം 3 മാസത്തിനുള്ളിലൊ മെഡിക്കൽ പ്രാക്ടീഷനറുടെ പ്രസവതീയതി കാണിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ എടുക്കാവുന്നതാണ്. (പരമാവധി 2 പ്രാവശ്യം) ഇത്തരം ലീഫുകൾ KSR XII/A, XII/B, XIII/C സെക്ഷന്റെ ഭാഗമായി അനുവദിക്കുന്ന LBA (leave without All work) ഒഴികെ മറ്റേതു ലീവിനോടൊപ്പവും കൂട്ടി എടുക്കാവുന്നതാണ്. ഇത്തരം അവധികൾക്ക് 26-2-2001 മുതലുള്ള മുൻകാല പ്രാബല്യവും ഉത്തരവിൽ നൽകിയിട്ടുണ്ട്.

അദ്ധ്യാപകരുടെ സർവ്വീസ് സംബന്ധിയായ സംശയങ്ങൾക്ക് സർവ്വീസ് ട്യൂട്ടോറിയിൽ പംക്തിയിലൂടെ മറുപടി ലഭ്യമാക്കുന്നതാണ്. ഇതിനായി സർവ്വീസ് സംബന്ധിയായ ചോദ്യങ്ങൾ serviceakpcta @gmail.com ലേക്കോ, vinaleket@yahoo.com ലേക്കോ അയക്കുക.

*With best compliments from*

PARVATHY
JEWELLERS

MULLACKAL, ALAPPUZHA,
PHONE: 2251533

*With best compliments from*

S.D. COLLEGE EMPLOYEES
CO- OPERATIVE CREDIT SOCIETY
LTD. NO. A 753

**ALAPPUZHA, PIN : 688003**
**PHONE: 2266817**

President
**Dr. S. Nataraja Iyer**

Secretary
**S. Santhoshkumar**

प्रो डॉ जसपाल एस. सन्धू
सचिव
Prof. Dr. Jaspal S. Sandhu
MBBS, MS (Ortho), DSM, FAIS, FASM, FAFSM, FFIMS, FAMS
Secretary

विश्वविद्यालय अनुदान आयोग
University Grants Commission
(मानव संसाधन विकास मंत्रालय, भारत सरकार)
(Ministry of Human Resource Development, Govt. of India)
बहादुरशाह ज़फ़र मार्ग, नई दिल्ली-110002
Bahadur Shah Zafar Marg, New Delhi-110002
Ph.: 011-23239337, 23236288,
Fax: 011-23238858, email: jssandhu.ugc@nic.in

4th August, 2015

D.O.F.No. 3-2/2009(PS)

**Sub: Clarification to Clause 3.2 of Schedule for Clause 6.8.0 of UGC Regulations on Minimum Qualifications for Appointment of Teachers and other Academic staff in Universities and Colleges and measures for the maintenance of standards in Higher Education, 2010**

Dear Sir/Madam,

UGC has notified the UGC Regulations on Minimum Qualifications for Appointment of Teachers and other Academic staff in Universities and Colleges and measures for the maintenance of standards in Higher Education, 2010. The Clause 3.2 of Schedule for Clause 6.8.0 of these Regulations states as under: -

> *"Incumbent Readers and Lecturers (Selection Grade) who had not completed three years in the pay scale of Rs.12000-Rs.18300 on or after 1st January, 2006 shall be placed at the appropriate stage in the Pay Band of Rs.15600-Rs.39100 with AGP of Rs.8000 till they complete three years of service in the grade of Lecturer (Selection Grade)/Reader and thereafter, shall be placed in the higher Pay Band IV of Rs.37400 – Rs.67000 and accordingly re-designated as Associate Professor."*

UGC has received queries from some stakeholders seeking clarification as to whether the API based PBAS system will be applicable in such placements.

In this connection, it is clarified that the Readers appointed on or after 01.01.2006 till the issue of aforementioned UGC Regulations, 2010 i.e. 30.06.2010, shall move to Pay Band – 4 with Academic Grade Pay of Rs.9000 after completing three years of service without insisting on the requirement of API based PBAS system. This shall also apply to the Lecturers (Selection Grade) promoted during the above period.

This may also be brought into the notice of affiliated Colleges of your University.

With kind regards,

Yours sincerely,

**(Jaspal S. Sandhu)**

**The Vice-Chancellor of all Universities.**

**Copy to** : Secretary (Higher Education)/ Principal Secretary (Higher Education) of all States and Union Territories.

**(Jaspal S. Sandhu)**

प्रो. डॉ. जसपाल एस. सन्धू
सचिव
Prof. Dr. Jaspal S. Sandhu
MBBS, MS (Ortho), DSM, FAIS, FASM, FAFSM, FFIMS, FAMS
Secretary

विश्वविद्यालय अनुदान आयोग
**University Grants Commission**
(मानव संसाधन विकास मंत्रालय, भारत सरकार)
(Ministry of Human Resource Development, Govt. of India)
बहादुरशाह ज़फ़र मार्ग, नई दिल्ली-110002
Bahadur Shah Zafar Marg, New Delhi-110002
Ph.: 011-23239337, 23236288,
Fax: 011-23238858, email: jssandhu.ugc@nic.in

4th August, 2015

D.O.F.No. 3-2/2009(PS)

**Sub: Clarification to Clause 3.2 of Schedule for Clause 6.8.0 of UGC Regulations on Minimum Qualifications for Appointment of Teachers and other Academic staff in Universities and Colleges and measures for the maintenance of standards in Higher Education, 2010**

Dear Sir/Madam,

UGC has notified the UGC Regulations on Minimum Qualifications for Appointment of Teachers and other Academic staff in Universities and Colleges and measures for the maintenance of standards in Higher Education, 2010. The Clause 3.2 of Schedule for Clause 6.8.0 of these Regulations states as under: -

> *"Incumbent Readers and Lecturers (Selection Grade) who had not completed three years in the pay scale of Rs.12000-Rs.18300 on or after 1st January, 2006 shall be placed at the appropriate stage in the Pay Band of Rs.15600-Rs.39100 with AGP of Rs.8000 till they complete three years of service in the grade of Lecturer (Selection Grade)/Reader and thereafter, shall be placed in the higher Pay Band IV of Rs.37400 – Rs.67000 and accordingly re-designated as Associate Professor."*

UGC has received queries from some stakeholders seeking clarification as to whether the API based PBAS system will be applicable in such placements.

In this connection, it is clarified that the Readers appointed on or after 01.01.2006 till the issue of aforementioned UGC Regulations, 2010 i.e. 30.06.2010, shall move to Pay Band – 4 with Academic Grade Pay of Rs.9000 after completing three years of service without insisting on the requirement of API based PBAS system. This shall also apply to the Lecturers (Selection Grade) promoted during the above period.

This may also be brought into the notice of affiliated Colleges of your University.

With kind regards,

Yours sincerely,

(Jaspal S. Sandhu)

**The Vice-Chancellor of all Universities.**

**Copy to** : Secretary (Higher Education)/ Principal Secretary (Higher Education) of all States and Union Territories.

(Jaspal S. Sandhu)

प्रो (डॉ) जसपाल एस. संधू
सचिव
Prof. Dr. Jaspal S. Sandhu
MBBS, MS (Ortho), DSM, FAIS, FASM, FAFSM, FFIMS, FAMS
Secretary

विश्वविद्यालय अनुदान आयोग
**University Grants Commission**
(मानव संसाधन विकास मंत्रालय, भारत सरकार)
(Ministry of Human Resource Development, Govt. of India)
बहादुरशाह ज़फ़र मार्ग, नई दिल्ली-110002
Bahadur Shah Zafar Marg, New Delhi-110002
Ph.: 011-23239337, 23236288,
Fax : 011-23238858, email : jssandhu.ugc@nic.in

D.O.No.F.10-6/2011(PS) Misc.

6th July, 2015

Dear Sir/Madam,

It has come to the notice of the UGC that some Universities are hiring the services of the Supervisors who do not happen to be the **regular** teachers of the Universities or its affiliated PG Colleges/Institutes awarding the M.Phil/Ph.D. degree. This practice is in violation of UGC (Minimum standards and procedure for award of M.Phil/Ph.D. Degree) Regulations, 2009.

The following clarification is, therefore, issued in this regard:

> *"Universities shall allocate the supervisor from amongst the regular faculty members in a department or its affiliated PG Colleges/Institutes depending on the number of students per faculty member, the available specialization among the faculty supervisors and the research interest of the student. It is further clarified that any Ph.D./M.Phil degree awarded by a University under the supervision of a supervisor who is not a faculty member of the University or its affiliated PG Colleges/Institutes would be in violation of UGC (Minimum standards and procedure for award of M.Phil./Ph.D.) Regulations, 2009."*

This may also be brought to the notice of the Colleges/Research Institutions affiliated to your University. Any violation of the Regulation of the UGC will be viewed very seriously by the UGC.

With kind regards,

Yours sincerely,

(Jaspal S. Sandhu)

**The Vice-Chancellor of all Universities**

Copy to:

The Publication Officer, UGC, New Delhi for uploading on UGC Website.

(Jaspal S. Sandhu)

GOVERNMENT OF KERALA

Abstract

Higher Education Department - Collegiate Education - Enhancement of remuneration to Guest Lecturers engaged in Government and Aided Arts and Science Colleges, Music Colleges,Training Colleges and Physical Education Colleges - G.O.(Rt)166/12/H.Edn., dated 01.06.2012 modified - Orders Issued.

HIGHER EDUCATION (F) DEPARTMENT

G.O. (Rt.) No: 1251/2015/H.Edn Dated, Thiruvananthapuram, 30.05.2015

*Read:-*
1) G.O.(Ms.)46/2009/H.Edn., dated 01.06.2009
2) G.O.(P)225/11/H.Edn., dated 14.09.2011
3) G.O.(Ms.)166/12/H.Edn., dated 01.06.2012
4) G.O.(Ms.)525/12/H.Edn., dated 27.10.2012
5) Letter No.B2/28453/12/Coll.Edn., dated 01.04.2014 from the Director of Collegiate Education, Thiruvananthapuram.

ORDER

As per the Government Order read as 1st paper above remuneration of Guest Lecturers engaged in Government and Aided Arts and Science Colleges under the Collegiate Education Department had been fixed as Rs 200 / per teaching hour subject to the ceiling of Rs 10,000/-per month and the remuneration of Guest Lecturers who possess the minimum qualification for the post of Assisstant Professor had been fixed as Rs 1000/- per lecture to a maximim of Rs 25,000/- per month as per Government Order read as 2nd paper above. Government have further enhanced the remuneration of Guest Lecturers without UGC prescribed qualification working in Government and Aided Arts and Science Colleges, Music Colleges and Physical Education Colleges under Collegiate Education Department from Rs.200/- to Rs.300/- (RupeesThree Hundred only) per teaching hour subject to the ceiling of Rs.15,000/- (Fifteen Thousand only) per month as per Government Order read as 3rd paper above. The Director of Collegiate Education as per letter read as 5th paper above has requested to enhance the remuneration of Guest Lecturers without the UGC prescribed qualification, working in Government Arts and Science Colleges, Music Colleges,Training Colleges and Physical Education Colleges under Collegiate Education at Rs.300/- per teaching hour subject to the ceiling of Rs.20,740/- (Rupees Twenty Thousand Seven Hundred and Forty only) per month.

Government have examined the proposal in detail and are pleased to enhance the remuneration of Guest Lecturers without having the UGC prescribed qualification, working in Government Arts and Science Colleges, Music Colleges,Training Colleges and Physical Education Colleges under Collegiate Education at Rs.300/- per teaching hour subject to the ceiling of Rs.20,740/- (Rupees Twenty Thousand Seven Hundred and Forty only) per month. The Government Order read as 3rd paper above stands modified to the above extent.

**(By order of the Governor)**
**Geetha K**
Deputy Secretary to Government

GOVERNMENT OF KERALA

**Abstract**

DEARNESS ALLOWANCE ARREARS - CREDITING TO PROVIDENT FUND ACCOUNTS - TIME LIMIT EXTENDED - ORDERS ISSUED.

**FINANCE (PAY RESEARCH UNIT) DEPARTMENT """**

G.O (P)No.l78/2015/Fin. Dated, Thiruvananthapuram,15.Q5.2015

*Read:-*
1. G.O. (P) No. 120/2007/Fin., dated 20.03.2007
2. G.O. (P) No. 531/2007/Fin., dated 05.11.2007
3. G.O. (P) No. 547/20Q7/Fin., dated 14.11.2007
4. G.O. (P) No. 91/2008/Fin., dated 16.02.2008
5. G.O. (P) No. 220/2008/Fin., dated 22.05.2008
6. G.O. (P) No. 38/2009/Fin., dated 17.01.2009
7. G.O. (P) No. 211/2009/Fin., dated 02.06.2009
8. G.O. (P) No; 512/2009/Fin., dated 18.11.2009
9. G.O. (P) No. 362/2010/Fin., dated 03.07.2010
10. G.O. (P) No. 37/2011/Fin,, dated 18.01.2011
11. G.O. (P) No. 180/2011/Fin., dated 11.04:2011
12. G.O. (P) No. 535/2011/Fin., dated 14.11.2011
13. G.O. (P) No. 323/2012/Fin., dated 04.06.2012
14. G.O. (P) No. 614/2012/Fin., dated 08.11.2012
15. G.O. (P) No. 130/2013/Fin., dated 11.03.2013
16. G.O. (P) No. 545/2013/Fin., dated 06.11.2013
17. G.O. (P) No. 303/2014/Fln ., dated 21.07.2014
18. G.O. (P) No. 72/2015/Fin., dated 07.02.2015

**OR DE R**

The time limit for crediting arrears of Dearness Allowance to the Provident Fund Account of the employees sanctioned as per Government Order read as 1st, 2nd, 3rd, 4th 5th 6'\ 7th, 8th, 9th, 10th, 11th, 12th, 13th 14* 15 th and 16th papers above were extended vide G.O. read as 17th paper above and the extended time limit expired on 31st December 2014. The arrears of DA sanctioned as per Government order read as 18th paper above can be drawn and credited to the Provident Fund account of the employee along with the salary bill up to September 2015.Several requests are being retelved from various Heads of Institutions and individuals seeking extension of time for crediting the arrears of DA to the Provident Fund Account for the period from 01.01.2005 onwards.

Government have examined the requests and are pleased to order that the time limit for crediting the arrears of DA sanctioned from 01.01.2005, 01.07.2005, 01.01.2006, 01.07.2006, 01.01.2007, 01.07.2007, 01.01.2008, 01.07.2008, 01.01.2009, 01.07.2009, 01.01.2010, 01.07.2010, 01.01.2011, 01.07.2011, 01.01.2012,01.07,2012, 01.01.2013,01.07.2013, 01.01.2014 and 01.07.2014 to the Provident Fund Account of employees will be extended up to 31st October 2015. The Dearness Allowance arrears can be claimed in the salary bill up to 31st October 2015 and credited to Provident Fund Account without fail.

All controlling officers will adhere to the time schedule invariably.

By Order of the Governor

**K.SHAJAHAN**

Additional Secretary to Government (Finance).

# ജില്ലാ- ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

1986 ജനുവരി ഒന്നിന് മുമ്പ് 55 വയസ്സിൽ വിരമിച്ച Non-UGC കോളജ് അധ്യാപകർക്ക് യു.ജി.സി നിരക്കിൽ പെൻഷൻ/ ഫാമിലി പെൻഷൻ ലഭിക്കുന്നതിനുള്ള ഗവ. ഉത്തരവ് (ഫിക്സേഷൻ ഫോം സഹിതം) ഈ ലക്കം ജേർണലിൽ കൊടുത്തിട്ടുണ്ട്. ഈ ഉത്തരവ് പ്രസ്തുത വിഭാഗക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രസിഡന്റ് / ജനറൽ സെക്രട്ടറി

## GOVERNMET OF KERALA

**Abstract**

Pension-Revision of pension in respect of non-UGC teachers retired prior to 01.01.1986- Modification- Orders Issued.

**FINANCE (PENSION-B) DEPARTMENT**

G.O.(P):261/15/Fin

Dated, Thiruvananthapuram,30.06.2015.

Read:-
1. G..O(P) No:546/2014/Fin dated 12.12.2014.
2. G..O(P) No:225/2015/Fin, dated 12.06.2015.
3. Letter No:PM/2/6-150/15-16/0121964/212 dated 22.06.2015 from the Principal Accountant General.

**ORDER**

1. As per Government Order read 2nd above, Government have issued clerification to Government Order referred 1st above regarding revision of pension in respect of non-UGC teachers retired prior to 01.01.1986. The Accountant General Vide letter read 3rd above has suggested certain modifications.
2. Government after examining the matter are pleased to issue the following modifications to the Government Order read 2nd above.

| Sl.No | Existing provision | Modified Provision |
|---|---|---|
| 1. | Para 4(b)-Family pension of those who retired/expired while in service prior to 01.01.1986 shall be 30% of the minimum of the corresponding revised scale of the post as suggested at Schedule I and II together with Academic Grade Pay (AGP) for the post +DR at Central rates, provided he/she has qualifying service of 30 years or more, in case of others with qualifying service of less than 30 years, family pension proportionate to the qualifying service alone will be admissible. | Para 4(b)-Family pension of those who retired/ expired while in service prior to 01.01.1986 shall be 30% of the minimum of the corresponding revised scale of the post as suggested at Schedule I and II together with Academic Grade Pay (AGP) for the post+DR at Central rates. |
| 2. | The beneficiaries shall apply for revision in the format appended as APPENDIX I. | The beneficiaries are directed to apply for revision in the prescribed formal to the Pension Disbursing Officer (Treasury Officer/Bank Manager) concerned'. |

3. In the Option Form (APPENDIX II) of the G.O read 2nd above the serial number 'a' printed at beginning stand deleted.
4. The sentence- 'Benefits contemplated in the G.O read 2nd above are not applicable to teachers under the Directorate of Technical Educaion (AICTE)'-is incorporated.

By Order of the Governor.
**Dr.K.M.ABRAHAM**
Additional Chief Secretary (Finance).

# President and Gen.Secretary Participated in the Hunger Strike at Delhi on 7th Aug 2015

At the call of All India Federation of University and College Organizations (AIFUCTO)- the apex body of all university and college teachers' associations of the country, & FEDCUTA representing all central university teachers' associations, thousands of teachers of universities and colleges from Kashmir to Kanyakumari, from Arunachal to Gujarat joined in Hunger Strike at Jantar Mantar, New Delhi on August 7, 2015. Simultaneously, Lakhs of teachers of universities and colleges in through out the country joined in the Nationwide Cease Work programme to protest against: (1) the insensitivity of the Ministry of Human Resource Development, Govt. of India to several long standing issues related to the service conditions of teachers working in universities and colleges (2) neglecting the issues of public funded inclusive quality education &promoting profit oriented private educational ventures (3) adopting measures to open higher education to profit oriented foreign universities and private players as per WTO/GATS stipulations. A.K.P.C.T.A state president and General Secretary K.L Vivekanandan participated in the programme.The AIFUCTO, the only national Federation & Central University Teachers' Associations (FEDCUTA) together representing the entire teachers' fraternity of the country in HE express deep concern at the lack of MHRD initiatives to resolve the problems in spite of our repeated requests for the last one year.

# ഉന്നതവിദ്യാഭ്യാസ കമ്മീഷൻ പ്രവർത്തനഫണ്ട് കൈമാറി



ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രശ്നങ്ങളും സാധ്യതകളും പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാനായി എ.കെ.പി.സി.ടി.എ രൂപീകരിച്ച 'കേരള ഹയർ എഡ്യൂക്കേഷൻ കമ്മീഷന്റെ' പ്രവർത്തനങ്ങൾക്കായി ജില്ലയിൽ നിന്ന് സ്വരൂപിച്ച ഫണ്ട് കൈമാറി ജില്ലയിലെ കോളേജുകളിൽ എ.കെ.പി.സി.ടി.എ നടത്തിയ ക്യാമ്പിന്റെ ഭാഗമായാണ് ഫണ്ട് ശേഖരണം നടന്നത്.

മട്ടന്നൂർ പി.ആർ.എൻ.എസ്.എസ് കോളേജിൽ നടന്ന യോഗത്തിൽ വെച്ച് എ.കെ.പി.സി.ടി.എ സംസ്ഥാന ട്രഷറർ പ്രൊഫ. ടോമിച്ചൻ ജോസഫ് ജില്ല സെക്രട്ടറി ഡോ. ടി.വി. രാമകൃഷ്ണനിൽ നിന്നും ഫണ്ട് ഏറ്റുവാങ്ങി ബ്രാഞ്ച് പ്രസിഡന്റ് ഡോ. കെ.ബി.വിദ്യ അദ്ധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി എ. നിശാന്ത്, സംസ്ഥാന അക്കാദമിക് കൺവീനർ സി. പത്മനാഭൻ എന്നിവർ സംസാരിച്ചു. ബ്രാഞ്ച് സെക്രട്ടറി ഡോ. രാഖി രാഘവൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി മഹേഷ് കുമാർ. എം നന്ദിയും പറഞ്ഞു.

# സർവ്വകലാശാല–
# കോളേജദ്ധ്യാപകരുടെ സംയുക്ത കൺവെൻഷൻ




ആറാം യു.ജി.സി ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുക, ഏഴാം യു.ജി.സി ശമ്പളകമ്മീഷനെ ഉടൻ നിയോഗിക്കുക, സർവ്വകലാശാലകളുടെ അധികാരം കവർന്നെടുത്ത് ഇന്ത്യയാകെ സിലബസുകൾ ഏകീകരിക്കാനുള്ള യു.ജി.സി നീക്കം അവസാനിപ്പിക്കുക, ദേശീയ ഉന്നതവിദ്യാഭ്യാസ നയം അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്യുക, പങ്കളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുക. വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരണവും വർഗ്ഗീയവാദവും അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് എ.കെ.പി.സി.ടി.എ–എ.കെ.ജി.സി.ടി–എഫ്.യു.ടി.എ സംയുക്ത കൺവെൻഷൻ നടത്തി. ഡൽഹിയിൽ ഇന്നലെ (ആഗസ്റ്റ് -7) നടന്ന ഐഫക്ടോ നേതാക്കളുടെ നിരാഹാരത്തിന് ഐക്യദാർഢ്യം രേഖപ്പെടുത്തിയാണ് കൺവെൻഷൻ നടന്നത്. കണ്ണൂർ എൻ.ജി.ഒ മിനിഹാളിൽ നടന്ന കൺവെൻഷൻ ഡി.ആർ.ഇ.യു മുൻ അഖിലേന്ത്യ വൈസ് പ്രസിഡന്റ് കെ. അശോകൻ ഉദ്ഘാടനം ചെയ്തു. എ.കെ.ജി.സി.ടി സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. പി. ഓമന അധ്യക്ഷത വഹിച്ചു. എ.കെ.പി.സി.ടി.എ സംസ്ഥാന സെക്രട്ടറി എ. നിശാന്ത് കൺവെൻഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിച്ചു. എഫ്.എസ്.ഇ.ടി.ഒ ജില്ലാ സെക്രട്ടറി വി.എം. സജീവൻ കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ഓർഗനൈസിംഗ് സെക്രട്ടറി സി.പി. ശോഭന, എഫ്.യു.ടി.എ സംസ്ഥാന പ്രസിഡന്റ് ഡോ. പി. ബാബു ആന്റോ, എ.കെ.പി.സി.ടി.എ സംസ്ഥാന അക്കാദമിക് കൺവീനർ സി. പത്മനാഭൻ, യുണിവേഴ്സിറ്റി എംപ്ലോയീസ് അംഗം എം.രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

എ.കെ.പി.സി.ടി.എ ജില്ലാസെക്രട്ടറി ഡോ. ടി.വി. രാമകൃഷ്ണൻ സ്വാഗതവും, എ.കെ.ജി.സി.ടി ജില്ലാ പ്രസിഡന്റ് ഡോ. പി.പി. ജയകുമാർ നന്ദിയും പറഞ്ഞു.

# സെപ്തംബർ 2 –ന്റെ ദേശീയ പണിമുടക്ക് എ.കെ.പി.സി.ടി.എ ജില്ലാ കൺവെൻഷൻ



ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വത്തിൽ സെപ്തംബർ 2ന് നടക്കുന്ന ദേശീയ പണിമുടക്കിൽ എല്ലാ കോളേജധ്യാപകരും പങ്കെടുക്കണമെന്ന് എ.കെ.പി.സി.ടി.എ. കണ്ണൂർ-കാസർഗോഡ് ജില്ലാ കൺവെൻഷൻ ആവശ്യപ്പെട്ടു. കണ്ണൂർ എസ്.എൻ. കോളേജിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് ഡോ. കെ. അജയകുമാർ അധ്യക്ഷതവഹിച്ചു. സംസ്ഥാന സെക്രട്ടറി എ. നിശാന്ത്, സംസ്ഥാന അക്കാദമിക് കൺവീനർ സി. പത്മനാഭൻ, സംസ്ഥാന കമ്മിറ്റിയംഗം ഡോ. സൈനുൽ ഹുക്മാൻ, ജില്ലാ വനിതാകൺവീനർ ഡോ. ടി.പി. നഫീസാബീവി എന്നിവർ സംസാരിച്ചു. ജില്ലാ കൗൺസിലംഗം ഡോ. എൻ. സാജൻ പ്രമേയങ്ങൾ അവതരിപ്പിച്ചു. ജില്ലാ സെക്രട്ടറി ഡോ. ടി.വി. രാമകൃഷ്ണൻ സ്വാഗതവും, ജില്ലാ ജോയിന്റ് സെക്രട്ടറി ഡോ. പി.ആർ. സ്വരൺ നന്ദിയും പറഞ്ഞു.




# കോളജ് – യൂണിവേഴ്സിറ്റി അധ്യാപകർ പ്രതിഷേധദിനം ആചരിച്ചു

ഇന്ത്യ മുഴുവനായുള്ള യൂണിവേഴ്സിറ്റി കോളേജ് അധ്യാപകരുടെ സംഘടനകളുടെ ഏകോപന സമിതിയായ ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ആന്റ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷന്റെ (ഐഫക്ടോ) ആഭിമുഖ്യത്തിൽ അധ്യാപകർ ആഗസ്റ്റ് 7-ന് പ്രതിഷേധ ദിനം ആചരിച്ചു. ഇതിന്റെ ഭാഗമായി എം.ജി യൂണിവേഴ്സിറ്റ് പടിക്കൽ അധ്യാപകർ ധർണ്ണയും യോഗവും സംഘടിപ്പിച്ചു.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ കച്ചവടവത്കരണവും, വർഗ്ഗീയവൽക്കരണവും തടയുക, ഏഴാം യു.ജി.സി ശമ്പള കമ്മീഷനെ നിയമിക്കുക, അപ്രായോഗികമായ പ്രമോഷൻ സമ്പ്രദായം പിൻവലിക്കുക, പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ്ണ. എ.കെ.പി.സി.ടി.എ. എ.കെ.ജി.സി.ടി, എഫ്.യു.ടി.എ തുടങ്ങിയ സംഘടനകൾ ധർണ്ണയ്ക്കു നേതൃത്വം നൽകി. എ.കെ.പി.സി.ടി.എ മുൻ സംസ്ഥാന പ്രസിഡന്റും ഡോ.പി. സുകുമാരൻ നായർ ധർണ്ണ ഉദ്ഘാടനം ചെയ്തു. എഫ്.യു.ടി.എ മേഖലാ സെക്രട്ടറിയും മുൻ സിണ്ടിക്കേറ്റ് അംഗവുമായ പ്രൊഫ.സി.ടി.അരവിന്ദ് കുമാർ അധ്യക്ഷത വഹിച്ചു. പ്രഫ. ടോമിച്ചൻ ജോസഫ്, ഡോ.ബി. കേരള വർമ്മ, ഡോ. കെ. കൃഷ്ണദാസ്, ഡോ. ബി. പ്രകാശ് കുമാർ, ശ്രീ. എസ്. സുകുമാരൻ, ഡോ. എസ്. ബീന എന്നിവർ പ്രസംഗിച്ചു.

# സേവ് യൂണിവേഴ്സിറ്റി ഫോറം ജനകീയ കൺവൻഷൻ നടത്തി.




എം. ജി. സർവകലാശാലയുടെ പരീക്ഷകൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടു സേവ് യൂണിവേഴ്സിറ്റി ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തിയ ജനകീയ കൺവൻഷൻ കാലടി സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ജെ. പ്രസാദ് ഉദ്ഘാടനം ചെയ്തു. ചെയർമാൻ പ്രൊഫ. കെ. സദാശിവൻനായർ അധ്യക്ഷതവഹിച്ചു. എം. ജി. സർവകലാശാല വൈസ്ചാൻസലർ ഡോ. രാജൻ വർഗീസ് മുഖ്യപ്രഭാഷണം നടത്തി. കൺവീനർ കെ. ഷെറഫുദ്ദീൻ ഡോ. കെ. കൃഷ്ണദാസ്, ഡോ. ബി. കേരളവർമ്മ, ടി. എസ്. ശരത്, ഡോ. ബി. പ്രകാശ്കുമാർ, ബാബുരാജ് എ. വാരിയർ, കെ. ആർ.രാജീവ്, സി. എസ്. ഉല്ലാസ് എന്നിവർ പ്രസംഗിച്ചു. യൂണിവേഴ്സിറ്റിയിലേക്ക് ബഹുജന മാർച്ച് നടത്താൻ കൺവൻഷൻ തീരുമാനിച്ചു.





ഇന്ത്യ മുഴുവനായുള്ള യൂണിവേഴ്സിറ്റി കോളേജ് അധ്യാപകരുടെ സംഘടനകളുടെ ഏകോപന സമിതിയായ ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ആന്റ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷന്റെ (ഐഫക്ടോ) ആഭിമുഖ്യത്തിൽ അധ്യാപകർ ആഗസ്റ്റ് 7-ന് പ്രതിഷേധ ദിനം ആചരിച്ചു. ഇതിന്റെ ഭാഗമായി കേരള യൂണിവേഴ്സിറ്റ് പടിക്കൽ അധ്യാപകർ ധർണ്ണയും യോഗവും കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

## ഡോ.ഷീനാ ഷുക്കൂറിന്റെ നടപടി അപലപനീയം

**- എ.കെ.പി.സി.ടി.എ**

മഹാത്മാഗാന്ധി സർവകലാശാല പ്രൊ-വൈസ് ചാൻസലർ നിയമവിരുദ്ധമായി വിദേശയാത്ര നടത്തുകയും അടിയന്തര പ്രാധാന്യമുള്ള അക്കാദമിക് കൗൺസിലിലും സിൻഡിക്കേറ്റ് യോഗത്തിലും പങ്കെടുക്കാതിരിക്കുകയും ചെയ്തത് അപലപനീയമാണെന്ന് എ.കെ.പി.സി.ടി.എ അഭിപ്രായപ്പെട്ടു. ഓഫ് ക്യാമ്പസ് സെന്ററിന്റെ അടച്ചുപൂട്ടൽ, ഐ.ജിയുടെ കോപ്പിയടി എന്നിവയുമായി ബന്ധപ്പെട്ട ചർച്ച നടക്കുന്ന അക്കാദമിക് കൗൺസിലിലും സിൻഡിക്കേറ്റ് യോഗത്തിലും പങ്കെടുക്കാതെയാണ് ഒരു രാഷ്ട്രീയ പാർട്ടിയുടെ യോഗത്തിൽ പങ്കെടുക്കാനായി പി.വി.സി ഗൾഫ് യാത്ര നടത്തിയത്. ആ യോഗത്തിൽ പങ്കെടുത്തുകൊണ്ട് തന്റെ യാത്ര ഗവർണറുടെ അനുമതി കൂടാതെയാണെന്നും തന്റെ ഔദ്യോഗികപദവി ഉൾപ്പെടെയുള്ള നേട്ടങ്ങൾ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഔദാര്യമാണെന്നും ഈ വേദിയിൽ അവർ പറയുകയും ചെയ്തു. പരീക്ഷയുടെ പൂർണ ചുമതലയുള്ള പി.വി.സി. മുൻകൂർ അനുമതിയില്ലാതെ നടത്തിയ വിദേശയാത്ര ഗുരുതരമായ കൃത്യവിലോപമാണ്.

ഭരണഘടനാ നിർവ്വചനപ്രകാരം പ്രവർത്തിക്കേണ്ട പി.വി.സി ഒരു രാഷ്ട്രീയപാർട്ടിയോട് പൊതുവേദിയിൽ കൂറ് പ്രഖ്യാപിച്ചുകൊണ്ട് ഭരണഘടനയെ തന്നെ വെല്ലുവിളിച്ചിരിക്കുകയാണ്. പി.വി.സിയുടെ പി.എച്ച്.ഡിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവാദങ്ങൾക്കിടയിലാണ് ഇത്തരം കൃത്യവിലോപം. മുൻകൂർ അനുമതിയില്ലാതെയുള്ള വിദേശയാത്ര, ഔദ്യോഗികപദവി ദുരുപയോഗപ്പെടുത്തൽ, ഭരണഘടനാലംഘനം എന്നിങ്ങനെയുള്ള ഗുരുതരമായ കൃത്യവിലോപം നടത്തിയ പി.വി.സി ഡോ.ഷീന ഷുക്കൂറിനെതിരെ സർവകലാശാല ചട്ടങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ചാൻസിലറോട് എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് എ.ജി. ഒലീനയും ജനറൽ സെക്രട്ടറി ഡോ. കെ. എൽ. വിവേകാനന്ദനും സംയുക്ത പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.




എ.കെ.പി.സി.ടി.എ മഞ്ചേരി എൻ. എസ്. എസ് കോളജ് വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ സ്കോളർഷിപ്പ് പ്രിൻസിപ്പാൾ ഡോ. പ്രദീപ് ഡി വിതരണം ചെയ്യുന്നു.




The photo shows Dr. K.K.N. Kurup former Vice Chancellor, University of Calicut releasing the book The Servants of India Society in Kerala authored by Dr. Jyothirmani Vatakkayil, HOD of History, Sri Vyasa NSS College Wadakkanchery, Thrissur at a function presided over by Principal Dr. K.P. Subhash Chandran on 7 July 2015.



# എ.കെ.പി.സി.ടി.എ കോഴിക്കോട് സർവകലാശാല മാർച്ച് നടത്തി.

അധ്യാപകരുടെ തടഞ്ഞുവച്ച പ്രമോഷൻ ഉടൻ അനുവദിക്കുക, ഡിഗ്രിതല ഏകജാലക പ്രവേശന സമ്പ്രദായം അട്ടിമറിക്കാതിരിക്കുക. ഗവേഷണം തടസ്സപ്പെടുത്തുന്ന അധികാരികളുടെ നടപടികൾ അവസാനിപ്പിക്കുക. തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജൂൺ 27 ന് കോഴിക്കോട് സർവകലാശാല മാർച്ചും ധർണയും നടത്തി. മാർച്ച് കെ. ടി. ജലീൽ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ വൈസ് പ്രസിഡന്റ് ഡോ. ഡി.കെ. ബാബു അധ്യക്ഷതവഹിച്ചു. പ്രൊഫ. ഇമ്പിച്ചിക്കോയ (എ.കെ.ജി.സി.ടി), ഡോ. ഹരികുമാരൻ തമ്പി (ആക്ട്) പ്രൊഫ. ബിന്ദു ആർ എന്നിവർ അഭിവാദ്യം ചെയ്തു. ഡോ. കെ. എൽ. വിവേകാനന്ദൻ (ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ) സ്വാഗതവും ഡോ. സി. അബ്ദുൾ മജീദ് മേഖല സെക്രട്ടറി എ. കെ. പി.സി.ടി.എ നന്ദിയും പറഞ്ഞു.




പരീക്ഷകളുടെ സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക, സർവകലാശാലകളെ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എം. ജി. യൂണിവേഴ്സിറ്റിയിലേക്ക് മാർച്ച് എൽ.ഡി. എഫ് കൺവീനർ സ. വൈക്കം വിശ്വൻ ഉദ്ഘാടനം ചെയ്തു.



കേരള സർവകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ്
നേടിയ **ബി. ശ്രീകുമാർ.** ഡോ. കെ. അയ്യപ്പപണിക്കർ- വ്യക്തിയും
ദർശനവും എന്ന വിഷയത്തിൽ കേരള സർവകലാശാലയിലെ മലയാ
ളവിഭാഗം പ്രൊഫസ്സർ ഡോ. സി. ആർ. പ്രസാദിന്റെ മേൽനോട്ടത്തി
ലായിരുന്നു ഗവേഷണം. ചേർത്തല എൻ. എസ്. എസ് കോളജ്
വകുപ്പ് മേധാവിയാണ്. എ.കെ.പി.സി.ടി.എ ആലപ്പുഴ ജില്ല സെക്രട്ട
റിയും കേരള സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ മുൻ
പ്രോഗ്രാം കോ- ഓർഡിനേറ്ററുമാണ്.



**Dr. Prajith.J.P** has won the **Kerala Sahitya Academy Award** 2014 for his work ***"Tantra Sahitya"***. The book had been adjudged the best in the category of work under **Vaidika Sahitya** and was instituted by **K.R.Namboothiri endowment**.



**Dr. Regi .S. R.**, Assistant Professor, Department of Zoology, Sree Narayana College, Sivagiri, Varkala, received **Ph. D.** in **Aquatic Biology and Fisheries** from University of Kerala, under the guideship of Dr. A. Biju Kumar, Dept. of Aquatic Biology and Fisheries, University of Kerala, Kariavattom, for his thesis entitled, **"Trophic Modelling and Biodiversity Assessment of Veli-Akkulam Lake, Kerala"**.



**Dr. Beena Karunakaran,** Associate professor , Department of Malayalam, Sree Narayana College, Sivagiri, Varkala received **Ph. D.** in **Malayalam** from University of Kerala, under the guideship of Dr. P.Sethunathan, Dept. of Malayalam, M.G.College, Thiruvananthapuram, for her thesis entitled, *കുമാരനാശാൻ, ചങ്ങമ്പുഴ, സുഗതകുമാരി എന്നിവരുടെ കവിതകളിലെ വിഷാദാത്മകത ഒരു താരതമ്യപഠനം*



എം.ജി.സർവകലാശാലയിൽ നിന്നും എഡ്യുക്കേഷനിൽ ഡോക്ടറേറ്റ് നേടിയ ***ബിനുരാജ്. എ.*** ഒറ്റപ്പാലം എൻ.എസ്. എസ്. ട്രെയിനിംഗ് കോളജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. എം.ജി. സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിൽ പ്രൊഫ. (ഡോ.) സലിൻ പരേരയുടെ മേൽനോട്ടത്തിലായിരുന്നു. ഗവേഷണം

അഭിവാദ്യങ്ങളോടെ,




R 1 – Sitting (L-R): Dr. Santhosh Vallikkat, Mr. Aravind.J, Mr. Jayakrishnan.P, Dr. E.V.Baby Girija, Dr. K.Balakrishnan, Dr.G.S.Suresh, Dr. P.M.SudhirKumar, Dr. Sreekanthan.K.N, Mr. Sajan.R

R 2 – Standing (L-R): Dr. Rajesh.K.P, Dr. Ajitha.C, Dr. Pushpalatha.K, Mrs. Priyalakshmi.N, Mrs. Vinaya Baskaran, Mrs. Neetha.P.C, Mrs. Seema Devi.R, Mrs. Geetha.G.Nair, Mrs. Meenakumari P, Dr. C.V.Sindhu Ramachandran, Dr. Sheeba. M,Dr. Sreelatha.M.N, Mrs. Aathira Nandan, Mr. Aboobacker.M

R.No. 36025/81
No. 251

KERALA PRIVATE COLLEGE TEACHER

ISSN 2454-4795
Registered No. KL/TV (N)35/2012-2014
Rs. 11/-
AUGUST- SEPTEMBER 2015




Edited, Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Prof. Pramod Vellachal